250

ഭാരത സർക്കാർ

നിയമ മന്ത്രാലയം

सत्यमेव जयते

# വ്യാപാരമുദ്രകൾ ആക്റ്റ്, 1999

## (1999-ലെ 47-ാം നമ്പർ ആക്റ്റ്)

(2006 ഒക്ടോബർ 25-ാം തീയതി നിലവിലിരുന്ന പ്രകാരം)

# THE TRADE MARKS ACT, 1999

## (ACT NO. 47 OF 1999)

(As on 25th October, 2006)

വില : രൂപ 159.00

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ട് തിരുവനന്തപുരം
സർക്കാർ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്, 2008.

## ആമുഖം

2006 ഒക്ടോബർ 25-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള വ്യാപാരമുദ്രകൾ ആക്റ്റ്, 1999 (1999-ലെ 47-ാം ആക്റ്റ്)-ന്റെ മലയാളത്തിലുള്ള ആധികാരിക പാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2007 ജനുവരി 27-ാം തീയതിയിലെ കേന്ദ്ര അസാധാരണ ഗസറ്റ് XI-ാം ഭാഗം, 1-ാം വകുപ്പ്, 1-ാം വാല്യം, 1-ാം നമ്പരായി 15 മുതൽ 79 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് ഭാരതത്തിന്റെ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അപ്രകാരം പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായിത്തീരുകയും ചെയ്തു.

**ഡോ. കെ. എൻ. ചതുർവേദി,**
*ഭാരത സർക്കാരിന്റെ സെക്രട്ടറി.*

## PREFACE

This Edition of the Trade Marks Act, 1999 (Act 47 of 1999) as on 25th October, 2006 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI , Section 1, Vol. 1, No. 1 dated 27th January, 2007 on pages 15 to 79.

This authorised translation was published under the authority of the President of India under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 and on such publication it became the authoritative text of that Act in Malayalam.

DR. K. N. CHATURVEDI,
*Secretary to the Government of India.*

3/3179/2007.

# വ്യാപാരമുദ്രകൾ ആക്റ്റ്, 1999

(1999-ലെ 47-ാം നമ്പർ)

## ഉള്ളടക്കം

അദ്ധ്യായം I

### പ്രാരംഭികം


| വകുപ്പുകൾ | | പേജ് |
|---|---|---|
| 1. | ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും | 1 |
| 2. | നിർവ്വചനങ്ങളും വ്യാഖ്യാനങ്ങളും | 1 |


അദ്ധ്യായം II

### രജിസ്റ്ററും രജിസ്ട്രേഷനുള്ള നിബന്ധനകളും


| | | |
|---|---|---|
| 3. | രജിസ്ട്രാറുടെയും മറ്റ് ആഫീസർമാരുടെയും നിയമനം | 6 |
| 4. | കേസുകൾ പിൻവലിക്കുന്നതിനോ അല്ലെങ്കിൽ മാറ്റുന്നതിനോ മുതലായവയ്ക്ക് രജിസ്ട്രാറുടെ അധികാരം | 7 |
| 5. | വ്യാപാരമുദ്രകൾ രജിസ്ട്രിയും അതിന്റെ ആഫീസുകളും | 7 |
| 6. | വ്യാപാരമുദ്രകളുടെ രജിസ്റ്റർ | 7 |
| 7. | ചരക്കുകളുടെയും സേവനങ്ങളുടെയും തരംതിരിക്കൽ | 8 |
| 8. | അക്ഷരമാല സൂചിക പ്രസിദ്ധപ്പെടുത്തൽ | 8 |
| 9. | രജിസ്ട്രേഷൻ നിരസിക്കുന്നതിനുള്ള വ്യക്തമായ കാരണങ്ങൾ | 8 |
| 10. | നിറത്തെ സംബന്ധിച്ച പരിമിതി | 9 |
| 11. | രജിസ്ട്രേഷൻ നിരസിക്കുന്നതിന് ആപേക്ഷികമായ കാരണങ്ങൾ | 9 |
| 12. | സത്യസന്ധമായ യോജിച്ചുള്ള ഉപയോഗം മുതലായ സംഗതികളിലുള്ള രജിസ്ട്രേഷൻ | 11 |
| 13. | രാസമൂലകങ്ങളുടെ പേരുകളുടേയോ അന്തർദേശീയമായി ഉടമാവകാശമില്ലാത്ത പേരുകളുടേയോ രജിസ്ട്രേഷന്റെ നിരോധനം | 11 |
| 14. | ജീവിച്ചിരിക്കുന്ന ആളുകളുടേയോ അടുത്ത കാലത്ത് മരിച്ച ആളുകളുടേയോ പേരുകളും സൂചനകളും ഉപയോഗിക്കൽ | 12 |
| 15. | വ്യാപാരമുദ്രകളുടെ ഭാഗങ്ങളുടേയും വ്യാപാരമുദ്രകൾ ഒരു പരമ്പരയായും ഉള്ള രജിസ്ട്രേഷൻ | 12 |
| 16. | കൂട്ടുവ്യാപാരമുദ്രകളായി വ്യാപാരമുദ്രകളുടെ രജിസ്ട്രേഷൻ | 12 |
| 17. | ഒരു മുദ്രയുടെ ഭാഗങ്ങളുടെ രജിസ്ട്രേഷന്റെ ഫലം | 13 |


അദ്ധ്യായം III

### രജിസ്ട്രേഷന്റെ നടപടിക്രമവും കാലയളവും


| | | |
|---|---|---|
| 18. | രജിസ്ട്രേഷനുള്ള അപേക്ഷ | 13 |
| 19. | സ്വീകരിച്ചത് പിൻവലിക്കൽ | 14 |
| 20. | അപേക്ഷയുടെ പരസ്യം | 14 |
| 21. | രജിസ്ട്രേഷനുള്ള എതിർപ്പ് | 15 |
| 22. | തിരുത്തലും ഭേദഗതിയും | 15 |
| 23. | രജിസ്ട്രേഷൻ | 15 |
| 24. | കൂട്ടുടമസ്ഥതയിലുള്ള വ്യാപാരമുദ്രകൾ | 16 |

25. രജിസ്ട്രേഷന്റെ കാലയളവും പുതുക്കലും നീക്കം ചെയ്യലും പുനഃസ്ഥാപനവും 16

26. പുതുക്കുന്നതിനുള്ള ഫീസ് നൽകുന്നതിൽ വീഴ്ച വരുത്തിയതിനാൽ രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യലിന്റെ ഫലം 17

അദ്ധ്യായം IV

## രജിസ്ട്രേഷന്റെ ഫലം

27. രജിസ്റ്റർ ചെയ്യപ്പെടാത്ത വ്യാപാരമുദ്രയുടെ ലംഘനത്തിന് നടപടിയില്ലെന്ന് 17

28. രജിസ്ട്രേഷൻ നല്കുന്ന അവകാശങ്ങൾ 17

29. രജിസ്റ്റർ ചെയ്യപ്പെട്ട വ്യാപാരമുദ്രകളുടെ ലംഘനം 18

30. രജിസ്റ്റർ ചെയ്യപ്പെട്ട വ്യാപാരമുദ്രയുടെ ഫലത്തിൻമേലുള്ള പരിമിതികൾ 19

31. രജിസ്ട്രേഷൻ സാധുതയുടെ പ്രഥമദൃഷ്ട്യാലുള്ള തെളിവാണെന്ന് 21

32. ചിലസംഗതികളിൽ സവിശേഷതയുടെ കാരണത്താൽ രജിസ്ട്രേഷന് സംരക്ഷണം 21

33. മൗനാനുവാദത്തിന്റെ ഫലം 21

34. നിക്ഷിപ്താവകാശങ്ങൾക്കു വേണ്ടിയുള്ള ഒഴിവാക്കൽ 21

35. ചരക്കുകളുടെയോ സേവനങ്ങളുടെയോ പേരോ വിലാസമോ വിവരണമോ ഉപയോഗിക്കുന്നതിന് വേണ്ടിയുള്ള ഒഴിവാക്കൽ 22

36. ഒരു വസ്തുവിന്റെയോ പദാർത്ഥത്തിന്റെയോ സേവനത്തിന്റെയോ പേരായോ വിവരണമായോ ഉപയോഗിച്ചിട്ടുള്ള വാക്കുകൾക്ക് വേണ്ടിയുള്ള ഒഴിവാക്കൽ 22

അദ്ധ്യായം V

## തീറും കൈമാറ്റവും

37. തീറു നൽകുന്നതിനും രസീതു നൽകുന്നതിനും രജിസ്റ്റർ ചെയ്യപ്പെട്ട ഉടമയ്ക്കുള്ള അധികാരം 23

38. രജിസ്റ്റർ ചെയ്യപ്പെട്ട വ്യാപാരമുദ്രകൾ തീറുനൽകലും കൈമാറ്റം ചെയ്യലും 23

39. രജിസ്റ്റർ ചെയ്യാത്ത വ്യാപാരമുദ്രകൾ തീറുനൽകലും കൈമാറ്റം ചെയ്യലും 23

40. അനേക അനന്യാവകാശങ്ങൾ സൃഷ്ടിക്കപ്പെടുന്നിടത്ത് തീറിനോ കൈമാറ്റത്തിനോ ഉള്ള നിയന്ത്രണം 23

41. ഭാരതത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിൽ അനന്യമായ അവകാശങ്ങൾ സൃഷ്ടിക്കപ്പെടുന്നിടത്ത് തീറിനോ കൈമാറ്റത്തിനോ ഉള്ള നിയന്ത്രണം 24

42. ഒരു ബിസിനസിന്റെ ഗുഡ്‌വില്ലുമായി ബന്ധപ്പെട്ടല്ലാതെ മറ്റു വിധത്തിലുള്ള തീറിനുള്ള ഉപാധികൾ 25

43. സാക്ഷ്യപ്പെടുത്തൽ വ്യാപാരമുദ്രകളുടെ തീറുനൽകലും കൈമാറ്റം ചെയ്യലും 25

44. കൂട്ടുവ്യാപാരമുദ്രകളുടെ തീറുനൽകലും കൈമാറ്റം ചെയ്യലും 25

45. തീറുകളുടെയും കൈമാറ്റങ്ങളുടെയും രജിസ്ട്രേഷൻ 25

അദ്ധ്യായം VI

## വ്യാപാരമുദ്രകളുടെ ഉപയോഗവും രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താക്കളും

46. രൂപീകരിക്കേണ്ടതായ കമ്പനിയാലുള്ള വ്യാപാരമുദ്രയുടെ നിർദ്ദിഷ്ട ഉപയോഗം മുതലായവ 26

47. ഉപയോഗിക്കാത്ത കാരണത്താൽ രജിസ്റ്ററിൽ നിന്ന് നീക്കം ചെയ്യലും പരിമിതികൾ ഏർപ്പെടുത്തലും 26

48. രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താക്കൾ 28

49. രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താവായുള്ള രജിസ്ട്രേഷൻ 28

50. രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താവായുള്ള രജിസ്ട്രേഷൻ വ്യത്യാസപ്പെടുത്തുന്നതിനും റദ്ദാക്കുന്നതിനും രജിസ്ട്രാർക്കുള്ള അധികാരം 29

51. രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താക്കളെ സംബന്ധിച്ച കരാറുമായി ബന്ധപ്പെട്ട വിവരം അവശ്യപ്പെടുന്നതിന് രജിസ്ട്രാർക്കുള്ള അധികാരം 30

52. ലംഘനത്തിനെതിരെ നടപടികൾ എടുക്കുന്നതിന് രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താവിനുള്ള അധികാരം 30

53. ലംഘനത്തിനെതിരെ നടപടി എടുക്കുന്നതിന് അനുവദിക്കപ്പെട്ട ഉപയോക്താവിന് അവകാശമില്ലെന്ന് 30

54. രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താവിന് തീറുനൽകുന്നതിനോ കൈമാറ്റം നടത്തുന്നതിനോ അവകാശം ഉണ്ടായിരിക്കുന്നതല്ലെന്ന് 30

55. കൂട്ടുചേർന്നതോ അല്ലെങ്കിൽ സാരവത്തായ സമാനതയുള്ളതോ ആയ വ്യാപാരമുദ്രകളിൽ ഒന്നിന്റെ ഉപയോഗം മറ്റൊന്നിന്റെ ഉപയോഗത്തിന് തുല്യമാണെന്ന് 30

56. കയറ്റുമതി വ്യാപാരത്തിനായി വ്യാപാരമുദ്രയുടെ ഉപയോഗവും വ്യാപാര ബന്ധത്തിന്റെ രീതി മാറുമ്പോഴുള്ള ഉപയോഗവും 31

അദ്ധ്യായം VII

## രജിസ്റ്റർ ശരിയാക്കലും തെറ്റ് തിരുത്തലും

57. രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനും അല്ലെങ്കിൽ വ്യത്യാസപ്പെടുത്തുന്നതിനും രജിസ്റ്റർ ശരിയാക്കുന്നതിനുമുള്ള അധികാരം 31

58. രജിസ്റ്ററിലെ തെറ്റ് തിരുത്തൽ 32

59. രജിസ്റ്റർ ചെയ്യപ്പെട്ട വ്യാപാരമുദ്രയുടെ വ്യത്യാസപ്പെടുത്തൽ 32

60. ചരക്കുകളുടെയോ സേവനങ്ങളുടെയോ ഭേദഗതി ചെയ്യപ്പെട്ടതോ പകരം ചേർക്കപ്പെട്ടതോ ആയ തരം തിരിവ് രജിസ്റ്ററിന്റെ ഉൾക്കുറിപ്പുകളുമായി അനുയോജ്യമാക്കൽ 32

അദ്ധ്യായം VIII

## കൂട്ടുമുദ്രകൾ

61. കൂട്ടുമുദ്രകൾക്ക് വേണ്ടിയുള്ള പ്രത്യേക വ്യവസ്ഥകൾ 33

62. കൂട്ടുമുദ്ര, സ്വഭാവത്തെയോ പ്രാധാന്യത്തെയോ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിലായിരിക്കരുതെന്ന് 33

63. കൂട്ടുമുദ്രകളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള റഗുലേഷനുകൾ അപേക്ഷയോടൊപ്പം ഉണ്ടായിരിക്കേണ്ടതാണെന്ന് 33

64. രജിസ്ട്രാർ അപേക്ഷയും റഗുലേഷനുകളും സ്വീകരിക്കൽ 33

65. റഗുലേഷനുകൾ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് 33

66. റഗുലേഷനുകളുടെ ഭേദഗതി 33

67. കൂട്ടുമുദ്രയുടെ രജിസ്റ്റർ ചെയ്യപ്പെട്ട ഉടമയാൽ ലംഘനത്തിനുള്ള നടപടികൾ 34

68. കൂട്ടുമുദ്രയുടെ രജിസ്ട്രേഷൻ നീക്കംചെയ്യുന്നതിനുള്ള അധികാരങ്ങൾ 34

അദ്ധ്യായം IX

## സാക്ഷ്യപ്പെടുത്തൽ വ്യാപാരമുദ്രകൾ

69. ഈ ആക്റ്റിലെ ചില വ്യവസ്ഥകൾ സാക്ഷ്യപ്പെടുത്തൽ വ്യാപാരമുദ്രകൾക്ക് ബാധകമല്ലെന്ന് 34
70. സാക്ഷ്യപ്പെടുത്തൽ വ്യാപാരമുദ്രകളുടെ രജിസ്ട്രേഷൻ 34
71. സാക്ഷ്യപ്പെടുത്തൽ വ്യപാരമുദ്രകളുടെ രജിസ്ട്രേഷന് വേണ്ടിയുള്ള അപേക്ഷകൾ 34
72. രജിസ്ട്രേഷനുള്ള അപേക്ഷ രജിസ്ട്രാർ പരിഗണിക്കുന്നത് 35
73. സാക്ഷ്യപ്പെടുത്തൽ വ്യാപാരമുദ്രയുടെ രജിസ്ട്രേഷനെ എതിർക്കൽ 35
74. സാക്ഷ്യപ്പെടുത്തൽ വ്യാപാരമുദ്രയുടെ ഉപയോഗത്തെ നിയന്ത്രിക്കുന്ന റഗുലേഷനുകൾ ഫയൽ ചെയ്യൽ 35
75. സാക്ഷ്യപ്പെടുത്തൽ വ്യാപാരമുദ്രയുടെ ലംഘനം 36
76. സാക്ഷ്യപ്പെടുത്തൽ വ്യാപാരമുദ്രയുടെ ലംഘനമാകാത്ത പ്രവൃത്തികൾ 36
77. സാക്ഷ്യപ്പെടുത്തൽ വ്യാപാരമുദ്രകളുടെ രജിസ്ട്രേഷൻ റദ്ദാക്കൽ അല്ലെങ്കിൽ വ്യത്യാസപ്പെടുത്തൽ 36
78. സാക്ഷ്യപ്പെടുത്തൽ വ്യാപാരമുദ്രയുടെ രജിസ്ട്രേഷൻ വഴി നൽകപ്പെട്ടിട്ടുള്ള അവകാശങ്ങൾ 37

അദ്ധ്യായം X

## ടെക്സ്ററയിൽ ചരക്കുകൾക്കു വേണ്ടിയുള്ള പ്രത്യേക വ്യവസ്ഥകൾ

79. ടെക്സ്ററയിൽ ചരക്കുകൾ 37
80. ടെക്സ്ററയിൽ ചരക്കുകളുടെ രജിസ്ട്രേഷനിൽ നിയന്ത്രണം 37
81. തുണിച്ചരക്കുകളിലും പരുത്തിനൂലിഴയിലും പരുത്തി നൂലിലും മുദ്രണം ചെയ്യൽ 37
82. സാമ്പിൾ മുഖേന ടെക്സ്ററയിൽ ചരക്കുകളുടെ സ്വഭാവം നിർണ്ണയിക്കൽ 38

അദ്ധ്യായം XI

## അപ്പലേററ് ബോർഡ്

83. അപ്പലേററ് ബോർഡ് സ്ഥാപിക്കൽ 39
84. അപ്പലേററ് ബോർഡിന്റെ ഘടന 39
85. ചെയർമാന്റെയോ വൈസ്ചെയർമാന്റെയോ മറ്റ് അംഗങ്ങളുടെയോ നിയമനത്തിനുള്ള യോഗ്യതകൾ 40
86. ചെയർമാന്റെയും വൈസ് ചെയർമാന്റെയും മറ്റ് അംഗങ്ങളുടെയും ഉദ്യോഗക്കാലാവധി 40
87. ചില സാഹചര്യങ്ങളിൽ വൈസ്ചെയർമാനോ അല്ലെങ്കിൽ ഏററവും സീനിയറായ അംഗമോ ചെയർമാനായി പ്രവർത്തിക്കുകയോ, അദ്ദേഹത്തിന്റെ ചുമതലകൾ നിർവഹിക്കുകയോ ചെയ്യണമെന്ന് 41
88. ചെയർമാന്റെയും വൈസ് ചെയർമാന്റെയും മറ്റ് അംഗങ്ങളുടെയും ശമ്പളങ്ങളും ബത്തകളും മറ്റ് സേവന നിബന്ധനകളും വ്യവസ്ഥകളും 41
89. രാജിവെക്കലും നീക്കം ചെയ്യലും 41
90. അപ്പലേററ് ബോർഡിലെ സ്ററാഫ് 41
91. അപ്പലേററ് ബോർഡിലേക്കുള്ള അപ്പീലുകൾ 42

92. അപ്പലേററ് ബോർഡിന്റെ നടപടിക്രമവും അധികാരങ്ങളും 42

93. കോടതികൾ മുതലായവയുടെ അധികാരിതയ്ക്കുള്ള തടസ്സം 42

94. അപ്പലേററ് ബോർഡ് മുമ്പാകെ ഹാജരാക്കുന്നതിനുള്ള തടസ്സം 42

95. ഇടക്കാല ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനുള്ള വ്യവസ്ഥകൾ 43

96. ഒരു ബെഞ്ചിൽ നിന്നും മറ്റൊന്നിലേക്ക് കേസ്സുകൾ മാറ്റുന്നതിന് ചെയർമാനുള്ള അധികാരം 43

97. അപ്പലേററ് ബോർഡ് മുമ്പാകെ ശരിയാക്കൽ മുതലായവയ്ക്കുള്ള അപേക്ഷയുടെ നടപടിക്രമം 43

98. നിയമ നടപടികളിൽ രജിസ്ട്രാറുടെ ഹാജരാകൽ 43

99. അപ്പലേററ് ബോർഡ് മുമ്പാകെയുള്ള നടപടികളിൽ രജിസ്ട്രാറുടെ ചെലവുകൾ 43

100. നിലവിലിരിക്കുന്ന നടപടികൾ അപ്പലേററ് ബോർഡിലേക്ക് മാറ്റൽ 44


അദ്ധ്യായം XII

## കുറ്റങ്ങളും ശിക്ഷകളും നടപടിക്രമവും


101. വ്യാപാരമുദ്രകളും വ്യാപാര വിവരണങ്ങളും പ്രയോഗിക്കുന്നതിന്റെ അർത്ഥം 44

102. വ്യാപാരമുദ്രകൾ വ്യാജമാക്കലും വ്യാജമായി പ്രയോഗിക്കലും 44

103. വ്യാജ വ്യാപാരമുദ്രകൾ, വ്യാപാര വിവരണങ്ങൾ മുതലായവ പ്രയോഗിക്കുന്നതിനുള്ള ശിക്ഷ 45

104. വ്യാജ വ്യാപാരമുദ്രയോ വ്യാജ വ്യാപാര വിതരണമോ പ്രയോഗിച്ചിട്ടുള്ള ചരക്കുകൾ വിൽക്കുന്നതിനോ സേവനങ്ങൾ നൽകുന്നതിനോ ഉള്ള ശിക്ഷ 46

105. രണ്ടാമത്തേതോ അല്ലെങ്കിൽ തുടർന്നുള്ളതോ ആയ കുറ്റസ്ഥാപനത്തിന് വർദ്ധിപ്പിച്ച ശിക്ഷ 46

106. 81-ാം വകുപ്പിന് വിരുദ്ധമായി തുണിച്ചരക്കുകൾ മുതലായവ നീക്കം ചെയ്യുന്നതിനുള്ള ശിക്ഷ 46

107. ഒരു വ്യാപാരമുദ്ര രജിസ്റ്റർ ചെയ്യപ്പെട്ടതാണെന്ന് തെറ്റായി അവതരിപ്പിക്കുന്നതിനുള്ള ശിക്ഷ 47

108. ഒരു ബിസിനസ് സ്ഥലം വ്യാപാരമുദ്രകൾ ആഫീസുമായി ബന്ധപ്പെട്ടതാണെന്ന് തെറ്റായി വിവരിക്കുന്നതിനുള്ള ശിക്ഷ 47

109. രജിസ്റ്ററിലെ ഉൾക്കുറിപ്പുകൾ വ്യാജമാക്കുന്നതിനുള്ള ശിക്ഷ 47

110. ചില സംഗതികളിൽ കുറ്റമല്ലെന്ന് 48

111. ചരക്കുകൾ കണ്ടുകെട്ടൽ 48

112. സാധാരണ ബിസിനസ് വേളയിൽ നിയോഗിച്ചിട്ടുള്ള ചില ആളുകളെ ഒഴിവാക്കൽ 48

113. പ്രതി, രജിസ്ട്രേഷന്റെ അസാധുത വാദിക്കുമ്പോഴുള്ള നടപടിക്രമം 49

114. കമ്പനികളാലുള്ള കുറ്റങ്ങൾ 49

115. ചില കുറ്റങ്ങൾക്ക് നടപടിയെടുക്കലും പോലീസ് ആഫീസർക്ക് പരിശോധനയ്ക്കും പിടിച്ചെടുക്കലിനും ഉള്ള അധികാരങ്ങളും 50

116. കടൽമാർഗ്ഗം ഇറക്കുമതി ചെയ്ത ചരക്കുകളുടെ ഉത്ഭവത്തിന്റെ തെളിവ് 50

117. പ്രതിഭാഗത്തിനോ അല്ലെങ്കിൽ പ്രോസിക്യൂഷനോ ഉള്ള ചെലവുകൾ 51

118. പ്രോസിക്യൂഷന്റെ കാലഹരണം 51

119. കുറ്റംചെയ്യൽ സംബന്ധിച്ച വിവരം 51

120. ഭാരതത്തിന് വെളിയിൽ ചെയ്യപ്പെട്ട പ്രവൃത്തികൾക്ക് ഭാരതത്തിൽ പ്രേരണ നൽകലിനുള്ള ശിക്ഷ 51

121. ക്രിമിനൽ കോടതികളാൽ നിരീക്ഷിക്കപ്പെടാവുന്ന അനുവദനീയമായ വ്യത്യാസപ്പെടുത്തൽ സംബന്ധിച്ച കേന്ദ്രസർക്കാരിന്റെ നിർദ്ദേശങ്ങൾ 51

അദ്ധ്യായം XIII

പലവക

122. ഉത്തമവിശ്വാസപൂർവ്വം എടുത്ത നടപടിക്ക് സംരക്ഷണം 51

123. ചില ആളുകൾ പബ്ലിക് സർവന്റുമാരായിരിക്കുമെന്ന് 51

124. വ്യാപാരമുദ്രയുടെ രജിസ്ട്രേഷന്റെ സാധുത ചോദ്യം ചെയ്യപ്പെടുന്നിടത്ത് നടപടികൾ നിറുത്തിവയ്ക്കൽ, മുതലായവ 51

125. ചില കേസുകളിൽ രജിസ്റ്റർ ശരിയാക്കലിനുവേണ്ടിയുള്ള അപേക്ഷ അപ്പലേററ് ബോർഡിന് നൽകണമെന്ന് 52

126. മുദ്രയുള്ള ചരക്കുകളുടെ വില്പനയിലുള്ള വ്യംഗ്യമായ വാറന്റി 52

127. രജിസ്ട്രാറുടെ അധികാരങ്ങൾ 53

128. രജിസ്ട്രാർ വിവേചനാധികാരം പ്രയോഗിക്കുന്നത് 53

129. രജിസ്ട്രാർ മുമ്പാകെയുള്ള തെളിവ് 53

130. ഒരു നടപടിയിലെ കക്ഷിയുടെ മരണം 53

131. സമയം നീട്ടിക്കൊടുക്കൽ 53

132. ഉപേക്ഷിക്കൽ 54

133. സവിശേഷതയെ സംബന്ധിച്ച് രജിസ്ട്രാറുടെ പ്രാഥമിക ഉപദേശം 54

134. ലംഘനം മുതലായവയ്ക്കുള്ള വ്യവഹാരം ജില്ലാകോടതി മുമ്പാകെ ബോധിപ്പിക്കേണ്ടതാണെന്ന് 54

135. ലംഘനത്തിനോ അല്ലെങ്കിൽ തെറ്റിദ്ധരിപ്പിച്ച് ഇടപാട് നടത്തുന്നതോ സംബന്ധിച്ച വ്യവഹാരത്തിലെ നിവൃത്തി 54

136. ചില നടപടികളിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താവിനെ കക്ഷി ചേർക്കപ്പെടുമെന്ന് 55

137. രജിസ്റ്ററിലെ ഉൾക്കുറിപ്പുകൾ മുതലായവയുടെയും രജിസ്റ്റർ ചെയ്ത പ്രവർത്തികളുടെയും തെളിവ് 56

138. രജിസ്റ്റർ മുതലായവ ഹാജരാക്കുന്നതിന് രജിസ്ട്രാറെയും മറ്റ് ആഫീസർമാരെയും നിർബന്ധിക്കാവുന്നതല്ലെന്ന്. 56

139. ചരക്കുകളിൽ ഉൽപ്പത്തിയുടെ സൂചന കാണിക്കണമെന്ന് ആവശ്യപ്പെടുന്നതിനുള്ള അധികാരം 56

140. വ്യാജ വ്യാപാരമുദ്രകൾ വഹിക്കുന്ന ഇറക്കുമതി ചെയ്ത ചരക്കുകളുടെ വിവരം ആവശ്യപ്പെടുന്നതിനുള്ള അധികാരം 57

141. സാധുതയ്ക്കുള്ള സർട്ടിഫിക്കറ്റ് 57

142. നിയമനടപടികൾ എടുക്കുമെന്ന അകാരണമായ ഭീഷണികൾ 57

143. നടത്തിപ്പിനുള്ള വിലാസം 58

144. വ്യാപാരവഴക്കങ്ങൾ മുതലായവ പരിഗണനയിൽ എടുക്കണമെന്ന് 58

145. ഏജന്റുമാർ 58

146. അധികാരമില്ലാതെ ഒരു ഏജന്റിനാലോ പ്രതിനിധിയാലോ രജിസ്റ്റർ ചെയ്യപ്പെട്ട മുദ്രകൾ 58

147. സൂചികകൾ 58

148. രേഖകൾ പൊതു പരിശോധനയ്ക്കായി ലഭ്യമാക്കണമെന്ന് 59

| | | |
|---|---|---|
| 149. | രജിസ്ട്രാറുടെ റിപ്പോർട്ടുകൾ പാർലമെന്റ് മുമ്പാകെ വയ്ക്കണമെന്ന് | 59 |
| 150. | ഫീസും സർചാർജും | 59 |
| 151. | അദ്ധ്യായം XII-ലെ ചില സംഗതികൾ സംബന്ധിച്ച ഒഴിവാക്കലുകൾ | 59 |
| 152. | വ്യാപാരമുദ്രയുടെ ഉടമസ്ഥതയെ സംബന്ധിച്ച പ്രഖ്യാപനം രജിസ്ട്രേഷൻ ആക്റ്റ്, 1908 പ്രകാരം രജിസ്റ്റർ ചെയ്യാവുന്നതല്ല | 60 |
| 153. | സർക്കാരിന് ബാധകമായിരിക്കുമെന്ന് | 60 |
| 154. | ഉടമ്പടിരാജ്യങ്ങളിലെ പൗരന്മാരിൽനിന്നും രജിസ്ട്രേഷനുവേണ്ടിയുള്ള അപേക്ഷകൾ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ | 60 |
| 155. | പരസ്പര ധർമ്മം സംബന്ധിച്ച വ്യവസ്ഥ | 61 |
| 156. | വിഷമതകൾ നീക്കുന്നതിന് കേന്ദ്ര സർക്കാരിനുള്ള അധികാരം | 61 |
| 157. | ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം | 61 |
| 158. | ഭേദഗതികൾ | 64 |
| 159. | റദ്ദാക്കലും ഒഴിവാക്കലും | 64 |
| | പട്ടിക | 65 |
| | ശബ്ദാവലി | 66-67 |

# വ്യാപാരമുദ്രകൾ ആക്റ്റ്, 1999

## (1999-ലെ 47-ാം നമ്പർ)

[1999 ഡിസംബർ, 30]

വ്യാപാരമുദ്രകളെ സംബന്ധിച്ച നിയമം ഭേദഗതി ചെയ്യുന്നതിനും ഏകീകരിക്കുന്നതിനും, ചരക്കുകളുടേയും സേവനങ്ങളുടേയും വ്യാപാരമുദ്രകളുടെ രജിസ്ട്രേഷനും മെച്ചപ്പെട്ട സംരക്ഷണവും വ്യാജമുദ്രകളുടെ ഉപയോഗം തടയലും വ്യവസ്ഥ ചെയ്യുന്നതിന് വേണ്ടിയുള്ള
ഒരു
ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ അൻപതാം സംവത്സരത്തിൽ പാർലമെന്റ് താഴെ പറയും പ്രകാരം നിയമമുണ്ടാക്കിയിരിക്കുന്നു:—

## അദ്ധ്യായം I

## പ്രാരംഭികം

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് വ്യാപാരമുദ്രകൾ ആക്റ്റ്, 1999 എന്ന് പേര് പറയാവുന്നതാണ്.

(2) ഇതിന് ഭാരതം മുഴുവനും വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത്, കേന്ദ്ര സർക്കാർ ഔദ്യോഗിക ഗസറ്റിൽ, വിജ്ഞാപനം വഴി നിശ്ചയിക്കുന്ന അങ്ങനെയുള്ള തീയതിയിൽ[1] പ്രാബല്യത്തിൽ വരുന്നതാണ് :

എന്നാൽ, ഈ ആക്റ്റിലെ വ്യത്യസ്ത വ്യവസ്ഥകൾക്ക് വ്യത്യസ്ത തീയതികൾ നിശ്ചയിക്കാവുന്നതും, അങ്ങനെയുള്ള ഏതെങ്കിലും വ്യവസ്ഥയിലെ ഈ ആക്റ്റിന്റെ പ്രാരംഭത്തെ സംബന്ധിച്ച ഏതെങ്കിലും പരാമർശത്തിന് ആ വ്യവസ്ഥ പ്രാബല്യത്തിൽ വരുന്ന ഒരു പരാമർശമായി അർത്ഥം കൽപ്പിക്കേണ്ടതാണ്.

2. നിർവ്വചനങ്ങളും വ്യാഖ്യാനങ്ങളും.—(1) ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "അപ്പലേററ് ബോർഡ്" എന്നാൽ 83-ാം വകുപ്പുപ്രകാരം സ്ഥാപിച്ച അപ്പലേററ് ബോർഡ് എന്നർത്ഥമാകുന്നു;

(ഖ) "തീറ്" എന്നാൽ ബന്ധപ്പെട്ട കക്ഷികളുടെ പ്രവൃത്തിയാലുള്ള ലിഖിതമായ ഒരു തീറ് എന്നർത്ഥമാകുന്നു;

(ഗ) "കൂട്ടുവ്യാപാരമുദ്രകൾ" എന്നാൽ ഈ ആക്റ്റ് പ്രകാരം കൂട്ടുവ്യാപാരമുദ്രകളായി രജിസ്റ്റർ ചെയ്തതായി കരുതപ്പെടേണ്ടതോ അല്ലെങ്കിൽ രജിസ്റ്റർ ചെയ്യേണ്ടത് ആവശ്യമായിട്ടുള്ളതോ ആയ വ്യാപാരമുദ്രകൾ എന്നർത്ഥമാകുന്നു;

(ഘ) "ബെഞ്ച്" എന്നാൽ അപ്പലേററ് ബോർഡിന്റെ ഒരു ബെഞ്ച് എന്നർത്ഥമാകുന്നു;

(ങ) "സാക്ഷ്യപ്പെടുത്തൽ വ്യാപാരമുദ്ര" എന്നാൽ ഉത്പത്തിയേയോ പദാർത്ഥത്തേയോ നിർമ്മാണ രീതിയേയോ സേവനങ്ങളുടെ നിർവ്വഹണത്തേയോ ഗുണത്തേയോ കൃത്യതയേയോ മറ്റു സവിശേഷതകളേയോ സംബന്ധിച്ച മുദ്രയുടെ ഉടമയാൽ സാക്ഷ്യപ്പെടുത്തപ്പെട്ട വ്യാപാരവേളയിൽ ഉപയോഗിക്കുന്ന ബന്ധപ്പെട്ട ചരക്കുകളേയോ സേവനങ്ങളേയോ അപ്രകാരം സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്ത ചരക്കുകളിൽ നിന്നോ സേവനങ്ങളിൽ നിന്നോ വേർതിരിച്ചറിയാൻ കഴിയുന്നതും ആ ചരക്കുകളേയോ സേവനങ്ങളേയോ സംബന്ധിച്ച് ആ ആളിന്റെ പേരിൽ IX-ാം അദ്ധ്യായപ്രകാരം സാക്ഷ്യപ്പെടുത്തൽ വ്യാപാരമുദ്രയുടെ ഉടമയായി രജിസ്റ്റർ ചെയ്യാവുന്നതുമായ ഒരു മുദ്ര എന്നർത്ഥമാകുന്നു;

---

1. 15-9-2003-ലെ വിജ്ഞാപനം നമ്പർ എസ്. ഒ. 1048 (ങ) പ്രകാരം 15-9-2003-ൽ പ്രാബല്യത്തിൽ വന്നു.

(ച) "ചെയർമാൻ" എന്നാൽ അപ്പലേററ് ബോർഡിന്റെ ചെയർമാൻ എന്നർത്ഥമാകുന്നു ;

(ഛ) "കൂട്ടുമുദ്ര" എന്നാൽ മുദ്രയുടെ ഉടമയായ ആളുകളുടെ സംഘടനയിലെ അംഗങ്ങളുടെ ചരക്കുകളേയോ സേവനങ്ങളേയോ മറ്റുള്ളവരുടേതിൽ നിന്നും വേർതിരിച്ചറിയുന്നതിനുള്ള ഇൻഡ്യൻ പങ്കാളിത്ത ആക്റ്റ്, 1932 (1932-ലെ 9)-ന്റെ അർത്ഥത്തിനുള്ളിലുള്ള ഒരു പങ്കാളിത്തം അല്ലാത്ത ഒരു വ്യാപാരമുദ്ര എന്നർത്ഥമാകുന്നു;

(ജ) "കബളിപ്പിക്കപ്പെടാവുന്ന സാമ്യം" കബളിപ്പിക്കലിനോ ചിന്താക്കുഴപ്പമുണ്ടാക്കുന്നതിനോ സാധ്യതയാകുംവിധം ഒരു മുദ്രയ്ക്ക് മറ്റൊരു മുദ്രയോട് അടുത്ത സാദൃശ്യമുള്ള പക്ഷം, ആ മുദ്ര മറ്റേ മുദ്രയുമായി കബളിപ്പിക്കപ്പെടാവുന്ന സാമ്യമുള്ളതായി കരുതപ്പെടേണ്ടതാണ്;

(ഝ) "തെറ്റായ വ്യാപാരവിവരണം" എന്നാൽ,—

(i) ഒരു വ്യാപാരവിവരണം പ്രയോഗിച്ചിട്ടുള്ള ചരക്കുകളേയോ സേവനങ്ങളേയോ സംബന്ധിച്ച് ശരിയല്ലാത്തതോ അല്ലെങ്കിൽ സാരവത്തായ വിധത്തിൽ തെറ്റിദ്ധരിപ്പിക്കുന്നതോ ആയ ഒരു വ്യാപാരവിവരണം ; അല്ലെങ്കിൽ

(ii) ചരക്കുകളേയോ സേവനങ്ങളേയോ സംബന്ധിച്ച് പ്രയോഗിച്ചിട്ടുള്ള ഒരു വ്യാപാര വിവരണത്തിൽ കൂട്ടിച്ചേർത്തുകൊണ്ടോ മായ്ച്ചുകളഞ്ഞുകൊണ്ടോ അല്ലെങ്കിൽ മറ്റേതെങ്കിലും വിധത്തിലോ ആ വിവരണം ശരിയല്ലാത്തതോ അല്ലെങ്കിൽ സാരവത്തായ വിധത്തിൽ തെറ്റിദ്ധരിപ്പിക്കുന്നതോ ആയ തരത്തിൽ മാറ്റം വരുത്തുന്നിടത്ത് ആ വ്യാപാര വിവരണത്തിന്റെ അങ്ങനെയുള്ള ഏതെങ്കിലും മാററം; അല്ലെങ്കിൽ

(iii) ചരക്കുകളെ സംബന്ധിച്ച് പ്രയോഗിച്ചിട്ടുള്ള ഒരു വ്യാപാര വിവരണത്തിൽ, മാനദണ്ഡ പ്രകാരമുള്ള വാരകളേക്കാളോ മീറ്ററുകളേക്കാളോ കൂടുതൽ വാരകളോ മീറ്ററുകളോ ഉൾക്കൊള്ളുന്നതായി സൂചിപ്പിക്കുകയോ ധ്വനിപ്പിക്കുകയോ ചെയ്യുന്ന ഏതെങ്കിലും വ്യാപാര വിവരണം ; അല്ലെങ്കിൽ

(iv) ഏതെങ്കിലും മുദ്രകളോ അല്ലെങ്കിൽ അവയുടെ ക്രമീകരണമോ സങ്കലനമോ—

(ക) ചരക്കുകൾ, അവ യഥാർത്ഥത്തിൽ ആരുടെ വ്യാപാരചരക്കുകളോ ഉൽപ്പന്നങ്ങളോ ആണോ, ആ ആളുടെതല്ലാതെ മറ്റേതെങ്കിലും ആളുടെ ഉൽപ്പന്നങ്ങളോ വ്യാപാരചരക്കുകളോ ആണെന്ന് വിശ്വസിക്കത്തക്ക വിധത്തിൽ ആളുകളെ നയിക്കാൻ ഇടയാക്കുന്ന രീതിയിൽ ചരക്കുകളിൽ പ്രയോഗിക്കുന്നിടത്ത് ;

(ഖ) സേവനങ്ങൾ, അവ, യഥാർത്ഥത്തിൽ ആരുടേതാണോ അതല്ലാതെ മറ്റേതെങ്കിലും ആൾ ഏർപ്പെടുത്തിയതോ നൽകിയതോ ആണെന്ന് വിശ്വസിക്കത്തക്കവിധത്തിൽ ആളുകളെ നയിക്കാൻ ഇടയാക്കുന്ന രീതിയിൽ സേവനങ്ങളുമായി ബന്ധപ്പെട്ട് പ്രയോഗിക്കുന്നിടത്ത് ; അല്ലെങ്കിൽ

(v) ഒരാളുടെ ഏതെങ്കിലും തെറ്റായ പേരോ ചുരുക്കപ്പേരോ ഏതെങ്കിലും സംഗതിയിൽ ഒരു വ്യാപാര വിവരണമായിരുന്നുവെന്നതുപോലെ അങ്ങനെയുള്ള രീതിയിൽ ചരക്കുകളിലോ സേവനങ്ങളിലോ പ്രയോഗിച്ചിട്ടുള്ള അങ്ങനെയുള്ള പേരോ ചുരുക്കപ്പേരോ, ആ പേരോ ചുരുക്കപ്പേരോ—

(ക) ഒരു വ്യാപാരമുദ്രയോ ഒരു വ്യാപാരമുദ്രയുടെ ഭാഗമോ ആകുന്നിടത്തും അല്ലെങ്കിൽ ആകാത്തിടത്തും ;

(ഖ) ഒരേ വിവരണത്തിലുള്ള ചരക്കുകളോ സേവനങ്ങളോ അല്ലെങ്കിൽ രണ്ടുംകൂടിയോ ബന്ധപ്പെട്ട് ബിസിനസ് നടത്തിക്കൊണ്ടുപോകുന്ന ഒരാളുടെ പേരിനോടോ ചുരുക്കപ്പേരിനോടോ സമാനതയോ കബളിപ്പിക്കപ്പെടാവുന്ന സാമ്യമോ ഉണ്ടായിരിക്കുകയും അങ്ങനെയുള്ള പേരോ ചുരുക്കപ്പേരോ ഉപയോഗിക്കുന്നതിന് ആ ആൾ അധികാരപ്പെടുത്തിയിട്ടില്ലാത്തിടത്തും ;

(ഗ) ഒരു സാങ്കല്പിക ആളിന്റേയോ അതല്ലെങ്കിൽ അങ്ങനെയുള്ള ചരക്കുകളോ സേവനങ്ങളോ ആയി ബന്ധപ്പെട്ട് ഉത്തമവിശ്വാസത്തോടെയല്ലാതെ ബിസിനസ് നടത്തിക്കൊണ്ടുപോകുന്ന മറ്റേതെങ്കിലും ആളിന്റെയോ പേരോ ചുരുക്കപ്പേരോ ആകുന്നിടത്തും,

ഒരു വ്യാപാരവിവരണം ഒരു വ്യാപാരമുദ്രയോ അല്ലെങ്കിൽ ഒരു വ്യാപാരമുദ്രയുടെ ഭാഗമോ ആണെന്നുള്ള വസ്തുത അങ്ങനെയുള്ള വ്യാപാരവിവരണം ഈ ആക്റ്റിന്റെ അർത്ഥത്തിനുള്ളിലുള്ള ഒരു തെറ്റായ വ്യാപാര വിവരണമായിരിക്കുന്നതിൽ നിന്നും തടയുന്നതല്ല;

(ഞ) "ചരക്കുകൾ" എന്നാൽ വ്യാപാരത്തിന്റെയോ അല്ലെങ്കിൽ നിർമ്മാണത്തിന്റെയോ വിഷയ വസ്തുവായ എന്തെങ്കിലും എന്നർത്ഥമാകുന്നു ;

(ട) "ജുഡീഷ്യൽ മെമ്പർ" എന്നാൽ ഈ ആക്റ്റ് പ്രകാരം അങ്ങനെ നിയമിക്കപ്പെട്ട അപ്പലേററ് ബോർഡിലെ ഒരു മെമ്പർ എന്നർത്ഥമാകുന്നതും ചെയർമാനും വൈസ് ചെയർമാനും ഉൾപ്പെടുന്നതുമാകുന്നു ;

(ഠ) "പരിമിതികൾ" എന്നാൽ (അതിന്റെ വ്യാകരണ സംബന്ധമായ വ്യതിയാനങ്ങളോടെ) ഒരു വ്യാപാരമുദ്രയുടെ ഉപയോഗത്തിന് അതിന്റെ ഉടമയായി ഒരാൾക്ക് രജിസ്ട്രേഷൻവഴി നൽകപ്പെട്ട അനന്യമായ അവകാശം, ഭാരതത്തിനകത്തോ ഭാരതത്തിനുപുറത്തോ ആ അവകാശം ഉപയോഗിക്കുന്നതിനുള്ള രീതിയേയോ മേഖലയേയോ സംബന്ധിച്ച പരിമിതികൾ ഉൾപ്പെടെ, ഏതെങ്കിലും പരിമിതി എന്നർത്ഥമാകുന്നു ;

(ഡ) "മുദ്ര" എന്നതിൽ ഒരു അടയാളം, ബ്രാന്റ്, ശീർഷകം, ലേബൽ, ടിക്കറ്റ്, പേര്, ഒപ്പ്, വാക്ക്, അക്ഷരം, അക്കം, സാധനങ്ങളുടെ ആകൃതി, പാക്കേജിംഗ്, നിറങ്ങളുടെ സങ്കലനം അല്ലെങ്കിൽ അവയുടെ ഏതെങ്കിലും സങ്കലനം എന്നിവ ഉൾപ്പെടുന്നു;

(ഢ) "മെമ്പർ" എന്നാൽ അപ്പലേററ് ബോർഡിലെ ഒരു ജുഡീഷ്യൽ മെമ്പർ അല്ലെങ്കിൽ ഒരു ടെക്നിക്കൽ മെമ്പർ എന്നർത്ഥമാകുന്നതും അതിൽ ചെയർമാനും വൈസ് ചെയർമാനും ഉൾപ്പെടുന്നതുമാകുന്നു ;

(ണ) "പേര്" എന്നതിൽ ഒരു പേരിന്റെ ഏതെങ്കിലും സംക്ഷേപവും ഉൾപ്പെടുന്നു;

(ത) "വിജ്ഞാപനം ചെയ്യുക" എന്നാൽ രജിസ്ട്രാർ പ്രസിദ്ധപ്പെടുത്തുന്ന വ്യാപാരമുദ്ര ജേർണലിൽ വിജ്ഞാപനം ചെയ്യുക എന്നർത്ഥമാകുന്നു ;

(ഥ) "പാക്കേജ്" എന്നതിൽ ഏതൊരു പേടകവും പെട്ടിയും പാത്രവും ആവരണവും ഫോൾഡറും താലവും ജലപാത്രവും ചെപ്പും കുപ്പിയും പുറംകുപ്പായവും വിവരക്കുറിപ്പും നാടയും ടിക്കറ്റും റീലും ചട്ടക്കൂടും കാപ്സ്യൂളും തൊപ്പിയും അടപ്പും ആപ്പും കോർക്കും ഉൾപ്പെടുന്നു;

(ദ) "അനുവദിക്കപ്പെട്ട ഉപയോഗം" എന്നാൽ രജിസ്റ്റർ ചെയ്യപ്പെട്ട ഒരു വ്യാപാരമുദ്രയുമായി ബന്ധപ്പെട്ട്, ആ വ്യാപാരമുദ്രയുടെ ഉപയോഗം—

(i) ചരക്കുകളുമായോ സേവനങ്ങളുമായോ ബന്ധപ്പെട്ട് ഒരു വ്യാപാരമുദ്രയുടെ രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താവിനാൽ—

(ക) വ്യാപാരവേളയിൽ അയാൾ ഏതുമായിട്ടാണോ ബന്ധപ്പെട്ടിട്ടുള്ളത് ;

(ഖ) ഏതിനെ സംബന്ധിച്ചാണോ വ്യാപാരമുദ്ര തത്സമയം രജിസ്റ്റർ ചെയ്യപ്പെട്ട നിലയിലുള്ളത് ;

(ഗ) ഏതിന് വേണ്ടിയാണോ അയാൾ രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താവായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത് ;

(ഘ) രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താവിന്റെ രജിസ്ട്രേഷൻ ഏത് ഉപാധികൾക്കോ പരിമിതികൾക്കോ വിധേയമായിട്ടാണോ അവ പാലിക്കപ്പെടുന്നത് ; അല്ലെങ്കിൽ

(ii) ചരക്കുകളെയോ സേവനങ്ങളേയോ സംബന്ധിച്ച് രജിസ്റ്റർ ചെയ്യപ്പെട്ട ഉടമയും രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താവും അല്ലാത്ത ഒരാളാൽ—

(ക) വ്യാപാരവേളയിൽ അയാൾ ഏതുമായിട്ടാണോ ബന്ധപ്പെട്ടിട്ടുള്ളത് ;

(ഖ) ഏതിനെ സംബന്ധിച്ചാണോ വ്യാപാരമുദ്ര തത്സമയം രജിസ്റ്റർ ചെയ്യപ്പെട്ട നിലയിലുള്ളത്;

(ഗ) ഒരു ലിഖിതമായ കരാറിൽ അങ്ങനെ രജിസ്റ്റർ ചെയ്യപ്പെട്ട ഉടമയുടെ സമ്മതത്താലുള്ളത് ;

(ഘ) അങ്ങനെയുള്ള ഉപയോക്താവിനും ആ വ്യാപാരമുദ്രയുടെ രജിസ്ട്രേഷനും ബാധകമായിട്ടുള്ളത് ഏത് ഉപാധികളും പരിമിതികളുമാണോ അവ പാലിക്കപ്പെടുന്നത്,

എന്നർത്ഥമാകുന്നു;

(ധ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു ;

(ന) "രജിസ്റ്റർ" എന്നാൽ 6-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള വ്യാപാരമുദ്രയുടെ രജിസ്റ്റർ എന്നർത്ഥമാകുന്നു ;

(പ) "രജിസ്റ്റർ ചെയ്യപ്പെട്ട" എന്നാൽ (അതിന്റെ വ്യാകരണ സംബന്ധമായ വ്യതിയാനങ്ങളോടെ) ഈ ആക്റ്റിൻകീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ട എന്നർത്ഥമാകുന്നു ;

(ഫ) "രജിസ്റ്റർ ചെയ്യപ്പെട്ട ഉടമ" എന്നാൽ ഒരു വ്യാപാരമുദ്രയുമായി ബന്ധപ്പെട്ട്, വ്യാപാരമുദ്രയുടെ ഉടമയായി തൽസമയം രജിസ്റ്ററിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ഒരാൾ എന്നർത്ഥമാകുന്നു ;

(ബ) "രജിസ്റ്റർ ചെയ്യപ്പെട്ട വ്യാപാരമുദ്ര" എന്നാൽ യഥാർത്ഥത്തിൽ രജിസ്റ്ററിലുള്ളതും പ്രാബല്യത്തിലിരിക്കുന്നതുമായ ഒരു വ്യാപാരമുദ്ര എന്നർത്ഥമാകുന്നു ;

(ഭ) "രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താവ് " എന്നാൽ 49-ാം വകുപ്പുപ്രകാരം തൽസമയം അപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ഒരാൾ എന്നർത്ഥമാകുന്നു ;

(മ) "രജിസ്ട്രാർ" എന്നാൽ 3-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള വ്യാപാരമുദ്രകളുടെ രജിസ്ട്രാർ എന്നർത്ഥമാകുന്നു ;

(യ) "സേവനം" എന്നാൽ ശേഷിയുള്ള ഉപയോക്താവിന് ലഭ്യമാക്കിയിട്ടുള്ള ഏതൊരു വിവരണത്തിലുമുള്ള സേവനം എന്നർത്ഥമാകുന്നതും അതിൽ ബാങ്കിംഗ്, വാർത്താ വിനിമയം, വിദ്യാഭ്യാസം, ഫിനാൻസിംഗ്, ഇൻഷുറൻസ്, ചിട്ടിഫണ്ടുകൾ, റിയൽ എസ്റ്റേറ്റ്, ഗതാഗതം, സംഭരണം, മെറ്റീരിയൽ ട്രീറ്റ്മെന്റ്, പ്രോസ്സസിംഗ്, വൈദ്യുതിയുടേയോ അല്ലെങ്കിൽ മറ്റു ഊർജ്ജത്തിന്റേയോ വിതരണം, ബോർഡിംഗ്, താമസസൗകര്യം, വിനോദം, നേരമ്പോക്ക്, നിർമ്മാണം, അറ്റകുറ്റപ്പണി, വാർത്തകളോ വിവരങ്ങളോ എത്തിച്ചുകൊടുക്കൽ, പരസ്യപ്പെടുത്തൽ എന്നിങ്ങനെയുള്ള ഏതെങ്കിലും വ്യാവസായികമോ അല്ലെങ്കിൽ വാണിജ്യപരമോ ആയ സംഗതികളുടെ ബിസിനസുമായി ബന്ധപ്പെട്ട സേവനങ്ങൾക്കുള്ള വ്യവസ്ഥകൾ ഉൾപ്പെടുന്നതുമാകുന്നു;

(യക) "വ്യാപാരവിവരണം" എന്നാൽ,—

(i) ഏതെങ്കിലും ചരക്കുകളുടെ എണ്ണത്തെയോ, വലിപ്പത്തെയോ, അളവിനെയോ, ഗേജിനെയോ, അല്ലെങ്കിൽ ഭാരത്തെയോ സംബന്ധിച്ചോ; അല്ലെങ്കിൽ

(ii) വ്യാപാരത്തിൽ സാധാരണയായി ഉപയോഗിച്ചിട്ടുള്ളതോ അംഗീകരിച്ചിട്ടുള്ളതോ ആയ ഒരു തരംതിരിക്കൽ അനുസരിച്ചുള്ള ഏതെങ്കിലും ചരക്കുകളുടെയോ സേവനങ്ങളുടെയോ ഗുണനിലവാരത്തെ സംബന്ധിച്ചോ ; അല്ലെങ്കിൽ

(iii) ഔഷധവും സൗന്ദര്യവർദ്ധക വസ്തുക്കളും ആക്റ്റ്, 1940 (1940-ലെ 23)-ൽ നിർവ്വചിച്ച പ്രകാരം ഔഷധമായിട്ടുള്ളതോ അല്ലെങ്കിൽ ഭക്ഷ്യത്തിൽ മായം ചേർക്കൽ തടയൽ ആക്റ്റ്, 1954 (1954-ലെ 37)-ൽ നിർവ്വചിച്ച പ്രകാരം "ഭക്ഷണം" ആയിട്ടുള്ളതോ ആയ ഏതെങ്കിലും സാധനങ്ങളുടെ ഉദ്ദിഷ്ട കാര്യത്തിനോ ശക്തിക്കോ പ്രയോഗത്തിനോ പ്രവർത്തനരീതിക്കോ ഉള്ള യോഗ്യതയെ സംബന്ധിച്ചോ ; അല്ലെങ്കിൽ

(iv) ഏതെങ്കിലും ചരക്കുകളോ സേവനങ്ങളോ, അതതുസംഗതിപോലെ, ഉണ്ടാക്കുകയോ ഉൽപ്പാദിപ്പിക്കുകയോ അല്ലെങ്കിൽ നൽകുകയോ ചെയ്തത് ഏത് സ്ഥലത്തോ രാജ്യത്തോ വച്ചാണോ അല്ലെങ്കിൽ ഏത് സമയത്താണോ എന്നതിനെ സംബന്ധിച്ചോ ; അല്ലെങ്കിൽ

(v) നിർമ്മാതാവിന്റെയോ അല്ലെങ്കിൽ സേവനങ്ങൾ നൽകുന്ന ആളിന്റെയോ അല്ലെങ്കിൽ ആർക്കുവേണ്ടിയാണോ ചരക്കുകൾ നിർമ്മിക്കുകയോ സേവനങ്ങൾ നൽകുകയോ ചെയ്തിട്ടുള്ളത് ആ ആളിന്റെയോ പേരും വിലാസവും അല്ലെങ്കിൽ തിരിച്ചറിയലിനുള്ള മറ്റ് സൂചനകളെയും സംബന്ധിച്ചോ ; അല്ലെങ്കിൽ

(vi) ഏതെങ്കിലും ചരക്കുകളുടെ നിർമ്മാണത്തിന്റെയോ ഉൽപ്പാദനത്തിന്റെയോ അല്ലെങ്കിൽ സേവനങ്ങൾ നൽകുന്നതിന്റെയോ രീതിയെ സംബന്ധിച്ചോ ; അല്ലെങ്കിൽ

(vii) ഏതെങ്കിലും ചരക്കുകളിൽ സംയോജിപ്പിച്ചിട്ടുള്ള പദാർത്ഥങ്ങളെ സംബന്ധിച്ചോ; അല്ലെങ്കിൽ

(viii) നിലവിലുള്ള ഒരു പേറ്റന്റിനോ വിശേഷാവകാശത്തിനോ, പകർപ്പവകാശത്തിനോ വിഷയമായിരിക്കുന്ന ഏതെങ്കിലും ചരക്കിനെ സംബന്ധിച്ചോ,

പ്രത്യക്ഷമായോ പരോക്ഷമായോ ഉള്ള ഏതെങ്കിലും വിവരണമോ, പ്രസ്താവനയോ അല്ലെങ്കിൽ മറ്റു സൂചനയോ എന്നർത്ഥമാകുന്നതും, അതിൽ—

(ക) വ്യാപാര സമ്പ്രദായമനുസരിച്ച്, മേൽപ്പറഞ്ഞ ഏതെങ്കിലും സംഗതികളുടെ ഒരു സൂചനയായി സാധാരണ എടുക്കുന്ന ഏതെങ്കിലും മുദ്രയുടെ ഉപയോഗത്തെ സംബന്ധിച്ച ഏതെങ്കിലും വിവരണവും;

(ഖ) ഏതെങ്കിലും എൻട്രി ബില്ലിലോ ഷിപ്പിംഗ് ബില്ലിലോ ഉൾപ്പെടുത്തിയിട്ടുള്ള ഇറക്കുമതി ചെയ്ത ഏതെങ്കിലും ചരക്കുകളെ സംബന്ധിച്ച വിവരണവും;

(ഗ) പ്രസ്തുത സംഗതികളിൽ എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ ആയി തെറ്റായി മനസ്സിലാക്കുന്നതിനോ അല്ലെങ്കിൽ തെറ്റിപ്പോകുന്നതിനോ ഇടയാക്കിയേക്കാവുന്ന മറ്റേതെങ്കിലും വിവരണവും,

ഉൾപ്പെടുന്നതുമാകുന്നു;

(യഖ) "വ്യാപാരമുദ്ര" എന്നാൽ രേഖാചിത്രമായി പ്രതിപാദിക്കാൻ കഴിയുന്നതും ഒരാളുടെ ചരക്കുകളെയോ സേവനങ്ങളെയോ മറ്റുള്ളവരുടേതിൽ നിന്നും വേർതിരിച്ചറിയാൻ കഴിയുന്നതുമായ ഒരു മുദ്ര എന്നർത്ഥമാകുന്നതും അതിൽ ചരക്കുകളുടെ ആകൃതിയും അവയുടെ പാക്കേജിംഗും നിറങ്ങളുടെ സങ്കലനവും ഉൾപ്പെടാവുന്നതും—

(i) XII-ാം അദ്ധ്യായം സംബന്ധിച്ച് (107-ാം വകുപ്പൊഴികെ) രജിസ്റ്റർ ചെയ്യപ്പെട്ട ഒരു വ്യാപാരമുദ്രയും അല്ലെങ്കിൽ ചരക്കുകളും അല്ലെങ്കിൽ സേവനങ്ങളും, അതതു സംഗതിപോലെ, മുദ്ര ഉപയോഗിക്കാൻ ഉടമയെന്നപോലെ അവകാശമുള്ള ഏതെങ്കിലും ആളും തമ്മിൽ വ്യാപാരവേളയിലുള്ള ഒരു ബന്ധം സൂചിപ്പിക്കുന്നതിനുവേണ്ടിയോ അല്ലെങ്കിൽ സൂചിപ്പിക്കുവാനെന്നപോലെയോ ചരക്കുകളുമായോ സേവനങ്ങളുമായോ ബന്ധപ്പെടുത്തി ഉപയോഗിക്കുന്ന ഒരു മുദ്രയും;

(ii) ഈ ആക്റ്റിലെ മറ്റ് വ്യവസ്ഥകൾ സംബന്ധിച്ച്, ചരക്കുകളും അല്ലെങ്കിൽ സേവനങ്ങളും, അതതു സംഗതിപോലെ, ഉടമയെന്ന നിലയിലോ അല്ലെങ്കിൽ അനുവദിക്കപ്പെട്ട ഉപയോക്താവ് എന്ന രീതിയിലോ, ആളിന്റെ തിരിച്ചറിയൽ സൂചിപ്പിച്ചുകൊണ്ടോ സൂചിപ്പിക്കാതെയോ, മുദ്ര ഉപയോഗിക്കുന്നതിന് അവകാശമുള്ള ഏതെങ്കിലും ആളും തമ്മിൽ വ്യാപാരവേളയിൽ ചരക്കുകളുമായോ സേവനങ്ങളുമായോ ബന്ധപ്പെട്ട് സൂചിപ്പിക്കുന്നതിനുവേണ്ടിയോ സൂചിപ്പിക്കുവാനെന്നതുപോലെയോ ഉപയോഗിച്ചതോ ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നതോ ആയ ഒരു മുദ്രയും, അതിൽ ഒരു സാക്ഷ്യപ്പെടുത്തൽ വ്യാപാര മുദ്രയോ കൂട്ടുമുദ്രയോ ഉൾപ്പെടുന്നതുമാകുന്നു;

(യഗ) "എത്തിച്ചുകൊടുക്കൽ" എന്നാൽ നിയമത്തിന്റെ പ്രവർത്തനത്താലും മരിച്ചയാളിന്റെ സ്വന്തം പ്രതിനിധിക്കും പിൻതുടർച്ചാവകാശത്താലും തീരല്ലാത്ത മറ്റേതെങ്കിലും കൈമാറ്റരീതിയാലും, ഉള്ള എത്തിച്ചുകൊടുക്കൽ എന്നർത്ഥമാകുന്നു;

(യഘ) "ടെക്നിക്കൽ അംഗം" എന്നാൽ ഒരു ജുഡീഷ്യൽ അംഗമല്ലാത്ത ഒരു അംഗം എന്നർത്ഥമാകുന്നു;

(യങ) "ട്രിബ്യൂണൽ" എന്നാൽ ബന്ധപ്പെട്ട നടപടി നിലവിലിരിക്കുന്ന രജിസ്ട്രാറോ അല്ലെങ്കിൽ അപ്പലേറ്റ് ബോർഡോ, അതതു സംഗതിപോലെ, എന്നർത്ഥമാകുന്നു;

(യച) "വൈസ്-ചെയർമാൻ" എന്നാൽ അപ്പലേറ്റ് ബോർഡിലെ ഒരു വൈസ്-ചെയർമാൻ എന്നർത്ഥമാകുന്നു;

(യഛ) "അറിയപ്പെടുന്ന വ്യാപാരമുദ്ര" എന്നാൽ ചരക്കുകളെയോ സേവനങ്ങളെയോ സംബന്ധിച്ച് അങ്ങനെയുള്ള ചരക്കുകൾ ഉപയോഗിക്കുകയോ അങ്ങനെയുള്ള സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്യുന്ന പൊതുജനത്തിന്റെ ഗണ്യമായ വിഭാഗത്തിന്, മറ്റ് ചരക്കുകളോ സേവനങ്ങളോ ആയി

ബന്ധപ്പെട്ട് അങ്ങനെയുള്ള മുദ്രയുടെ ഉപയോഗം ആ ചരക്കുകളോ സേവനങ്ങളോ ആയും ആദ്യം പറഞ്ഞ ചരക്കുകളോ സേവനങ്ങളോ ആയും ബന്ധപ്പെട്ട മുദ്ര ഉപയോഗിക്കുന്ന ഒരാളും തമ്മിൽ വ്യാപാര വേളയിലോ സേവനങ്ങൾ നൽകുമ്പോഴോ ഒരു ബന്ധം സൂചിപ്പിക്കുന്നതായി കരുതാൻ സാധ്യതയുള്ള അങ്ങനെയായിത്തീർന്ന ഒരു മുദ്ര എന്നർത്ഥമാകുന്നു.

(2) ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം—

(ക) "വ്യാപാരമുദ്ര" യെക്കുറിച്ചുള്ള ഏതെങ്കിലും പരാമർശത്തിൽ "കൂട്ടുമുദ്ര"യേയോ അല്ലെങ്കിൽ "സാക്ഷ്യപ്പെടുത്തൽ വ്യാപാരമുദ്ര"യേയോ സംബന്ധിച്ച പരാമർശം ഉൾപ്പെടുന്നു ;

(ഖ) ഒരു മുദ്രയുടെ ഉപയോഗത്തിന്റെ ഏതെങ്കിലും പരാമർശം ഒരു മുദ്രയുടെ പ്രിന്റ് ചെയ്തതോ അല്ലെങ്കിൽ മറ്റു ദൃഷ്ടിഗോചരമായ പ്രതി അല്ലെങ്കിൽ മറ്റു ദൃശ്യമായതോ ആയ പ്രതിരൂപം എന്ന് അർത്ഥം കൽപ്പിക്കേണ്ടതാകുന്നു ;

(ഗ) ഒരു മുദ്രയുടെ ഉപയോഗത്തിന്റെ ഏതെങ്കിലും പരാമർശത്തിന്—

(i) ചരക്കുകളെ സംബന്ധിച്ച്, അങ്ങനെയുള്ള ചരക്കുകളിന്മേലോ അല്ലെങ്കിൽ അതിന് ഭൗതികമോ മറ്റേതെങ്കിലും വിധത്തിലോ ബന്ധപ്പെടുത്തിയിട്ടുള്ള മുദ്രയുടെ ഉപയോഗത്തിന്റെ പരാമർശമായി അർത്ഥം കൽപിക്കേണ്ടതാണ് ;

(ii) സേവനങ്ങളെ സംബന്ധിച്ച് അങ്ങനെയുള്ള സേവനങ്ങളുടെ ലഭ്യതയെയോ, വ്യവസ്ഥയെയോ അല്ലെങ്കിൽ നിർവ്വഹണത്തെയോ സംബന്ധിച്ചുള്ള ഏതെങ്കിലും പ്രസ്താവനയായോ അല്ലെങ്കിൽ അതിന്റെ ഭാഗമായോ മുദ്ര ഉപയോഗിക്കുന്നതിനുള്ള ഒരു പരാമർശമായി അർത്ഥം കൽപ്പിക്കേണ്ടതാണ് ;

(ഘ) രജിസ്ട്രാറെ സംബന്ധിച്ച് ഏതൊരു പരാമർശവും 3-ാം വകുപ്പ് (2)-ാം ഉപവകുപ്പിന് അനുസൃതമായി രജിസ്ട്രാറുടെ ചുമതലകൾ നിർവ്വഹിക്കുന്ന ഏതൊരു ആഫീസറേയും സംബന്ധിച്ച ഒരു പരാമർശം ഉൾപ്പെടുന്നതായി അർത്ഥം കല്പിക്കേണ്ടതാണ് ;

(ങ) വ്യാപാരമുദ്രകൾ രജിസ്റ്ററിയെ സംബന്ധിച്ച ഏതെങ്കിലും പരാമർശത്തിൽ വ്യാപാരമുദ്രകൾ രജിസ്റ്ററിയുടെ ഏതൊരു ആഫീസിന്റെയും ഒരു പരാമർശം ഉൾപ്പെടുന്നതായി അർത്ഥം കല്പിക്കേണ്ടതാണ്.

(3) ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, ഒരേ ബിസിനസ്സ് മുഖേനയും ചരക്കുകളുടെ അങ്ങനെയുള്ള വിവരണത്തോടെയും സേവനങ്ങളുടെ അങ്ങനെയുള്ള വിവരണത്തോടെയും സാധനങ്ങൾ വിൽക്കപ്പെടുന്നതിനും വ്യാപാരം നടത്തപ്പെടുന്നതിനും സേവനങ്ങൾ നൽകപ്പെടുന്നതിനും ഇടയാക്കുന്ന പക്ഷം, ആ ചരക്കുകളും സേവനങ്ങളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു.

(4) ഈ ആക്റ്റിലെ ആവശ്യങ്ങൾക്കായി, "നിലവിലുള്ള രജിസ്റ്റർ ചെയ്യപ്പെട്ട വ്യാപാരമുദ്ര" എന്നാൽ ഈ ആക്റ്റിന്റെ പ്രാരംഭത്തിന് തൊട്ടുമുമ്പ് ട്രേഡ് ആന്റ് മർക്കൻഡൈസ് മാർക്ക്സ് ആക്റ്റ്, 1958 (1958-ലെ 43)-ന് കീഴിൽ രജിസ്റ്റർ ചെയ്ത ഒരു വ്യാപാരമുദ്ര എന്നർത്ഥമാകുന്നു.

## അദ്ധ്യായം II

## രജിസ്റ്ററും രജിസ്ട്രേഷനുള്ള നിബന്ധനകളും

3. <u>രജിസ്ട്രാറുടെയും മറ്റ് ആഫീസർമാരുടെയും നിയമനം.</u>—(1) കേന്ദ്ര സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, പേറ്റന്റുകളുടെയും ഡിസൈനുകളുടെയും വ്യാപാരമുദ്രകളുടേയും കൺട്രോളർ-ജനറൽ എന്നറിയപ്പെടുന്ന ഒരാളെ നിയമിക്കാവുന്നതും, അദ്ദേഹം ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി രജിസ്ട്രാർ ആയിരിക്കുന്നതുമാകുന്നു.

(2) കേന്ദ്ര സർക്കാരിന്, ഈ ആക്റ്റ് പ്രകാരമുള്ള രജിസ്ട്രാറുടെ ചുമതലകൾ അദ്ദേഹത്തിന്റെ മേൽനോട്ടത്തിലും നിർദ്ദേശത്തിനും കീഴിൽ നിർവ്വഹിക്കുന്നതിന് അദ്ദേഹം സമയാസമയങ്ങളിൽ അധികാരപ്പെടുത്തുന്ന അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനായി അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള പദവിയിലുള്ള മറ്റ് ആഫീസർമാരെ നിയമിക്കാവുന്നതാണ്.

4. കേസുകൾ പിൻവലിക്കുന്നതിനോ അല്ലെങ്കിൽ മാറ്റുന്നതിനോ മുതലായവയ്ക്ക് രജിസ്ട്രാറുടെ അധികാരം.—3-ാം വകുപ്പ് (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകളുടെ സാമാന്യതയ്ക്ക് ഭംഗം വരാതെ, രജിസ്ട്രാർക്ക്, കാരണങ്ങൾ കാണിച്ചുകൊണ്ടുള്ള ലിഖിതമായ ഉത്തരവ് വഴി, പ്രസ്തുത (2)-ാം ഉപവകുപ്പുപ്രകാരം നിയമിച്ച ഒരു ആഫീസറുടെ മുമ്പാകെ നിലവിലിരിക്കുന്ന ഏതെങ്കിലും സംഗതി പിൻവലിക്കാവുന്നതും, പ്രസ്തുത സംഗതി ഒന്നുകിൽ പുതുതായോ അല്ലെങ്കിൽ അപ്രകാരം പിൻവലിച്ച ഘട്ടം മുതൽക്കോ അദ്ദേഹത്തിന് കൈകാര്യം ചെയ്യാവുന്നതും അല്ലെങ്കിൽ അപ്രകാരം നിയമിച്ച മറ്റൊരു ആഫീസർക്ക് അത് കൈമാറാവുന്നതും, അദ്ദേഹം, കൈമാറ്റ ഉത്തരവിലെ പ്രത്യേക നിർദ്ദേശങ്ങൾക്കു വിധേയമായി, സംഗതി ഒന്നുകിൽ പുതുതായോ അല്ലെങ്കിൽ അപ്രകാരം കൈമാറിയ ഘട്ടം മുതൽക്കോ തുടർന്നുകൊണ്ടു പോകാവുന്നതും ആകുന്നു.

5. വ്യാപാരമുദ്രകൾ രജിസ്ട്രിയും അതിന്റെ ആഫീസുകളും.—(1) ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, ഒരു വ്യാപാരമുദ്രകൾ രജിസ്ട്രി ഉണ്ടായിരിക്കേണ്ടതും, ട്രേഡ് ആന്റ് മെർക്കൻഡൈസ് ആക്റ്റ്, 1958 (1958-ലെ 43) പ്രകാരം സ്ഥാപിക്കപ്പെട്ട വ്യാപാരമുദ്രകൾ രജിസ്ട്രി ഈ ആക്റ്റ് പ്രകാരമുള്ള വ്യാപാരമുദ്രകൾ രജിസ്ട്രി ആയിരിക്കുന്നതുമാകുന്നു.

(2) വ്യാപാരമുദ്രകൾ രജിസ്ട്രിയുടെ ഹെഡ് ആഫീസ് കേന്ദ്ര സർക്കാർ വിനിർദ്ദേശിക്കുന്ന അങ്ങനെയുള്ള സ്ഥലത്തായിരിക്കുന്നതും, വ്യാപാരമുദ്രകളുടെ രജിസ്ട്രേഷൻ സുഗമമാക്കുന്ന ആവശ്യത്തിനായി കേന്ദ്ര സർക്കാരിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള സ്ഥലങ്ങളിൽ വ്യാപാരമുദ്രകൾ രജിസ്ട്രിയുടെ ബ്രാഞ്ച് ആഫീസുകൾ സ്ഥാപിക്കാവുന്നതുമാണ്.

(3) കേന്ദ്ര സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, വ്യാപാരമുദ്രകൾ രജിസ്ട്രിയുടെ ഒരു ആഫീസ് ഏത് പ്രാദേശികാതിർത്തിക്കുള്ളിലാണ് അതിന്റെ ചുമതലകൾ നിർവ്വഹിക്കേണ്ടതെന്ന് നിർവചിക്കാവുന്നതാണ്.

(4) വ്യാപാരമുദ്രകൾ രജിസ്ട്രിയുടെ ഒരു സീൽ ഉണ്ടായിരിക്കേണ്ടതാണ്.

6. വ്യാപാരമുദ്രകളുടെ രജിസ്റ്റർ.—(1) ഈ ആക്റ്റിലെ ആവശ്യങ്ങൾക്കായി, വ്യാപാരമുദ്രകൾ രജിസ്റ്റർ എന്നു പറയുന്ന ഒരു റിക്കാർഡ് ഹെഡ് ആഫീസിൽ സൂക്ഷിക്കേണ്ടതും അതിൽ ഉടമകളുടെ പേരുകൾ, വിലാസങ്ങൾ സഹിതം രജിസ്റ്റർ ചെയ്യപ്പെട്ട എല്ലാ വ്യാപാരമുദ്രകളും വിജ്ഞാപനങ്ങളും എത്തിച്ചുകൊടുക്കലും രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താക്കളുടെ പേരുകളും വിലാസങ്ങളും വിവരണങ്ങളും ഉപാധികളും പരിമിതികളും രജിസ്റ്റർ ചെയ്യപ്പെട്ട വ്യാപാരമുദ്രകളെ സംബന്ധിച്ച അങ്ങനെയുള്ള മറ്റു സംഗതികളും രേഖപ്പെടുത്തേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, രജിസ്ട്രാർ റിക്കാർഡുകൾ പൂർണ്ണമായോ ഭാഗികമായോ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള സുരക്ഷാകരുതലുകൾക്ക് വിധേയമായി, കമ്പ്യൂട്ടർ ഫ്ളോപ്പികളിലോ ഡിസ്ക്കറ്റുകളിലോ അല്ലെങ്കിൽ മറ്റേതെങ്കിലും ഇലക്ട്രോണിക് ഫോമിലോ സൂക്ഷിക്കുന്നത് നിയമാനുസൃതമായിരിക്കുന്നതാണ്.

(3) (2)-ാം ഉപവകുപ്പു പ്രകാരം അങ്ങനെയുള്ള രജിസ്റ്റർ പൂർണ്ണമായോ ഭാഗികമായോ കമ്പ്യൂട്ടറിൽ സൂക്ഷിച്ചിരിക്കുന്നിടത്ത്, രജിസ്റ്ററിലെ ഉൾക്കുറിപ്പിന് ഈ ആക്റ്റിലെ ഏതെങ്കിലും പരാമർശം കമ്പ്യൂട്ടറിലോ അല്ലെങ്കിൽ മറ്റേതെങ്കിലും ഇലക്ട്രോണിക് ഫോമിലോ സൂക്ഷിച്ച പ്രകാരമുള്ള ഏതെങ്കിലും ഉൾക്കുറിപ്പിനുള്ള പരാമർശമായി അർത്ഥം കല്പിക്കേണ്ടതാണ്.

(4) ഏതെങ്കിലും ട്രസ്റ്റിന്റെ, പ്രത്യക്ഷമോ, പരോക്ഷമോ അല്ലെങ്കിൽ നിയമ കല്പിതമോ ആയ യാതൊരു നോട്ടീസും രജിസ്റ്ററിൽ ഉൾപ്പെടുത്താൻ പാടില്ലാത്തതും അങ്ങനെയുള്ള യാതൊരു നോട്ടീസും രജിസ്ട്രാർ സ്വീകരിക്കാൻ പാടില്ലാത്തതുമാകുന്നു.

(5) രജിസ്ട്രാറുടെ നിയന്ത്രണത്തിനും നടത്തിപ്പിനും കീഴിൽ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

(6) വ്യാപാരമുദ്രകൾ രജിസ്ട്രിയുടെ ഓരോ ബ്രാഞ്ചോഫീസിലും രജിസ്റ്ററിന്റെ ഒരു പകർപ്പും, കേന്ദ്ര സർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി നിർദ്ദേശിക്കുന്ന 148-ാം വകുപ്പിൽ സൂചിപ്പിച്ച പ്രകാരം അങ്ങനെയുള്ള മറ്റു രേഖകളും സൂക്ഷിക്കേണ്ടതാണ്.

(7) ഈ ആക്റ്റിന്റെ പ്രാരംഭത്തിൽ നിലവിലിരുന്ന വ്യാപാരമുദ്രകൾ രജിസ്റ്ററിന്റെ ക ഭാഗവും ഖ ഭാഗവും ഈ ആക്റ്റ് പ്രകാരമുള്ള രജിസ്റ്ററിൽ ഉൾക്കൊള്ളിക്കേണ്ടതും അത് ആ രജിസ്റ്ററിന്റെ ഭാഗമായിരിക്കുന്നതുമാണ്.

7. ചരക്കുകളുടേയും സേവനങ്ങളുടേയും തരംതിരിക്കൽ.—(1) രജിസ്ട്രാർ, ചരക്കുകളും, സേവനങ്ങളും, വ്യാപാരമുദ്രകളുടെ രജിസ്ട്രേഷന്റെ ആവശ്യങ്ങൾക്കായി, കഴിയുന്നിടത്തോളം ചരക്കുകളുടേയും സേവനങ്ങളുടേയും അന്തർദേശീയ തരംതിരിക്കലിന് അനുസൃതമായി തരം തിരിക്കേണ്ടതാണ്.

(2) ഏതെങ്കിലും ചരക്കുകളോ, സേവനങ്ങളോ ഏതു തരത്തിൽപ്പെടുന്നുവെന്നതു സംബന്ധിച്ച് ഉത്ഭവിക്കുന്ന ഏതൊരു ചോദ്യവും രജിസ്ട്രാർ തീരുമാനിക്കേണ്ടതും, അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാകുന്നു.

8. അക്ഷരമാല സൂചിക പ്രസിദ്ധപ്പെടുത്തൽ.—(1) രജിസ്ട്രാർ, 7-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള ചരക്കുകളുടേയും സേവനങ്ങളുടേയും തരംതിരിക്കലിന്റെ ഒരു അക്ഷരമാല സൂചിക നിർണ്ണയിക്കപ്പെട്ട രീതിയിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പു പ്രകാരം പ്രസിദ്ധപ്പെടുത്തിയ ചരക്കുകളുടേയും സേവനങ്ങളുടേയും അക്ഷരമാല സൂചികയിൽ ഏതെങ്കിലും ചരക്കുകളേയും സേവനങ്ങളേയും സംബന്ധിച്ച് വിനിർദ്ദേശിച്ചിട്ടില്ലാത്തപക്ഷം, ചരക്കുകളുടേയും സേവനങ്ങളുടേയും തരംതിരിക്കൽ 7-ാം വകുപ്പ് (2)-ാം ഉപവകുപ്പിനനുസൃതമായി രജിസ്ട്രാർ തീരുമാനിക്കേണ്ടതാണ്.

9. രജിസ്ട്രേഷൻ നിരസിക്കുന്നതിനുള്ള വ്യക്തമായ കാരണങ്ങൾ.—(1) (ക) എന്തെങ്കിലും പ്രത്യേക സ്വഭാവം ഇല്ലാതിരിക്കുകയും, എന്ന് പറഞ്ഞാൽ, ഒരാളിന്റെ ചരക്കുകളേയും സേവനങ്ങളേയും മറ്റൊരാളുടേതിൽ നിന്നും വേർതിരിച്ചറിയാൻ കഴിയാതിരിക്കുകയും ;

(ഖ) ഇനം, ഗുണം, അളവ്, ഉദ്ദിഷ്ടാവശ്യം, മൂല്യങ്ങൾ, ഭൂമിശാസ്ത്രപരമായ ഉൽപ്പത്തി അല്ലെങ്കിൽ ചരക്കുകളുടെ ഉൽപ്പാദനത്തിന്റെയോ സേവനങ്ങൾ നൽകലിന്റെയോ സമയം അല്ലെങ്കിൽ ചരക്കുകളുടേയോ സേവനങ്ങളുടേയോ മറ്റ് സവിശേഷതകൾ ഇവ വ്യാപാരത്തിൽ പ്രത്യേകമായി കാണിക്കാൻ ഉതകുന്ന അനന്യമായ മുദ്രകളോ സൂചനകളോ അടങ്ങുകയും ;

(ഗ) വ്യാപാരത്തിന്റെ നടപ്പുഭാഷയിലോ അല്ലെങ്കിൽ ഉത്തമ വിശ്വാസത്താലും സ്ഥാപിത സമ്പ്രദായങ്ങളാലും, ആചാരപരമായി തീർന്ന അനന്യമായ മുദ്രകളോ സൂചനകളോ അടങ്ങുകയും;

ചെയ്യുന്ന വ്യാപാരമുദ്രകൾ രജിസ്റ്റർ ചെയ്യുവാൻ പാടുള്ളതല്ല :

എന്നാൽ, ഒരു വ്യാപാരമുദ്രയുടെ രജിസ്ട്രേഷൻ, രജിസ്ട്രേഷനുള്ള അപേക്ഷാതീയതിക്ക് മുൻപ് അതിന്റെ ഉപയോഗഫലമായി ഒരു പ്രത്യേക സ്വഭാവം ആർജ്ജിക്കുകയോ അല്ലെങ്കിൽ അത് അറിയപ്പെടുന്ന വ്യാപാരമുദ്ര ആയിരിക്കുകയോ ചെയ്യുന്നപക്ഷം, നിരസിക്കാൻ പാടുള്ളതല്ല.

(2) ഒരു മുദ്ര—

(ക) അത് പൊതുജനത്തെ കബളിപ്പിക്കുന്നതോ അല്ലെങ്കിൽ ചിന്താകുഴപ്പത്തിനിടയാക്കുന്നതോ ആയ സ്വഭാവത്തോടുകൂടിയതോ ;

(ഖ) ഭാരതപൗരൻമാരുടെ ഏതെങ്കിലും ഭാഗത്തിന്റെയോ വിഭാഗത്തിന്റെയോ മതവികാരങ്ങളെ വ്രണപ്പെടുത്താൻ ഏതെങ്കിലും സംഗതികൾ അതിൽ ഉൾപ്പെടുകയോ അടങ്ങുകയോ ;

(ഗ) അതിൽ അപവാദപരമോ അശ്ലീലപരമോ ആയ സംഗതികൾ ഉൾപ്പെടുകയോ അടങ്ങിയിരിക്കുകയോ ;

(ഘ) എംബ്ലങ്ങളും പേരുകളും (അനുചിതമായ ഉപയോഗം തടയൽ) ആക്റ്റ്, 1950 (1950-ലെ 12) പ്രകാരം അതിന്റെ ഉപയോഗം നിരോധിച്ചിരിക്കുകയോ ;

ചെയ്തിട്ടുണ്ടെങ്കിൽ, ഒരു മുദ്ര വ്യാപാരമുദ്രയായി രജിസ്റ്റർ ചെയ്യുവാൻ പാടുള്ളതല്ല.

(3) ഒരു മുദ്ര—

(ക) ചരക്കുകളുടെ തന്നെ പ്രകൃതത്തിൽ നിന്നുണ്ടാകുന്ന ചരക്കുകളുടെ ആകൃതി ; അല്ലെങ്കിൽ

(ഖ) ഒരു സാങ്കേതികഫലം ലഭിക്കുന്നതിന് ആവശ്യമായ ചരക്കുകളുടെ ആകൃതി ; അല്ലെങ്കിൽ

(ഗ) ചരക്കുകൾക്ക് ഗണ്യമായ മൂല്യം നൽകുന്ന ആകൃതി, എന്നിവ അതിൽ അനന്യമായി ഉൾക്കൊണ്ടിട്ടുള്ളപക്ഷം, അത് ഒരു വ്യാപാരമുദ്രയായി രജിസ്റ്റർ ചെയ്യാൻ പാടുള്ളതല്ല.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കുവേണ്ടി, വ്യാപാരമുദ്ര ഉപയോഗിക്കുന്നതോ അല്ലെങ്കിൽ ഉപയോഗിക്കുന്നതിനുദ്ദേശിക്കുന്നതോ സംബന്ധിച്ചുള്ള ചരക്കുകളുടെയോ അല്ലെങ്കിൽ സേവനങ്ങളുടെയോ സ്വഭാവം രജിസ്ട്രേഷൻ നിരസിക്കുന്നതിനുള്ള ഒരു കാരണമാകാൻ പാടുള്ളതല്ല.

10. നിറത്തെ സംബന്ധിച്ച പരിമിതി.—(1) ഒരു വ്യാപാരമുദ്ര പൂർണ്ണമായോ ഭാഗികമായോ നിറങ്ങളുടെ ഏതെങ്കിലും സങ്കലനവുമായി പരിമിതപ്പെടുത്താവുന്നതും, ഒരു വ്യാപാരമുദ്രയുടെ പ്രത്യേക സ്വഭാവത്തെ സംബന്ധിച്ച് തീരുമാനമെടുക്കേണ്ടതായ ട്രിബ്യൂണൽ അങ്ങനെയുള്ള ഏതെങ്കിലും പരിമിതപ്പെടുത്തൽ പരിഗണനയിലെടുക്കേണ്ടതാണ്.

(2) നിറത്തിന്റെ പരിമിതിയില്ലാതെ ഒരു വ്യാപാരമുദ്ര രജിസ്റ്റർ ചെയ്തിരിക്കുന്നിടത്തോളം, അത് എല്ലാ നിറങ്ങൾക്കുമായി രജിസ്റ്റർ ചെയ്യപ്പെട്ടതായി കരുതപ്പെടേണ്ടതാണ്.

11. രജിസ്ട്രേഷൻ നിരസിക്കുന്നതിന് ആപേക്ഷികമായ കാരണങ്ങൾ.—(1) 12-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തപ്രകാരമൊഴികെ—

(ക) നേരത്തെയുള്ള ഒരു വ്യാപാരമുദ്രയുമായി താദാത്മ്യമുള്ളതിനാലും ആ വ്യാപാരമുദ്രയിൽ ഉൾപ്പെട്ടിട്ടുള്ള ചരക്കുകളുമായോ സേവനങ്ങളുമായോ സാമ്യമുള്ള കാരണത്താലും ; അല്ലെങ്കിൽ

(ഖ) നേരത്തെയുള്ള ഒരു വ്യാപാരമുദ്രയുമായി അതിനുള്ള സാമ്യവും ആ വ്യാപാരമുദ്രയിൽ ഉൾപ്പെട്ടിട്ടുള്ള ചരക്കുകളുടേയോ സേവനങ്ങളുടേയോ താദാത്മ്യമോ സാമ്യമോ ഉള്ള കാരണങ്ങളാലും പൊതുജനങ്ങൾക്ക്, നേരത്തെയുള്ള വ്യാപാരമുദ്രയുമായി കൂട്ടുചേരലിനുള്ള സാദ്ധ്യത ഉൾപ്പെടെയുള്ള ചിന്താക്കുഴപ്പത്തിനുള്ള സാദ്ധ്യത നിലനിൽക്കുന്നപക്ഷം, ഒരു വ്യാപാരമുദ്ര രജിസ്റ്റർ ചെയ്യാൻ പാടുള്ളതല്ല.

(2) ഒരു വ്യാപാരമുദ്ര—

(ക) അത് നേരത്തെയുള്ള വ്യാപാരമുദ്രയുമായി താദാത്മ്യമുള്ളതും അല്ലെങ്കിൽ സാമ്യമുള്ളതും ;

(ഖ) ഏത് ചരക്കുകൾക്കോ സേവനങ്ങൾക്കോ വേണ്ടിയാണോ ഒരു വ്യാപാരമുദ്ര മറ്റൊരു ഉടമസ്ഥന്റെ പേരിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്, ആ ചരക്കുകളോ സേവനങ്ങളോ ആയി സാമ്യമില്ലാത്തവയ്ക്കുവേണ്ടി അത് രജിസ്റ്റർ ചെയ്യേണ്ടതായിട്ടുള്ളതും ;

നേരത്തെയുള്ള വ്യാപാരമുദ്ര ഭാരതത്തിൽ അറിയപ്പെടുന്ന ഒരു വ്യാപാരമുദ്ര ആയിരിക്കുകയും പിന്നീടുള്ള മുദ്രയുടെ ഉപയോഗം മതിയായ കാരണം കൂടാതെ നേരത്തെയുള്ള വ്യാപാരമുദ്രയിൽ നിന്നും അന്യായമായ നേട്ടം ഉണ്ടാക്കുന്നപക്ഷമോ ഉണ്ടാക്കുന്നിടത്തോളമോ അല്ലെങ്കിൽ അതിന്റെ പ്രത്യേക സ്വഭാവത്തിനോ പ്രശസ്തിക്കോ ഹാനികരമാകുന്നപക്ഷമോ അല്ലെങ്കിൽ അത്രത്തോളമോ, രജിസ്റ്റർ ചെയ്യാൻ പാടുള്ളതല്ല.

(3) ഒരു വ്യാപാരമുദ്ര—

(ക) ഏതെങ്കിലും നിയമത്തിന്റെ, പ്രത്യേകിച്ചും, വ്യാപാരവേളയിൽ ഉപയോഗിച്ചിട്ടുള്ള രജിസ്റ്റർ ചെയ്യപ്പെടാത്ത ഒരു വ്യാപാരമുദ്രയെ സംരക്ഷിക്കുന്ന, തെറ്റിദ്ധരിപ്പിക്കുന്ന നിയമത്തിന്റെ ബലത്തിൽ; അല്ലെങ്കിൽ

(ഖ) പകർപ്പവകാശ നിയമത്തിന്റെ ബലത്തിലോ ;

അതിന്റെ ഭാരതത്തിലെ ഉപയോഗം തടയപ്പെടുന്നതിന് സാദ്ധ്യത ഉള്ളപക്ഷമോ അല്ലെങ്കിൽ അത്രത്തോളമോ,

രജിസ്റ്റർ ചെയ്യുവാൻ പാടുള്ളതല്ല.

(4) ഈ വകുപ്പിലുള്ള യാതൊന്നും നേരത്തേയുള്ള വ്യാപാരമുദ്രയുടേയോ അല്ലെങ്കിൽ നേരത്തെയുള്ള മറ്റ് അവകാശത്തിന്റെയോ ഉടമസ്ഥൻ രജിസ്ട്രേഷന് സമ്മതിക്കുന്നപക്ഷം, ഒരു വ്യാപാരമുദ്രയുടെ രജിസ്ട്രേഷൻ തടയുന്നതല്ലാത്തതും അങ്ങനെയുള്ള സംഗതിയിൽ 12-ാം വകുപ്പുപ്രകാരമുള്ള പ്രത്യേക സാഹചര്യങ്ങൾക്ക് അനുസൃതമായി രജിസ്ട്രാർക്ക് ആ മുദ്ര രജിസ്റ്റർ ചെയ്യാവുന്നതുമാണ്.

<u>വിശദീകരണം.</u>—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി, നേരത്തെയുള്ള വ്യാപാരമുദ്ര എന്നാൽ—

(ക) രജിസ്റ്റർ ചെയ്ത ഒരു വ്യാപാരമുദ്രയും അല്ലെങ്കിൽ ഉചിതമായിട്ടുള്ളിടത്ത്, വ്യാപാര മുദ്രയെ സംബന്ധിച്ച് അവകാശപ്പെട്ടിട്ടുള്ള മുൻഗണനകളും കണക്കിലെടുത്ത് തർക്കത്തിലിരിക്കുന്ന വ്യാപാരമുദ്രയ്ക്കുള്ള അപേക്ഷാ തീയതിക്കും മുൻപേയുള്ള തീയതിയിലുള്ള 154-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള ഒരു കൺവെൻഷൻ അപേക്ഷയും ;

(ഖ) തർക്കത്തിലിരിക്കുന്ന വ്യാപാരമുദ്രയുടെ രജിസ്ട്രേഷന് വേണ്ടിയുള്ള അപേക്ഷാതീയതി യിലോ അല്ലെങ്കിൽ ഉചിതമായിട്ടുള്ളിടത്ത് അപേക്ഷ സംബന്ധിച്ച് മുൻഗണന അവകാശപ്പെടുന്നിടത്തോ, ഒരു പ്രശസ്തമായ വ്യാപാരമുദ്രയെന്ന നിലയിലുള്ള സംരക്ഷണത്തിന് അർഹതയുള്ള ഒരു വ്യാപാര മുദ്രയും,

എന്നർത്ഥമാകുന്നു.

(5) നേരത്തേയുള്ള വ്യാപാരമുദ്രയുടെ ഉടമസ്ഥൻ എതിർ നടപടിയിൽ (2)-ഉം (3)-ഉം ഉപവകുപ്പുകളിൽ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും ഒന്നോ അതിലധികമോ കാരണങ്ങളിൽ ആക്ഷേപം ഉന്നയിച്ചാലല്ലാത്തപക്ഷം, ആ ഉപവകുപ്പുകളിൽ പറഞ്ഞിട്ടുള്ള കാരണങ്ങളിൻമേൽ ഒരു വ്യാപാര മുദ്രയുടെ രജിസ്ട്രേഷൻ നിരസിക്കാൻ പാടുള്ളതല്ല.

(6) ഒരു വ്യാപാരമുദ്ര പ്രശസ്തമായ വ്യാപാരമുദ്രയാണോ എന്ന് തീരുമാനിക്കുമ്പോൾ, രജിസ്ട്രാർ—

(i) ആ വ്യാപാരമുദ്രയ്ക്ക്, ബന്ധപ്പെട്ട പൊതുജന വിഭാഗത്തിലുള്ള അറിവോ അംഗീകാരമോ, ആ വ്യാപാരമുദ്രയുടെ പ്രചാരത്തിന്റെ ഫലമായി ഭാരതത്തിൽ ലഭിച്ച അറിവ് ഉൾപ്പെടെ ;

(ii) ആ വ്യാപാരമുദ്രയുടെ ഏതെങ്കിലും ഉപയോഗത്തിന്റെ കാലയളവും വ്യാപ്തിയും ഭൂപ്രദേശവും ;

(iii) ആ വ്യാപാരമുദ്ര പ്രയോഗിക്കുന്ന ചരക്കുകളോ സേവനങ്ങളോ മേളകളിലോ പ്രദർശനങ്ങളിലോ പരസ്യപ്പെടുത്തുന്നതും അല്ലെങ്കിൽ പ്രചരണവും അവതരണവും ഉൾപ്പെടെ ആ വ്യാപാരമുദ്രയുടെ ഏതെങ്കിലും പ്രചരണത്തിന്റെ കാലയളവും വ്യാപ്തിയും ഭൂപ്രദേശവും ;

(iv) ഈ ആക്റ്റ് പ്രകാരം ആ വ്യാപാരമുദ്രയുടെ ഏതെങ്കിലും രജിസ്ട്രേഷന്റെയോ അല്ലെങ്കിൽ രജിസ്ട്രേഷനുള്ള അപേക്ഷയുടേയോ കാലയളവും ഭൂപ്രദേശവും അവ ആ വ്യാപാരമുദ്ര യുടെ ഉപയോഗത്തേയോ അംഗീകാരത്തേയോ പ്രതിഫലിപ്പിക്കുന്ന അത്രത്തോളം ;

(v) ആ വ്യാപാരമുദ്രയിലുള്ള അവകാശം തൃപ്തികരമായി പ്രാബല്യത്തിൽ കൊണ്ടു വന്നതിന്റെ റിക്കാർഡ്, പ്രത്യേകിച്ചും, ആ റിക്കാർഡ് പ്രകാരം ഏതെങ്കിലും കോടതിയോ രജിസ്ട്രാറോ ആ വ്യാപാരമുദ്രയെ പ്രശസ്തമായ ഒരു വ്യാപാരമുദ്രയായി അംഗീകരിച്ചിട്ടുള്ളത്രയും,

ഉൾപ്പെടെ അദ്ദേഹം പ്രസക്തമെന്ന് കരുതുന്ന ഏതെങ്കിലും വസ്തുതകൾ കണക്കിലെടുക്കേണ്ടതാണ്.

(7) രജിസ്ട്രാർ, (6)-ാം ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി, ഒരു വ്യാപാരമുദ്ര ബന്ധപ്പെട്ട പൊതുജനവിഭാഗം അറിയുന്നതോ അംഗീകരിക്കുന്നതോ ആണോ എന്ന് തീരുമാനിക്കുമ്പോൾ, ആ വ്യാപാരമുദ്ര പ്രയോഗിക്കുന്ന—

(i) ചരക്കുകളുടേയോ അല്ലെങ്കിൽ സേവനങ്ങളുടേയോ യഥാർത്ഥമോ അല്ലെങ്കിൽ ശേഷി യുള്ളതോ ആയ ഉപഭോക്താക്കളുടെ എണ്ണവും ;

(ii) ചരക്കുകളുടേയോ സേവനങ്ങളുടേയോ വിതരണശൃംഖലയിൽ ഉൾപ്പെട്ടിട്ടുള്ള ആളുകളുടെ എണ്ണവും ;

(iii) ചരക്കുകളോ സേവനങ്ങളോ കൈകാര്യം ചെയ്യുന്ന ബിസിനസ്സ് വൃത്തങ്ങളും,

കണക്കിലെടുക്കേണ്ടതാണ്.

(8) ഏതെങ്കിലും കോടതിയോ അല്ലെങ്കിൽ രജിസ്ട്രാറോ ഒരു വ്യാപാരമുദ്ര കുറഞ്ഞപക്ഷം ഭാരതത്തിലെ ബന്ധപ്പെട്ട ഒരു പൊതുജനവിഭാഗത്തിലെങ്കിലും പ്രശസ്തമായതാണെന്ന് തീരുമാനിച്ചി ട്ടുള്ളപക്ഷം, രജിസ്ട്രാർ, ഈ ആക്റ്റ് പ്രകാരം ആ വ്യാപാരമുദ്ര ഒരു പ്രശസ്തമായ വ്യാപാര മുദ്രയായുള്ള രജിസ്ട്രേഷനുവേണ്ടി പരിഗണിക്കേണ്ടതാണ്.

(9) ഒരു വ്യാപാരമുദ്ര പ്രശസ്തമായ ഒരു വ്യാപാരമുദ്രയാണോ എന്ന് തീരുമാനിക്കുന്നതിന് രജിസ്ട്രാർ താഴെപ്പറയുന്നവയിൽ യാതൊന്നും ഒരു ഉപാധിയായി ആവശ്യപ്പെടാൻ പാടുള്ളതല്ല, അതായത്:—

(i) ആ വ്യാപാരമുദ്ര ഭാരതത്തിൽ ഉപയോഗിച്ചിട്ടുണ്ടെന്ന് ;

(ii) ആ വ്യാപാരമുദ്ര രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ;

(iii) വ്യാപാരമുദ്രയുടെ രജിസ്ട്രേഷന് വേണ്ടിയുള്ള അപേക്ഷ ഭാരതത്തിൽ ഫയൽ ചെയ്തിട്ടുണ്ടെന്ന് ;

(iv) ആ വ്യാപാരമുദ്ര ഭാരതത്തിലല്ലാത്ത ഏതെങ്കിലും അധികാരാതിർത്തിയിൽ:—

(ക) പ്രശസ്തമായതാണെന്ന് ; അല്ലെങ്കിൽ

(ഖ) രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ; അല്ലെങ്കിൽ

(ഗ) അതിനെ സംബന്ധിച്ച് രജിസ്ട്രേഷനുവേണ്ടിയുള്ള അപേക്ഷ ഫയൽ ചെയ്തിട്ടുണ്ടെന്ന് ; അല്ലെങ്കിൽ

(v) ആ വ്യാപാരമുദ്ര ഭാരതത്തിലെ പൊതുജനങ്ങളിൽ ബഹുഭൂരിപക്ഷത്തിനിടയിലും പ്രശസ്തമായതാണെന്ന്.

(10) ഒരു വ്യാപാരമുദ്രയുടെ രജിസ്ട്രേഷനുള്ള ഒരു അപേക്ഷയും അത് സംബന്ധിച്ച് ഫയൽ ചെയ്ത ഒരു തടസ്സവും പരിഗണിക്കുമ്പോൾ, രജിസ്ട്രാർ—

(i) സമാനമായതോ സാമ്യമുള്ളതോ ആയ ഒരു വ്യാപാരമുദ്രക്കെതിരെ പ്രശസ്തമായ ഒരു വ്യാപാരമുദ്രയെ സംരക്ഷിക്കേണ്ടതാണ് ;

(ii) ആ വ്യാപാരമുദ്രയുമായി ബന്ധപ്പെട്ട അവകാശത്തെ ബാധിക്കുന്ന അപേക്ഷകനിലോ തടസ്സക്കാരനിലോ ഉള്ള ദുരുദ്ദേശം പരിഗണനയിലെടുക്കേണ്ടതാണ്.

(11) സാരവത്തായ വിവരങ്ങൾ രജിസ്ട്രാറോട് വെളിപ്പെടുത്തിക്കൊണ്ട് ഉത്തമവിശ്വാസപൂർവ്വം ഒരു വ്യാപാരമുദ്ര രജിസ്റ്റർ ചെയ്തിട്ടുള്ളിടത്തോ അല്ലെങ്കിൽ ഈ ആക്റ്റിന്റെ പ്രാരംഭത്തിനുമുൻപ് ഉത്തമ വിശ്വാസപൂർവ്വമായ ഉപയോഗത്താൽ ഒരു വ്യാപാരമുദ്രയിൽ അവകാശം നേടിയിട്ടുള്ളിടത്തോ, ഈ ആക്റ്റിലെ യാതൊന്നുംതന്നെ, അങ്ങനെയുള്ള വ്യാപാരമുദ്രയ്ക്ക് പ്രശസ്തമായ ഒരു വ്യാപാരമുദ്രയോട് സമാനതയോ സാമ്യമോ ഉണ്ടെന്നുള്ള കാരണത്താൽ ആ വ്യാപാരമുദ്രയുടെ രജിസ്ട്രേഷന്റെ സാധുതയേയോ ആ വ്യാപാരമുദ്ര ഉപയോഗിക്കുന്നതിനുള്ള അവകാശത്തേയോ ഹനിക്കുന്നതല്ല.

12. <u>സത്യസന്ധമായ യോജിച്ചുള്ള ഉപയോഗം മുതലായ സംഗതികളിലുള്ള രജിസ്ട്രേഷൻ.</u>—സത്യസന്ധമായ യോജിച്ചുള്ള ഉപയോഗത്തിന്റേയോ അല്ലെങ്കിൽ മറ്റു പ്രത്യേക സാഹചര്യങ്ങളുടേയോ സംഗതിയിൽ, രജിസ്ട്രാറുടെ അഭിപ്രായത്തിൽ, അപ്രകാരം ചെയ്യുന്നത് ഉചിതമെന്ന് തോന്നിയാൽ, ഒരേ പോലുള്ളതോ അല്ലെങ്കിൽ സാമ്യമുള്ളതോ ആയ ചരക്കുകൾക്കോ സേവനങ്ങൾക്കോ, ചുമത്തുന്നത് യുക്തമെന്ന് രജിസ്ട്രാർക്ക് തോന്നുന്ന അങ്ങനെയുള്ള ഉപാധികൾക്കും പരിമിതികൾക്കും ഏതെങ്കിലുമുണ്ടെങ്കിൽ, അതിനു വിധേയമായി, ഒരേപോലുള്ളതോ അല്ലെങ്കിൽ സാമ്യമുള്ളതോ ആയ വ്യാപാരമുദ്രകളുടെ രജിസ്ട്രേഷൻ (അങ്ങനെയുള്ള ഏതെങ്കിലും വ്യാപാരമുദ്ര നേരത്തെതന്നെ രജിസ്റ്റർ ചെയ്തതാണെങ്കിലും അല്ലെങ്കിലും) ഒന്നിലധികം ഉടമസ്ഥർക്ക് അനുവദിച്ചുകൊടുക്കാവുന്നതാണ്.

13. <u>രാസമൂലകങ്ങളുടെ പേരുകളുടേയോ അന്തർദേശീയമായി ഉടമാവകാശമില്ലാത്ത പേരുകളുടേയോ രജിസ്ട്രേഷന്റെ നിരോധനം.</u>— (ക) ഒരു രാസപദാർത്ഥത്തേയോ തയ്യാറിപ്പിനേയോ സംബന്ധിച്ച് ഏതെങ്കിലും ഒരൊറ്റ രാസമൂലകമോ അല്ലെങ്കിൽ ഏതെങ്കിലും ഒരൊറ്റ രാസസംയുക്തമോ (ഒരു മിശ്രിതത്തിൽ നിന്നും തിരിച്ചറിയുന്ന പ്രകാരം) സാധാരണയായി ഉപയോഗിക്കുകയും സ്വീകരിക്കുകയും ചെയ്യുന്ന പേരോ ; അല്ലെങ്കിൽ

(ഖ) ലോകാരോഗ്യ സംഘടന പ്രഖ്യാപിച്ചിട്ടുള്ളതും രജിസ്ട്രാർ, സമയാസമയങ്ങളിൽ, നിർണ്ണയിക്കപ്പെട്ട രീതിയിൽ വിജ്ഞാപനം ചെയ്തിട്ടുള്ളതുമായ അന്തർദേശീയമായി ഉടമാവകാശമില്ലാത്ത

ഒരു പേരോ അല്ലെങ്കിൽ അങ്ങനെയുള്ള പേരിനോട് കബളിപ്പിക്കപ്പെടാവുന്ന സാമ്യമുള്ളതായ പേരോ ; ആയ യാതൊരു വാക്കും ഒരു വ്യാപാരമുദ്രയായി രജിസ്റ്റർ ചെയ്യാൻ പാടുള്ളതല്ലാത്തതും, അങ്ങനെയുള്ള ഏതെങ്കിലും രജിസ്ട്രേഷൻ 57-ാം വകുപ്പിന്റെ ആവശ്യങ്ങൾക്കായി, മതിയായ കാരണ ങ്ങളില്ലാതെ രജിസ്റ്ററിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ഒരു ഉൾക്കുറിപ്പായോ അല്ലെങ്കിൽ സാഹചര്യങ്ങൾ ആവശ്യ പ്പെടുന്നപ്രകാരം, രജിസ്റ്ററിൽ തെറ്റായി അവശേഷിക്കുന്ന ഒരു ഉൾക്കുറിപ്പായോ കരുതപ്പെടേണ്ടതാണ്.

14. ജീവിച്ചിരിക്കുന്ന ആളുകളുടേയോ അടുത്തകാലത്ത് മരിച്ച ആളുകളുടേയോ പേരുകളും സൂചനകളും ഉപയോഗിക്കൽ.—ഒരു വ്യാപാരമുദ്രയുടെ രജിസ്ട്രേഷനുവേണ്ടി നൽകിയ ഒരു അപേക്ഷയിൽ ജീവിച്ചിരിക്കുന്ന ഏതെങ്കിലും ഒരാളുമായി ഒരു ബന്ധമുണ്ടെന്ന് തെറ്റായി ധ്വനിപ്പിക്കുന്നതോ അല്ലെങ്കിൽ വ്യാപാരമുദ്രയുടെ രജിസ്ട്രേഷനുള്ള അപേക്ഷാ തീയതിക്ക് മുൻപുള്ള ഇരുപതു വർഷത്തിനകം ഒരാളിന്റെ മരണം സംഭവിച്ചിട്ടുള്ളിടത്തോ, രജിസ്ട്രാർക്ക്, അദ്ദേഹം അപേക്ഷാ നടപടികളുമായി മുന്നോട്ടു പോകുന്നതിനു മുമ്പ്, അപേക്ഷകനോട് ജീവിച്ചിരിക്കുന്ന ആ ആളിൽ നിന്നോ അല്ലെങ്കിൽ, അതതു സംഗതിപോലെ, മരിച്ചുപോയ ആളിന്റെ നിയമാനുസൃത പ്രതിനിധിയിൽ നിന്നോ ആ വ്യാപാരമുദ്രയിൻ മേൽകാണുന്ന ബന്ധത്തിന് ലിഖിതമായ സമ്മതം നൽകുവാൻ ആവശ്യപ്പെടാവുന്നതും അപേക്ഷകൻ അങ്ങനെയുള്ള സമ്മതം രജിസ്ട്രാർക്ക് നൽകാത്തപക്ഷം, അപേക്ഷാ നടപടിയുമായി മുന്നോട്ടു പോകുവാൻ വിസമ്മതിക്കാവുന്നതുമാണ്.

15. വ്യാപാരമുദ്രകളുടെ ഭാഗങ്ങളുടേയും വ്യാപാരമുദ്രകൾ ഒരു പരമ്പരയായും ഉള്ള രജിസ്ട്രേഷൻ.—(1) ഒരു വ്യാപാരമുദ്രയുടെ ഉടമ പ്രത്യേകമായി അതിന്റെ ഏതെങ്കിലും ഭാഗത്തിന്റെ അനന്യമായ ഉപയോഗത്തിന് അർഹതയുണ്ടെന്ന് അവകാശപ്പെടുന്നിടത്ത്, അത് മുഴുവനായും ഭാഗിക മായും പ്രത്യേക വ്യാപാരമുദ്രകളായി രജിസ്റ്റർ ചെയ്യുന്നതിന് അയാൾക്ക് അപേക്ഷിക്കാവുന്നതാണ്.

(2) അങ്ങനെയുള്ള ഓരോ പ്രത്യേക വ്യാപാരമുദ്രയും ഒരു സ്വതന്ത്ര വ്യാപാരമുദ്രയ്ക്ക് ബാധകമായിട്ടുള്ള എല്ലാ ഉപാധികളും പാലിച്ചിരിക്കേണ്ടതും എല്ലാ അനുബന്ധ സംഗതികളും ഉണ്ടായിരി ക്കേണ്ടതുമാണ്.

(3) ഒരേ ചരക്കുകളോ സേവനങ്ങളോ അല്ലെങ്കിൽ അവയുമായി സാമ്യമുള്ളവയോ അല്ലെങ്കിൽ ചരക്കുകളുടെ വിവരണമോ സേവനങ്ങളുടെ വിവരണമോ സംബന്ധിച്ച അനേകം വ്യാപാരമുദ്രയുടെ ഉടമയെന്ന് അവകാശപ്പെടുന്ന ഒരാൾ, അവയുടെ സാരവത്തായ സവിശേഷതകൾ അന്യോന്യം സദൃശമായിരിക്കുമ്പോൾതന്നേയും—

(ക) ഏത് ചരക്കുകളോ സേവനങ്ങളോ ആണോ യഥാക്രമം ഉപയോഗിച്ചിട്ടുള്ളതോ അല്ലെങ്കിൽ ഉപയോഗിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതോ അവയെ സംബന്ധിച്ചുള്ള പ്രസ്താവന ; അല്ലെങ്കിൽ

(ഖ) നമ്പർ, വില, ഗുണം അല്ലെങ്കിൽ സ്ഥലപ്പേരുകൾ ഇവയുടെ പ്രസ്താവന ; അല്ലെങ്കിൽ

(ഗ) വ്യാപാരമുദ്രയുടെ തിരിച്ചറിയലിനെ സാരവത്തായി ബാധിക്കാത്ത സവിശേഷ സ്വഭാവമില്ലാത്ത മറ്റു സംഗതി ; അല്ലെങ്കിൽ

(ഘ) നിറം,

എന്നിവ സംബന്ധിച്ച് വ്യത്യാസപ്പെട്ടിരിക്കുകയും ആ വ്യാപാരമുദ്രകൾ രജിസ്റ്റർ ചെയ്യുവാൻ ആവശ്യ പ്പെടുകയും ചെയ്യുമ്പോൾ അവ ഒരു രജിസ്ട്രേഷനിൽ ഒരു പരമ്പരയായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

16. കൂട്ടുവ്യാപാരമുദ്രകളായി വ്യാപാരമുദ്രകളുടെ രജിസ്ട്രേഷൻ.—(1) ഏതെങ്കിലും ചരക്കുകളോ അല്ലെങ്കിൽ സേവനങ്ങളോ സംബന്ധിച്ച് രജിസ്റ്റർ ചെയ്തതോ അല്ലെങ്കിൽ രജിസ്ട്രേഷനുള്ള അപേക്ഷ യിലെ വിഷയമായതോ ആയ ഒരു വ്യാപാരമുദ്ര, അതേ ചരക്കുകളോ അല്ലെങ്കിൽ ചരക്കുകളുടെ വിവരണങ്ങളോ അല്ലെങ്കിൽ അതേ സേവനങ്ങളോ അല്ലെങ്കിൽ സേവനങ്ങളുടെ വിവരണങ്ങളോ സംബന്ധിച്ച അതേ ഉടമയുടെ പേരിൽ രജിസ്റ്റർ ചെയ്തതോ, അല്ലെങ്കിൽ രജിസ്ട്രേഷനുള്ള അപേക്ഷ യിലെ വിഷയമായതോ ആയ മറ്റൊരു വ്യാപാരമുദ്രയുമായി സമാനതയുള്ളതോ അല്ലെങ്കിൽ ഉടമയ ല്ലാത്ത മറ്റേതെങ്കിലും ആൾ ഉപയോഗിച്ചാൽ അത് കബളിക്കപ്പെടുന്നതിനോ ചിന്താക്കുഴപ്പം ഉണ്ടാക്കു ന്നതിനോ ഇടയാക്കുന്ന വിധത്തിൽ അടുത്ത സാമ്യമുള്ളപക്ഷം, രജിസ്ട്രാർക്ക്, ഏതുസമയത്തും ആ വ്യാപാരമുദ്രകൾ കൂട്ടുവ്യാപാരമുദ്രകളായി രജിസ്റ്ററിൽ ചേർക്കാൻ ആവശ്യപ്പെടാവുന്നതാണ്.

(2) ആ ചരക്കുകളോട് അല്ലെങ്കിൽ ആ വിവരണത്തോടുകൂടിയ ചരക്കുകളോടും ആ സേവനങ്ങളോടും അല്ലെങ്കിൽ ആ വിവരണങ്ങളോടുകൂടിയ സേവനങ്ങളോടും കൂട്ടുചേർന്നുള്ള ചരക്കുകളേയും സേവനങ്ങളേയും സംബന്ധിച്ച് അതേ ഉടമയുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതോ അല്ലെങ്കിൽ രജിസ്ട്രേഷനുള്ള അപേക്ഷയിലെ വിഷയമായതോ ആയ വ്യാപാരമുദ്രകളുമായി സമാനതയോ അല്ലെങ്കിൽ അടുത്ത സാമ്യമോ ഉള്ളിടത്ത്, അതേ സാധനങ്ങളേയോ അല്ലെങ്കിൽ ചരക്കുകളെയോ വിവരണങ്ങളേയോ അല്ലെങ്കിൽ സേവനങ്ങളേയോ അല്ലെങ്കിൽ സേവനങ്ങളുടെ വിവരണത്തെയോ സംബന്ധിച്ച് അതേ ഉടമയുടെ പേരിൽ രജിസ്റ്റർ ചെയ്തതോ അല്ലെങ്കിൽ രജിസ്ട്രേഷനുള്ള അപേക്ഷയിലെ വിഷയമായതോ ആയ മുദ്രകളുമായി സമാനതയോ അല്ലെങ്കിൽ അടുത്ത സാമ്യമോ ഉള്ളിടത്ത്, (1)-ാം ഉപവകുപ്പ് ബാധകമാകുന്നതുപോലെതന്നെ ബാധകമാകുന്നതാണ്.

(3) ഒരു വ്യാപാരമുദ്രയും അതിന്റെ ഏതെങ്കിലും ഭാഗവും 15-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി ഒരേ ഉടമയുടെ പേരിൽ പ്രത്യേക വ്യാപാരമുദ്രകളായി രജിസ്റ്റർ ചെയ്തിട്ടുള്ളിടത്ത് അവ കൂട്ടുവ്യാപാരമുദ്രകളായി കരുതപ്പെടേണ്ടതും രജിസ്റ്റർ ചെയ്യപ്പെടേണ്ടതുമാണ്.

(4) 15-ാം വകുപ്പ് (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ഒരു രജിസ്ട്രേഷനിൽ ഒരു പരമ്പരയായി രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ വ്യാപാരമുദ്രകളും കൂട്ടുവ്യാപാരമുദ്രകളായി കരുതപ്പെടേണ്ടതും രജിസ്റ്റർ ചെയ്യപ്പെടേണ്ടതുമാണ്.

(5) രണ്ടോ അതിലധികമോ വ്യാപാരമുദ്രകൾ കൂട്ടുവ്യാപാരമുദ്രകളായി രജിസ്റ്റർ ചെയ്തിട്ടുള്ള ഉടമ, നിർണ്ണയിക്കപ്പെട്ട രീതിയിൽ നൽകിയ അപേക്ഷയിൻമേൽ, അത് രജിസ്റ്റർ ചെയ്യപ്പെട്ടത് സംബന്ധിച്ച ഏതെങ്കിലും ചരക്കുകളുമായോ സേവനങ്ങളുമായോ അല്ലെങ്കിൽ രണ്ടുമായോ ബന്ധപ്പെട്ട ആ വ്യാപാരമുദ്ര മറ്റേതെങ്കിലും ആൾ ഉപയോഗിക്കുന്നപക്ഷം കബളിപ്പിക്കപ്പെടുന്നതിനോ ചിന്താക്കുഴപ്പമുണ്ടാക്കുന്നതിനോ സാദ്ധ്യതയില്ലെന്ന് രജിസ്ട്രാർക്ക് ബോദ്ധ്യപ്പെടുന്നപക്ഷം, അദ്ദേഹത്തിന് അവയിലേതെങ്കിലും ഒന്നിനെ സംബന്ധിച്ച് കൂട്ടുചേരൽ വേർപെടുത്താവുന്നതാണ്.

17. ഒരു മുദ്രയുടെ ഭാഗങ്ങളുടെ രജിസ്ട്രേഷന്റെ ഫലം.—(1) ഒരു വ്യാപാരമുദ്രയിൽ പല സംഗതികൾ ഉൾക്കൊണ്ടിരിക്കുമ്പോൾ, അതിന്റെ രജിസ്ട്രേഷൻ വ്യാപാരമുദ്ര മുഴുവനായി എടുത്താൽ എന്നപോലുള്ള ഉപയോഗത്തിന് അനന്യമായ അവകാശം അതിന്റെ ഉടമയ്ക്ക് നൽകുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു വ്യാപാരമുദ്രയിൽ—

(ക) (i) ഒരു വ്യാപാരമുദ്രയായുള്ള രജിസ്ട്രേഷനുള്ള ഉടമയുടെ ഒരു പ്രത്യേക അപേക്ഷയിലെ വിഷയമല്ലാത്തതോ ; അല്ലെങ്കിൽ

(ii) ഒരു വ്യാപാരമുദ്രയായി ഉടമ പ്രത്യേകം രജിസ്റ്റർ ചെയ്യാത്തതോ ആയ ഏതെങ്കിലും ഭാഗം അടങ്ങുകയോ ; അല്ലെങ്കിൽ

(ഖ) വ്യാപാരത്തിന് പൊതുവായതോ അല്ലെങ്കിൽ മറ്റുവിധത്തിൽ ഒരു സവിശേഷമല്ലാത്ത സ്വഭാവത്തോടുകൂടിയതോ ആയ ഏതെങ്കിലും സംഗതി അടങ്ങുകയോ,

ചെയ്യുമ്പോൾ, അതിന്റെ രജിസ്ട്രേഷൻ, അങ്ങനെ രജിസ്റ്റർ ചെയ്ത മുഴുവനായ വ്യാപാരമുദ്രയുടെ ഒരു ഭാഗം മാത്രമായിത്തീരുന്ന സംഗതിയിൽ അനന്യമായ യാതൊരു അവകാശവും നൽകുന്നതല്ല.

## അദ്ധ്യായം III

## രജിസ്ട്രേഷന്റെ നടപടിക്രമവും കാലയളവും

18. രജിസ്ട്രേഷനുള്ള അപേക്ഷ.—(1) ഉപയോഗിച്ചതോ അല്ലെങ്കിൽ താൻ ഉപയോഗിക്കാൻ ഉദ്ദേശിച്ചതോ ആയ വ്യാപാരമുദ്രയുടെ ഉടമയെന്ന് അവകാശപ്പെടുന്നതും അത് രജിസ്റ്റർ ചെയ്യാൻ ആഗ്രഹിക്കുന്നതുമായ ഏതൊരാളും തന്റെ വ്യാപാരമുദ്രയുടെ രജിസ്ട്രേഷന് വേണ്ടി നിർണ്ണയിക്കപ്പെട്ട രീതിയിൽ ലിഖിതമായി രജിസ്ട്രാർക്ക് അപേക്ഷ നൽകേണ്ടതാണ്.

(2) വ്യത്യസ്ത വിഭാഗത്തിലുള്ള ചരക്കുകളുടേയോ സേവനങ്ങളുടേയോ വ്യാപാരമുദ്രയ്ക്കുള്ള രജിസ്ട്രേഷന് ഒരൊറ്റ അപേക്ഷ നൽകാവുന്നതും അതിലേക്ക് നൽകേണ്ടതായ ഫീസ് അങ്ങനെയുള്ള ഓരോ വിഭാഗത്തിലേയും ചരക്കുകളേയോ സേവനങ്ങളേയോ സംബന്ധിച്ചുള്ളതായിരിക്കണം.

(3) (1)-ാം ഉപവകുപ്പു പ്രകാരമുള്ള ഓരോ അപേക്ഷയും, അപേക്ഷകന്റെ, ഭാരതത്തിലെ ബിസിനസ്സിന്റെ പ്രധാന സ്ഥലത്തെ പ്രാദേശികാതിർത്തിക്കുള്ളിലോ അല്ലെങ്കിൽ കൂട്ടപേക്ഷകരുടെ സംഗതിയിൽ ഭാരതത്തിൽ ഒരു ബിസിനസ്സ് സ്ഥലം ഉള്ളതായി അപേക്ഷയിൽ ആദ്യം പേരു പറഞ്ഞിട്ടുള്ള അപേക്ഷകന്റെ ഭാരതത്തിലെ പ്രധാന ബിസിനസ്സ് സ്ഥലത്തോ സ്ഥിതിചെയ്യുന്ന വ്യാപാരമുദ്രകൾ രജിസ്ട്രി ആഫീസിൽ ഫയൽ ചെയ്യേണ്ടതാണ് :

എന്നാൽ, അപേക്ഷകനോ അല്ലെങ്കിൽ കൂട്ടപേക്ഷകരിൽ ആരെങ്കിലുമോ ഭാരതത്തിൽ ബിസിനസ്സ് നടത്തുന്നില്ലായെങ്കിൽ, അപേക്ഷയിൽ വെളിപ്പെടുത്തിയിട്ടുള്ളതുപ്രകാരം, ഭാരതത്തിൽ സർവ്വീസ് നടത്തുന്നതിന് പറഞ്ഞിട്ടുള്ള മേൽവിലാസത്തിലെ പ്രാദേശികാതിർത്തിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന വ്യാപാരമുദ്രകൾ രജിസ്ട്രി ആഫീസിൽ അപേക്ഷ ഫയൽ ചെയ്യേണ്ടതാണ്.

(4) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, രജിസ്ട്രാർക്ക്, അപേക്ഷ നിരസിക്കുകയോ അല്ലെങ്കിൽ അത് പൂർണ്ണമായോ അല്ലെങ്കിൽ അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന പ്രകാരം അങ്ങനെയുള്ള ഭേദഗതികൾക്കോ രൂപഭേദപ്പെടുത്തലുകൾക്കോ, ഉപാധികൾക്കോ അല്ലെങ്കിൽ പരിമിതികൾക്കോ, ഏതെങ്കിലുമുണ്ടെങ്കിൽ, അതിന് വിധേയമായോ സ്വീകരിക്കുകയോ ചെയ്യാവുന്നതാണ്.

(5) ഒരു അപേക്ഷ നിരസിക്കുകയോ അല്ലെങ്കിൽ ഉപാധികളോടെ സ്വീകരിക്കുകയോ ചെയ്യുന്ന സംഗതിയിൽ, രജിസ്ട്രാർ, അങ്ങനെയുള്ള നിരസിക്കലിന്റെയോ അല്ലെങ്കിൽ ഉപാധികളോടെയുള്ള സ്വീകരിക്കലിന്റെയോ കാരണങ്ങളും അദ്ദേഹം തന്റെ തീരുമാനത്തിലെത്തുന്നതിനുവേണ്ടി ഉപയോഗിച്ച വിവരങ്ങളും ലിഖിതമായി രേഖപ്പെടുത്തേണ്ടതാണ്.

19. സ്വീകരിച്ചത് പിൻവലിക്കൽ.— ഒരു വ്യാപാരമുദ്രയുടെ രജിസ്ട്രേഷനുള്ള ഒരു അപേക്ഷ സ്വീകരിച്ചശേഷം, എന്നാൽ, അതിന്റെ രജിസ്ട്രേഷന് മുമ്പ്—

(ക) അപേക്ഷ തെറ്റായി സ്വീകരിച്ചതാണെന്നോ ; അല്ലെങ്കിൽ

(ഖ) ആ സംഗതിയുടെ സാഹചര്യങ്ങളിൽ വ്യാപാരമുദ്ര രജിസ്റ്റർ ചെയ്യരുതാത്തതാണെന്നോ അല്ലെങ്കിൽ ഉപാധികൾക്കോ പരിമിതികൾക്കോ വിധേയമായി രജിസ്റ്റർ ചെയ്യേണ്ടതാണെന്നോ അല്ലെങ്കിൽ അപേക്ഷ സ്വീകരിച്ചത് ഏത് ഉപാധികൾക്കും പരിമിതികൾക്കും വിധേയമായാണോ അതിൽ കൂടുതലായതോ അതിൽനിന്നും വ്യത്യസ്തമായതോ ആയ ഉപാധികൾക്കും പരിമിതികൾക്കും വിധേയമായി അപേക്ഷ രജിസ്റ്റർ ചെയ്യേണ്ടതാണെന്നോ, രജിസ്ട്രാർക്ക് ബോദ്ധ്യപ്പെടുന്നപക്ഷം,

രജിസ്ട്രാർക്ക്, അപേക്ഷകൻ അപ്രകാരം ആഗ്രഹിക്കുന്നപക്ഷം, അയാളെ കേട്ടതിനുശേഷം, അപേക്ഷ സ്വീകരിച്ചത് പിൻവലിക്കാവുന്നതും അത് സ്വീകരിച്ചിട്ടില്ലായിരുന്നുവെന്നപോലെ നടപടികൾ തുടരാവുന്നതുമാണ്.

20. അപേക്ഷയുടെ പരസ്യം.—(1) ഒരു വ്യാപാരമുദ്രയുടെ രജിസ്ട്രേഷനുവേണ്ടിയുള്ള ഒരപേക്ഷ നിരുപാധികമായോ അല്ലെങ്കിൽ ഉപാധികൾക്കും പരിമിതികൾക്കും വിധേയമായി സ്വീകരിച്ചിട്ടുള്ളപ്പോൾ, രജിസ്ട്രാർ, അത് സ്വീകരിച്ചതിനുശേഷം, കഴിയുന്നത്ര വേഗത്തിൽ, അങ്ങനെ സ്വീകരിച്ച അപേക്ഷ, അത് സ്വീകരിച്ചത് ഏത് ഉപാധികൾക്കോ, പരിമിതികൾക്കോ, ഏതെങ്കിലുമുണ്ടെങ്കിൽ, വിധേയമായിട്ടാണോ, അത് സഹിതം നിർണ്ണയിക്കപ്പെട്ട രീതിയിൽ പരസ്യം ചെയ്യിക്കേണ്ടതാണ് :

എന്നാൽ, 9-ാം വകുപ്പ് (1)-ാം ഉപവകുപ്പും 11-ാം വകുപ്പ് (1)-ഉം (2)-ഉം ഉപവകുപ്പുകളും ബാധകമായിട്ടുള്ള ഒരു വ്യാപാരമുദ്രയെ സംബന്ധിച്ച അപേക്ഷയാണെങ്കിലോ അല്ലെങ്കിൽ മറ്റേതെങ്കിലും സംഗതിയിൽ, ഏതെങ്കിലും അസാധാരണ സാഹചര്യങ്ങളാലുള്ള കാരണങ്ങളാൽ അപ്രകാരം ചെയ്യേണ്ടത് ഉചിതമാണെന്ന് രജിസ്ട്രാർക്ക് തോന്നുന്നപക്ഷം, അദ്ദേഹത്തിന് ഒരു അപേക്ഷ സ്വീകരിക്കുന്നതിന് മുൻപുതന്നെ അത് പരസ്യം ചെയ്യിക്കാവുന്നതാണ്.

(2) (ക) ഒരു അപേക്ഷ (1)-ാം ഉപവകുപ്പു പ്രകാരം സ്വീകരിക്കുന്നതിന് മുമ്പുതന്നെ പരസ്യം ചെയ്തിട്ടുള്ളിടത്തോ ; അല്ലെങ്കിൽ

(ഖ) ഒരു അപേക്ഷയുടെ പരസ്യത്തിന് ശേഷം,—

(i) അപേക്ഷയിലുള്ള ഒരു തെറ്റ് തിരുത്തിയിട്ടുള്ളിടത്തോ ; അല്ലെങ്കിൽ

(ii) 22-ാം വകുപ്പു പ്രകാരം അപേക്ഷ ഭേദഗതി ചെയ്യുന്നതിന് അനുവദിച്ചിട്ടുള്ളിടത്തോ,

രജിസ്ട്രാർക്ക്, തന്റെ വിവേചനാധികാരത്തിൽ അപേക്ഷ വീണ്ടും പരസ്യം ചെയ്യിക്കുകയോ അല്ലെങ്കിൽ (ഖ) ഖണ്ഡത്തിൻകീഴിൽ വരുന്ന മറ്റേതെങ്കിലും സംഗതിയിൽ, അപേക്ഷ വീണ്ടും പരസ്യം ചെയ്യിക്കുന്നതിന് പകരം അപേക്ഷയിൽ വരുത്തിയിട്ടുള്ള തിരുത്തലോ ഭേദഗതിയോ നിർണ്ണയിക്കപ്പെടുന്ന രീതിയിൽ വിജ്ഞാപനപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

21. രജിസ്ട്രേഷനുള്ള എതിർപ്പ്.—(1) ഏതൊരാളും, രജിസ്ട്രേഷനുള്ള ഒരു അപേക്ഷയുടെ പരസ്യത്തിന്റെയോ പുനഃപരസ്യത്തിന്റെയോ തീയതി മുതൽ മൂന്ന് മാസത്തിനകമോ അല്ലെങ്കിൽ നിർണ്ണയിക്കപ്പെട്ട രീതിയിലും നിർണ്ണയിക്കപ്പെട്ട ഫീസ് നൽകിയും രജിസ്ട്രാർക്ക് നൽകിയ അപേക്ഷയിൽ അദ്ദേഹം അനുവദിക്കുന്ന മൊത്തം ഒരു മാസത്തിൽ കവിയാത്ത അങ്ങനെയുള്ള കൂടുതൽ കാലയളവിനുള്ളിലോ രജിസ്ട്രേഷന്റെ എതിർപ്പിനുള്ള നോട്ടീസ് ലിഖിതമായി നിർണ്ണയിക്കപ്പെട്ട രീതിയിൽ രജിസ്ട്രാർക്ക് നൽകേണ്ടതാണ്.

(2) രജിസ്ട്രാർ ആ നോട്ടീസിന്റെ ഒരു പകർപ്പ് രജിസ്ട്രേഷനുള്ള അപേക്ഷകന് നൽകേണ്ടതും അങ്ങനെയുള്ള എതിർപ്പ് നോട്ടീസിന്റെ പകർപ്പ് അപേക്ഷകൻ കൈപ്പറ്റി രണ്ടു മാസത്തിനുള്ളിൽ, അപേക്ഷകൻ തന്റെ അപേക്ഷയ്ക്കായി ആശ്രയിക്കുന്ന കാരണങ്ങളുടെ ഒരു എതിർ പ്രസ്താവന നിർണ്ണയിക്കപ്പെടുന്ന രീതിയിൽ രജിസ്ട്രാർക്ക് അയച്ചുകൊടുക്കേണ്ടതും, അയാൾ അപ്രകാരം ചെയ്യാത്തപക്ഷം, അയാൾ തന്റെ അപേക്ഷ ഉപേക്ഷിച്ചതായി കരുതപ്പെടേണ്ടതുമാണ്.

(3) അപേക്ഷകൻ അങ്ങനെയുള്ള എതിർപ്രസ്താവന അയയ്ക്കുന്നപക്ഷം, രജിസ്ട്രാർ അതിന്റെ ഒരു പകർപ്പ് എതിർപ്പ് നോട്ടീസ് നൽകിയ ആൾക്ക് നൽകേണ്ടതാണ്.

(4) എതിർകക്ഷിയും അപേക്ഷകനും ആശ്രയിക്കുന്ന ഏതൊരു തെളിവും നിർണ്ണയിക്കപ്പെട്ട രീതിയിലും നിർണ്ണയിക്കപ്പെട്ട സമയത്തിനുള്ളിലും രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതും, അവർ അപ്രകാരം ആഗ്രഹിക്കുന്നുവെങ്കിൽ അവരെ കേൾക്കുന്നതിനുള്ള ഒരു അവസരം രജിസ്ട്രാർ നൽകേണ്ടതുമാണ്.

(5) രജിസ്ട്രാർ, അപ്രകാരം ആവശ്യമുള്ളപക്ഷം, കക്ഷികളെ കേട്ടതിനുശേഷവും തെളിവ് പരിഗണിച്ചതിനുശേഷവും രജിസ്ട്രേഷൻ അനുവദിക്കേണ്ടതാണോ എന്നതും ഏതെല്ലാം ഉപാധികൾക്കും പരിമിതികൾക്കും, ഏതെങ്കിലും ഉണ്ടെങ്കിൽ, വിധേയമായാണോ അനുവദിക്കേണ്ടത് എന്നതും തീരുമാനിക്കേണ്ടതും ആക്ഷേപത്തിനുള്ള ഒരു കാരണം, എതിർകക്ഷി ആശ്രയിക്കുന്നുണ്ടെങ്കിലും ഇല്ലെങ്കിലും കണക്കിലെടുക്കാവുന്നതുമാണ്.

(6) എതിർപ്പ് നോട്ടീസ് നൽകുന്ന ഒരാളോ അല്ലെങ്കിൽ അങ്ങനെയുള്ള നോട്ടീസിന്റെ പകർപ്പ് കൈപ്പറ്റിയശേഷം എതിർപ്രസ്താവന അയയ്ക്കുന്ന അപേക്ഷകനോ ഭാരതത്തിൽ താമസിക്കുകയോ ബിസിനസ്സ് നടത്തുകയോ ചെയ്യുന്നില്ലാത്തപക്ഷം, രജിസ്ട്രാർക്ക്, തന്റെ മുൻപാകെയുള്ള നടപടികളുടെ ചെലവിലേക്കായി ഈട് നൽകണമെന്ന് അയാളോട് ആവശ്യപ്പെടാവുന്നതും അങ്ങനെയുള്ള ഈട് യഥാവിധി നൽകുന്നതിൽ വീഴ്ച വരുത്തുന്നപക്ഷം, എതിർപ്പോ അല്ലെങ്കിൽ അപേക്ഷയോ, അതതുസംഗതിപോലെ, ഉപേക്ഷിച്ചതായി കരുതാവുന്നതാണ്.

(7) രജിസ്ട്രാർക്ക്, അപേക്ഷയിൻമേൽ, അദ്ദേഹത്തിന് ന്യായമെന്ന് തോന്നുന്ന അങ്ങനെയുള്ള നിബന്ധനകളിൻമേൽ ഒരു എതിർപ്പ് നോട്ടീസിലോ അല്ലെങ്കിൽ ഒരു എതിർ പ്രസ്താവനയിലോ ഏതെങ്കിലും തെറ്റ് തിരുത്തലോ അല്ലെങ്കിൽ ഏതെങ്കിലും ഭേദഗതിയോ അനുവദിക്കാവുന്നതാണ്.

22. തിരുത്തലും ഭേദഗതിയും.—രജിസ്ട്രാർക്ക്, അദ്ദേഹത്തിന് ന്യായമെന്ന് തോന്നുന്ന അങ്ങനെയുള്ള നിബന്ധനകളിൻമേൽ, ഏതുസമയത്തും, 18-ാം വകുപ്പു പ്രകാരമുള്ള രജിസ്ട്രേഷനുള്ള ഒരു അപേക്ഷ സ്വീകരിക്കുന്നതിന് മുൻപോ അല്ലെങ്കിൽ അതിനുശേഷമോ, അപേക്ഷയിലേയോ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ടതോ ആയ ഒരു തെറ്റ് തിരുത്തുന്നതിന് അനുവദിക്കാവുന്നതോ അല്ലെങ്കിൽ അപേക്ഷയിൽ ഒരു ഭേദഗതി വരുത്തുന്നതിന് അനുവദിക്കാവുന്നതോ ആണ്:

എന്നാൽ, 18-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഒരൊറ്റ അപേക്ഷയിൽ, അങ്ങനെയുള്ള അപേക്ഷ രണ്ടോ അതിലധികമോ അപേക്ഷകളാലുള്ള വിഭജനമുൾപ്പെടുന്ന ഒരു ഭേദഗതി വരുത്തുന്നുവെങ്കിൽ, ആദ്യ അപേക്ഷ നൽകിയ തീയതിയിൽ തന്നെ അപ്രകാരം വിഭജിക്കപ്പെട്ട് വിഭജിച്ച അപേക്ഷകളും നൽകിയ തീയതിയായി കരുതപ്പെടേണ്ടതാണ്.

23. രജിസ്ട്രേഷൻ.—(1) 19-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു വ്യാപാരമുദ്രയുടെ രജിസ്ട്രേഷനുള്ള ഒരു അപേക്ഷ സ്വീകരിക്കപ്പെട്ടിരിക്കുകയും—

(ക) ആ അപേക്ഷ എതിർക്കപ്പെടാതിരിക്കുകയും എതിർപ്പ് നോട്ടീസിനുള്ള സമയം കഴിഞ്ഞുപോവുകയും ; അല്ലെങ്കിൽ

(ഖ) അപേക്ഷ എതിർക്കപ്പെട്ടിരിക്കുകയും എതിർപ്പ് അപേക്ഷകന് അനുകൂലമായി തീരുമാനിക്കപ്പെട്ടിരിക്കുകയും ചെയ്യുമ്പോൾ,

രജിസ്ട്രാർ, കേന്ദ്രസർക്കാർ മറ്റുവിധത്തിൽ നിർദ്ദേശിക്കാത്തപക്ഷം, പ്രസ്തുത വ്യാപാരമുദ്ര രജിസ്റ്റർ ചെയ്യേണ്ടതും ആ വ്യാപാരമുദ്ര രജിസ്റ്റർ ചെയ്യുമ്പോൾ പ്രസ്തുത അപേക്ഷ നൽകിയ തീയതി വച്ച് രജിസ്റ്റർ ചെയ്യേണ്ടതും ആ തീയതി 154-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി രജിസ്ട്രേഷൻ തീയതിയായി കരുതപ്പെടേണ്ടതുമാണ്.

(2) ഒരു വ്യാപാരമുദ്രയുടെ രജിസ്ട്രേഷൻമേൽ, രജിസ്ട്രാർ, അതിന്റെ രജിസ്ട്രേഷന്റെ ഒരു സർട്ടിഫിക്കറ്റ് നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ വ്യാപാരമുദ്രകൾ രജിസ്റ്ററിയുടെ മുദ്ര പതിപ്പിച്ച് അപേക്ഷകന് നൽകേണ്ടതാണ്.

(3) അപേക്ഷ നൽകിയ തീയതി മുതൽ പന്ത്രണ്ടുമാസത്തിനകം അപേക്ഷകന്റെ ഭാഗത്തു നിന്നുള്ള വീഴ്ചകാരണം വ്യാപാരമുദ്രയുടെ രജിസ്ട്രേഷൻ പൂർത്തിയാക്കാത്തിടത്ത്, രജിസ്ട്രാർ, നിർണ്ണ യിക്കപ്പെട്ട രീതിയിൽ അപേക്ഷകന് നോട്ടീസ് നൽകിയതിനുശേഷം, ആ നോട്ടീസിൽ അതിലേക്കായി വിനിർദ്ദേശിച്ചിട്ടുള്ള സമയത്തിനുള്ളിൽ അത് പൂർത്തിയാക്കാത്തപക്ഷം, ആ അപേക്ഷ ഉപേക്ഷിച്ചതായി കണക്കാക്കേണ്ടതാണ്.

(4) രജിസ്ട്രാർക്ക്, ഒരു കൈത്തെറ്റോ അല്ലെങ്കിൽ പ്രകടമായ ഒരു തെറ്റോ തിരുത്തുന്നതിലേക്കായി രജിസ്റ്ററോ അല്ലെങ്കിൽ ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റോ ഭേദഗതി ചെയ്യാവുന്നതാണ്.

24. <u>കൂട്ടുടമസ്ഥതയിലുള്ള വ്യാപാരമുദ്രകൾ.</u>—(1) (2)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമൊഴികെ, ഈ വകുപ്പിലെ യാതൊന്നുംതന്നെ ഒരു വ്യാപാരമുദ്ര സ്വതന്ത്രമായി ഉപയോഗിക്കുകയോ അല്ലെങ്കിൽ അപ്രകാരം ഉപയോഗിക്കുന്നതിന് ഉദ്ദേശിക്കുകയോ ചെയ്യുന്ന രണ്ടോ അതിലധികമോ ആളുകളെ അതിന്റെ കൂട്ടുടമകളായുള്ള രജിസ്ട്രേഷന് അധികാരപ്പെടുത്തുന്നതല്ല.

(2) ഒരു വ്യാപാരമുദ്രയിൽ തൽപ്പരരായ രണ്ടോ അതിലധികമോ ആളുകൾ തമ്മിലുള്ള ബന്ധങ്ങൾ അവരിൽ ഒരാളും അവരിൽ യാതൊരാൾക്കും അയാളും മറ്റൊരാളും തമ്മിലോ അല്ലെങ്കിൽ അവരിൽ മറ്റുള്ളവർ തമ്മിലോ—

(ക) രണ്ടാൾക്കോ അല്ലെങ്കിൽ അവരിൽ എല്ലാവർക്കുമോ വേണ്ടിയോ ; അല്ലെങ്കിൽ

(ഖ) വ്യാപാരവേളയിൽ രണ്ടാളുകളോ അല്ലെങ്കിൽ അവരിൽ എല്ലാവരുമായോ ബന്ധപ്പെട്ടിരിക്കുന്ന ഒരു വസ്തുവിനേയോ അല്ലെങ്കിൽ സേവനത്തേയോ സംബന്ധിച്ചതൊഴികെ,

അത് ഉപയോഗിക്കുന്നതിന് അർഹതയില്ലാത്ത വിധത്തിലായിരിക്കുന്നിടത്ത്, ആ ആളുകളെ ആ വ്യാപാര മുദ്രയുടെ കൂട്ടുടമകളായി രജിസ്റ്റർ ചെയ്യാവുന്നതും ആ വ്യാപാരമുദ്ര ഉപയോഗിക്കുന്നതിന് ആളുകളിൽ നിക്ഷിപ്തമായിട്ടുള്ള ഏതെങ്കിലും അവകാശങ്ങളെ സംബന്ധിച്ച് ആ അവകാശങ്ങൾ ഒരൊറ്റയാളിൽ നിക്ഷിപ്തമാക്കിയിട്ടുള്ളതെന്നപോലെ ഈ ആക്റ്റിന് പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

25. <u>രജിസ്ട്രേഷന്റെ കാലയളവും പുതുക്കലും നീക്കം ചെയ്യലും പുനഃസ്ഥാപനവും.</u>—(1) ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നതിനുശേഷം, ഒരു വ്യാപാരമുദ്രയുടെ രജിസ്ട്രേഷൻ പത്തുവർഷക്കാലയളവിലേക്കായിരിക്കുന്നതും, എന്നാൽ ഈ വകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി കാലാകാലങ്ങളിൽ പുതുക്കാവുന്നതുമാണ്.

(2) രജിസ്ട്രാർ, നിർണ്ണയിക്കപ്പെട്ട രീതിയിലും നിർണ്ണയിക്കപ്പെട്ട കാലയളവിനുള്ളിലും നിർണ്ണയിക്കപ്പെട്ട ഫീസ് നൽകുന്നതിന് വിധേയമായും ആദ്യ രജിസ്ട്രേഷന്റേയോ അല്ലെങ്കിൽ, അതതു സംഗതിപോലെ, രജിസ്ട്രേഷന്റെ അവസാന പുതുക്കലിന്റേയോ കാലാവധി അവസാനിച്ച തീയതി മുതൽ (ഈ വകുപ്പിൽ അവസാനത്തെ രജിസ്ട്രേഷന്റെ കാലാവധി അവസാനിച്ചതായി പരാമർശിച്ചിട്ടുള്ളത് ഈ തീയതിയാണ്) പത്തുവർഷക്കാലത്തേക്ക് വ്യാപാരമുദ്രയുടെ രജിസ്ട്രേഷൻ പുതുക്കി നൽകേണ്ടതാണ്.

(3) ഒരു വ്യാപാരമുദ്രയുടെ അവസാന രജിസ്ട്രേഷന്റെ കാലാവധി കഴിയുന്നതിനുമുമ്പ് നിർണ്ണയിക്കപ്പെട്ട സമയത്ത്, രജിസ്ട്രാർ, കാലാവധി തീരുന്ന തീയതിയുടേയും രജിസ്ട്രേഷൻ പുതുക്കി കിട്ടുന്നതിന് നൽകേണ്ടതായ ഫീസും മറ്റ് നിബന്ധനകളും സംബന്ധിച്ച നോട്ടീസ് നിർണ്ണയിക്കപ്പെട്ട രീതിയിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഉടമയ്ക്ക് അയയ്ക്കേണ്ടതും അതിലേക്കായി നിർണ്ണയിക്കപ്പെട്ട സമയം അവസാനിച്ചിട്ടും പ്രസ്തുത നിബന്ധനകൾ യഥാവിധി പാലിക്കപ്പെട്ടിട്ടില്ലാത്തപക്ഷം, രജിസ്ട്രാർക്ക്, ആ വ്യാപാരമുദ്ര രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്:

എന്നാൽ, വ്യാപാരമുദ്രയുടെ അവസാന രജിസ്ട്രേഷന്റെ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനകം നിർണ്ണയിക്കപ്പെട്ട രീതിയിലും നിർണ്ണയിക്കപ്പെട്ട ഫീസും സർചാർജ്ജും നൽകി ഒരു അപേക്ഷ നൽകുന്ന പക്ഷം, രജിസ്ട്രാർ രജിസ്റ്ററിൽ നിന്നും വ്യാപാരമുദ്ര നീക്കംചെയ്യാൻ പാടില്ലാത്തതും വ്യാപാരമുദ്രയുടെ രജിസ്ട്രേഷൻ പത്ത് വർഷക്കാലത്തേക്ക് പുതുക്കിനൽകേണ്ടതുമാണ്.

(4) നിർണ്ണയിക്കപ്പെട്ട ഫീസ് നൽകാത്തതിനാൽ ഒരു വ്യാപാരമുദ്ര രജിസ്റ്ററിൽ നിന്ന് നീക്കം ചെയ്യപ്പെട്ടിട്ടുള്ളിടത്ത്, രജിസ്ട്രാർ, വ്യാപാരമുദ്രയുടെ അവസാന രജിസ്ട്രേഷന്റെ കാലാവധി കഴിഞ്ഞ് ആറ് മാസത്തിന് ശേഷവും, എന്നാൽ, ഒരു വർഷത്തിനകവും നിർണ്ണയിക്കപ്പെട്ട ഫാറത്തിലും നിർണ്ണയിക്കപ്പെട്ട ഫീസ് നൽകിക്കൊണ്ടുമുള്ള ഒരു അപേക്ഷ ലഭിക്കുന്നതിൻമേൽ, അപ്രകാരം ചെയ്യുന്നത് ന്യായമെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം, ആ വ്യാപാരമുദ്ര രജിസ്റ്ററിൽ പുനഃസ്ഥാപിക്കേണ്ടതും ഒന്നുകിൽ പൊതുവായോ അല്ലെങ്കിൽ ചുമത്തുന്നതിന് യുക്തമെന്ന് അദ്ദേഹത്തിന് തോന്നുന്ന അങ്ങനെയുള്ള ഉപാധികൾക്കും പരിമിതികൾക്കും വിധേയമായോ അവസാന രജിസ്ട്രേഷന്റെ കാലാവധി തീരുന്നതു മുതൽ പത്ത് വർഷക്കാലത്തേക്ക് ആ വ്യാപാരമുദ്രയുടെ രജിസ്ട്രേഷൻ പുതുക്കി നൽകേണ്ടതുമാണ്.

26. പുതുക്കുന്നതിനുള്ള ഫീസ് നൽകുന്നതിൽ വീഴ്ചവരുത്തിയതിനാൽ രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യലിന്റെ ഫലം.—ഒരു വ്യാപാരമുദ്ര, പുതുക്കുന്നതിനുള്ള ഫീസ് നൽകുന്നതിൽ വീഴ്ച വരുത്തിയതിനാൽ രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽത്തന്നേയും—

(ക) അതിന്റെ നീക്കം ചെയ്യപ്പെടലിന് തൊട്ടുമുമ്പുള്ള രണ്ട് വർഷക്കാലം നീക്കം ചെയ്യപ്പെട്ട ആ വ്യാപാരമുദ്ര വ്യാപാരത്തിൽ ഉത്തമവിശ്വാസപൂർവം ഉപയോഗിച്ചിട്ടുണ്ടായിരുന്നില്ലെന്നോ ; അല്ലെങ്കിൽ

(ഖ) നീക്കംചെയ്യപ്പെട്ട വ്യാപാരമുദ്രയുടെ ഏതെങ്കിലും ഉപയോഗകാരണത്താൽ രജിസ്ട്രേഷനുള്ള അപേക്ഷയിലെ വിഷയമായിട്ടുള്ള വ്യാപാരമുദ്രയുടെ ഉപയോഗത്തിൽ നിന്ന് യാതൊരു കബളിപ്പിക്കലോ ചിന്താക്കുഴപ്പമോ ഉണ്ടാകാൻ ഇടയില്ലെന്നോ,

ട്രിബ്യൂണലിന് ബോദ്ധ്യപ്പെടാത്തപക്ഷം, നീക്കംചെയ്യൽ തീയതിക്ക് ശേഷം വരുന്ന ഒരു വർഷക്കാലത്ത് മറ്റൊരു വ്യാപാരമുദ്രയുടെ രജിസ്ട്രേഷനുവേണ്ടിയുള്ള ഏതെങ്കിലും അപേക്ഷയുടെ ആവശ്യത്തിലേക്കായി അത് രജിസ്റ്ററിൽ നേരത്തെ തന്നെയുള്ള വ്യാപാരമുദ്രയായി കരുതപ്പെടേണ്ടതാണ്.

## അദ്ധ്യായം IV

## രജിസ്ട്രേഷന്റെ ഫലം

27. രജിസ്റ്റർ ചെയ്യപ്പെടാത്ത വ്യാപാരമുദ്രയുടെ ലംഘനത്തിന് നടപടിയില്ലെന്ന്.—(1) യാതൊരാൾക്കും, രജിസ്റ്റർ ചെയ്യപ്പെടാത്ത ഒരു വ്യാപാരമുദ്രയുടെ ലംഘനം തടയുന്നതിനോ അല്ലെങ്കിൽ നഷ്ടപരിഹാരം വസൂലാക്കുന്നതിനോ ഏതെങ്കിലും നടപടി ആരംഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(2) ഈ ആക്റ്റിലെ യാതൊന്നും, ചരക്കുകളോ സേവനങ്ങളോ മറ്റൊരാളുടെ ചരക്കുകളോ, അല്ലെങ്കിൽ മറ്റൊരാൾ നൽകുന്ന സേവനങ്ങളോ ആണെന്നപോലെ തെറ്റിദ്ധരിപ്പിക്കുന്ന ഏതൊരാൾക്കുമെതിരെയുള്ള നടപടികൾക്കോ അല്ലെങ്കിൽ അതു സംബന്ധിച്ച പരിഹാരങ്ങൾക്കോ ഉള്ള അവകാശങ്ങളെ ബാധിക്കുന്നതായി കരുതപ്പെടാൻ പാടുള്ളതല്ല.

28. രജിസ്ട്രേഷൻ നൽകുന്ന അവകാശങ്ങൾ.—(1) ഈ ആക്റ്റിലെ മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി; ഒരു വ്യാപാരമുദ്രയുടെ രജിസ്ട്രേഷൻ സാധുവാണെങ്കിൽ, രജിസ്റ്റർ ചെയ്യപ്പെട്ട വ്യാപാരമുദ്രയെ സംബന്ധിച്ചുള്ള ചരക്കുകളുമായോ സേവനങ്ങളുമായോ ബന്ധപ്പെട്ട ആ വ്യാപാരമുദ്ര ഉപയോഗിക്കുന്നതിന് ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ ആ വ്യാപാരമുദ്രയുടെ ലംഘനം സംബന്ധിച്ചുള്ള നിവൃത്തി ലഭിക്കുന്നതിന് ഉള്ള അനന്യമായ അവകാശം ആ വ്യാപാരമുദ്രയുടെ രജിസ്റ്റർ ചെയ്യപ്പെട്ട ഉടമയ്ക്ക് നൽകുന്നതാണ്.

(2) ഒരു വ്യാപാരമുദ്ര ഉപയോഗിക്കുന്നതിന് (1)-ാം ഉപവകുപ്പു പ്രകാരം നൽകിയിട്ടുള്ള അനന്യമായ അവകാശം, രജിസ്ട്രേഷൻ ഏതെല്ലാം ഉപാധികൾക്കും പരിമിതികൾക്കും വിധേയമായിട്ടാണോ അവയ്ക്ക് വിധേയമായിട്ടായിരിക്കുന്നതാണ്.

(3) സമാനമായതോ അല്ലെങ്കിൽ പരസ്പരം അടുത്ത സദൃശമുള്ളതോ ആയ വ്യാപാരമുദ്ര കൾക്ക് രണ്ടോ അതിലധികമോ ആളുകൾ രജിസ്റ്റർ ചെയ്യപ്പെട്ട ഉടമകളായിരിക്കുന്നിടത്ത്, വ്യാപാരമുദ്ര കളുടെ രജിസ്ട്രേഷൻ കൊണ്ടുമാത്രം ആ ആളുകളിൽ ഏതെങ്കിലും ഒരാൾക്കെതിരായി ആ ആളുകളിൽ ഏതെങ്കിലും ഒരാൾക്ക് ആ വ്യാപാരമുദ്രകൾ ഉപയോഗിക്കാനുള്ള അനന്യമായ അവകാശം ആർജ്ജിക്കപ്പെട്ടതായി കരുതാൻ പാടില്ലാത്തതും (രജിസ്റ്ററിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ഏതെങ്കിലും ഉപാധികൾക്കും പരിമിതികൾക്കും വിധേയമായിട്ടുള്ള അവരുടെ യഥാക്രമമായ അവകാശങ്ങളോഴി മൊഴികെ) എന്നാൽ, ആ ആളുകളിൽ ഓരോരുത്തർക്കും അയാൾ രജിസ്റ്റർ ചെയ്യപ്പെട്ട ഏക ഉടമ ആയിരുന്നാൽ എന്നതുപോലുള്ള അതേ അവകാശങ്ങൾ അയാൾക്ക് മറ്റുവിധത്തിൽ മറ്റ് ആളുകൾക്ക് (അനുവദിക്കപ്പെട്ട ഉപയോഗം വഴി ഉപയോഗിക്കുന്ന രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താക്കളല്ലാത്തവർക്ക്) എതിരായി ഉണ്ടായിരിക്കുന്നതാണ്.

29. രജിസ്റ്റർ ചെയ്യപ്പെട്ട വ്യാപാരമുദ്രകളുടെ ലംഘനം.—(1) രജിസ്റ്റർ ചെയ്യപ്പെട്ട ഒരു ഉടമയോ അല്ലെങ്കിൽ അനുവദിക്കപ്പെട്ട ഉപയോഗം വഴി ഉപയോഗിക്കുന്ന ഒരാളോ അല്ലാത്ത ഒരാൾ, വ്യാപാര വേളയിൽ രജിസ്റ്റർ ചെയ്യപ്പെട്ട വ്യാപാരമുദ്രയെ സംബന്ധിച്ച ചരക്കുകളോ സേവനങ്ങളോ ആയി ബന്ധപ്പെട്ട ആ വ്യാപാരമുദ്രയോട് സമാനതയോ കബളിപ്പിക്കപ്പെടാവുന്ന സാമ്യമോ ഉള്ള ഒരു മുദ്ര ഉപയോഗിക്കുകയും ആ മുദ്രയുടെ ഉപയോഗം ഒരു വ്യാപാരമുദ്രയായി ഉപയോഗിച്ചുവരുന്നതായി കണക്കാക്കാനുള്ള സാധ്യത നൽകുന്ന അങ്ങനെയുള്ള രീതിയിൽ ഉപയോഗിക്കുകയും ചെയ്യുന്ന ആ ആൾ രജിസ്റ്റർ ചെയ്യപ്പെട്ട ഒരു വ്യാപാരമുദ്ര ലംഘിക്കുന്നു.

(2) രജിസ്റ്റർ ചെയ്യപ്പെട്ട ഒരു ഉടമയോ അല്ലെങ്കിൽ അനുവദിക്കപ്പെട്ട ഉപയോഗം വഴി ഉപയോഗിക്കുന്ന ഒരാളോ അല്ലാത്ത ഒരാൾ വ്യാപാരവേളയിൽ ഉപയോഗിക്കുന്ന ഒരു മുദ്രയ്ക്ക്—

(ക) രജിസ്റ്റർ ചെയ്യപ്പെട്ട വ്യാപാരമുദ്രയുമായി അതിനുള്ള സമാനതയും അങ്ങനെ രജിസ്റ്റർ ചെയ്യപ്പെട്ട വ്യാപാരമുദ്രയിൽ ഉൾപ്പെട്ട ചരക്കുകളുമായോ സേവനങ്ങളുമായോ അതിനുള്ള സാമ്യവും; അല്ലെങ്കിൽ

(ഖ) രജിസ്റ്റർ ചെയ്യപ്പെട്ട വ്യാപാരമുദ്രയുമായി അതിനുള്ള സാമ്യവും അങ്ങനെ രജിസ്റ്റർ ചെയ്യപ്പെട്ട വ്യാപാരമുദ്രയിൽ ഉൾപ്പെട്ട ചരക്കുകളുമായോ സേവനങ്ങളുമായോ അതിനുള്ള സമാനതയോ സാമ്യമോ ; അല്ലെങ്കിൽ

(ഗ) രജിസ്റ്റർ ചെയ്യപ്പെട്ട വ്യാപാരമുദ്രയുമായി അതിനുള്ള സമാനതയും അങ്ങനെ രജിസ്റ്റർ ചെയ്യപ്പെട്ട വ്യാപാരമുദ്രയിൽ ഉൾപ്പെട്ട ചരക്കുകളുമായോ സേവനങ്ങളുമായോ അതിനുള്ള സമാനതയും കാരണം,

പൊതുജനത്തിന് ചിന്താക്കുഴപ്പം ഉണ്ടാക്കുന്നതിനുള്ള സാധ്യതയോ അല്ലെങ്കിൽ രജിസ്റ്റർ ചെയ്യപ്പെട്ട വ്യാപാരമുദ്രയുമായി ബന്ധമുണ്ടാകാനുള്ള സാധ്യതയോ ഉള്ളപക്ഷം ആ ആൾ രജിസ്റ്റർ ചെയ്യപ്പെട്ട ഒരു വ്യാപാരമുദ്ര ലംഘിക്കുന്നു.

(3) (2)-ാം ഉപവകുപ്പ് (ഗ) ഖണ്ഡത്തിൻകീഴിൽ വരുന്ന ഏതൊരു സംഗതിയിലും, അത് പൊതുജനങ്ങളിൽ ചിന്താക്കുഴപ്പം ഉണ്ടാക്കുന്നതിന് സാധ്യതയുള്ളതായി കോടതി കരുതേണ്ടതാണ്.

(4) രജിസ്റ്റർ ചെയ്യപ്പെട്ട ഒരു ഉടമയോ അല്ലെങ്കിൽ അനുവദിക്കപ്പെട്ട ഉപയോഗം വഴി ഉപയോഗിക്കുന്ന ഒരാളോ അല്ലാത്ത ഒരാൾ വ്യാപാര വേളയിൽ ഉപയോഗിക്കുന്ന ഒരു മുദ്ര—

(ക) രജിസ്റ്റർ ചെയ്യപ്പെട്ട വ്യാപാരമുദ്രയോട് സമാനമായതും അല്ലെങ്കിൽ സാമ്യമായതും ആകുകയും;

(ഖ) രജിസ്റ്റർ ചെയ്യപ്പെട്ട വ്യാപാരമുദ്രയുമായി ബന്ധപ്പെട്ട ചരക്കുകളുമായോ സേവനങ്ങളുമായോ സാമ്യമില്ലാത്ത ചരക്കുകളുമായോ സേവനങ്ങളുമായോ ബന്ധപ്പെട്ട് ഉപയോഗിക്കുകയും ;

(ഗ) രജിസ്റ്റർ ചെയ്യപ്പെട്ട വ്യാപാരമുദ്രയ്ക്ക് ഭാരതത്തിൽ പ്രശസ്തി ഉണ്ടായിരിക്കുകയും മതിയായ കാരണംകൂടാതെയുള്ള മുദ്രയുടെ ഉപയോഗംവഴി രജിസ്റ്റർ ചെയ്യപ്പെട്ട വ്യാപാരമുദ്രയുടെ സവിശേഷ സ്വഭാവത്തിനോ അല്ലെങ്കിൽ പ്രശസ്തിക്കോ ന്യായരഹിതമായ നേട്ടം ഉണ്ടാക്കുകയോ കോട്ടം വരുത്തുകയോ ചെയ്യുകയും,

ചെയ്യുമ്പോൾ ആ ആൾ ഒരു രജിസ്റ്റർ ചെയ്യപ്പെട്ട വ്യാപാരമുദ്ര ലംഘിക്കുന്നു.

(5) രജിസ്റ്റർ ചെയ്യപ്പെട്ട വ്യാപാരമുദ്ര ഒരാൾ, തന്റെ വ്യാപാരനാമമായോ വ്യാപാരനാമത്തിന്റെ ഭാഗമായോ അല്ലെങ്കിൽ രജിസ്റ്റർ ചെയ്യപ്പെട്ട വ്യാപാരമുദ്രയുമായി ബന്ധപ്പെട്ട ചരക്കുകളോ സേവനങ്ങളോ കൈകാര്യം ചെയ്യുന്ന തന്റെ ബിസിനസ് സ്ഥാപനത്തിന്റെ പേരായോ അല്ലെങ്കിൽ പേരിന്റെ ഭാഗമായോ അയാൾ ഉപയോഗിക്കുന്നപക്ഷം ആ ആൾ ഒരു രജിസ്റ്റർ ചെയ്യപ്പെട്ട വ്യാപാരമുദ്ര ലംഘിക്കുന്നു.

(6) ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി, പ്രത്യേകിച്ചും, ഒരാൾ—

(ക) ചരക്കുകളിലോ അല്ലെങ്കിൽ അതിന്റെ പാക്കേജിംഗിലോ രജിസ്റ്റർ ചെയ്യപ്പെട്ട ഒരു മുദ്ര പതിക്കുക;

(ഖ) വിൽപ്പനയ്ക്കായി ചരക്കുകൾ വയ്ക്കുക അല്ലെങ്കിൽ തുറന്നുകാട്ടുക, മാർക്കറ്റിൽ അവ വയ്ക്കുക അല്ലെങ്കിൽ രജിസ്റ്റർ ചെയ്യപ്പെട്ട വ്യാപാരമുദ്ര പ്രകാരമുള്ള ആ ആവശ്യങ്ങൾക്കായി അവ സ്റ്റോക്ക് ചെയ്യുക അല്ലെങ്കിൽ രജിസ്റ്റർ ചെയ്യപ്പെട്ട വ്യാപാരമുദ്രപ്രകാരമുള്ള സേവനങ്ങൾ വാഗ്ദാനം ചെയ്യുക അല്ലെങ്കിൽ നൽകുക;

(ഗ) ആ മുദ്രയിൻകീഴിൽ ചരക്കുകൾ ഇറക്കുമതി ചെയ്യുക അല്ലെങ്കിൽ കയറ്റുമതി ചെയ്യുക ;

(ഘ) ബിസിനസ് പേപ്പറുകളിൻമേലോ അല്ലെങ്കിൽ പരസ്യത്തിലോ രജിസ്റ്റർ ചെയ്യപ്പെട്ട ആ വ്യാപാരമുദ്ര ഉപയോഗിക്കുക,

എന്നിവ ചെയ്യുന്നപക്ഷം, ആ ആൾ രജിസ്റ്റർ ചെയ്യപ്പെട്ട ഒരു മുദ്ര ഉപയോഗിക്കുന്നു.

(7) ഒരു ബിസിനസ് പേപ്പർ ആയോ അല്ലെങ്കിൽ ചരക്കുകളോ സേവനങ്ങളോ പരസ്യം ചെയ്യുന്നതിന് വേണ്ടിയോ ചരക്കുകളിൽ ലേബൽ ചെയ്യുന്നതിനോ പാക്കേജ് ചെയ്യുന്നതിനോ ഉപയോഗിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള പദാർത്ഥത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട വ്യാപാരമുദ്ര ഒരാൾ പ്രയോഗിക്കുകയും, എന്നാൽ, ആ ആൾ ആ മുദ്ര പ്രയോഗിക്കുമ്പോൾ ഉടമയോ ഒരു ലൈസൻസിയോ ആ മുദ്രയുടെ പ്രയോഗത്തിന് യഥാവിധി അധികാരപ്പെടുത്തിയിട്ടില്ലായിരുന്നുവെന്ന് അറിഞ്ഞിരിക്കുകയോ അല്ലെങ്കിൽ വിശ്വസിക്കുവാൻ കാരണമുണ്ടായിരിക്കുകയോ ചെയ്യുമ്പോൾ, ആ ആൾ രജിസ്റ്റർ ചെയ്യപ്പെട്ട ഒരു വ്യാപാരമുദ്ര ലംഘിക്കുന്നു.

(8) രജിസ്റ്റർ ചെയ്യപ്പെട്ട ഒരു വ്യാപാരമുദ്രയുടെ ഏതെങ്കിലും പരസ്യപ്പെടുത്തൽ വഴി—

(ക) ന്യായരഹിതമായ നേട്ടം ഉണ്ടാക്കുകയോ വ്യാവസായികമോ വാണിജ്യപരമോ ആയ സംഗതികളിൽ സത്യസന്ധമായ സമ്പ്രദായങ്ങൾക്ക് വിരുദ്ധമായിരിക്കുകയോ; അല്ലെങ്കിൽ

(ഖ) അതിന്റെ സവിശേഷ സ്വഭാവത്തിന് ഹാനികരമായിരിക്കുകയോ; അല്ലെങ്കിൽ

(ഗ) ആ വ്യാപാരമുദ്രയുടെ പ്രശസ്തിക്ക് എതിരാവുകയോ,

ചെയ്യുന്നപക്ഷം, അങ്ങനെയുള്ള പരസ്യപ്പെടുത്തൽ ആ വ്യാപാരമുദ്രയെ ലംഘിക്കുന്നു.

(9) രജിസ്റ്റർ ചെയ്യപ്പെട്ട ഒരു വ്യാപാരമുദ്രയുടെ സവിശേഷ ഘടകങ്ങൾ വാക്കുകൾ അടങ്ങുന്നതോ ഉൾക്കൊള്ളുന്നതോ ആയിരിക്കുന്നിടത്ത്, ആ വാക്കുകളുടെ സംസാരോപയോഗം വഴിയും അതുപോലെതന്നെ അവയുടെ ദൃശ്യപ്രതിപാദനം വഴിയും ആ വ്യാപാരമുദ്രയെ ലംഘിക്കാവുന്നതും ഈ വകുപ്പിൽ ഒരു മുദ്രയുടെ ഉപയോഗത്തിനുള്ള പരാമർശത്തിന് അതിനനുസൃതമായി അർത്ഥം കൽപ്പിക്കേണ്ടതുമാണ്.

30. <u>രജിസ്റ്റർ ചെയ്യപ്പെട്ട വ്യാപാരമുദ്രയുടെ ഫലത്തിൻമേലുള്ള പരിമിതികൾ.</u>—(1) 29-ാം വകുപ്പിലെ യാതൊന്നും, ചരക്കുകളോ സേവനങ്ങളോ അവ ഉടമയുടേതെന്ന് തിരിച്ചറിയുന്നതിനുള്ള ആവശ്യങ്ങൾക്കായി—

(ക) വ്യാവസായികമോ വാണിജ്യപരമോ ആയ സംഗതികളിൽ സത്യസന്ധമായ സമ്പ്രദായങ്ങൾക്ക് അനുസൃതമായും;

(ഖ) ന്യായരഹിതമായ നേട്ടം കൈവരിക്കാത്ത വിധത്തിലുള്ള അല്ലെങ്കിൽ വ്യാപാരമുദ്രയുടെ സവിശേഷസ്വഭാവത്തിനോ പ്രശസ്തിക്കോ ഹാനികരമല്ലാത്ത വിധത്തിലുള്ളതും,

ആയ ഉപയോഗമാണെങ്കിൽ രജിസ്റ്റർ ചെയ്യപ്പെട്ട വ്യാപാരമുദ്ര ഒരാൾ ഉപയോഗിക്കുന്നത് തടയുന്നതായി അർത്ഥം കൽപ്പിക്കാവുന്നതല്ല.

(2) രജിസ്റ്റർ ചെയ്യപ്പെട്ട ഒരു വ്യാപാരമുദ്ര—

(ക) ചരക്കുകളേയോ സേവനങ്ങളേയോ സംബന്ധിച്ച ഉപയോഗം, ഇനം, ഗുണം, അളവ്, ഉദ്ദിഷ്ടാവശ്യം, മൂല്യം, ഭൂമിശാസ്ത്രപരമായ ഉത്ഭവം, ചരക്കുകളുടെ ഉൽപ്പാദനത്തിന്റെയോ സേവനങ്ങൾ ലഭ്യമാക്കുന്നതിന്റെയോ സമയം അല്ലെങ്കിൽ ചരക്കുകളുടെയോ സേവനങ്ങളുടെയോ മറ്റു സവിശേഷതകൾ സൂചിപ്പിക്കുന്നതിനോ;

(ഖ) ഒരു വ്യാപാരമുദ്ര ഏതെങ്കിലും ഉപാധികൾക്കും പരിമിതികൾക്കും വിധേയമായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളിടത്ത് ഏതെങ്കിലും സ്ഥലത്ത് വിൽക്കേണ്ടതോ മറ്റുവിധത്തിൽ വ്യാപാരം ചെയ്യേണ്ടതോ ആയ ചരക്കുകളെ സംബന്ധിച്ച് ഏതെങ്കിലും രീതിയിലുള്ള ആ വ്യാപാരമുദ്രയുടെ ഉപയോഗം ഏതെങ്കിലും മാർക്കറ്റിലേക്ക് കയറ്റുമതി ചെയ്യേണ്ട ചരക്കുകളെ സംബന്ധിച്ചോ അല്ലെങ്കിൽ ഏതെങ്കിലും സ്ഥലത്തോ ഭാരതത്തിന് വെളിയിലുള്ള ഏതെങ്കിലും രാജ്യത്തോ ഉപയോഗിക്കുന്നതിനോ ലഭ്യമാക്കുന്നതിനോ സ്വീകരിക്കുന്നതിനോ ഉള്ള സേവനങ്ങളുമായി ബന്ധപ്പെട്ടോ അല്ലെങ്കിൽ ആ ഉപാധികളോ പരിമിതികളോ പരിഗണിച്ചുകൊണ്ട് രജിസ്ട്രേഷൻ വ്യാപിക്കാത്ത മറ്റേതെങ്കിലും സാഹചര്യങ്ങളിലും;

(ഗ) ഒരു ആളാൽ ഒരു വ്യാപാരമുദ്രയുടെ ഉപയോഗം—

(i) ആ വ്യാപാരമുദ്രയുടെ ഉടമയുമായോ അല്ലെങ്കിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താവുമായോ വ്യാപാരവേളയിൽ ബന്ധപ്പെട്ടുവരുന്ന ചരക്കുകളെ സംബന്ധിച്ച്, ആ ചരക്കുകളിലോ അല്ലെങ്കിൽ ഒരു മുഖ്യഭാഗമാകുന്നിടത്തോ അല്ലെങ്കിൽ അവ അതിന്റെ ഭാഗമാകുന്നിടത്തോ രജിസ്റ്റർ ചെയ്യപ്പെട്ട ഉടമയോ രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താവോ അനുവദിക്കപ്പെട്ട ഉപയോഗത്തിന് അനുസൃതമായി ആ വ്യാപാരമുദ്ര പ്രയോഗിച്ചിട്ടുള്ളപക്ഷവും പിന്നീട് അത് നീക്കം ചെയ്യാതിരിക്കുകയോ മായ്ച്ചുകളയാതിരിക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും സമയത്ത് പ്രത്യക്ഷമായോ പരോക്ഷമായോ ആ വ്യാപാരമുദ്രയുടെ ഉപയോഗത്തിന് സമ്മതം നൽകുന്നിടത്തും; അല്ലെങ്കിൽ

(ii) ഏത് സേവനങ്ങളെ സംബന്ധിച്ചാണോ അങ്ങനെയുള്ള മുദ്രയുടെ ഉടമയോ അല്ലെങ്കിൽ അനുവദിക്കപ്പെട്ട ഉപയോഗത്തിന് അനുസൃതമായി രജിസ്റ്റർ ചെയ്യപ്പെട്ട ഒരു ഉപയോക്താവോ ആ മുദ്ര പ്രയോഗിച്ചിട്ടുള്ളത്, ആ മുദ്രയുടെ ഉപയോഗവും ഫലവും ആ മുദ്രയുടെ ഉടമയോ രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താവോ ആ സേവനങ്ങളുടെ വസ്തുതക്കനുസൃതമായിട്ടാണ് പ്രാവർത്തികമാക്കിയിട്ടുള്ളതെന്ന് സൂചിപ്പിക്കുന്നിടത്തും;

(ഘ) ഈ ആക്റ്റ് പ്രകാരമുള്ള രജിസ്ട്രേഷൻ മുഖേന ലഭിച്ച അവകാശത്തിന്റെ ലംഘനം കൂടാതെ ഉപയോഗിച്ചിട്ടുള്ള വ്യാപാരമുദ്രയുമായി ബന്ധപ്പെട്ട മറ്റു ചരക്കുകളുടെയോ സേവനങ്ങളുടെയോ ഭാഗമോ അനുബന്ധമോ ആയി തീരുന്നതിനനുയോജ്യമാക്കിയിട്ടുള്ള ചരക്കുകളെ സംബന്ധിച്ച് വ്യാപാരമുദ്ര ഒരാൾ ഉപയോഗിക്കുന്നിടത്തോ അല്ലെങ്കിൽ തൽസമയം അപ്രകാരം ഉപയോഗിച്ചിട്ടുണ്ടായിരുന്നിരിക്കാമെന്നിടത്തോ ആ വ്യാപാരമുദ്രയുടെ ഉപയോഗം ആ ചരക്കുകളോ സേവനങ്ങളോ അങ്ങനെ അനുയോജ്യമാക്കിയിട്ടുള്ളതാണെന്ന് സൂചിപ്പിക്കുന്നത് ന്യായമായും ആവശ്യമായിട്ടുള്ള പക്ഷവും ആ വ്യാപാരമുദ്രയുടെ ഉപയോഗത്തിന്റെ ഉദ്ദേശഫലമോ വ്യാപാരവേളയിൽ ഏതെങ്കിലും ആളും ആ ചരക്കുകളോ സേവനങ്ങളോ, അതതുസംഗതിപോലെ, വസ്തുതയ്ക്കനുസൃതമായി മറ്റു വിധത്തിലല്ലാതെ സൂചിപ്പിക്കുന്നതിനല്ലാത്തിടത്തും;

(ങ) ഈ ആക്റ്റ് പ്രകാരമുള്ള രജിസ്ട്രേഷൻ മുഖേന വ്യാപാരമുദ്ര ഉപയോഗിക്കുന്നതിന് ലഭിച്ച അവകാശം വിനിയോഗിച്ച് അന്യോന്യം സമാനമായതോ അല്ലെങ്കിൽ അടുത്ത സാമ്യമുള്ളതോ ആയ ഈ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട രണ്ടോ അതിലധികമോ വ്യാപാരമുദ്രകളിൽ ഒന്നായി രജിസ്റ്റർ ചെയ്യപ്പെട്ട ഒരു വ്യാപാരമുദ്ര ഉപയോഗിക്കുന്നിടത്തും,

ലംഘിക്കപ്പെടുന്നതല്ല.

(3) രജിസ്റ്റർ ചെയ്യപ്പെട്ട ഒരു വ്യാപാരമുദ്രയുള്ള ചരക്കുകൾ ഒരാൾ നിയമാനുസൃതം ആർജ്ജിക്കുന്നിടത്ത്, ആ ആളോ അല്ലെങ്കിൽ അയാളിൻ കീഴിലോ അയാൾമുഖേനയോ അവകാശപ്പെടുന്ന ഒരാളോ ആ ചരക്കുകൾ മാർക്കറ്റിൽ വിൽക്കുകയോ അല്ലെങ്കിൽ മറ്റു വിധത്തിൽ ആ ചരക്കുകൾ കൈകാര്യം ചെയ്യുകയോ ചെയ്യുന്നത്—

(ക) രജിസ്റ്റർ ചെയ്യപ്പെട്ട ഉടമ ആ ചരക്കുകൾ ആർജ്ജിച്ചതിനുശേഷം മറ്റേതെങ്കിലും ആൾക്ക് രജിസ്റ്റർ ചെയ്യപ്പെട്ട വ്യാപാരമുദ്ര തീറ് നൽകിയിട്ടുണ്ടായിരിക്കുക; അല്ലെങ്കിൽ

(ഖ) രജിസ്റ്റർ ചെയ്യപ്പെട്ട വ്യാപാരമുദ്രയിൻകീഴിൽ ഉടമയോ അല്ലെങ്കിൽ അയാളുടെ സമ്മതത്തോടെയോ ആ ചരക്കുകൾ മാർക്കറ്റിൽ വച്ചിട്ടുണ്ടായിരിക്കുക,

എന്ന കാരണത്താൽ മാത്രം ഒരു വ്യാപാരത്തിന്റെ ലംഘനം ആകുന്നില്ല.

(4) ചരക്കുകളിൻമേൽ തുടർന്നുള്ള ഇടപാടുകൾ നടത്തുന്നത് എതിർക്കുന്നതിന് ഉടമയ്ക്ക് നിയമാനുസൃതമായ കാരണങ്ങൾ നിലവിലുള്ളിടത്ത്, പ്രത്യേകിച്ച്, മാർക്കറ്റിൽ വച്ചതിനുശേഷം ചരക്കുകളുടെ അവസ്ഥയ്ക്ക് മാറ്റം വരുകയോ കേടുവരുകയോ ചെയ്യുന്നിടത്ത് (3)-ാം ഉപവകുപ്പ് ബാധകമാകുന്നതല്ല.

31. രജിസ്ട്രേഷൻ സാധുതയുടെ പ്രഥമദൃഷ്ട്യാലുള്ള തെളിവാണെന്ന്.—(1) ഈ ആക്റ്റ്പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ഒരു വ്യാപാരമുദ്രയെ സംബന്ധിച്ചുള്ള എല്ലാ നിയമനടപടികളിലും (57-ാം വകുപ്പു പ്രകാരമുള്ള അപേക്ഷകൾ ഉൾപ്പെടെ) വ്യാപാരമുദ്രയുടെ അസ്സൽ രജിസ്ട്രേഷനും ആ വ്യാപാരമുദ്രയുടെ പിന്നീടുള്ള എല്ലാ തീറുകളും കൈമാറ്റങ്ങളും അതിന്റെ സാധുതയുടെ പ്രഥമദൃഷ്ട്യാലുള്ള തെളിവാകുന്നു.

(2) മേൽപ്പറഞ്ഞ പ്രകാരമുള്ള എല്ലാ നിയമനടപടികളിലും, സവിശേഷതയുടെ തെളിവിൻമേലും അങ്ങനെയുള്ള തെളിവ് രജിസ്ട്രേഷനുമുമ്പ് രജിസ്ട്രാർക്ക് സമർപ്പിച്ചിട്ടില്ലായിരുന്നതിൻമേലും ഒഴികെ, രജിസ്റ്റർ ചെയ്യപ്പെട്ട ഉടമയോ അല്ലെങ്കിൽ പൂർവ്വാവകാശിയോ ആ വ്യാപാരമുദ്ര രജിസ്ട്രേഷന്റെ തീയതിയിൽ സവിശേഷമായി തീർന്നുവെന്നപോലെ ഉപയോഗിച്ചിട്ടുണ്ടായിരുന്നുവെന്ന് തെളിയിക്കുന്ന പക്ഷം, 9-ാം വകുപ്പു പ്രകാരം രജിസ്റ്റർ ചെയ്യാവുന്ന ഒരു വ്യാപാരമുദ്രയല്ലായിരുന്നുവെന്ന കാരണത്താൽ രജിസ്റ്റർ ചെയ്യപ്പെട്ട ഒരു വ്യാപാരമുദ്ര അസാധുവായി കരുതാൻ പാടുള്ളതല്ല.

32. ചില സംഗതികളിൽ സവിശേഷതയുടെ കാരണത്താൽ രജിസ്ട്രേഷന് സംരക്ഷണം.—9-ാം വകുപ്പ് (1)-ാം ഉപവകുപ്പ് ലംഘിച്ചുകൊണ്ട് ഒരു വ്യാപാരമുദ്ര രജിസ്റ്റർ ചെയ്തിട്ടുള്ളിടത്ത്, അതുമൂലം ഉണ്ടായിട്ടുള്ള ഉപയോഗത്തിന്റെ ഫലമായി അതിന്റെ രജിസ്ട്രേഷന് ശേഷവും അങ്ങനെയുള്ള രജിസ്ട്രേഷന്റെ സാധുത ചോദ്യം ചെയ്തുകൊണ്ടുള്ള ഏതെങ്കിലും നിയമനടപടികളുടെ ആരംഭത്തിന് മുമ്പും ഏത് ചരക്കുകൾക്കോ സേവനങ്ങൾക്കോ വേണ്ടിയാണോ അത് രജിസ്റ്റർ ചെയ്തിട്ടുള്ളത് അവയുമായി ബന്ധപ്പെട്ട് ഒരു സവിശേഷ സ്വഭാവം ആർജ്ജിച്ചിട്ടുള്ളപക്ഷം, അത് അസാധുവായി പ്രഖ്യാപിക്കാൻ പാടുള്ളതല്ല.

33. മൗനാനുവാദത്തിന്റെ ഫലം.—(1) രജിസ്റ്റർ ചെയ്യപ്പെട്ട ഒരു വ്യാപാരമുദ്ര തുടർച്ചയായി അഞ്ചു വർഷക്കാലത്തേക്ക് ഉപയോഗിക്കുന്നതിൽ, ആ ഉപയോഗത്തെപ്പറ്റി അറിഞ്ഞിരുന്നുകൊണ്ട്, നേരത്തെയുള്ള ഒരു വ്യാപാരമുദ്രയുടെ ഉടമ മൗനാനുവാദം നൽകിയിട്ടുള്ളപക്ഷം, നേരത്തെയുള്ള ആ വ്യാപാരമുദ്രയുടെ അടിസ്ഥാനത്തിൽ പിന്നീടുള്ള വ്യാപാരമുദ്രയുടെ രജിസ്ട്രേഷന് പ്രയോഗിച്ചിട്ടുള്ളത് ഉത്തമവിശ്വാസപൂർവമല്ലാത്തപക്ഷം—

(ക) പിന്നീടുള്ള വ്യാപാരമുദ്രയുടെ രജിസ്ട്രേഷൻ അസാധുവാണെന്നുള്ള ഒരു പ്രഖ്യാപനത്തിന് അപേക്ഷിക്കുവാനോ; അല്ലെങ്കിൽ

(ഖ) ഏത് ചരക്കുകളേയോ സേവനങ്ങളേയോ സംബന്ധിച്ചാണോ പിന്നീടുള്ള വ്യാപാരമുദ്ര ഉപയോഗിച്ചിട്ടുള്ളത് അതിന്റെ അങ്ങനെയുള്ള ഉപയോഗത്തെ എതിർക്കുന്നതിനോ,

അയാൾക്ക് പിന്നീടൊരിക്കലും അർഹതയുണ്ടായിരിക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പ് ബാധകമാകുന്നിടത്ത്, പിന്നീടുള്ള വ്യാപാരമുദ്രയുടെ ഉടമയ്ക്ക് നേരത്തെയുള്ള വ്യാപാരമുദ്രയുടെ ഉപയോഗത്തേയോ, അല്ലെങ്കിൽ അതതുസംഗതിപോലെ, നേരത്തെയുള്ള അവകാശത്തിന്റെ ചൂഷണത്തെയോ അയാളുടെ പിന്നീടുള്ള വ്യാപാരമുദ്രയ്ക്കെതിരെ നേരത്തെയുള്ള വ്യാപാരമുദ്ര മേലാൽ പ്രയോഗിക്കാതിരുന്നാൽതന്നേയും, എതിർക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല.

34. നിക്ഷിപ്താവകാശങ്ങൾക്ക് വേണ്ടിയുള്ള ഒഴിവാക്കൽ.—ഈ ആക്റ്റിലെ യാതൊന്നുംതന്നെ, ഏതു ചരക്കുകളുമായോ സേവനങ്ങളുമായോ ബന്ധപ്പെട്ടാണോ ഒരു വ്യാപാരമുദ്ര ഏതെങ്കിലും ഒരാളോ അയാളുടെ പൂർവ്വാവകാശിയോ തുടർച്ചയായി ഉപയോഗിച്ചിട്ടുള്ളത്, അതുമായി സമാനതയുള്ളതോ അല്ലെങ്കിൽ അങ്ങനെ സാമ്യമുള്ളതോ ആയ ചരക്കുകളേയോ സേവനങ്ങളേയോ സംബന്ധിച്ച ഒരു വ്യാപാരമുദ്ര ആ ആൾ ഉപയോഗിക്കുന്നതിൽ കൈകടത്തുന്നതിനോ തടസ്സപ്പെടുത്തുന്നതിനോ—

(ക) ഉടമയോ അയാളുടെ പൂർവ്വാവകാശിയോ ആ ചരക്കുകളേയോ സേവനങ്ങളേയോ സംബന്ധിച്ച് ആദ്യം പറഞ്ഞിട്ടുള്ള വ്യാപാരമുദ്രയുടെ ഉപയോഗത്തിന്റേയോ; അല്ലെങ്കിൽ

(ഖ) ഉടമയുടേയോ അയാളുടെ പൂർവ്വാവകാശിയുടേയോ പേരിലുള്ള ആ ചരക്കുകളേയോ സേവനങ്ങളേയോ സംബന്ധിച്ച് ആദ്യം പറഞ്ഞ വ്യാപാരമുദ്രയുടെ രജിസ്ട്രേഷന്റെ തീയതിക്കോ;

ഇതിൽ ഏതാണോ ആദ്യം, ആ തീയതിക്കുമുമ്പ് രജിസ്റ്റർ ചെയ്യപ്പെട്ട വ്യാപാരമുദ്രയുടെ ഉടമയേയോ രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താവിനേയോ അർഹനാക്കുന്നതല്ലാത്തതും, രജിസ്ട്രാർ ആദ്യം പറഞ്ഞിട്ടുള്ള വ്യാപാരമുദ്രയുടെ രജിസ്ട്രേഷന്റെ കാരണത്താൽ മാത്രം രണ്ടാമത് പറഞ്ഞിട്ടുള്ള വ്യാപാരമുദ്ര രജിസ്റ്റർ ചെയ്യുന്നത് (അങ്ങനെയുള്ള ഉപയോഗം തെളിയിക്കപ്പെടുന്നതിൻമേൽ) നിരസിക്കാൻ പാടുള്ളതല്ല.

35. ചരക്കുകളുടേയോ സേവനങ്ങളുടേയോ പേരോ വിലാസമോ വിവരണമോ ഉപയോഗിക്കുന്നതിന് വേണ്ടിയുള്ള ഒഴിവാക്കൽ.—ഈ ആക്റ്റിലെ യാതൊന്നുംതന്നെ, ഒരാൾ തന്റെ സ്വന്തം പേരോ തന്റെ ബിസിനസ് സ്ഥലത്തിന്റെ പേരോ അല്ലെങ്കിൽ ബിസിനസിൽ തന്റെ ഏതെങ്കിലും പൂർവ്വാവകാശിയുടെ പേരോ ബിസിനസ് സ്ഥലത്തിന്റെ പേരോ ഉത്തമവിശ്വാസപൂർവമുള്ള ഏതെങ്കിലും ഉപയോഗത്തിലോ അല്ലെങ്കിൽ ഏതെങ്കിലും ആൾ തന്റെ ചരക്കുകളുടേയോ സേവനങ്ങളുടേയോ സ്വഭാവത്തിന്റേയോ ഗുണത്തിന്റേയോ ഉത്തമവിശ്വാസപൂർവമായ ഏതെങ്കിലും വിവരണത്തിന്റെ ഉപയോഗത്തിലോ കൈകടത്തുന്നതിന് രജിസ്റ്റർ ചെയ്യപ്പെട്ട വ്യാപാരമുദ്രയുടെ ഉടമയേയോ രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താവിനേയോ അർഹനാക്കുന്നതല്ല.

36. ഒരു വസ്തുവിന്റെയോ പദാർത്ഥത്തിന്റെയോ സേവനത്തിന്റെയോ പേരായോ വിവരണമായോ ഉപയോഗിച്ചിട്ടുള്ള വാക്കുകൾക്ക് വേണ്ടിയുള്ള ഒഴിവാക്കൽ.—(1) രജിസ്ട്രേഷന്റെ തീയതിക്കുശേഷം, വ്യാപാരമുദ്രയിൽ അടങ്ങുന്ന ഏതെങ്കിലും വാക്കിന്റേയോ വാക്കുകളുടേയോ അല്ലെങ്കിൽ ഒരു വസ്തുവിന്റെയോ പദാർത്ഥത്തിന്റെയോ സേവനത്തിന്റെയോ പേരായോ വിവരണമായോ അതിൽ ഉൾക്കൊള്ളുന്ന ഏതെങ്കിലും വാക്കിന്റേയോ വാക്കുകളുടേയോ ഏതെങ്കിലും ഉപയോഗത്തിന്റെ കാരണംകൊണ്ടുമാത്രം ഒരു വ്യാപാരമുദ്രയുടെ രജിസ്ട്രേഷൻ അസാധുവായി തീർന്നതായി കരുതപ്പെടാൻ പാടുള്ളതല്ല:

എന്നാൽ,—

(ക) വ്യാപാരമുദ്രയുടെ ഉടമയുമായോ രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താവുമായോ വ്യാപാരവേളയിൽ ബന്ധപ്പെട്ട ചരക്കുകളേയോ സേവനങ്ങളേയോ സംബന്ധിച്ചോ അല്ലെങ്കിൽ ഉടമ സാക്ഷ്യപ്പെടുത്തിയ ചരക്കുകളേയോ സേവനങ്ങളേയോ സംബന്ധിച്ച് (സർട്ടിഫിക്കേഷൻ വ്യാപാരമുദ്രയുടെ സംഗതിയിൽ) ഉപയോഗത്തിലല്ലാത്ത പ്രസ്തുത വാക്കിന് ഒരാളോ ആളുകളോ വ്യാപാരം നടത്തുന്ന വസ്തുവിന്റെയോ പദാർത്ഥത്തിന്റെയോ സേവനത്തിന്റെയോ പേരായോ വിവരണമായോ പ്രശസ്തമായതും ചിരപ്രതിഷ്ഠിതമായതുമായ ഉപയോഗം ഉണ്ടായിരിക്കുകയോ; അല്ലെങ്കിൽ

(ഖ) ആ ചരക്കോ പദാർത്ഥമോ നേരത്തെ ഒരു പേറ്റന്റിൻകീഴിൽ ഉല്പാദിപ്പിച്ചിരിക്കുകയും ആ പേറ്റന്റിന്റെ കാലാവധിക്ക് ശേഷം രണ്ടുവർഷമോ അതിലധികമോ കാലം കഴിഞ്ഞിരിക്കുകയും ആ വാക്ക് മാത്രമാണ് ആ വസ്തുവിന്റെയോ പദാർത്ഥത്തിന്റെയോ പ്രായോഗികമായ പേരോ വിവരണമോ ആണെന്നോ,

തെളിയിക്കുന്നപക്ഷം, (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ബാധകമാകുന്നതാണ്.

(2) (1)-ാം ഉപവകുപ്പിലെ (ക) ഖണ്ഡത്തിലോ (ഖ) ഖണ്ഡത്തിലോ പറഞ്ഞിട്ടുള്ള വസ്തുതകൾ ഏതെങ്കിലും വാക്കുകളെ സംബന്ധിച്ച് തെളിയിക്കപ്പെട്ടിട്ടുള്ളപക്ഷം,—

(ക) 57-ാം വകുപ്പിൻകീഴിലുള്ള ഏതെങ്കിലും നടപടികളുടെ ആവശ്യത്തിലേക്കായി, വ്യാപാരമുദ്രയിൽ അങ്ങനെയുള്ള വാക്കുകൾ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളതെങ്കിൽ, തർക്കത്തിലുള്ള വസ്തുവിനെയോ പദാർത്ഥത്തേയോ അല്ലെങ്കിൽ ഒരേ വിവരണത്തിലുള്ള ഏതെങ്കിലും ചരക്കുകളേയോ അല്ലെങ്കിൽ സേവനങ്ങളേയോ അല്ലെങ്കിൽ ഒരേ വിവരണത്തിലുള്ള ഏതെങ്കിലും സേവനങ്ങളേയോ സംബന്ധിച്ച് രജിസ്ട്രേഷനെ സംബന്ധിച്ചിടത്തോളം, വ്യാപാരമുദ്രയുടെ രജിസ്ട്രേഷൻ, സംഗതി ആവശ്യപ്പെടുന്നതുപോലെ, രജിസ്റ്ററിൽ തെറ്റായി നിലനിൽക്കുന്ന ഒരു ഉൾക്കുറിപ്പ് ആയി കരുതപ്പെടേണ്ടതാണ്;

(ഖ) ആ വ്യാപാരമുദ്രയെ സംബന്ധിച്ച് മറ്റേതെങ്കിലും നിയമനടപടികളുടെ ആവശ്യത്തിലേക്കായി വസ്തുവിനേയോ പദാർത്ഥത്തേയോ അല്ലെങ്കിൽ ഒരേ വിവരണത്തിലുള്ള ഏതെങ്കിലും ചരക്കുകളേയോ അല്ലെങ്കിൽ സേവനത്തേയോ അല്ലെങ്കിൽ ഒരേ വിവരണത്തിലുള്ള ഏതെങ്കിലും സേവനങ്ങളുടെയോ സംഗതി ആവശ്യപ്പെടുന്നതുപോലെ,—

(i) ആ വ്യാപാരമുദ്രയിൽ അങ്ങനെയുള്ള വാക്കുകൾ മാത്രം അടങ്ങുന്നപക്ഷം, ഈ ആക്റ്റിനോ അല്ലെങ്കിൽ മറ്റേതെങ്കിലും നിയമത്തിനോ കീഴിൽ ആ വ്യാപാരമുദ്ര ഉപയോഗിക്കുന്നതിന് ഉടമയ്ക്കുള്ള എല്ലാ അവകാശങ്ങളും; അല്ലെങ്കിൽ

(ii) ആ വ്യാപാരമുദ്രയിൽ അങ്ങനെയുള്ള വാക്കുകളും മറ്റു സംഗതിയും ഉൾക്കൊള്ളുന്നപക്ഷം, അങ്ങനെയുള്ള വാക്കുകൾ ഉപയോഗിക്കുന്നതിന് ഉടമയ്ക്കുള്ള എല്ലാ അവകാശങ്ങളും;

(1)-ാം ഉപവകുപ്പിലെ പരിമിതി വ്യവസ്ഥയിലെ (ക) ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള ഉപയോഗം ആദ്യമായി പ്രശസ്തമാവുകയോ ചിരപ്രതിഷ്ഠിതമാവുകയോ ചെയ്ത തീയതിയിലോ അല്ലെങ്കിൽ പ്രസ്തുത പരിമിതി വ്യവസ്ഥയിലെ (ഖ) ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള രണ്ടുവർഷക്കാലാവധി തീരുന്ന തീയതിയിലോ അവസാനിച്ചതായി കരുതപ്പെടേണ്ടതാണ്.

അദ്ധ്യായം V

## തീറും കൈമാറ്റവും

37. തീറു നൽകുന്നതിനും രസീതു നൽകുന്നതിനും രജിസ്റ്റർ ചെയ്യപ്പെട്ട ഉടമയ്ക്കുള്ള അധികാരം.—ഒരു വ്യാപാരമുദ്രയുടെ ഉടമയായി തത്സമയം രജിസ്റ്ററിൽ ചേർക്കപ്പെട്ട ഒരാൾക്ക് ഈ ആക്റ്റിലെ വ്യവസ്ഥകൾക്കും മറ്റേതെങ്കിലും ആളിൽ നിക്ഷിപ്തമാക്കിയിട്ടുള്ളതായി രജിസ്റ്ററിൽ കാണുന്ന മറ്റേതെങ്കിലും അവകാശങ്ങൾക്കും വിധേയമായി വ്യാപാരമുദ്ര തീറു നൽകുന്നതിനും അങ്ങനെയുള്ള തീറിന്റെ ഏതെങ്കിലും പ്രതിഫലത്തിന് ഫലപ്രദമായ രസീതുകൾ നൽകുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്.

38. രജിസ്റ്റർ ചെയ്യപ്പെട്ട വ്യാപാരമുദ്രകൾ തീറുനൽകലും കൈമാറ്റം ചെയ്യലും.—മറ്റേതെങ്കിലും നിയമത്തിൽ വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾക്കു വിധേയമായി രജിസ്റ്റർ ചെയ്യപ്പെട്ട ഒരു വ്യാപാരമുദ്ര, ബന്ധപ്പെട്ട ബിസിനസിന്റെ ഗുഡ്‌വില്ലോടുകൂടിയും അല്ലെങ്കിൽ കൂടാതെയും രജിസ്റ്റർ ചെയ്യപ്പെട്ട വ്യാപാരമുദ്രയുമായി ബന്ധപ്പെട്ട എല്ലാ ചരക്കുകളേയോ സേവനങ്ങളേയോ അല്ലെങ്കിൽ അവയിൽ കുറച്ചുമാത്രം ചരക്കുകളേയോ സേവനങ്ങളേയോ സംബന്ധിച്ച് തീറുനൽകാവുന്നതും കൈമാറ്റം ചെയ്യാവുന്നതുമാണ്.

39. രജിസ്റ്റർ ചെയ്യാത്ത വ്യാപാരമുദ്രകൾ തീറുനൽകലും കൈമാറ്റം ചെയ്യലും.—രജിസ്റ്റർ ചെയ്യാത്ത ഒരു വ്യാപാരമുദ്ര, ബന്ധപ്പെട്ട ബിസിനസിന്റെ ഗുഡ്‌വില്ലോടുകൂടിയോ അല്ലാതെയോ തീറുനൽകാവുന്നതോ അല്ലെങ്കിൽ കൈമാറ്റം ചെയ്യാവുന്നതോ ആണ്.

40. അനേക അനന്യാവകാശങ്ങൾ സൃഷ്ടിക്കപ്പെടുന്നിടത്ത് തീറിനോ കൈമാറ്റത്തിനോ ഉള്ള നിയന്ത്രണം.—(1) 38-ഉം 39-ഉം വകുപ്പുകളിൽ എന്തുതന്നെ ആയിരുന്നാലും, ഈ ആക്റ്റിനോ അല്ലെങ്കിൽ മറ്റേതെങ്കിലും നിയമത്തിനോ കീഴിൽ തീറിന്റേയോ കൈമാറ്റത്തിന്റേയോ ഫലമായി നിലവിലുള്ള സാഹചര്യങ്ങളിൽ,—

(ക) ഒരേ ചരക്കുകളോ സേവനങ്ങളോ;

(ഖ) ചരക്കുകളുടേയോ സേവനങ്ങളുടേയോ ഒരേ വിവരണം;

(ഗ) പരസ്പരം ബന്ധപ്പെട്ട ചരക്കുകളോ സേവനങ്ങളോ അല്ലെങ്കിൽ ചരക്കുകളുടെയോ സേവനങ്ങളുടെയോ വിവരണം,

എന്നിവ സംബന്ധിച്ച് പരസ്പരം അടുത്ത് സാദൃശ്യമുള്ള വ്യാപാരമുദ്രകളോ സമാനമായ വ്യാപാരമുദ്രയോ ഉപയോഗിക്കുന്നതിന് ബന്ധപ്പെട്ട ഒന്നിലധികം ആളുകൾക്കുള്ള അനന്യമായ അവകാശം, ആ ചരക്കുകളുടേയോ സേവനങ്ങളുടേയോ സാമ്യതയും ആ വ്യാപാരമുദ്രകളുടെ സാമ്യതയും കണക്കിലെടുക്കുമ്പോൾ ആ അവകാശങ്ങൾ വിനിയോഗിച്ചുകൊണ്ടുള്ള വ്യാപാരമുദ്രകളുടെ ഉപയോഗം കബളിപ്പിക്കുന്നതിനോ ചിന്താക്കുഴപ്പം ഉണ്ടാക്കുന്നതിനോ സാധ്യതയുള്ളതാകുന്ന ഒരു സംഗതിയിൽ, ഒരു വ്യാപാരമുദ്ര തീറുനൽകുന്നതിനോ കൈമാറ്റം ചെയ്യുന്നതിനോ പാടുള്ളതല്ല:

എന്നാൽ, വിൽക്കേണ്ട ചരക്കുകളെ സംബന്ധിച്ചോ അല്ലെങ്കിൽ ഭാരതത്തിൽനിന്നും കയറ്റി അയയ്ക്കുന്നതല്ലാതെ ഭാരതത്തിനകത്ത് മറ്റുവിധത്തിൽ വ്യാപാരം ചെയ്യുന്നതിനോ അല്ലെങ്കിൽ ഭാരതത്തിന് വെളിയിലുള്ള അതേ മാർക്കറ്റിലേക്ക് കയറ്റി അയയ്ക്കുന്നതിനുള്ള ചരക്കുകളെ സംബന്ധിച്ചോ അല്ലെങ്കിൽ ഭാരതത്തിൽ സ്വീകരിക്കുന്നതിന് ലഭ്യമായ സേവനങ്ങളെ സംബന്ധിച്ച് ഭാരതത്തി

നകത്തോ അല്ലെങ്കിൽ ഭാരതത്തിന് പുറത്തോ ഉള്ള ഉപയോഗത്തിന് രണ്ടോ അതിലധികമോ ആളുകൾക്ക് അതിൻമേൽ വിനിയോഗിക്കാൻ പാടില്ലാത്ത തരത്തിലുള്ള അനന്യമായ അവകാശം നിലനിൽക്കുന്നിടത്ത് തീറോ കൈമാറ്റമോ ഈ വകുപ്പനുസരിച്ച് അസാധുവായി കരുതപ്പെടുന്നതല്ല.

(2) തീറുനൽകുന്നതിന് ഉദ്ദേശിക്കുന്ന രജിസ്റ്റർ ചെയ്യപ്പെട്ട ഒരു വ്യാപാരമുദ്രയുടെ ഉടമ, സംഗതിയുടെ സാഹചര്യങ്ങൾ വിവരിച്ചുകൊണ്ടുള്ള ഒരു പ്രസ്താവന നിർണ്ണയിക്കപ്പെട്ട രീതിയിൽ രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതും, രജിസ്ട്രാർ, സംഗതിയിൽ പരാമർശിച്ചിട്ടുള്ള ചരക്കുകളുടേയും സേവനങ്ങളുടേയും വ്യാപാരമുദ്രകളുടേയും സാമ്യത പരിഗണിച്ച് നിർദ്ദിഷ്ട തീറ് (1)-ാം ഉപവകുപ്പ് അനുസരിച്ച് അസാധുവാണോ അല്ലയോ എന്ന് പ്രസ്താവിച്ചുകൊണ്ട് ഒരു സർട്ടിഫിക്കറ്റ് അയാൾക്ക് നൽകേണ്ടതും, അപ്രകാരം നൽകിയ ഒരു സർട്ടിഫിക്കറ്റ് അപ്പീലിന് വിധേയമായിരിക്കുന്നതും, സർട്ടിഫിക്കറ്റ് നേടിയത് വഞ്ചനയാലോ അല്ലെങ്കിൽ തെറ്റിദ്ധരിപ്പിച്ചോ ആണെന്ന് കാണിക്കാത്തപക്ഷം (1)-ാം ഉപ വകുപ്പ് പ്രകാരമുള്ള തീറിന്റെ സാധുതയോ അസാധുതയോ സംഗതിയിൽ വിവരിച്ചിട്ടുള്ള വസ്തുത കളുടെ സാധുതയേയോ അസാധുതയേയോ ആശ്രയിച്ച് നിർണ്ണായകമായിരിക്കുന്നതും, എന്നാൽ, സാധുതയ്ക്ക് അനുകൂലമായ ഒരു സർട്ടിഫിക്കറ്റിന്റെ സംഗതിയിൽ ഉടമാവകാശത്തിന് അർഹതപ്പെട്ട ആളുടെ 45-ാം വകുപ്പു പ്രകാരമുള്ള രജിസ്ട്രേഷനുള്ള അപേക്ഷ സർട്ടിഫിക്കറ്റ് നൽകിയ തീയതി മുതൽ ആറുമാസത്തിനകം നൽകിയാൽ മാത്രം നിർണ്ണായകമായിരിക്കുന്നതുമാകുന്നു.

41. <u>ഭാരതത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിൽ അനന്യമായ അവകാശങ്ങൾ സൃഷ്ടിക്കപ്പെടുന്നിടത്ത് തീറിനോ കൈമാറ്റത്തിനോ ഉള്ള നിയന്ത്രണം.</u>—38-ഉം 39-ഉം വകുപ്പുകളിൽ എന്തുതന്നെ ആയിരുന്നാലും, ഈ ആക്റ്റിനോ അല്ലെങ്കിൽ മറ്റേതെങ്കിലും നിയമത്തിനോ കീഴിൽ,—

(ക) ഭാരതത്തിൽ ഏതെങ്കിലും സ്ഥലത്ത് വിൽക്കേണ്ടതോ അല്ലെങ്കിൽ മറ്റുവിധത്തിൽ വ്യാപാരം നടത്തേണ്ടതോ ആയ ചരക്കുകളെ സംബന്ധിച്ചോ അല്ലെങ്കിൽ ഉപയോഗിക്കേണ്ട സേവനങ്ങളെ സംബന്ധിച്ചോ അല്ലെങ്കിൽ ഭാരതത്തിൽ ഏതെങ്കിലും സ്ഥലത്ത് സ്വീകരിക്കുന്നതിന് ലഭ്യമായ സേവനങ്ങളെ സംബന്ധിച്ചോ ഉപയോഗിക്കുന്നതിനായി പരിമിതപ്പെടുത്തിയ ഒരു വ്യാപാരമുദ്ര ഉപയോഗിക്കുന്നതിന് ബന്ധപ്പെട്ട ആളുകളിൽ ഒരാൾക്കുള്ള അനന്യമായ ഒരു അവകാശവും;

(ഖ) ഭാരതത്തിൽ ഏതെങ്കിലും സ്ഥലത്ത് വിൽക്കേണ്ടതോ അല്ലെങ്കിൽ മറ്റുവിധത്തിൽ വ്യാപാരം നടത്തേണ്ടതോ ആയ ചരക്കുകളെ സംബന്ധിച്ചോ അല്ലെങ്കിൽ ഉപയോഗിക്കേണ്ട സേവനങ്ങളെ സംബന്ധിച്ചോ അല്ലെങ്കിൽ ഭാരതത്തിന്റെ ഏതെങ്കിലും ഭാഗത്ത് സ്വീകരിക്കുന്നതിന് ലഭ്യമായ സേവനങ്ങളേയോ സംബന്ധിച്ച് ഉപയോഗിക്കുന്നതിന് പരിമിതപ്പെടുത്തിയിട്ടുള്ള,—

(i) ഒരേ ചരക്കുകളോ സേവനങ്ങളോ; അല്ലെങ്കിൽ

(ii) ഒരേ വിവരണത്തിലുള്ള ചരക്കുകളോ സേവനങ്ങളോ; അല്ലെങ്കിൽ

(iii) ആ ചരക്കുകളുമായോ ആ വിവരണത്തിലുള്ള ചരക്കുകളുമായോ കൂട്ടുചേർന്നുള്ള സേവനങ്ങളോ അല്ലെങ്കിൽ ആ സേവനങ്ങളോ ആ വിവരണത്തിലുള്ള സേവനങ്ങളുമായി കൂട്ടു ചേർന്നുള്ള ചരക്കുകളോ,

ആയി ബന്ധപ്പെട്ട ആദ്യം പറഞ്ഞ വ്യാപാരമുദ്രയുമായി അടുത്ത സദൃശ്യമുള്ള ഒരു വ്യാപാരമുദ്രയോ അല്ലെങ്കിൽ സമാനമായ ഒരു വ്യാപാരമുദ്രയോ ഉപയോഗിക്കുന്നതിന് ബന്ധപ്പെട്ട ഈ ആളുകളിൽ മറ്റൊരാൾക്കുള്ള അനന്യമായ അവകാശവും;

തീറിന്റെയോ കൈമാറ്റത്തിന്റെയോ ഫലമായി നിലനിൽക്കുന്ന സാഹചര്യങ്ങളിൽ ഒരു വ്യാപാരമുദ്ര തീറു നൽകുന്നതിനോ കൈമാറ്റം ചെയ്യുന്നതിനോ പാടുള്ളതല്ല :

എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും സംഗതിയിൽ, തീറു നൽകാൻ ഉദ്ദേശിക്കുന്ന ഒരു വ്യാപാര മുദ്രയുടെ ഉടമയോ അല്ലെങ്കിൽ ഈ ആക്റ്റിൻെറ പ്രാരംഭം മുതൽക്ക് രജിസ്റ്റർ ചെയ്യപ്പെട്ട ഒരു വ്യാപാരമുദ്ര തനിക്കോ തന്റെ പൂർവ്വാവകാശിക്കോ കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ളതായി അവകാശപ്പെടുന്ന ഒരാളോ നിർണ്ണയിക്കപ്പെട്ട രീതിയിൽ അപേക്ഷ നൽകുന്നതിൻമേൽ, രജിസ്ട്രാർക്ക്, പ്രസ്തുത അവകാശങ്ങൾ വിനിയോഗിച്ചുകൊണ്ടുള്ള വ്യാപാരമുദ്രയുടെ ഉപയോഗം എല്ലാ സാഹചര്യങ്ങളിലും പൊതു താൽപ്പര്യത്തിന് വിരുദ്ധമല്ലെന്ന് അദ്ദേഹത്തിന് ബോധ്യപ്പെടുന്നപക്ഷം, തീറോ കൈമാറ്റമോ അംഗീകരിക്കാവുന്നതും അപ്രകാരം അംഗീകരിച്ച ഒരു തീറോ കൈമാറ്റമോ അംഗീകാരം നേടിയത് വഞ്ചനയാലോ തെറ്റിദ്ധരിപ്പിച്ചോ അല്ലെന്ന് കാണിക്കാത്തപക്ഷം, ഉടമാവകാശത്തിന് അർഹനായി തീർന്ന ആൾ 45-ാം വകുപ്പു പ്രകാരം രജിസ്ട്രേഷനുള്ള അപേക്ഷ അംഗീകാരം നൽകിയ തീയതി മുതൽ ആറുമാസത്തിനുള്ളിലോ അല്ലെങ്കിൽ കൈമാറ്റത്തിന്റെ സംഗതിയിൽ ആ തീയതിക്ക് മുമ്പോ സമർപ്പിക്കുന്നപക്ഷം, ഈ വകുപ്പിൻകീഴിലോ 40-ാം വകുപ്പിൻകീഴിലോ അസാധുവായി കരുതപ്പെടാൻ പാടുള്ളതല്ല.

42. ഒരു ബിസിനസിന്റെ ഗുഡ്‌വില്ലുമായി ബന്ധപ്പെട്ടല്ലാതെ മറ്റുവിധത്തിലുള്ള തീറിനുള്ള ഉപാധികൾ.—ഒരു വ്യാപാരമുദ്ര ഉപയോഗിച്ചിട്ടുള്ളതോ ഉപയോഗിക്കപ്പെട്ടതോ ആയ ബിസിനസിന്റെ ഗുഡ്‌വില്ലുമായി ബന്ധപ്പെട്ടല്ലാതെ മറ്റുവിധത്തിൽ, രജിസ്റ്റർ ചെയ്യപ്പെട്ടതോ രജിസ്റ്റർ ചെയ്യപ്പെടാത്തതോ ആയ മുദ്ര തീറു നൽകിയിട്ടുള്ളിടത്ത്, തീറുകാരൻ തീറു നൽകിയ തീയതി മുതൽ ആറുമാസം കഴിയുന്നതിന് മുമ്പോ അല്ലെങ്കിൽ രജിസ്ട്രാർ അനുവദിക്കുന്ന മൊത്തം മൂന്ന് മാസത്തിൽ കവിയാത്ത അപ്രകാരം നീട്ടിക്കൊടുത്ത കാലാവധിക്കുള്ളിലോ, ഏതെങ്കിലുമുണ്ടെങ്കിൽ, തീറിന്റെ പരസ്യത്തെ സംബന്ധിച്ച് നിർദ്ദേശങ്ങൾക്കായി രജിസ്ട്രാറോട് അപേക്ഷിക്കുകയും രജിസ്ട്രാർ നിർദ്ദേശിക്കുന്ന അങ്ങനെയുള്ള ഫാറത്തിലും രീതിയിലും അങ്ങനെയുള്ള കാലാവധിക്കുള്ളിലും അത് പരസ്യപ്പെടുത്തുകയും ചെയ്തിട്ടില്ലാത്തപക്ഷം, തീറ് പ്രാബല്യത്തിൽ വരുന്നതല്ല.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി, താഴെപ്പറയുന്ന വിവരണത്തിലുള്ള ഒരു വ്യാപാരമുദ്രയുടെ തീറ്, ആ മുദ്ര ഉപയോഗിക്കപ്പെട്ടിട്ടുള്ള ബിസിനസിന്റെ ഗുഡ്‌വില്ലുമായി ബന്ധപ്പെട്ടല്ലാതെ മറ്റു വിധത്തിലുള്ള ഒരു തീറു നൽകലായി കരുതപ്പെടാവുന്നതല്ല, അതായത്:—

(ക) ഏത് ചരക്കുകൾക്കോ സേവനങ്ങൾക്കോ വേണ്ടിയാണ് വ്യാപാരമുദ്ര രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത് അവയിൽ ചില ചരക്കുകളുമായോ സേവനങ്ങളുമായോ മാത്രം ബന്ധപ്പെട്ട ഒരു വ്യാപാരമുദ്രയുടെ തീറ്, ആ ചരക്കുകളോ സേവനങ്ങളോ ആയി മാത്രം ബന്ധപ്പെട്ട ബിസിനസിന്റെ ഗുഡ്‌വില്ലിന്റെ കൈമാറ്റം സഹിതം;

(ഖ) ഭാരതത്തിൽ നിന്നും കയറ്റുമതി ചെയ്യുന്ന ചരക്കുകളെ സംബന്ധിച്ച് ഉപയോഗിക്കുന്നതോ ഭാരതത്തിന് വെളിയിൽ ഉപയോഗിക്കുന്നതിനുള്ള സേവനങ്ങളെ സംബന്ധിച്ചോ ഉള്ള ഒരു വ്യാപാര മുദ്രയുടെ തീറ്, ആ തീറ് കയറ്റുമതി ബിസിനസിന്റെ മാത്രം ഗുഡ്‌വില്ലിന്റെ കൈമാറ്റത്തോട് കൂടിയതാകുന്നപക്ഷം.

43. സാക്ഷ്യപ്പെടുത്തൽ വ്യാപാരമുദ്രകളുടെ തീറുനൽകലും കൈമാറ്റം ചെയ്യലും.—രജിസ്ട്രാറുടെ അനുമതിയോടുകൂടിയല്ലാതെ മറ്റു വിധത്തിൽ ഒരു സാക്ഷ്യപ്പെടുത്തൽ വ്യാപാരമുദ്ര തീറുനൽകാനോ കൈമാറ്റം ചെയ്യാനോ പാടില്ലാത്തതും, അതിലേക്കായി നിർണ്ണയിക്കപ്പെട്ട രീതിയിൽ രേഖാമൂലമായ അപേക്ഷ നൽകേണ്ടതുമാണ്.

44. കൂട്ടുവ്യാപാരമുദ്രകളുടെ തീറു നൽകലും കൈമാറ്റം ചെയ്യലും.—കൂട്ടുവ്യാപാരമുദ്രകൾ ഒരുമിച്ചല്ലാതെ പ്രത്യേകമായി തീറു നൽകുവാനോ കൈമാറ്റം ചെയ്യുവാനോ പാടില്ലാത്തതും, എന്നാൽ ഈ ആക്റ്റിലെ വ്യവസ്ഥകൾക്കു വിധേയമായി, മറ്റ് എല്ലാ ആവശ്യങ്ങൾക്കും അവ വെവ്വേറെയുള്ള വ്യാപാര മുദ്രകളായി രജിസ്റ്റർ ചെയ്തതായി കരുതപ്പെടേണ്ടതുമാണ്.

45. തീറുകളുടേയും കൈമാറ്റങ്ങളുടേയും രജിസ്ട്രേഷൻ.—(1) ഒരാൾ തീറോ കൈമാറ്റമോവഴി രജിസ്റ്റർ ചെയ്യപ്പെട്ട ഒരു വ്യാപാരമുദ്രയുടെ അവകാശിയായിത്തീരുമ്പോൾ, അയാൾ തന്റെ ഉടമാവകാശം രജിസ്റ്റർ ചെയ്യുന്നതിന് നിർണ്ണയിക്കപ്പെട്ട രീതിയിൽ രജിസ്ട്രാർക്ക് അപേക്ഷ നൽകേണ്ടതും, രജിസ്ട്രാർ, അപേക്ഷ ലഭിച്ചതിൻമേലും ഉടമാവകാശത്തിന്റെ തെളിവ് അദ്ദേഹത്തിന് ബോദ്ധ്യപ്പെടുന്നതിൻമേലും ഏത് ചരക്കുകളേയോ സേവനങ്ങളേയോ സംബന്ധിച്ചാണോ തീറിനോ കൈമാറ്റത്തിനോ പ്രാബല്യമുള്ളത്, അവയെ സംബന്ധിച്ച് വ്യാപാരമുദ്രയുടെ ഉടമയായി അയാളെ രജിസ്റ്റർ ചെയ്യേണ്ടതും തീറിന്റേയോ കൈമാറ്റത്തിന്റേയോ വിവരങ്ങൾ രജിസ്റ്ററിൽ ഉൾക്കൊള്ളിപ്പിക്കേണ്ടതുമാണ് :

എന്നാൽ, കക്ഷികൾ തമ്മിൽ ഒരു തീറിന്റെയോ കൈമാറ്റത്തിന്റെയോ സാധുതയെ സംബന്ധിച്ച് തർക്കമുള്ളിടത്ത്, ഒരു ക്ഷമതയുള്ള കോടതി കക്ഷികളുടെ അവകാശങ്ങൾ തീരുമാനിക്കുന്നതുവരെ തീറോ കൈമാറ്റമോ രജിസ്റ്റർ ചെയ്യുന്നത് രജിസ്ട്രാർക്ക് നിരസിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻ കീഴിൽ രജിസ്ട്രാർ മുമ്പാകെയുള്ള ഒരു അപേക്ഷയുടെയോ അല്ലെങ്കിൽ അതിൻമേലുള്ള ഉത്തരവിൽനിന്നുള്ള ഒരു അപ്പീലിന്റെയോ അല്ലെങ്കിൽ 57-ാം വകുപ്പിൻ കീഴിലുള്ള ഒരു അപേക്ഷയുടെയോ അല്ലെങ്കിൽ അതിൻമേലുള്ള ഉത്തരവിൽനിന്നുള്ള ഒരു അപ്പീലിന്റെയോ ആവശ്യത്തിനൊഴികെ, (1)-ാം ഉപവകുപ്പിനനുസൃതമായി രജിസ്റ്ററിൽ ഉൾക്കൊള്ളിച്ചിട്ടില്ലാത്ത ഒരു രേഖയോ പ്രമാണമോ, രജിസ്ട്രാറോ അപ്പലേറ്റ് ബോർഡോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയോ തീറോ കൈമാറ്റമോ വഴി ലഭിച്ച വ്യാപാരമുദ്രയുടെ ഉടമാവകാശത്തിന്റെ തെളിവായി, രജിസ്ട്രാറോ അപ്പലേറ്റ് ബോർഡോ അല്ലെങ്കിൽ കോടതിയോ, അതതുസംഗതിപോലെ, മറ്റുവിധത്തിൽ നിർദ്ദേശിക്കാത്തപക്ഷം, സ്വീകരിക്കാൻ പാടുള്ളതല്ല.

## അദ്ധ്യായം VI

## വ്യാപാരമുദ്രകളുടെ ഉപയോഗവും രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താക്കളും

46. രൂപീകരിക്കേണ്ടതായ കമ്പനിയാലുള്ള വ്യാപാരമുദ്രയുടെ നിർദ്ദിഷ്ട ഉപയോഗം മുതലായവ.—(1) അപേക്ഷകൻ വ്യാപാരമുദ്ര ഉപയോഗിക്കുന്നില്ലെന്നോ അല്ലെങ്കിൽ ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നില്ലെന്നോ,—

(ക) കമ്പനികൾ ആക്റ്റ്, 1956 (1956-ലെ 1)-ൻ കീഴിൽ ഒരു കമ്പനി രൂപീകരിക്കപ്പെടാനും രജിസ്റ്റർ ചെയ്യപ്പെടാനും ഒരുങ്ങുകയും ആ അപേക്ഷകൻ, ആ കമ്പനിയുടെ ചരക്കുകളോ സേവനങ്ങളോ ആയി ബന്ധപ്പെട്ട വ്യാപാരമുദ്ര ഉപയോഗിക്കുന്നതിനുള്ള ലക്ഷ്യത്തോടെ അത് ആ കമ്പനിക്ക് കൈമാറാൻ ഉദ്ദേശിക്കുകയും; അല്ലെങ്കിൽ

(ഖ) ഉടമ, വ്യാപാരമുദ്രയുടെ രജിസ്ട്രേഷന് ശേഷം രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താവായി അത് മറ്റൊരാളാൽ ഉപയോഗിക്കപ്പെടുന്നതിന് ഉദ്ദേശിക്കുകയും,

ചെയ്യുന്നതായി രജിസ്ട്രാർക്ക് ബോധ്യമാകുന്നപക്ഷം, ഏതെങ്കിലും ചരക്കുകളെയോ സേവനങ്ങളെയോ സംബന്ധിച്ച് ഒരു വ്യാപാരമുദ്രയുടെ രജിസ്ട്രേഷനുള്ള യാതൊരു അപേക്ഷയും നിരസിക്കുവാനോ അല്ലെങ്കിൽ അങ്ങനെയുള്ള രജിസ്ട്രേഷനുള്ള അനുമതി തടഞ്ഞുവയ്ക്കുവാനോ പാടുള്ളതല്ല.

(2) 47-ാം വകുപ്പിലെ വ്യവസ്ഥകൾക്ക്, ഈ ഉപവകുപ്പിനാൽ നൽകപ്പെട്ടിട്ടുള്ള അധികാരത്തിൻ കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഒരു വ്യാപാരമുദ്രയെ സംബന്ധിച്ച്, ആ വകുപ്പിന്റെ (1)-ാം ഉപവകുപ്പിന്റെ (ക) ഖണ്ഡത്തിൽ, വ്യാപാരമുദ്ര താൻ ഉപയോഗിക്കേണ്ടതാണെന്ന് രജിസ്ട്രേഷന് വേണ്ടിയുള്ള അപേക്ഷകന്റെ ഭാഗത്തുനിന്നുള്ള ഉദ്ദേശത്തിന്റെ പരാമർശം ബന്ധപ്പെട്ട കമ്പനിയോ ഉപയോക്താവോ ഉപയോഗിക്കേണ്ടതാണെന്നുള്ള അയാളുടെ ഉദ്ദേശത്തിനുള്ള ഒരു പരാമർശമായി പകരം ചേർത്തുവെന്നപോലെ, പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

(3) (1)-ാം ഉപവകുപ്പ് ബാധകമാകുന്ന ഒരു സംഗതിയിൽ, ട്രിബ്യൂണലിന് ഏതെങ്കിലും എതിർപ്പിനേയോ അല്ലെങ്കിൽ അപ്പീലിനേയോ സംബന്ധിച്ച ഏതെങ്കിലും നടപടികളുടെ ചെലവിനു വേണ്ടിയുള്ള ഈട് നൽകുന്നതിന് അപേക്ഷകനോട് ആവശ്യപ്പെടാവുന്നതും, അങ്ങനെയുള്ള ഈട് യഥാവിധി നൽകുന്നതിൽ വീഴ്ചവരുത്തുന്നപക്ഷം, ആ അപേക്ഷ ഉപേക്ഷിച്ചതായി കരുതാവുന്നതുമാണ്.

(4) (1)-ാം ഉപവകുപ്പ് ബാധകമാകുന്ന ഒരു സംഗതിയിൽ, ഒരു കമ്പനിക്ക് വ്യാപാരമുദ്ര തീറു നൽകുന്നതിനുള്ള ഉദ്ദേശത്തെ ആശ്രയിക്കുന്ന ഒരു അപേക്ഷകന്റെ പേരിൽ ഏതെങ്കിലും ചരക്കുകളെയോ സേവനങ്ങളെയോ സംബന്ധിച്ച് ഒരു വ്യാപാരമുദ്ര രജിസ്റ്റർ ചെയ്യുകയും, അപ്പോൾ, നിർണ്ണയിക്കപ്പെട്ട അങ്ങനെയുള്ള കാലയളവിനുള്ളിലോ അല്ലെങ്കിൽ നിർണ്ണയിക്കപ്പെട്ട രീതിയിൽ രജിസ്ട്രാർക്ക് നൽകിയ അപേക്ഷയിൻമേൽ അദ്ദേഹം അനുവദിക്കുന്ന ആറുമാസത്തിൽ കവിയാത്ത അങ്ങനെയുള്ള കൂടുതൽ കാലയളവിനുള്ളിലോ ആ കമ്പനി, ആ ചരക്കുകളെയോ സേവനങ്ങളേയോ സംബന്ധിച്ചുള്ള വ്യാപാരമുദ്രയുടെ ഉടമയായി രജിസ്റ്റർ ചെയ്യപ്പെടാത്തപക്ഷം, ആ കാലയളവ് കഴിയുമ്പോൾ അവയെ സംബന്ധിച്ച് രജിസ്ട്രേഷന്റെ പ്രാബല്യം ഇല്ലാതായിത്തീരുന്നതും, രജിസ്ട്രാർ അതിനനുസൃതമായി രജിസ്റ്റർ ഭേദഗതി ചെയ്യേണ്ടതുമാണ്.

47. ഉപയോഗിക്കാത്ത കാരണത്താൽ രജിസ്റ്ററിൽനിന്ന് നീക്കംചെയ്യലും പരിമിതികൾ ഏർപ്പെടുത്തലും.—(1) സങ്കടമുള്ള ഏതെങ്കിലും ആൾ, രജിസ്ട്രാർക്കോ അപ്പലേററ് ബോർഡിനോ നിർണ്ണയിക്കപ്പെട്ട രീതിയിൽ അപേക്ഷ നൽകുന്നതിൻമേൽ, ഏത് ചരക്കുകളെയോ സേവനങ്ങളേയോ സംബന്ധിച്ചാണോ ഒരു വ്യാപാരമുദ്ര രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത് അത് താഴെപ്പറയുന്നവയിൽ ഏതെങ്കിലും കാരണത്താൽ രജിസ്റ്ററിൽനിന്നും നീക്കം ചെയ്യാവുന്നതാണ്,—

(ക) രജിസ്ട്രേഷനുള്ള അപേക്ഷകനോ അല്ലെങ്കിൽ 46-ാം വകുപ്പിലെ വ്യവസ്ഥകൾ ബാധകമാകുന്ന ഒരു സംഗതിയിൽ, ബന്ധപ്പെട്ട കമ്പനിയും അല്ലെങ്കിൽ, അതതുസംഗതിപോലെ, രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താവും ചരക്കുകളുമായോ സേവനങ്ങളുമായോ ബന്ധപ്പെട്ട വ്യാപാരമുദ്ര ഉപയോഗിക്കേണ്ടതാണെന്ന് അവരുടെ ഭാഗത്ത് ഉത്തമവിശ്വാസപൂർവമല്ലാത്ത ഏതെങ്കിലും ഉദ്ദേശമുണ്ടായിരുന്നെന്നും, യഥാർത്ഥത്തിൽ ആ ചരക്കുകളുമായോ സേവനങ്ങളുമായോ ബന്ധപ്പെട്ട വ്യാപാരമുദ്രയുടെ ഏതെങ്കിലും ഉടമ അത് അപേക്ഷാ തീയതിക്ക് മൂന്നുമാസം മുമ്പുവരെയുള്ള സമയംവരെ ഉത്തമവിശ്വാസപൂർവം ഉപയോഗിച്ചിട്ടില്ലായിരുന്നു; അല്ലെങ്കിൽ

(ഖ) അപേക്ഷാ തീയതിക്കുമുമ്പ് മൂന്നുമാസത്തിനകമുള്ള ഒരു തീയതിവരെ, വ്യാപാരമുദ്ര രജിസ്റ്റർ ചെയ്യപ്പെട്ടിരുന്ന കാലത്തും ആ ചരക്കുകളുമായോ സേവനങ്ങളുമായോ ബന്ധപ്പെട്ട വ്യാപാര മുദ്രയുടെ തൽസമയ ഉടമ അത് ഉത്തമവിശ്വാസപൂർവം ഉപയോഗിച്ചിട്ടില്ലായിരുന്ന കാലത്തും, വ്യാപാരമുദ്ര യഥാർത്ഥത്തിൽ രജിസ്റ്ററിൽ ചേർത്ത തീയതി മുതൽ തുടർച്ചയായി അഞ്ചുവർഷക്കാലമോ അതിൽ കൂടുതലോ കഴിഞ്ഞിട്ടുണ്ടായിരുന്നു:

എന്നാൽ, തർക്കത്തിലിരിക്കുന്ന ചരക്കുകളെയോ സേവനങ്ങളേയോ സംബന്ധിച്ച് സമാനമാ യതോ അല്ലെങ്കിൽ അടുത്ത സാദൃശ്യമുള്ളതോ ആയ വ്യാപാരമുദ്ര രജിസ്റ്റർ ചെയ്യുന്നതിന് 12-ാം വകുപ്പിൻ കീഴിൽ അപേക്ഷകനെ അനുവദിച്ചിട്ടുള്ളിടത്തോ അല്ലെങ്കിൽ അങ്ങനെയുള്ള ഒരു വ്യാപാര മുദ്ര അപ്രകാരം ശരിയായ രീതിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണെന്ന് ട്രിബ്യൂണലിന് അഭിപ്രായ മുള്ളിടത്തോ ഒഴികെ, പ്രസക്തമായ തീയതിക്കു മുമ്പോ, അല്ലെങ്കിൽ അതതുസംഗതിപോലെ, പ്രസക്തമായ കാലയളവിലോ,—

(i) ഒരേ വിവരണത്തിലുള്ള ചരക്കുകളെയോ സേവനങ്ങളേയോ; അല്ലെങ്കിൽ

(ii) ഏത് ചരക്കുകളുമായോ സേവനങ്ങളുമായോ ബന്ധപ്പെട്ടാണോ വ്യാപാരമുദ്ര രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത് ആ വിവരണത്തിലുള്ള ചരക്കുകളായിട്ടോ സേവനങ്ങളായിട്ടോ, അതതുസംഗതി പോലെ, ആ ചരക്കുകളോ സേവനങ്ങളോ ആയി കൂട്ടുചേർന്നുള്ള ചരക്കുകളോ സേവനങ്ങളോ ആയി,—

ബന്ധപ്പെട്ട് വ്യാപാരമുദ്രയുടെ തൽസമയ ഉടമ അത് ഉത്തമവിശ്വാസത്തോടെ ഉപയോഗിച്ചിട്ടുണ്ടെന്ന് കാണിക്കുന്നപക്ഷം, ഏതെങ്കിലും ചരക്കുകളെയും സേവനങ്ങളെയും സംബന്ധിച്ച് (ക) ഖണ്ഡമോ (ഖ) ഖണ്ഡമോ പ്രകാരമുള്ള ഒരു അപേക്ഷ ട്രിബ്യൂണലിന് നിരസിക്കാവുന്നതാണ്.

(2) രജിസ്റ്റർ ചെയ്യപ്പെട്ട ഒരു വ്യാപാരമുദ്രയുമായി ബന്ധപ്പെട്ട ഏതെങ്കിലും ചരക്കുകളെയോ സേവനങ്ങളെയോ സംബന്ധിച്ച്—

(ക) ഭാരതത്തിലെ ഏതെങ്കിലും പ്രത്യേക സ്ഥലത്ത് വിൽക്കപ്പെടേണ്ടതോ അല്ലെങ്കിൽ മറ്റുവിധത്തിൽ വ്യാപാരം നടത്തേണ്ടതോ (ഭാരതത്തിൽ നിന്നുള്ള കയറ്റുമതിക്ക് വേണ്ടിയല്ലാതെ) ചരക്കുകളെ സംബന്ധിച്ചോ അല്ലെങ്കിൽ ഭാരതത്തിന് വെളിയിലുള്ള ഒരു പ്രത്യേക മാർക്കറ്റിലേക്ക് കയറ്റി അയയ്ക്കേണ്ട ചരക്കുകളെ സംബന്ധിച്ചോ അല്ലെങ്കിൽ ഭാരതത്തിൽ ഒരു പ്രത്യേക സ്ഥലത്ത് ഉപയോഗിക്കുന്നതിനോ അല്ലെങ്കിൽ സ്വീകരിക്കുന്നതിന് ലഭ്യമായതോ അല്ലെങ്കിൽ ഭാരതത്തിന് വെളിയിൽ ഒരു പ്രത്യേക മാർക്കറ്റിൽ ഉപയോഗിക്കുന്നതിനോ ആയ സേവനങ്ങളെ സംബന്ധിച്ചോ ഉള്ള വ്യാപാരമുദ്ര ഉപയോഗിക്കുന്നില്ലായെന്നത് സംബന്ധിച്ച് (1)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിൽ പരാമർശി ച്ചിട്ടുള്ള സാഹചര്യങ്ങൾ നിലനിൽക്കുന്നതായി കാണിക്കുന്നിടത്തും;

(ഖ) അപ്രകാരം വിൽക്കേണ്ടതോ അല്ലെങ്കിൽ മറ്റു വിധത്തിൽ വ്യാപാരം നടത്തേണ്ടതോ ആയ ചരക്കുകളെ സംബന്ധിച്ചോ അല്ലെങ്കിൽ അപ്രകാരം കയറ്റുമതി ചെയ്യപ്പെടേണ്ട ചരക്കുകളെ സംബന്ധിച്ചോ ആ സ്ഥലത്ത് ഉപയോഗിക്കുന്നതിനോ അല്ലെങ്കിൽ സ്വീകരിക്കുന്നതിന് ലഭ്യമായതോ അല്ലെങ്കിൽ ആ രാജ്യത്ത് ഉപയോഗിക്കുന്നതിനോ ഉള്ള സേവനങ്ങളെ സംബന്ധിച്ചോ ഉപയോഗിക്കുന്ന തിന് വ്യാപ്തിയുള്ള ഒരു രജിസ്ട്രേഷൻ പ്രകാരം ആ ചരക്കുകളെ സംബന്ധിച്ച് സമാനതയുള്ളതോ അല്ലെങ്കിൽ അടുത്ത സാദൃശ്യമുള്ളതോ ആയ വ്യാപാരമുദ്ര 12-ാം വകുപ്പു പ്രകാരം രജിസ്റ്റർ ചെയ്യുന്നതിന് ഒരാളെ അനുവദിച്ചിട്ടുണ്ടായിരിക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള ഒരു വ്യാപാരമുദ്ര അപ്രകാരം രജിസ്റ്റർ ചെയ്യുന്നതിന് അയാളെ ശരിയായ രീതിയിൽ അനുവദിക്കേണ്ടതാണെന്ന് ട്രിബ്യൂണലിന് അഭിപ്രായമുള്ളിടത്തും, അപ്പലേററ് ബോർഡിനോ രജിസ്ട്രാർക്കോ നിർണ്ണയിക്കപ്പെട്ട രീതിയിൽ അയാൾ അപേക്ഷിക്കുന്നതിൻമേൽ, ട്രിബ്യൂണലിന്, അങ്ങനെയുള്ള ഉപയോഗത്തിലേക്ക് വ്യാപിക്കുന്നത് അവസാനിപ്പിക്കുന്നത് ഉറപ്പുവരുത്തുന്നതിലേക്കായി അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള പരിമിതികൾ ആദ്യം പറഞ്ഞ വ്യാപാരമുദ്രയുടെ രജിസ്ട്രേഷനുമേൽ ചുമത്താവുന്നതാണ്.

(3) ഏതെങ്കിലും നിയമമോ റഗുലേഷനോ പ്രകാരം വ്യാപാരമുദ്ര ഭാരതത്തിൽ ഉപയോഗിക്കു ന്നതിൻമേൽ ചുമത്തിയിട്ടുള്ള നിയന്ത്രണങ്ങൾ ഉൾപ്പെടെയുള്ള വ്യാപാരത്തിലെ പ്രത്യേക സാഹചര്യ ങ്ങൾമൂലമാണെന്നും അല്ലാതെ അപേക്ഷയുമായി ബന്ധപ്പെട്ട ചരക്കുകളുമായോ സേവനങ്ങളുമായോ ബന്ധപ്പെട്ട വ്യാപാരമുദ്ര ഉപേക്ഷിക്കാനോ ഉപയോഗിക്കാതിരിക്കാനോ ഉള്ള ഏതെങ്കിലും ഉദ്ദേശത്തോ ടെയല്ലെന്നും കാണിക്കുന്നപക്ഷം, (1)-ാം ഉപവകുപ്പിലെ (ഖ) ഖണ്ഡത്തിലെ ആവശ്യത്തിനോ അല്ലെങ്കിൽ (2)-ാം ഉപവകുപ്പിലെ ആവശ്യങ്ങൾക്കോവേണ്ടി ഒരു വ്യാപാരമുദ്ര ഉപയോഗിക്കാതിരിക്കു ന്നതിനെ ആശ്രയിക്കുന്നതിന് അപേക്ഷകന് അർഹതയുണ്ടായിരിക്കുന്നതല്ല.

48. രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താക്കൾ.—(1) 49-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു വ്യാപാരമുദ്രയുടെ രജിസ്റ്റർ ചെയ്യപ്പെട്ട ഉടമയല്ലാത്ത ഒരാളെ വ്യാപാരമുദ്ര രജിസ്റ്റർ ചെയ്യപ്പെട്ടത് സംബന്ധിച്ച് ഏതെങ്കിലും അല്ലെങ്കിൽ എല്ലാ ചരക്കുകളുടെയും സേവനങ്ങളുടെയും രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താവായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

(2) 47-ാം വകുപ്പിന്റെ ആവശ്യങ്ങൾക്കോ അല്ലെങ്കിൽ ഈ ആക്റ്റിൻ കീഴിലോ മറ്റേതെങ്കിലും നിയമത്തിൻ കീഴിലോ അങ്ങനെയുള്ള ഉപയോഗം പ്രസക്തമായിട്ടുള്ള മറ്റേതെങ്കിലും ആവശ്യങ്ങൾക്കോ വേണ്ടി ഒരു വ്യാപാരമുദ്രയുടെ അനുവദിക്കപ്പെട്ട ഉപയോഗം അതിന്റെ ഉടമയാൽ ഉപയോഗിക്കപ്പെടുന്നതായി കരുതപ്പെടേണ്ടതും ഉടമയല്ലാത്ത മറ്റൊരാളാൽ ഉപയോഗിക്കപ്പെടേണ്ടതല്ലാത്തതായി കരുതപ്പെടേണ്ടതുമാണ്.

49. രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താവായുള്ള രജിസ്ട്രേഷൻ.—(1) ഒരാൾ, ഒരു വ്യാപാരമുദ്രയുടെ രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താവായി രജിസ്റ്റർ ചെയ്യപ്പെടേണ്ടതാണെന്ന് നിർദ്ദേശിക്കപ്പെടുന്നിടത്ത്, രജിസ്റ്റർ ചെയ്യപ്പെട്ട ഉടമയും രജിസ്റ്റർ ചെയ്യപ്പെടാൻ നിർദ്ദേശിക്കപ്പെട്ട ഉപയോക്താവും ഒരുമിച്ച് നിർണ്ണയിക്കപ്പെട്ട രീതിയിൽ ലിഖിതമായി രജിസ്ട്രാറോട് അപേക്ഷിക്കേണ്ടതും, അങ്ങനെയുള്ള ഓരോ അപേക്ഷയും താഴെപ്പറയുന്നവ സഹിതം ആയിരിക്കേണ്ടതുമാണ്—

(ക) വ്യാപാരമുദ്രയുടെ അനുവദിക്കപ്പെട്ട ഉപയോഗം സംബന്ധിച്ച് രജിസ്റ്റർ ചെയ്യപ്പെട്ട ഉടമയും രജിസ്റ്റർ ചെയ്യപ്പെടാൻ നിർദ്ദേശിക്കപ്പെട്ട ഉപയോക്താവും തമ്മിൽ ഏർപ്പെട്ട ലിഖിതമായ കരാർ അല്ലെങ്കിൽ യഥാവിധി സാക്ഷ്യപ്പെടുത്തിയ അതിന്റെ ഒരു പകർപ്പ്;

(ഖ) രജിസ്റ്റർ ചെയ്യപ്പെട്ട ഉടമയോ അല്ലെങ്കിൽ അയാൾക്കുവേണ്ടി പ്രവർത്തിക്കുന്നതിന് രജിസ്ട്രാർക്ക് ബോദ്ധ്യപ്പെടുന്ന വിധത്തിൽ അധികാരപ്പെടുത്തിയ ഏതെങ്കിലും ആളോ—

(i) അവരുടെ ബന്ധം നൽകുന്ന അനുവദിക്കപ്പെട്ട ഉപയോഗത്തിൻമേൽ ഉടമയ്ക്കുള്ള നിയന്ത്രണത്തിന്റെ അളവ് കാണിക്കുന്ന വിവരങ്ങൾ ഉൾപ്പെടെ രജിസ്റ്റർ ചെയ്യപ്പെട്ട ഉടമയും രജിസ്റ്റർ ചെയ്യപ്പെടാൻ നിർദ്ദേശിക്കപ്പെട്ട ഉപയോക്താവും തമ്മിൽ നിലവിലുള്ളതോ അല്ലെങ്കിൽ നിർദ്ദേശിക്കപ്പെടുന്നതോ ആയ ബന്ധത്തിന്റെ വിവരങ്ങളും രജിസ്റ്റർ ചെയ്യപ്പെടാൻ നിർദ്ദേശിക്കപ്പെട്ട ഉപയോക്താവ് രജിസ്റ്റർ ചെയ്യപ്പെട്ട ഏക ഉപയോക്താവ് ആയിരിക്കുമെന്നത് അവരുടെ ബന്ധത്തിന്റെ ഒരു വ്യവസ്ഥയാണോയെന്നും അല്ലെങ്കിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താക്കളായുള്ള രജിസ്ട്രേഷന് അപേക്ഷ നൽകിയേക്കാവുന്ന ആളുകളെ സംബന്ധിച്ച് മറ്റേതെങ്കിലും നിയന്ത്രണം ഉണ്ടോ എന്നും;

(ii) രജിസ്ട്രേഷന് നിർദ്ദേശിക്കപ്പെട്ട ചരക്കുകളോ സേവനങ്ങളോ പ്രസ്താവിച്ചുകൊണ്ടും;

(iii) ചരക്കുകളുടേയോ സേവനങ്ങളുടെയോ സവിശേഷതകളേയും അനുവദിക്കപ്പെട്ട ഉപയോഗത്തിന്റെ രീതിയോ സ്ഥലമോ അല്ലെങ്കിൽ മറ്റേതെങ്കിലും സംഗതിയേയോ സംബന്ധിച്ച് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഉപാധികളോ നിയന്ത്രണങ്ങളോ ഏതെങ്കിലുമുണ്ടെങ്കിൽ, അവ പ്രസ്താവിച്ചുകൊണ്ടും;

(iv) അനുവദിക്കപ്പെട്ട ഉപയോഗം ഒരു കാലയളവിലേക്കാണോ അല്ലെങ്കിൽ കാലയളവിന് പരിധി ഇല്ലാതെയാണോ എന്നും, ഒരു കാലയളവിലേക്കാണെങ്കിൽ അതിന്റെ കാലാവധി പ്രസ്താവിച്ചുകൊണ്ടും, ഉള്ള ഒരു സത്യവാങ്മൂലം;

(ഗ) രജിസ്ട്രാർ ആവശ്യപ്പെടുന്നതോ അല്ലെങ്കിൽ നിർണ്ണയിക്കപ്പെടുന്നതോ ആയ അങ്ങനെയുള്ള കൂടുതൽ രേഖകളും മറ്റ് തെളിവും.

(2) (1)-ാം ഉപവകുപ്പിലെ ആവശ്യകതകൾ നിറവേറ്റപ്പെടുമ്പോൾ രജിസ്ട്രാർ, അദ്ദേഹത്തിന് അപ്രകാരം ബോധ്യപ്പെടുന്ന പ്രകാരമുള്ള ചരക്കുകളെയോ സേവനങ്ങളെയോ സംബന്ധിച്ച് രജിസ്റ്റർ ചെയ്യപ്പെടാൻ നിർദ്ദേശിക്കപ്പെട്ട ഉപയോക്താവിനെ രജിസ്റ്റർ ചെയ്യേണ്ടതാണ്.

(3) രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താവായുള്ള ഒരാളുടെ രജിസ്ട്രേഷന്റെ നോട്ടീസ് രജിസ്ട്രാർ ആ വ്യാപാരമുദ്രയുടെ രജിസ്റ്റർ ചെയ്യപ്പെട്ട മറ്റ് ഉപയോക്താക്കൾക്ക്, ആരെങ്കിലുമുണ്ടെങ്കിൽ, നിർണ്ണയിക്കപ്പെട്ട രീതിയിൽ നൽകേണ്ടതാണ്.

(4) അപേക്ഷകൻ അപ്രകാരം ആവശ്യപ്പെടുകയാണെങ്കിൽ, ഈ വകുപ്പിൻ കീഴിലുള്ള ഒരു അപേക്ഷയുടെ ആവശ്യങ്ങൾക്ക് നൽകിയിട്ടുള്ള വിവരങ്ങൾ (രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ള സംഗതികൾ അല്ലാത്ത) വ്യാപാരത്തിലെ എതിരാളികൾക്ക് വെളിപ്പെടുത്താതിരിക്കുന്നത് ഉറപ്പു വരുത്തുന്നതിലേയ്ക്കുള്ള നടപടികൾ രജിസ്ട്രാർ എടുക്കേണ്ടതാണ്.

50. രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താവായുള്ള രജിസ്ട്രേഷൻ വ്യത്യാസപ്പെടുത്തുന്നതിനും റദ്ദാക്കുന്നതിനും രജിസ്ട്രാർക്കുള്ള അധികാരം.—(1) 57-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് ഭംഗം വരാതെ, രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താവായുള്ള ഒരാളുടെ രജിസ്ട്രേഷൻ—

(ക) വ്യാപാരമുദ്രയുടെ രജിസ്റ്റർ ചെയ്യപ്പെട്ട ഉടമ നിർണ്ണയിക്കപ്പെട്ട രീതിയിൽ ലിഖിതമായി നൽകിയ അപേക്ഷയിൻമേൽ, രജിസ്ട്രാർക്ക്, ഏത് ചരക്കുകളേയോ സേവനങ്ങളേയോ സംബന്ധിച്ചാണോ രജിസ്ട്രേഷന് പ്രഭാവമുള്ളത് ആ ചരക്കുകളെയോ സേവനങ്ങളേയോ സംബന്ധിച്ച്, വ്യത്യാസപ്പെടുത്താവുന്നതാണ്;

(ഖ) വ്യാപാരമുദ്രയുടെ രജിസ്റ്റർ ചെയ്യപ്പെട്ട ഉടമയോ രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താവോ അല്ലെങ്കിൽ രജിസ്റ്റർ ചെയ്യപ്പെട്ട മറ്റേതെങ്കിലും ഉപയോക്താവോ നിർണ്ണയിക്കപ്പെട്ട രീതിയിൽ ലിഖിതമായി അപേക്ഷ നൽകുന്നതിൻമേൽ, രജിസ്ട്രാർക്ക് റദ്ദു ചെയ്യാവുന്നതാണ്;

(ഗ) രജിസ്ട്രാർക്ക്, താഴെപ്പറയുന്ന ഏതെങ്കിലും കാരണങ്ങളിൻമേൽ ഏതെങ്കിലും ഒരാൾ നിർണ്ണയിക്കപ്പെട്ട രീതിയിൽ ലിഖിതമായി നൽകുന്ന അപേക്ഷയിൻമേൽ റദ്ദ് ചെയ്യാവുന്നതാണ്, അതായത്:—

(i) 49-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തിൻകീഴിലുള്ള കരാറിനനുസൃതമായല്ലാതെയോ അല്ലെങ്കിൽ കബളിപ്പിക്കലിനോ ചിന്താക്കുഴപ്പത്തിനോ ഇടയാക്കുമെന്നോ അല്ലെങ്കിൽ ഇടയാക്കുവാൻ സാധ്യതയുണ്ടെന്നോ ഉള്ള വിധത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താവ് ആ വ്യാപാരമുദ്ര ഉപയോഗിച്ചിട്ടുണ്ടെന്ന്;

(ii) ഉടമയോ അല്ലെങ്കിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താവോ, കൃത്യമായി ധരിപ്പിക്കുകയോ വെളിപ്പെടുത്തുകയോ ചെയ്തിരുന്നുവെങ്കിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താവായുള്ള രജിസ്ട്രേഷൻ ന്യായീകരിക്കപ്പെടുമായിരുന്നില്ലാത്ത വിധത്തിലുള്ള സാരവത്തായ ചില വസ്തുതകൾ രജിസ്ട്രേഷനുവേണ്ടിയുള്ള അപേക്ഷയിൽ തെറ്റായി ധരിപ്പിക്കുകയോ അല്ലെങ്കിൽ വെളിപ്പെടുത്തുന്നതിൽ വീഴ്ച വരുത്തുകയോ ചെയ്തിട്ടുണ്ടെന്ന്;

(iii) റദ്ദാക്കലിനുവേണ്ടിയുള്ള അപേക്ഷാ തീയതിയിൽ, രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താവിന്റെ രജിസ്ട്രേഷൻ ന്യായീകരിക്കത്തക്കതല്ലാത്ത വിധത്തിൽ രജിസ്ട്രേഷന്റെ തീയതിക്ക് ശേഷം സാഹചര്യങ്ങൾ മാറിയിട്ടുണ്ടെന്ന്;

(iv) അപേക്ഷകന് താൽപ്പര്യമുള്ള ഒരു കരാറിന്റെ നടത്തിപ്പിന്റെ ഫലമായി അയാളിൽ നിക്ഷിപ്തമായ അവകാശങ്ങൾ കണക്കിലെടുക്കുമ്പോൾ ആ രജിസ്ട്രേഷന് പ്രാബല്യം നൽകേണ്ടതില്ലായിരുന്നെന്ന്;

(ഘ) രജിസ്ട്രാർക്ക്, സ്വമേധയോ അല്ലെങ്കിൽ നിർണ്ണയിക്കപ്പെട്ട രീതിയിൽ ഏതെങ്കിലും ആൾ ലിഖിതമായി നൽകിയ അപേക്ഷയിൻമേലോ, രജിസ്റ്റർ ചെയ്യപ്പെട്ട ഉടമയും രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താവും തമ്മിലുള്ള കരാറിലെ വ്യാപാരമുദ്ര ഉപയോഗിക്കേണ്ടതായ ചരക്കുകളോ സേവനങ്ങളോ സംബന്ധിച്ച ഗുണത്തെ സംബന്ധിച്ച ഏതെങ്കിലും വ്യവസ്ഥ നടപ്പിലാക്കിയിട്ടില്ലെന്നോ അല്ലെങ്കിൽ പാലിച്ചിട്ടില്ലെന്നോ ഉള്ള കാരണത്താൽ, റദ്ദ് ചെയ്യാവുന്നതാണ്;

(ങ) ഏതെങ്കിലും ചരക്കുകളെയോ സേവനങ്ങളെയോ സംബന്ധിച്ച് വ്യാപാരമുദ്ര രജിസ്റ്റർ ചെയ്യപ്പെട്ടതല്ലാതായി തീരുമ്പോൾ രജിസ്ട്രാർക്ക് റദ്ദ് ചെയ്യാവുന്നതാണ്;

(2) രജിസ്ട്രാർ, ഈ വകുപ്പിൻകീഴിലുള്ള ഓരോ അപേക്ഷയേയും സംബന്ധിച്ച് നോട്ടീസ് നിർണ്ണയിക്കപ്പെട്ട രീതിയിൽ വ്യാപാരമുദ്രയുടെ രജിസ്റ്റർ ചെയ്യപ്പെട്ട ഉടമയ്ക്കും രജിസ്റ്റർ ചെയ്യപ്പെട്ട ഓരോ ഉപയോക്താവിനും (അപേക്ഷകനല്ലാത്ത) നൽകേണ്ടതാണ്.

(3) ഒരു രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനുള്ള നടപടി നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള പ്രകാരമായിരിക്കുന്നതാണ്:

എന്നാൽ, രജിസ്ട്രേഷൻ റദ്ദാക്കുന്നതിനു മുമ്പ്, രജിസ്റ്റർ ചെയ്യപ്പെട്ട ഉടമയെ കേൾക്കുവാനുള്ള ന്യായമായ അവസരം നൽകേണ്ടതാണ്.

51. <u>രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താക്കളെ സംബന്ധിച്ച കരാറുമായി ബന്ധപ്പെട്ട വിവരം ആവശ്യപ്പെടുന്നതിന് രജിസ്ട്രാർക്കുള്ള അധികാരം.</u>—(1) രജിസ്ട്രാർക്ക്, രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താവിന്റെ രജിസ്ട്രേഷൻ തുടർന്നുകൊണ്ടിരിക്കുന്ന ഏത് സമയത്തും ലിഖിതമായി നോട്ടീസ് പ്രകാരം, 49-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ (ക) ഖണ്ഡപ്രകാരം ഫയൽ ചെയ്ത കരാർ പ്രാബല്യത്തിൽ തുടരുന്നുണ്ടെന്ന് ഒരു മാസത്തിനുള്ളിൽ സ്ഥിരീകരിക്കണമെന്ന് രജിസ്റ്റർ ചെയ്യപ്പെട്ട ഉടമയോട് ആവശ്യപ്പെടാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പു പ്രകാരം ആവശ്യപ്പെട്ടതനുസരിച്ചുള്ള സ്ഥിരീകരണം ഒരു മാസത്തിനുള്ളിൽ നൽകുന്നതിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഉടമ വീഴ്ച വരുത്തുന്നപക്ഷം, പ്രസ്തുത കാലയളവ് കഴിഞ്ഞ് തൊട്ടടുത്ത ദിവസം രജിസ്റ്റർ ചെയ്യപ്പെട്ട ഉടമ, രജിസ്റ്റർ ചെയ്യപ്പെട്ട ഉടമ അല്ലാതായി തീരുന്നതും അത് രജിസ്ട്രാർ വിജ്ഞാപനപ്പെടുത്തേണ്ടതുമാണ്.

52. <u>ലംഘനത്തിനെതിരെ നടപടികൾ എടുക്കുന്നതിന് രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താവിനുള്ള അധികാരം.</u>—(1) കക്ഷികൾ തമ്മിൽ നിലവിലുള്ള ഏതെങ്കിലും കരാറിനുവിധേയമായി, രജിസ്റ്റർ ചെയ്യപ്പെട്ട ഒരുപയോക്താവിന്, താൻ രജിസ്റ്റർ ചെയ്യപ്പെട്ട ഉടമ ആയിരുന്നാൽ എന്നതുപോലെ ലംഘനത്തിനെതിരെ, അങ്ങനെയുള്ള കേസിലെ രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താവിന്റെ അവകാശങ്ങളും കടപ്പാടുകളും രജിസ്റ്റർ ചെയ്യപ്പെട്ട ഉടമയുടേതുമായി സമവർത്തിയായിരിക്കുന്നിടത്ത് രജിസ്റ്റർ ചെയ്യപ്പെട്ട ഉടമയെ പ്രതിയാക്കി തന്റെ സ്വന്തം പേരിൽ നടപടി ആരംഭിക്കാവുന്നതാണ്.

(2) മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അപ്രകാരം പ്രതിയായി ചേർക്കപ്പെട്ട രജിസ്റ്റർ ചെയ്യപ്പെട്ട ഒരു ഉടമ, അയാൾ ഹാജരാകുകയും നടപടികളിൽ പങ്കെടുക്കുകയും ചെയ്യാതിരിക്കുന്നപക്ഷം, യാതൊരു ചെലവിനും ബാദ്ധ്യസ്ഥനായിരിക്കുന്നതല്ല.

53. <u>ലംഘനത്തിനെതിരെ നടപടി എടുക്കുന്നതിന് അനുവദിക്കപ്പെട്ട ഉപയോക്താവിന് അവകാശമില്ലെന്ന്.</u>—2-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ദ) ഖണ്ഡം (ii)-ാം ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഒരു ആൾക്ക് ഏതെങ്കിലും ലംഘനത്തിന് ഏതെങ്കിലും നടപടി ആരംഭിക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതല്ല.

54. <u>രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താവിന് തീറു നൽകുന്നതിനോ കൈമാറ്റം നടത്തുന്നതിനോ അവകാശം ഉണ്ടായിരിക്കുന്നതല്ലെന്ന്.</u>—ഈ ആക്റ്റിലെ യാതൊന്നും തന്നെ ഒരു വ്യാപാരമുദ്രയുടെ രജിസ്റ്റർ ചെയ്യപ്പെട്ട ഉടമയ്ക്ക് അതിന്റെ ഉപയോഗം തീറു നൽകുന്നതിനോ കൈമാറ്റം നടത്തുന്നതിനോ ഉള്ള അവകാശം നൽകുന്നതല്ല.

<u>വിശദീകരണം I.</u>—ഒരു വ്യാപാരമുദ്രയുടെ രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താവിന്റെ അവകാശം, താഴെപ്പറയുന്ന സംഗതികളിൽ, ഈ വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ തീറുനൽകിയതായോ അല്ലെങ്കിൽ കൈമാറ്റം ചെയ്തതായോ കരുതപ്പെടാവുന്നതല്ല, അതായത്:—

(ക) ഒരു രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താവ് ഒരു വ്യക്തി ആയിരിക്കുമ്പോൾ, ബന്ധപ്പെട്ട ബിസിനസ് നടത്തുന്നതിലേക്ക് മറ്റേതെങ്കിലും ആളുമായി ഒരു പാർട്ണർഷിപ്പിൽ ഏർപ്പെടുന്നിടത്ത്, എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും സംഗതിയിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താവ് ഫേമിലെ ഒരു അംഗമായിരിക്കുന്നിടത്തോളം കാലം മാത്രം, ആ വ്യാപാരമുദ്ര, മറ്റു വിധത്തിൽ പ്രാബല്യത്തിലുള്ള പക്ഷം, ഫേമിന് ഉപയോഗിക്കാവുന്നതാണ്;

(ഖ) രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താവ് ഒരു ഫേമായിരിക്കുമ്പോൾ, അതിന്റെ ഘടനയിൽ പിന്നീട് മാറ്റം ഉണ്ടാകുന്നിടത്ത്, എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും സംഗതിയിൽ, രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താവായുള്ള ആദ്യഫേമിന്റെ രജിസ്ട്രേഷൻ സമയത്തുള്ള അതിലെ ഏതെങ്കിലും പങ്കാളി പുനഃസംഘടിപ്പിക്കപ്പെട്ട ഫേമിലെ ഒരു പങ്കാളിയായി തുടരുന്നിടത്തോളം കാലം മാത്രം പുനഃസംഘടിപ്പിക്കപ്പെട്ട ഫേമിന് ആ വ്യാപാരമുദ്ര ഉപയോഗിക്കാവുന്നതാണ്.

<u>വിശദീകരണം II.</u>—വിശദീകരണം I-ന്റെ ആവശ്യങ്ങൾക്കായി, "ഫേം" എന്നതിന്, ഇൻഡ്യൻ പങ്കാളിത്ത ആക്റ്റ്, 1932 (1932-ലെ 9)-ലെ അതേ അർത്ഥമായിരിക്കുന്നതാണ്.

55. <u>കൂട്ടുചേർന്നതോ അല്ലെങ്കിൽ സാരവത്തായ സമാനതയുള്ളതോ ആയ വ്യാപാരമുദ്രകളിൽ ഒന്നിന്റെ ഉപയോഗം മറ്റൊന്നിന്റെ ഉപയോഗത്തിന് തുല്യമാണെന്ന്.</u>—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം, ഏതെങ്കിലും ആവശ്യത്തിന് രജിസ്റ്റർ ചെയ്യപ്പെട്ട ഒരു വ്യാപാരമുദ്രയുടെ ഉപയോഗം തെളിയിക്കേണ്ടത് ആവശ്യമായിരിക്കുന്നിടത്ത്, ട്രിബ്യൂണലിന് അതിന് ശരിയെന്ന് കരുതുന്നത്രത്തോളം രജിസ്റ്റർ ചെയ്യപ്പെട്ട ഒരു കൂട്ടു വ്യാപാരമുദ്രയുടേയോ അല്ലെങ്കിൽ വ്യാപാരമുദ്രയുടെ അനന്യതയെ സാരവത്തായി ബാധിക്കാത്ത കൂട്ടിച്ചേർക്കലുകളോടോ മാറ്റങ്ങളോടോ കൂടിയ വ്യാപാരമുദ്രയുടെയോ ഉപയോഗം, തെളിയിക്കേണ്ടതാവശ്യമായ ഉപയോഗത്തിന് തുല്യമായി സ്വീകരിക്കാവുന്നതാണ്.

(2) ഈ ആക്റ്റിലെ ആവശ്യങ്ങൾക്ക്, രജിസ്റ്റർ ചെയ്യപ്പെട്ട വ്യാപാരമുദ്രയുടെ പൂർണ്ണ ഉപയോഗം, അതിന്റെ ഭാഗമായതും ഒരേ ഉടമയുടെ പേരിൽ 15-ാം വകുപ്പ് (1)-ാം ഉപവകുപ്പിനനുസൃതമായി രജിസ്റ്റർ ചെയ്തതുമായ ഏതെങ്കിലും വ്യാപാരമുദ്രയുടെ ഉപയോഗമായി കരുതപ്പെടാവുന്നതാണ്.

(3) 32-ാം വകുപ്പിൽ എന്തുതന്നെ ആയിരുന്നാലും, (2)-ാം ഉപവകുപ്പിലെ രജിസ്റ്റർ ചെയ്യപ്പെട്ട വ്യാപാരമുദ്രയുടെ ഭാഗത്തിന്റെ ഉപയോഗം ഈ ആക്റ്റിൻകീഴിലുള്ള ഏതെങ്കിലും ഉദ്ദേശ്യങ്ങൾക്കായി അതിന്റെ സ്പഷ്ടതയുടെ തെളിവിന് നിശ്ചായകമായിരിക്കുന്നതല്ല.

56. കയറ്റുമതി വ്യാപാരത്തിനായി വ്യാപാരമുദ്രയുടെ ഉപയോഗവും വ്യാപാര ബന്ധത്തിന്റെ രീതി മാറുമ്പോഴുള്ള ഉപയോഗവും.—(1) ഭാരതത്തിൽ നിന്നും കയറ്റി അയയ്ക്കേണ്ടതായ ചരക്കുകളിലോ അല്ലെങ്കിൽ ഭാരതത്തിന് വെളിയിലെ സേവനങ്ങളുമായി ബന്ധപ്പെട്ട ഉപയോഗത്തിനായോ ഉള്ള വ്യാപാരമുദ്രയുടെ ഭാരതത്തിലെ ഉപയോഗവും ഭാരതത്തിന് വെളിയിലേക്ക് അപ്രകാരം കയറ്റുമതി ചെയ്യേണ്ട ചരക്കുകളെയോ അല്ലെങ്കിൽ അപ്രകാരം നൽകപ്പെടുന്ന സേവനങ്ങളേയോ സംബന്ധിച്ച് ഭാരതത്തിൽ ചെയ്യുന്ന മറ്റേതെങ്കിലും പ്രവർത്തിയും, അത് ഭാരതത്തിനകത്ത് വിൽക്കേണ്ട ചരക്കുകളെയോ നൽകപ്പെടുന്ന സേവനങ്ങളെയോ അല്ലെങ്കിൽ മറ്റു വിധത്തിൽ വ്യാപാരം നടത്തുന്നതോ സംബന്ധിച്ച് ചെയ്യപ്പെടുന്നത് ഒരു വ്യാപാരമുദ്രയുടെ അതിലെ ഉപയോഗമായിത്തീരുമായിരുന്നപക്ഷം, ഈ ആക്റ്റിൻ കീഴിലോ അല്ലെങ്കിൽ മറ്റേതെങ്കിലും നിയമത്തിൻകീഴിലോ ഏതൊരാവശ്യത്തിനായാണോ അങ്ങനെയുള്ള ഉപയോഗം സാരവത്തായിത്തീരുന്നത് ആ ചരക്കുകളേയോ സേവനങ്ങളേയോ സംബന്ധിച്ച വ്യാപാരമുദ്രയുടെ ഉപയോഗമായിത്തീർന്നതായി കരുതപ്പെടേണ്ടതാണ്.

(2) ചരക്കുകളേയോ, സേവനങ്ങളെയോ സംബന്ധിച്ച് രജിസ്റ്റർ ചെയ്യപ്പെട്ട ഒരു വ്യാപാര മുദ്രയുടെ ഉപയോഗവും മുദ്ര ഉപയോഗിക്കുന്ന ആളും തമ്മിൽ വ്യാപാരവേളയിൽ ഏതെങ്കിലും രീതിയിലുള്ള ബന്ധം നിലനിൽക്കുന്നത്, ചരക്കുകളേയോ സേവനങ്ങളേയോ സംബന്ധിച്ച് ഉപയോഗിക്കപ്പെട്ടിരുന്നതോ ഉപയോഗിച്ചതോ ആയ മുദ്രയും ആ ആളോ ആ ആളുടെ പൂർവ്വാവകാശിയോ തമ്മിൽ വ്യാപാര വേളയിൽ വ്യത്യസ്ത രീതിയിലുള്ള ഒരു ബന്ധം നിലനിന്നിരുന്നുവെന്നോ നിലനിൽക്കുന്നുവെന്നോ ഉള്ള ഒറ്റ കാരണത്താൽ മാത്രം കബളിപ്പിക്കുന്നതിനോ ചിന്താക്കുഴപ്പം ഉണ്ടാക്കുന്നതിനോ സാധ്യതയുള്ളതായി കരുതപ്പെടാവുന്നതല്ല.

## അദ്ധ്യായം VII

## രജിസ്റ്റർ ശരിയാക്കലും തെറ്റു തിരുത്തലും

57. രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനും അല്ലെങ്കിൽ വ്യത്യാസപ്പെടുത്തുന്നതിനും രജിസ്റ്റർ ശരിയാക്കുന്നതിനുമുള്ള അധികാരം.—(1) സങ്കടമുള്ള ഏതെങ്കിലും ആൾ അപ്പലേററ് ബോർഡിനോ രജിസ്ട്രാർക്കോ നിർണ്ണയിക്കപ്പെട്ട രീതിയിൽ നൽകിയ അപേക്ഷയിൻമേൽ, ട്രിബ്യൂണലിന്, വ്യാപാരമുദ്രയുടെ രജിസ്ട്രേഷൻ സംബന്ധിച്ച് രജിസ്റ്ററിൽ ചേർത്തിട്ടുള്ള ഏതെങ്കിലും വ്യവസ്ഥയുടെ ലംഘനത്തിന്റെയോ അല്ലെങ്കിൽ അത് പാലിക്കുന്നതിൽ വീഴ്ച വരുത്തിയതിന്റെയോ കാരണത്താൽ, ഒരു വ്യാപാര മുദ്രയുടെ രജിസ്ട്രേഷൻ റദ്ദു ചെയ്യുന്നതിനോ വ്യത്യാസപ്പെടുത്തുന്നതിനോ വേണ്ടി അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള ഉത്തരവ് പാസ്സാക്കാവുന്നതാണ്.

(2) രജിസ്റ്ററിൽ ഏതെങ്കിലും ഉൾക്കുറിപ്പ് ഇല്ലാതിരിക്കുകയോ അല്ലെങ്കിൽ വിട്ടുപോവുകയോ അല്ലെങ്കിൽ മതിയായ കാരണം കൂടാതെ രജിസ്റ്ററിൽ ഏതെങ്കിലും ഉൾക്കുറിപ്പ് വരുത്തുകയോ അല്ലെങ്കിൽ ഏതെങ്കിലും ഉൾക്കുറിപ്പ് രജിസ്റ്ററിൽ തെറ്റായി അവശേഷിക്കുകയോ അല്ലെങ്കിൽ രജിസ്റ്ററിലെ ഏതെങ്കിലും ഉൾക്കുറിപ്പിലുള്ള ഏതെങ്കിലും തെറ്റോ ന്യൂനതയോമൂലം സങ്കടമുള്ള ഏതെങ്കിലും ആൾക്ക് അപ്പലേററ് ബോർഡിനോ രജിസ്ട്രാർക്കോ നിർണ്ണയിക്കപ്പെട്ട രീതിയിൽ അപേക്ഷിക്കാവുന്നതും, ട്രിബ്യൂണലിന്, ഉൾക്കുറിപ്പ് വരുത്തുന്നതിനും നീക്കം ചെയ്യുന്നതിനും വ്യത്യാസപ്പെടുത്തുന്നതിനും വേണ്ടി അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

(3) ഈ വകുപ്പു പ്രകാരമുള്ള ഏതൊരു നടപടിയിലും, ട്രിബ്യൂണലിന്, രജിസ്റ്ററിന്റെ ശരിയാക്കൽ സംബന്ധിച്ച് തീരുമാനമെടുക്കുന്നതിന് ആവശ്യമോ ഉചിതമോ ആയ ഏതൊരു പ്രശ്നവും തീരുമാനിക്കാവുന്നതാണ്.

(4) ട്രിബ്യൂണലിന് സ്വമേധയാ ബന്ധപ്പെട്ട കക്ഷികൾക്ക് നിർണ്ണയിക്കപ്പെട്ട രീതിയിൽ നോട്ടീസ് നൽകിയശേഷവും അവരെ കേൾക്കുന്നതിന് ഒരു അവസരം നൽകിയശേഷവും (1)-ാം ഉപവകുപ്പിലോ (2)-ാം ഉപവകുപ്പിലോ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും ഉത്തരവ് പാസ്സാക്കാവുന്നതാണ്.

(5) രജിസ്റ്റർ ശരിയാക്കിക്കൊണ്ടുള്ള അപ്പലേററ് ബോർഡിന്റെ ഏതെങ്കിലും ഉത്തരവിൽ, രജിസ്റ്റർ ശരിയാക്കലിന്റെ നോട്ടീസ് നിർണ്ണയിക്കപ്പെട്ട രീതിയിൽ രജിസ്ട്രാർക്ക് നൽകേണ്ടതാണെന്ന് നിർദ്ദേശിക്കേണ്ടതും രജിസ്ട്രാർ, അങ്ങനെയുള്ള നോട്ടീസ് ലഭിച്ചതിൻമേൽ അതിനനുസൃതമായി രജിസ്റ്റർ ശരിയാക്കേണ്ടതുമാണ്.

58. രജിസ്റ്ററിലെ തെററ് തിരുത്തൽ.—(1) രജിസ്ട്രാർക്ക്, രജിസ്റ്റർ ചെയ്യപ്പെട്ട ഉടമ നിർണ്ണയിക്കപ്പെട്ട രീതിയിൽ നൽകിയ അപേക്ഷയിൻമേൽ,—

(ക) ഒരു വ്യാപാരമുദ്രയുടെ രജിസ്റ്റർ ചെയ്യപ്പെട്ട ഉടമയുടെ പേരിലോ വിലാസത്തിലോ അല്ലെങ്കിൽ വിവരണത്തിലോ ഉള്ള ഏതെങ്കിലും തെറ്റോ അല്ലെങ്കിൽ വ്യാപാരമുദ്രയെ സംബന്ധിച്ച മറ്റേതെങ്കിലും ഉൾക്കുറിപ്പോ തിരുത്താവുന്നതും;

(ഖ) ഒരു വ്യാപാരമുദ്രയുടെ ഉടമയായി രജിസ്റ്റർ ചെയ്യപ്പെട്ട ഒരാളുടെ പേരിലോ വിലാസത്തിലോ അല്ലെങ്കിൽ വിവരണത്തിലോ ഏതെങ്കിലും മാറ്റം വരുത്താവുന്നതും;

(ഗ) രജിസ്റ്ററിലുള്ള ഒരു വ്യാപാരമുദ്രയുടെ ഉൾക്കുറിപ്പ് റദ്ദാക്കാവുന്നതും;

(ഘ) ഏതു ചരക്കുകളേയോ ചരക്കുകളുടെ വിഭാഗങ്ങളേയോ അല്ലെങ്കിൽ സേവനങ്ങളേയോ സംബന്ധിച്ചാണ് ഒരു വ്യാപാരമുദ്ര രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത് അവയിൽ നിന്നും ഏതെങ്കിലും ചരക്കുകളോ ചരക്കുകളുടെ വിഭാഗങ്ങളോ അല്ലെങ്കിൽ സേവനങ്ങളോ നീക്കം ചെയ്യാവുന്നതും,

അനന്തരഫലമായുണ്ടാകുന്ന ഏതെങ്കിലും ഭേദഗതിയോ മാറ്റമോ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ വരുത്താവുന്നതും ആ ആവശ്യത്തിലേക്കായി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് തന്റെ മുൻപാകെ ഹാജരാക്കേണ്ടതാണെന്ന് ആവശ്യപ്പെടാവുന്നതും ആണ്.

(2) രജിസ്ട്രാർക്ക്, ഒരു വ്യാപാരമുദ്രയുടെ രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താവ് നിർണ്ണയിക്കപ്പെട്ട രീതിയിൽ നൽകിയ അപേക്ഷയിൻമേലും രജിസ്റ്റർ ചെയ്യപ്പെട്ട ഉടമയ്ക്ക് നോട്ടീസ് നൽകിയതിനുശേഷവും രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താവിന്റെ പേരിലോ വിലാസത്തിലോ അല്ലെങ്കിൽ വിവരണത്തിലോ ഉള്ള ഏതെങ്കിലും തെറ്റ് തിരുത്തുകയോ അല്ലെങ്കിൽ എന്തെങ്കിലും മാറ്റം വരുത്തുകയോ ചെയ്യാവുന്നതാണ്.

59. രജിസ്റ്റർ ചെയ്യപ്പെട്ട വ്യാപാരമുദ്രയുടെ വ്യത്യാസപ്പെടുത്തൽ.—(1) ഒരു വ്യാപാരമുദ്രയുടെ രജിസ്റ്റർ ചെയ്യപ്പെട്ട ഉടമയ്ക്ക് വ്യാപാരമുദ്രയിൽ അതിന്റെ തിരിച്ചറിയലിനെ സാരവത്തായി ബാധിക്കാത്ത ഏതെങ്കിലും രീതിയിൽ കൂട്ടിച്ചേർക്കുന്നതിനോ വ്യത്യാസം വരുത്തുന്നതിനോ ഉള്ള അനുമതിക്കായി നിർണ്ണയിക്കപ്പെട്ട രീതിയിൽ രജിസ്ട്രാറോട് അപേക്ഷിക്കാവുന്നതും, രജിസ്ട്രാർക്ക് അനുമതി നിഷേധിക്കാവുന്നതോ അല്ലെങ്കിൽ അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള വ്യവസ്ഥകളിൻമേലും അങ്ങനെയുള്ള പരിമിതികൾക്ക് വിധേയമായും അനുവദിക്കാവുന്നതോ ആണ്.

(2) രജിസ്ട്രാർക്ക്, ഏതെങ്കിലും സംഗതിയിൽ അപ്രകാരം ചെയ്യുന്നത് ഉചിതമാണെന്ന് അദ്ദേഹം കരുതുന്നപക്ഷം, ഈ വകുപ്പിൻകീഴിലുള്ള ഒരു അപേക്ഷ നിർണ്ണയിക്കപ്പെട്ട രീതിയിൽ പരസ്യം ചെയ്യിക്കാവുന്നതും, അപ്രകാരം ചെയ്യുന്നിടത്ത്, പരസ്യ തീയതി മുതൽ നിർണ്ണയിക്കപ്പെട്ട സമയത്തിനുള്ളിൽ, നിർണ്ണയിക്കപ്പെട്ട രീതിയിൽ ഏതെങ്കിലും ആൾ രജിസ്ട്രാർക്ക്, അപേക്ഷയെ എതിർത്ത് നോട്ടീസ് നൽകുകയാണെങ്കിൽ, അപ്രകാരം ആവശ്യപ്പെടുന്നപക്ഷം, കക്ഷികളെ കേട്ടതിനുശേഷം രജിസ്ട്രാർക്ക് സംഗതി തീരുമാനിക്കാവുന്നതാണ്.

(3) ഈ വകുപ്പിൻകീഴിലുള്ള അനുമതി നൽകിയിട്ടുള്ളിടത്ത്, (2)-ാം ഉപവകുപ്പുപ്രകാരം അപേക്ഷ നേരത്തേതന്നെ പരസ്യപ്പെടുത്തിയിട്ടില്ലെങ്കിൽ, വ്യാപാരമുദ്ര വ്യത്യാസപ്പെടുത്തിയ പ്രകാരം നിർണ്ണയിക്കപ്പെട്ട രീതിയിൽ പരസ്യപ്പെടുത്തേണ്ടതാണ്.

60. ചരക്കുകളുടെയോ സേവനങ്ങളുടെയോ ഭേദഗതി ചെയ്യപ്പെട്ടതോ പകരം ചേർക്കപ്പെട്ടതോ ആയ തരംതിരിവ് രജിസ്റ്ററിന്റെ ഉൾക്കുറിപ്പുകളുമായി അനുയോജ്യമാക്കൽ.—(1) ഭേദഗതി ചെയ്യപ്പെടേണ്ടതിന് തൊട്ടു മുമ്പായി, ഏതു ചരക്കുകളേയോ ചരക്കുകളുടെ വിഭാഗങ്ങളേയോ അല്ലെങ്കിൽ സേവനങ്ങളേയോ സംബന്ധിച്ചാണോ ഒരു വ്യാപാരമുദ്ര രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത് (ഒന്നോ അതിലധികമോ വിഭാഗങ്ങളിലാണെങ്കിലും) അവയിൽ ഏതെങ്കിലും ചരക്കുകളോ ചരക്കുകളുടെ വിഭാഗങ്ങളോ അല്ലെങ്കിൽ സേവനങ്ങളോ കൂട്ടിച്ചേർക്കുന്നതോ അല്ലെങ്കിൽ ഏതെങ്കിലും ചരക്കുകളേയോ സേവനങ്ങളേയോ സംബന്ധിച്ച ഒരു വ്യാപാരമുദ്രയുടെ രജിസ്ട്രേഷന് മുൻ തീയതി നൽകുന്നതോ ആയ ഫലമുണ്ടാക്കുന്ന ഏതെങ്കിലും ഭേദഗതി രജിസ്ട്രാർ, രജിസ്റ്ററിൽ വരുത്താൻ പാടുള്ളതല്ല:

എന്നാൽ, അതിന്റെ നടപ്പാക്കൽ അനാവശ്യമായ കുഴപ്പം ഉൾക്കൊള്ളുന്നതാണെന്നും കൂട്ടിച്ചേർക്കലോ, അല്ലെങ്കിൽ അതതുസംഗതിപോലെ, മുൻ തീയതി നൽകലോ ചരക്കുകളുടേയോ സേവനങ്ങളുടേയോ സാരവത്തായ അളവിനെ ബാധിക്കുകയില്ലെന്നും ഏതെങ്കിലും ആളിന്റെ അവകാശങ്ങളെ സാരവത്തായി ഹനിക്കുന്നതല്ലെന്നും രജിസ്ട്രാർക്ക് ബോദ്ധ്യപ്പെടുന്നപക്ഷം ഈ ഉപവകുപ്പ് ബാധകമാകുന്നതല്ല.

(2) രജിസ്റ്റർ പ്രകാരം ഭേദഗതി ചെയ്യുന്നതിനുള്ള ഒരു നിർദ്ദേശം ബന്ധപ്പെട്ട വ്യാപാരമുദ്രയുടെ രജിസ്റ്റർ ചെയ്യപ്പെട്ട ഉടമയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും, നിർണ്ണയിക്കപ്പെട്ട രീതിയിൽ പരസ്യപ്പെടുത്തേണ്ടതും, നിർദ്ദിഷ്ട ഭേദഗതി (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകളെ ലംഘിക്കുന്നുവെന്ന കാരണത്താൽ സങ്കടമുള്ള ഏതൊരാളാലും രജിസ്ട്രാർ മുൻപാകെ എതിർക്കപ്പെടാവുന്നതുമാണ്.

## അദ്ധ്യായം VIII

## കൂട്ടുമുദ്രകൾ

61. കൂട്ടുമുദ്രകൾക്ക് വേണ്ടിയുള്ള പ്രത്യേക വ്യവസ്ഥകൾ.—(1) ഈ അദ്ധ്യായത്തിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി ഈ ആക്റ്റിലെ വ്യവസ്ഥകൾ കൂട്ടുമുദ്രകൾക്ക് ബാധകമാകുന്നതാണ്.

(2) ഒരു കൂട്ടുമുദ്രയെ സംബന്ധിച്ച് ഒരാളുടെ ചരക്കുകളേയോ സേവനങ്ങളേയോ മറ്റ് ആളുകളുടേതിൽനിന്നും വേർതിരിച്ചറിയുന്നതിന് 2-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (യഖ) ഖണ്ഡത്തിലെ പരാമർശം മുദ്രയുടെ ഉടമയായ ആളുകളുടെ സംഘടനയിലെ അംഗങ്ങളുടെ ചരക്കുകളെയോ സേവനങ്ങളേയോ മറ്റുള്ളവരുടേതിൽനിന്നും വേർതിരിച്ചറിയുന്നതിനുള്ള ഒരു പരാമർശമായി കരുതപ്പെടേണ്ടതാണ്.

62. കൂട്ടുമുദ്ര, സ്വഭാവത്തേയോ പ്രാധാന്യത്തേയോ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിലായിരിക്കരുതെന്ന്.— ഒരു കൂട്ടുമുദ്ര, പൊതുജനങ്ങളെ കബളിപ്പിക്കുന്നതിനോ ചിന്താക്കുഴപ്പം ഉണ്ടാക്കുന്നതിനോ സാദ്ധ്യത ഉള്ളപക്ഷം, പ്രത്യേകിച്ചും അത് ഒരു കൂട്ടുമുദ്രയല്ലാതെ മറ്റേതെങ്കിലും ആയി കരുതുന്നതിന് സാദ്ധ്യത ഉള്ളപക്ഷം, അത് രജിസ്റ്റർ ചെയ്യാൻ പാടില്ലാത്തതും, അങ്ങനെയുള്ള സംഗതിയിൽ, രജിസ്ട്രേഷനു വേണ്ടി അപേക്ഷിച്ചിട്ടുള്ള മുദ്രയിൽ അത് ഒരു കൂട്ടുമുദ്രയാണെന്നുള്ളതിന് എന്തെങ്കിലും സൂചന അടങ്ങിയിരിക്കേണ്ടതാണെന്ന് രജിസ്ട്രാർക്ക് ആവശ്യപ്പെടാവുന്നതുമാണ്.

63. കൂട്ടുമുദ്രകളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള റഗുലേഷനുകൾ അപേക്ഷയോടൊപ്പം ഉണ്ടായിരിക്കേണ്ടതാണെന്ന്.—(1) ഒരു കൂട്ടുമുദ്രയുടെ രജിസ്ട്രേഷനുള്ള ഒരു അപേക്ഷയോടൊപ്പം അങ്ങനെയുള്ള കൂട്ടുമുദ്രയുടെ ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള റഗുലേഷനുകൾ ഉണ്ടായിരിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള റഗുലേഷനുകളിൽ, മുദ്ര ഉപയോഗിക്കുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള ആളുകളേയും, സംഘടനയിലെ അംഗത്വത്തിനുള്ള വ്യവസ്ഥകളും, മുദ്ര ഉപയോഗിക്കുന്നതിനുള്ള വ്യവസ്ഥകളും, ദുരുപയോഗത്തിനെതിരെയുള്ള പിഴകളും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റു സംഗതികളും ഉൾപ്പെടെ, വിനിർദ്ദേശിക്കേണ്ടതാണ്.

64. രജിസ്ട്രാർ അപേക്ഷയും റഗുലേഷനുകളും സ്വീകരിക്കൽ.—രജിസ്ട്രേഷനുവേണ്ടിയുള്ള ആവശ്യകതകളെല്ലാം നിറവേറ്റിയിട്ടുണ്ടെന്ന് രജിസ്ട്രാർക്ക് തോന്നുന്നപക്ഷം, അദ്ദേഹം റഗുലേഷനുകൾ സഹിതമുള്ള അപേക്ഷ നിരുപാധികമായോ അല്ലെങ്കിൽ യുക്തമെന്ന് അദ്ദേഹത്തിന് തോന്നുന്ന പ്രസ്തുത റഗുലേഷനുകളുടെ ഭേദഗതികൾ ഏതെങ്കിലുമുണ്ടെങ്കിൽ, അവ ഉൾപ്പെടെ അങ്ങനെയുള്ള ഉപാധികൾക്ക് വിധേയമായോ സ്വീകരിക്കേണ്ടതും അല്ലെങ്കിൽ അത് സ്വീകരിക്കുന്നത് നിരസിക്കേണ്ടതും സ്വീകരിക്കുന്നപക്ഷം റഗുലേഷനുകൾ വിജ്ഞാപനം ചെയ്യേണ്ടതുമാണ്.

65. റഗുലേഷനുകൾ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന്.—63-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള റഗുലേഷനുകൾ, 148-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രജിസ്റ്റർ പരിശോധിക്കുന്നതിനുള്ള അതേ രീതിയിൽ പൊതുജനങ്ങളുടെ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

66. റഗുലേഷനുകളുടെ ഭേദഗതി.—63-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള റഗുലേഷനുകളുടെ ഭേദഗതി, ഭേദഗതി ചെയ്യപ്പെട്ട റഗുലേഷനുകൾ രജിസ്ട്രാർക്ക് ഫയൽ ചെയ്യുകയും അദ്ദേഹം 64-ാം വകുപ്പനുസരിച്ച് സ്വീകരിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യാത്തപക്ഷം പ്രാബല്യമുണ്ടായിരിക്കുന്നതല്ല.

67. കൂട്ടുമുദ്രയുടെ രജിസ്റ്റർ ചെയ്യപ്പെട്ട ഉടമയാൽ ലംഘനത്തിനുള്ള നടപടികൾ.—ഒരു കൂട്ടുമുദ്രയുടെ രജിസ്റ്റർ ചെയ്യപ്പെട്ട ഉടമ വാദിയായി ലംഘനത്തിന് ബോധിപ്പിച്ച ഒരു വ്യവഹാരത്തിൽ, അധികാരപ്പെടുത്തപ്പെട്ട ഉപയോക്താക്കൾക്ക് ഉണ്ടായതോ ഉണ്ടാകാൻ സാദ്ധ്യതയുള്ളതോ ആയ ഏതെങ്കിലും നഷ്ടം കോടതി കണക്കിലെടുക്കേണ്ടതും അധികാരപ്പെടുത്തപ്പെട്ട അങ്ങനെയുള്ള ഉപയോക്താക്കൾക്കുവേണ്ടി വാദിക്ക് കൈവശം വയ്ക്കാവുന്നത്ര ധനപരമായ പരിഹാരഫലത്തെ സംബന്ധിച്ച് അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള നിർദ്ദേശങ്ങൾ നൽകാവുന്നതുമാണ്.

68. കൂട്ടുമുദ്രയുടെ രജിസ്ട്രേഷൻ നീക്കം ചെയ്യുന്നതിനുള്ള അധികാരങ്ങൾ.—ഒരു കൂട്ടുമുദ്രയുടെ രജിസ്ട്രേഷൻ താഴെപ്പറയുന്ന കാരണങ്ങളാലും രജിസ്റ്ററിൽനിന്നും നീക്കം ചെയ്യാവുന്നതാണ്,—

(ക) ഉടമയോ അധികാരപ്പെടുത്തപ്പെട്ട ഉപയോക്താവോ കൂട്ടുമുദ്ര ഉപയോഗിച്ച രീതി, അതൊരു കൂട്ടുമുദ്രയാണെന്ന് പൊതുജനത്തെ തെറ്റിദ്ധരിപ്പിക്കാൻ കാരണമാക്കി; അല്ലെങ്കിൽ

(ഖ) മുദ്ര ഉപയോഗിക്കുന്നത് നിയന്ത്രിക്കുന്നതിനുള്ള റഗുലേഷനുകൾ പാലിക്കുന്നതിലോ അല്ലെങ്കിൽ പാലിക്കുന്നത് ഉറപ്പുവരുത്തുന്നതിലോ ഉടമ വീഴ്ച വരുത്തി.

വിശദീകരണം I.—ഈ അദ്ധ്യായത്തിലെ ആവശ്യങ്ങൾക്കായി, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം, "അധികാരപ്പെടുത്തപ്പെട്ട ഉപയോക്താവ്" എന്നാൽ ഒരു സംഘടനയുടെ രജിസ്റ്റർ ചെയ്യപ്പെട്ട കൂട്ടുമുദ്ര ഉപയോഗിക്കുന്നതിന് അധികാരപ്പെടുത്തിയ ഒരു സംഘടനയിലെ ഒരു അംഗം എന്നർത്ഥമാകുന്നു.

വിശദീകരണം II.—ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, വിശദീകരണം I-ൽ പരാമർശിച്ച ഒരു കൂട്ടുമുദ്രയുടെ അധികാരപ്പെടുത്തപ്പെട്ട ഒരു ഉപയോക്താവിന്റെ ഉപയോഗം അതിന്റെ രജിസ്റ്റർ ചെയ്യപ്പെട്ട ഉടമയുടെ ഉപയോഗമായി കരുതപ്പെടേണ്ടതാണ്.

## അദ്ധ്യായം IX

## സാക്ഷ്യപ്പെടുത്തൽ വ്യാപാരമുദ്രകൾ

69. ഈ ആക്റ്റിലെ ചില വ്യവസ്ഥകൾ സാക്ഷ്യപ്പെടുത്തൽ വ്യാപാരമുദ്രകൾക്ക് ബാധകമല്ലെന്ന്.—ഈ ആക്റ്റിലെ താഴെപ്പറയുന്ന വ്യവസ്ഥകൾ സാക്ഷ്യപ്പെടുത്തൽ വ്യാപാരമുദ്രകൾക്ക് ബാധകമാകുന്നതല്ല; അതായത്,—

(ക) 9-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ (ക)-യും (ഗ)-യും ഖണ്ഡങ്ങൾ;

(ഖ) 18, 20, 21 എന്നീ വകുപ്പുകൾ, ഈ അദ്ധ്യായത്തിനാൽ പ്രകടമായി ബാധകമാക്കിയിട്ടുള്ള പ്രകാരമൊഴികെ;

(ഗ) 28, 29, 30, 41, 42, 47, 48, 49, 50, 52, 54 എന്നീ വകുപ്പുകളും 56-ാം വകുപ്പിലെ (2)-ാം ഉപവകുപ്പും;

(ഘ) XII-ാം അദ്ധ്യായം, 107-ാം വകുപ്പ് ഒഴികെ.

70. സാക്ഷ്യപ്പെടുത്തൽ വ്യാപാരമുദ്രകളുടെ രജിസ്ട്രേഷൻ.—സാക്ഷ്യപ്പെടുത്തിയ ഇനത്തിലുള്ള ചരക്കുകളിൽ ഒരു വ്യാപാരം നടത്തുന്ന ഒരാളുടെ പേരിലോ അല്ലെങ്കിൽ സാക്ഷ്യപ്പെടുത്തിയ ഇനത്തിലുള്ള സേവനങ്ങളുടെ വ്യവസ്ഥയിൽ വ്യാപാരം നടത്തുന്ന ഒരാളുടെ പേരിലോ ഒരു മുദ്ര ഒരു സാക്ഷ്യപ്പെടുത്തൽ വ്യാപാരമുദ്രയായി രജിസ്റ്റർ ചെയ്യപ്പെടാവുന്നതല്ല.

71. സാക്ഷ്യപ്പെടുത്തൽ വ്യാപാരമുദ്രകളുടെ രജിസ്ട്രേഷന് വേണ്ടിയുള്ള അപേക്ഷകൾ.—(1) ഒരു സാക്ഷ്യപ്പെടുത്തൽ വ്യാപാരമുദ്രയായി ഒരു മുദ്രയുടെ രജിസ്ട്രേഷന് വേണ്ടിയുള്ള ഒരു അപേക്ഷ, അതിന്റെ ഉടമയായി രജിസ്റ്റർ ചെയ്യപ്പെടാൻ നിർദ്ദേശിക്കപ്പെട്ട ആൾ, രജിസ്ട്രാർക്ക് നിർണ്ണയിക്കപ്പെട്ട രീതിയിൽ നൽകേണ്ടതും അത് 74-ാം വകുപ്പുപ്രകാരം നൽകേണ്ടതായ റഗുലേഷനുകളുടെ കരട് സഹിതം ആയിരിക്കേണ്ടതുമാണ്.

(2) 70-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, 18, 19, 22 എന്നീ വകുപ്പുകളിലെ വ്യവസ്ഥകൾ, അവ 18-ാം വകുപ്പു പ്രകാരമുള്ള ഒരു അപേക്ഷയെ സംബന്ധിച്ച് ബാധകമാകുന്നതുപോലെ, അതിൽ അപേക്ഷയുടെ സ്വീകരിക്കൽ എന്ന പരാമർശങ്ങൾക്ക് ഒരു അപേക്ഷയിൻമേൽ നടപടി സ്വീകരിക്കുന്നതിനുള്ള അധികാരപ്പെടുത്തലിന്റെ പരാമർശങ്ങളായി അർത്ഥം കല്പിക്കേണ്ടതാണെന്നുള്ള ഭേദഗതികൾക്ക് വിധേയമായി, ഈ വകുപ്പു പ്രകാരമുള്ള അപേക്ഷ സംബന്ധിച്ച് ബാധകമാകുന്നതാണ്.

(3) ഈ വകുപ്പിൻകീഴിലുള്ള ഒരു അപേക്ഷ, പ്രസ്തുത വ്യവസ്ഥകളനുസരിച്ച് കൈകാര്യം ചെയ്യുമ്പോൾ, ട്രിബ്യൂണൽ പ്രസക്തമാകുന്നിടത്തോളം, ആ അപേക്ഷ, 18-ാം വകുപ്പു പ്രകാരമുള്ള അപേക്ഷകൾ ആയിരുന്നാൽ എന്നതുപോലെ ഈ വകുപ്പിൻകീഴിലുള്ള അപേക്ഷകൾക്ക് പ്രസക്തമായി മറ്റേതെങ്കിലും പരിഗണനകളും, ഒരു സാക്ഷ്യപ്പെടുത്തൽ വ്യാപാരമുദ്ര, അതൊരു സാക്ഷ്യപ്പെടുത്തൽ വ്യാപാരമുദ്രയാണെന്നതിനുള്ള ചില സൂചനകൾ അടങ്ങുന്നതാണെന്ന് ഉറപ്പാക്കുന്നത് അഭികാമ്യമാണെന്നതുൾപ്പെടെയുള്ള അതേപോലുള്ള പരിഗണനകളും കണക്കിലെടുക്കേണ്ടതാണ്.

72. രജിസ്ട്രേഷനുള്ള അപേക്ഷ രജിസ്ട്രാർ പരിഗണിക്കുന്നത്.—(1) 71-ാം വകുപ്പു പ്രകാരം നൽകിയ അപേക്ഷ, രജിസ്ട്രാർ താഴെ പറയുന്ന സംഗതികൾ, അതായത്,—

(ക) രജിസ്റ്റർ ചെയ്യേണ്ടതായ മുദ്രയെ സംബന്ധിച്ച ചരക്കുകൾ സാക്ഷ്യപ്പെടുത്തുന്നതിന് അപേക്ഷകന് അധികാരമുണ്ടോയെന്നും;

(ഖ) 74-ാം വകുപ്പനുസരിച്ച് സമർപ്പിക്കേണ്ടതായ റഗുലേഷനുകളുടെ കരട് തൃപ്തികരമാണോ എന്നും;

(ഗ) എല്ലാ സാഹചര്യങ്ങളിലും അപേക്ഷിക്കപ്പെട്ടിട്ടുള്ള രജിസ്ട്രേഷൻ പൊതുജനോപകാര പ്രദമാകുമോയെന്നും,

കണക്കിലെടുത്ത് പരിഗണിക്കേണ്ടതും, അദ്ദേഹത്തിന്—

(i) അപേക്ഷ നിരസിക്കാവുന്നതും; അല്ലെങ്കിൽ

(ii) അപേക്ഷ സ്വീകരിക്കാവുന്നതും റഗുലേഷനുകളുടെ പ്രസ്തുത കരട്, പ്രസ്തുത സംഗതികളിൽ ഏതെങ്കിലും കണക്കിലെടുത്ത് ആവശ്യമെന്ന് അദ്ദേഹത്തിന് തോന്നുന്നപക്ഷം, മാററങ്ങളില്ലാതെയും നിരുപാധികമായും അല്ലെങ്കിൽ ഏതെങ്കിലും ഉപാധികൾക്കോ പരിമിതികൾക്കോ അല്ലെങ്കിൽ അപേക്ഷയിലോ റഗുലേഷനുകളിലോ ഏതെങ്കിലും ഭേദഗതികൾക്കോ മാറ്റങ്ങൾക്കോ വിധേയമായി അംഗീകരിക്കാവുന്നതും, ആണ്.

(2) മാറ്റമില്ലാതെയും നിരുപാധികമായും സ്വീകരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന സംഗതിയിലൊഴികെ, അപേക്ഷകനെ കേൾക്കുവാനുള്ള ഒരു അവസരം നൽകാതെ (1)-ാം ഉപവകുപ്പു പ്രകാരമുള്ള ഏതെങ്കിലും സംഗതി രജിസ്ട്രാർ തീരുമാനിക്കാൻ പാടുള്ളതല്ല.

73. സാക്ഷ്യപ്പെടുത്തൽ വ്യാപാരമുദ്രയുടെ രജിസ്ട്രേഷനെ എതിർക്കൽ.—ഒരു അപേക്ഷ സ്വീകരിക്കപ്പെട്ടിട്ടുള്ളപ്പോൾ, രജിസ്ട്രാർ അതിനുശേഷം, കഴിയുന്നത്ര വേഗത്തിൽ അംഗീകരിച്ചപ്രകാരമുള്ള അപേക്ഷ നിർണ്ണയിക്കപ്പെട്ട രീതിയിൽ പരസ്യപ്പെടുത്തിക്കേണ്ടതും, മുദ്രയുടെ രജിസ്ട്രേഷൻ സംബന്ധിച്ച് 21-ാം വകുപ്പിലെ വ്യവസ്ഥകൾ, അവ 18-ാം വകുപ്പു പ്രകാരമുള്ള അപേക്ഷയ്ക്ക് ബാധകമാകുന്നതുപോലെ ബാധകമാകുന്നതാണ്.

74. സാക്ഷ്യപ്പെടുത്തൽ വ്യാപാരമുദ്രയുടെ ഉപയോഗത്തെ നിയന്ത്രിക്കുന്ന റഗുലേഷനുകൾ ഫയൽ ചെയ്യൽ.—(1) സാക്ഷ്യപ്പെടുത്തൽ വ്യാപാരമുദ്രയായി രജിസ്റ്റർ ചെയ്യപ്പെട്ട ഓരോ മുദ്രയേയും സംബന്ധിച്ച് അവയുടെ ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള റഗുലേഷനുകൾ വ്യാപാരമുദ്രകൾ രജിസ്റ്ററിയിൽ ഫയൽ ചെയ്യേണ്ടതും അവയിൽ ഉടമ ചരക്കുകൾ അല്ലെങ്കിൽ സേവനങ്ങളും സാക്ഷ്യപ്പെടുത്തേണ്ടതും സാക്ഷ്യപ്പെടുത്തൽ വ്യാപാരമുദ്ര ഉപയോഗിക്കുന്നത് അധികാരപ്പെടുത്തേണ്ടതുമായ സംഗതികളെ സംബന്ധിച്ച വ്യവസ്ഥകൾ ഉൾക്കൊള്ളിക്കേണ്ടതും രജിസ്ട്രാർ പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവ് വഴി അതിൽ ചേർക്കേണ്ടതാണെന്ന് ആവശ്യപ്പെടുകയോ അനുവദിക്കുകയോ ചെയ്ത മറ്റേതെങ്കിലും വ്യവസ്ഥകളും (റഗുലേഷനുകൾക്കനുസൃതമായി ചരക്കുകൾ സാക്ഷ്യപ്പെടുത്തുന്നതിനോ സാക്ഷ്യപ്പെടുത്തൽ വ്യാപാരമുദ്ര ഉപയോഗിക്കുന്നതിന് അധികാരപ്പെടുത്തുന്നതിനോ ഉടമ വിസമ്മതിക്കുന്നതിനെതിരായി രജിസ്ട്രാർക്ക് അപ്പീൽ നൽകുന്നതിനുള്ള അവകാശം നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടെ) അടങ്ങിയേക്കാവുന്നതും, അപ്രകാരം ഫയൽ ചെയ്ത റഗുലേഷനുകൾ 148-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള അതേ രീതിയിൽ രജിസ്റ്റർ പരിശോധനയ്ക്കായി തുറന്നു കൊടുക്കേണ്ടതുമാണ്.

(2) അപ്രകാരം ഫയൽ ചെയ്യപ്പെട്ട റഗുലേഷനുകളിൽ, രജിസ്റ്റർ ചെയ്യപ്പെട്ട ഉടമയുടെ അപേക്ഷയിന്മേൽ, രജിസ്ട്രാർക്ക് മാറ്റം വരുത്താവുന്നതാണ്.

(3) ഏതെങ്കിലും സംഗതിയിൽ, അപ്രകാരം ചെയ്യുന്നത് ഉചിതമാണെന്ന് രജിസ്ട്രാർക്ക് തോന്നുന്നപക്ഷം, അങ്ങനെയുള്ള അപേക്ഷ അദ്ദേഹത്തിന് പരസ്യപ്പെടുത്തിക്കാവുന്നതും അപ്രകാരം ചെയ്യുന്നിടത്ത്, പരസ്യത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള സമയത്തിനുള്ളിൽ ഏതെങ്കിലും അപേക്ഷയെ എതിർത്തുകൊണ്ട് നോട്ടീസ് നൽകുന്നപക്ഷം, കക്ഷികളെ കേൾക്കുവാനുള്ള ഒരു അവസരം നൽകാതെ, രജിസ്ട്രാർ സംഗതി തീരുമാനിക്കാൻ പാടുള്ളതല്ല.

75. <u>സാക്ഷ്യപ്പെടുത്തൽ വ്യാപാരമുദ്രയുടെ ലംഘനം.</u>—സാക്ഷ്യപ്പെടുത്തൽ വ്യാപാരമുദ്രയുടെ രജിസ്ററർ ചെയ്യപ്പെട്ട ഉടമയോ അല്ലെങ്കിൽ 74-ാം വകുപ്പിൻകീഴിൽ ഫയൽ ചെയ്ത റഗുലേഷനുകൾ പ്രകാരം അതിലേക്കായി അയാൾ അധികാരപ്പെടുത്തിയതും അതിനനുസൃതമായി അതുപയോഗിക്കുന്ന ഒരാളോ അല്ലാത്ത ഏതെങ്കിലും ഒരാൾ, ഏത് ചരക്കുകളേയോ സേവനങ്ങളേയോ സംബന്ധിച്ചാണോ സാക്ഷ്യപ്പെടുത്തൽ വ്യാപാരമുദ്ര രജിസ്ററർ ചെയ്യപ്പെട്ടിട്ടുളളത്, അതുമായി സമാനതയുളളതോ കബളിപ്പിക്കപ്പെടാവുന്ന സാമ്യമുളളതോ ആയതും ആ മുദ്രയുടെ ഉപയോഗം ഒരു വ്യാപാരമുദ്രയുടെ ഉപയോഗമായി കണക്കിലെടുക്കുന്നതിന് സാദ്ധ്യത നൽകുന്നതായ അങ്ങനെയുള്ള രീതിയിൽ ഒരു മുദ്രവ്യാപാരവേളയിൽ ഉപയോഗിക്കുന്നത് 78-ാം വകുപ്പു പ്രകാരം നൽകിയ അവകാശത്തിന്റെ ലംഘനമാണ്.

76. <u>സാക്ഷ്യപ്പെടുത്തൽ വ്യാപാരമുദ്രയുടെ ലംഘനമാകാത്ത പ്രവൃത്തികൾ.</u>—(1) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, താഴെപ്പറയുന്ന പ്രവൃത്തികൾ, രജിസ്ററർ ചെയ്യപ്പെട്ട ഒരു സാക്ഷ്യപ്പെടുത്തൽ വ്യാപാരമുദ്ര ഉപയോഗിക്കുന്നതിനുള്ള അവകാശത്തെ ലംഘിക്കുന്നതല്ല.

(ക) രജിസ്റററിൽ ചേർത്തിട്ടുള്ള ഏതെങ്കിലും ഉപാധികൾക്കും പരിമിതികൾക്കും വിധേയ മായി ഒരു സാക്ഷ്യപ്പെടുത്തൽ വ്യാപാരമുദ്ര രജിസ്ററർ ചെയ്യപ്പെട്ടിട്ടുള്ളിടത്ത്, ഏതെങ്കിലും സ്ഥലത്ത് വിൽക്കേണ്ടതോ അല്ലെങ്കിൽ മററു വിധത്തിൽ വ്യാപാരം നടത്തേണ്ടതോ ആയ ചരക്കുകളെ സംബന്ധിച്ചോ അല്ലെങ്കിൽ ഏതെങ്കിലും മാർക്കററിലേക്ക് കയററി അയയ്ക്കേണ്ട ചരക്കുകളെ സംബന്ധിച്ചോ അല്ലെങ്കിൽ ഏതെങ്കിലും സ്ഥലത്തോ രാജ്യത്തോ അല്ലെങ്കിൽ ഭൂപ്രദേശത്തോ ഉപയോഗിക്കുന്നതിനോ അല്ലെങ്കിൽ സ്വീകരിക്കുന്നതിനോ ലഭ്യമായ സേവനങ്ങളെ സംബന്ധിച്ചോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും പരിമിതികൾ കണക്കിലെടുത്ത് രജിസ്ട്രേഷൻ വ്യാപിക്കാത്ത മറ്റേതെങ്കിലും സാഹചര്യങ്ങളിലോ അങ്ങനെയുള്ള ഏതെങ്കിലും മുദ്രയുടെ ഏതെങ്കിലും രീതിയിലുള്ള ഉപയോഗം;

(ഖ) മുദ്രയുടെ ഉടമ സാക്ഷ്യപ്പെടുത്തിയ ചരക്കുകളെയോ സേവനങ്ങളെയോ സംബന്ധിച്ച് ഒരു സാക്ഷ്യപ്പെടുത്തൽ വ്യാപാരമുദ്രയുടെ ഉപയോഗം, ആ ചരക്കുകളോ സേവനങ്ങളോ അല്ലെങ്കിൽ അവയുടെ ഭൂരിഭാഗമോ സംബന്ധിച്ച് ഉടമയോ അല്ലെങ്കിൽ ബന്ധപ്പെട്ട റഗുലേഷനുകൾ പ്രകാരം അയാൾ അധികാരപ്പെടുത്തിയതനുസരിച്ച് മററാരെങ്കിലുമോ മുദ്ര പ്രയോഗിക്കുകയും, പിന്നീട് അത് നീക്കം ചെയ്യുകയോ മായ്ച്ചുകളയുകയോ ചെയ്തിട്ടില്ലാത്തപക്ഷം, അല്ലെങ്കിൽ മുദ്ര ഉപയോഗി ക്കുന്നതിന് ഉടമ ഏതെങ്കിലും സമയത്ത് പ്രത്യക്ഷമായോ പരോക്ഷമായോ സമ്മതിച്ചിട്ടുളളപക്ഷം;

(ഗ) മുൻപറഞ്ഞ പ്രകാരം നൽകിയ അവകാശത്തിന്റെ ലംഘനം കൂടാതെ ഉപയോഗിക്കപ്പെ ട്ടതോ അല്ലെങ്കിൽ തത്സമയം അപ്രകാരം ഉപയോഗിച്ചിരുന്നേക്കാവുന്നതോ ആയ മുദ്രയെ സംബന്ധിച്ച് മററു ചരക്കുകളുടെ ഭാഗമാകുന്നതിനോ അനുബന്ധമാകുന്നതിനോ അനുയോജ്യമാക്കിയ ചരക്കുകളോ സേവനങ്ങളോ സംബന്ധിച്ച് ഒരു സാക്ഷ്യപ്പെടുത്തൽ വ്യാപാരമുദ്രയുടെ ഉപയോഗം, ആ ചരക്കുകളോ സേവനങ്ങളോ അപ്രകാരം അനുയോജ്യമാക്കിയതാണെന്ന് സൂചിപ്പിക്കുന്നതിന് ആ മുദ്രയുടെ ഉപയോഗം ന്യായമായും ആവശ്യമാണെന്നും മുദ്രയുടെ ഉപയോഗത്തിന്റെ ഉദ്ദേശ്യമോ ഫലമോ ആ ചരക്കുകളോ സേവനങ്ങളോ ഉടമ സാക്ഷ്യപ്പെടുത്തിയതാണെന്ന വസ്തുതയ്ക്ക് അനുസൃതമായതല്ലാതെ മററു വിധത്തിൽ സൂചിപ്പിക്കുന്നതിനല്ലാത്തപക്ഷം.

(2) ചരക്കുകളിലോ സേവനങ്ങളിലോ ഒരു സാക്ഷ്യപ്പെടുത്തൽ വ്യാപാരമുദ്രയുടെ പ്രയോഗം അടങ്ങുന്ന ഉപയോഗത്തിന്റെ സംഗതിയിൽ, (1)-ാം ഉപവകുപ്പിലെ (ഖ) ഖണ്ഡം, അങ്ങനെയുള്ള പ്രയോഗം ആ ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള റഗുലേഷനുകൾക്ക് വിരുദ്ധമാണെങ്കിൽ, അവ ആ ഖണ്ഡത്തിൽ പറഞ്ഞ പ്രകാരമുള്ള ചരക്കുകളോ സേവനങ്ങളോ ആയിരുന്നാൽതന്നെയും, ബാധക മാകുന്നതല്ല.

(3) ഒരു സാക്ഷ്യപ്പെടുത്തൽ വ്യാപാരമുദ്ര, ഈ ആക്റ്റിൻകീഴിൽ രജിസ്ററർ ചെയ്യപ്പെട്ട സമാനമായതോ അല്ലെങ്കിൽ അന്യോന്യം അടുത്ത സാദൃശ്യമുള്ളതോ ആയ രണ്ടോ അതിലധികമോ വ്യാപാരമുദ്രകളിൽ ഒന്നായിരിക്കുന്നിടത്ത്, രജിസ്ട്രേഷൻ മുഖേന ആ വ്യാപാരമുദ്ര ഉപയോഗിക്കുന്ന തിനുള്ള അവകാശം വിനിയോഗിച്ചുകൊണ്ട് ആ വ്യാപാരമുദ്രകളിൽ ഏതിന്റെയെങ്കിലും ഉപയോഗം ആ വ്യാപാരമുദ്രകളിൽ മറ്റേതിന്റെയെങ്കിലും ഉപയോഗത്തിന് അപ്രകാരം നൽകിയ അവകാശത്തിന്റെ ലംഘനമായി കരുതപ്പെടാൻ പാടുള്ളതല്ല.

77. <u>സാക്ഷ്യപ്പെടുത്തൽ വ്യാപാരമുദ്രകളുടെ രജിസ്ട്രേഷൻ റദ്ദാക്കൽ അല്ലെങ്കിൽ വ്യത്യാസ പ്പെടുത്തൽ.</u>—രജിസ്ട്രാർക്ക്, സങ്കടമുള്ള ഏതെങ്കിലും ആൾ നിർണ്ണയിക്കപ്പെട്ട രീതിയിൽ നൽകിയ അപേക്ഷയിൻമേലും, അപേക്ഷയെ എതിർക്കുന്നതിന് ഉടമയ്ക്ക് ഒരു അവസരം നൽകിയശേഷവും, ഒരു സാക്ഷ്യപ്പെടുത്തൽ വ്യാപാരമുദ്രയുടെ രജിസ്റററിലെ ഏതെങ്കിലും ഉൾക്കുറിപ്പ് നീക്കം ചെയ്യുന്നതിനോ വ്യത്യാസപ്പെടുത്തുന്നതിനോ അല്ലെങ്കിൽ റഗുലേഷനുകളിൽ വ്യത്യാസപ്പെടുത്തുന്നതിനോ താഴെ പറയുന്ന ഏതെങ്കിലും കാരണങ്ങളിൻമേൽ, അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്, അതായത്:—

(ക) ഏത് ചരക്കുകളേയോ സേവനങ്ങളേയോ സംബന്ധിച്ചാണോ മുദ്ര രജിസ്ററർ ചെയ്യപ്പെട്ടിട്ടുള്ളത്, അവയിൽ ഏതിന്റെയെങ്കിലും സംഗതിയിൽ, ആ ചരക്കുകളോ സേവനങ്ങളോ സാക്ഷ്യപ്പെടുത്തുന്നതിന് ഉടമയ്ക്ക് ഇനിമേൽ അധികാരമില്ലെന്നോ;

(ഖ) ഉടമ, താൻ പാലിക്കേണ്ടതായ റഗുലേഷനുകളിലെ ഏതെങ്കിലും വ്യവസ്ഥകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടെന്നോ;

(ഗ) ആ മുദ്ര രജിസ്ററർ ചെയ്യപ്പെട്ടതായി നിലനിൽക്കുന്നത് ഇനിമേൽ പൊതുജനങ്ങൾക്ക് പ്രയോജനപ്രദമല്ലെന്നോ;

(ഘ) മുദ്ര രജിസ്ററർ ചെയ്യപ്പെട്ടതായി നിലനിൽക്കുകയാണെങ്കിൽ പൊതുജന പ്രയോജനത്തിന്റെ ആവശ്യത്തിനായി റഗുലേഷനുകൾ വ്യത്യാസപ്പെടുത്തേണ്ടതാണെന്നോ.

78. സാക്ഷ്യപ്പെടുത്തൽ വ്യാപാരമുദ്രയുടെ രജിസ്ട്രേഷൻവഴി നൽകപ്പെട്ടിട്ടുള്ള അവകാശങ്ങൾ.—(1) 34, 35, 76 എന്നീ വകുപ്പുകളിലെ വ്യവസ്ഥകൾക്കു വിധേയമായി, ഏതെങ്കിലും ചരക്കുകളേയോ സേവനങ്ങളേയോ സംബന്ധിച്ച് സാക്ഷ്യപ്പെടുത്തൽ വ്യാപാരമുദ്രയുടെ ഉടമയായുള്ള ഒരാളുടെ രജിസ്ട്രേഷൻ, സാധുവാണെങ്കിൽ, ആ ചരക്കുകളേയോ സേവനങ്ങളേയോ സംബന്ധിച്ച മുദ്ര ഉപയോഗിക്കുന്നതിനുള്ള അനന്യമായ അവകാശം ആ ആളിന് നൽകുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം നൽകപ്പെട്ട ഒരു സാക്ഷ്യപ്പെടുത്തൽ വ്യാപാരമുദ്രയുടെ ഉപയോഗത്തിനുള്ള അനന്യമായ അവകാശം, രജിസ്ട്രേഷൻ ഏതെല്ലാം ഉപാധികൾക്കും പരിമിതികൾക്കും വിധേയമായിട്ടാണോ ഉള്ളത്, അവയ്ക്ക് വിധേയമായിരിക്കുന്നതാണ്.

## അദ്ധ്യായം X

## ടെക്സ്ററയിൽ ചരക്കുകൾക്കുവേണ്ടിയുള്ള പ്രത്യേക വ്യവസ്ഥകൾ

79. ടെക്സ്ററയിൽ ചരക്കുകൾ.—കേന്ദ്രസർക്കാരിന്, ഏത് ചരക്കുകളെ (ഈ അദ്ധ്യായത്തിൽ ടെക്സ്ററയിൽ ചരക്കുകൾ എന്ന് പരാമർശിച്ചിരിക്കുന്നു) സംബന്ധിച്ചാണോ ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ ബാധകമാകുന്നത്, അവയിൽ ഉപയോഗിക്കുന്ന വ്യാപാരമുദ്രകൾക്കനുസരിച്ച് അവയുടെ വിഭാഗങ്ങളെ നിർണ്ണയിക്കാവുന്നതും, പ്രസ്തുത വ്യവസ്ഥകൾക്ക് വിധേയമായി, ഈ ആക്റ്റിലെ മററു വ്യവസ്ഥകൾ മററു ചരക്കുകളുടെ വിഭാഗങ്ങളെ സംബന്ധിച്ച് ഉപയോഗിക്കുന്ന വ്യാപാരമുദ്രയ്ക്ക് അവ ബാധകമാകുന്നതുപോലെ പ്രസ്തുത വ്യാപാരമുദ്രകൾക്കും ബാധകമാകുന്നതാണ്.

80. ടെക്സ്ററയിൽ ചരക്കുകളുടെ രജിസ്ട്രേഷനിൽ നിയന്ത്രണം.—(1) ചരക്കുകളുടെ കഷണങ്ങളായ ടെക്സ്ററയിൽ ചരക്കുകളെ സംബന്ധിച്ച്,—

(ക) ഒരു ലൈൻ ഹെഡ്ഡിംഗ് മാത്രം ഉൾപ്പെടുന്ന ഒരു മുദ്ര ഒരു വ്യാപാരമുദ്രയായി രജിസ്ററർ ചെയ്യപ്പെടാവുന്നതല്ല;

(ഖ) ഒരു ലൈൻ ഹെഡ്ഡിംഗ് വേർതിരിച്ചറിയാൻ കഴിവുള്ളതായി കരുതപ്പെടാവുന്നതല്ല;

(ഗ) വ്യാപാരമുദ്രയുടെ രജിസ്ട്രേഷൻ ഒരു ലൈൻ ഹെഡ്ഡിംഗ് ഉപയോഗിക്കുന്നതിന് ഏതെങ്കിലും അനന്യാവകാശം നൽകുന്നതല്ല.

(2) ഏതെങ്കിലും ടെക്സ്റ്റയിൽ ചരക്കുകളെ സംബന്ധിച്ച്, അക്ഷരങ്ങളോ അക്കങ്ങളോ അല്ലെങ്കിൽ അവയുടെ ഏതെങ്കിലും സങ്കലനമോ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഉപാധികൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായിരിക്കുന്നതാണ്.

81. തുണിച്ചരക്കുകളിലും പരുത്തിനൂലിഴയിലും പരുത്തിനൂലിലും മുദ്രണം ചെയ്യൽ.— (1) ഫാക്ടറീസ് ആക്റ്റ്, 1948 (1948-ലെ 63)-ൽ നിർവ്വചിച്ച പ്രകാരമുള്ള ഒരു ഫാക്ടറിയുടെ പരിസരങ്ങളിൽ നിർമ്മിച്ചതോ, ബ്ളീച്ച് ചെയ്തതോ, നിറം കൊടുത്തതോ, പ്രിന്റുചെയ്തതോ അല്ലെങ്കിൽ പൂർത്തിയാക്കിയതോ ആയ, സാധാരണയായി നീളപ്രകാരമോ കഷണപ്രകാരമോ വിൽക്കപ്പെടുന്ന തുണിച്ചരക്കുകൾ, ഓരോ കഷണത്തിലും അതിന്റെ നീളം അംഗീകൃത വാരകളിലോ അല്ലെങ്കിൽ അംഗീകൃത വാരകളിലും അതിന്റെ ഒരു ഭാഗത്തിലും അല്ലെങ്കിൽ അംഗീകൃത മീററുകളിലോ അല്ലെങ്കിൽ അംഗീകൃത മീററുകളിലും അതിന്റെ ഒരു ഭാഗത്തിലും, ആ കഷണത്തിന്റെ യഥാർത്ഥ നീളമനുസരിച്ച് അന്തർദേശീയ രൂപത്തിലുള്ള ഭാരതീയ അക്കങ്ങളിൽ വ്യക്തമായി മുദ്രണം ചെയ്യാതെയും ഭാരതത്തിൽ നിന്നും കയറ്റുമതിക്കായി ഫാക്ടറിയിൽ നിന്നും ചരക്കുകൾ വിൽക്കുമ്പോൾ ഒഴികെ, ഓരോ കഷണത്തിലും നിർമ്മാതാവിന്റെയോ അല്ലെങ്കിൽ ആ കഷണത്തിൽ അവസാനമായി പ്രക്രിയ നടത്തിയ പരിസരങ്ങളുടെ കൈവശാവകാശത്തിന്റെയോ അല്ലെങ്കിൽ ആ കഷണം ഭാരതത്തിൽ മൊത്തമായി വാങ്ങുന്നയാളുടെയോ പേര് വ്യക്തമായി മുദ്രണം ചെയ്യാതെയും അവ മേൽപ്പറഞ്ഞ പ്രക്രിയകളിൽ ഏതെങ്കിലും നടന്ന അങ്ങനെയുള്ള അവസാന പരിസരങ്ങളിൽനിന്നും വിൽപ്പനയ്ക്കായി നീക്കം ചെയ്യാൻ പാടുള്ളതല്ല.

(2) 82-ാം വകുപ്പിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളാൽ ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഏതെങ്കിലും പരിസരങ്ങളിൽ നിർമ്മിച്ചതോ, ബ്ലീച്ച് ചെയ്തതോ നിറം കൊടുത്തതോ, അല്ലെങ്കിൽ പൂർത്തിയാക്കിയതോ ആയതും, സാധാരണയായി കെട്ടുകളായി വിൽക്കപ്പെടുന്ന പരുത്തിനൂലിഴയും പരുത്തിനൂലും, അതായത്, തയ്ക്കുന്നതിനോ ഡാൺ ചെയ്യുന്നതിനോ പിന്നൽപണിക്കോ, കരകൗശലപണിക്കോ ഉള്ള നൂല് പ്രസ്തുത ചട്ടങ്ങൾക്ക് അനുസൃതമായല്ലാതെ ആ പരിസരങ്ങളിൽനിന്നും വില്പനക്കായി നീക്കം ചെയ്യാൻ പാടില്ലാത്തതും, പരുത്തിനൂലിഴയുടെ സംഗതിയിൽ,—

(ക) കെട്ടുകളിലെ ഓരോ കെട്ടുകളിലും ഇംഗ്ലീഷിലോ, മെട്രിക് സമ്പ്രദായത്തിലോ, നെയ്ത്തുനൂലിന്റെ ഭാരത്തിന്റെ സൂചന വ്യക്തമായി അടയാളപ്പെടുത്തുകയും;

(ഖ) കെട്ടുകളിൽ അടങ്ങിയിട്ടുള്ള പരുത്തിനൂലിഴയുടെ എണ്ണവും പരുത്തിനൂലിന്റെ സംഗതിയിൽ ഓരോ യൂണിറ്റിലും ആ യൂണിറ്റിലെ പരുത്തിനൂലിന്റെ നീളവും അല്ലെങ്കിൽ ഭാരവും പ്രസ്തുത ചട്ടങ്ങൾ ആവശ്യപ്പെടുന്ന അങ്ങനെയുള്ള മറ്റു രീതിയിലും വ്യക്തമായി അടയാളപ്പെടുത്തുകയും;

(ഗ) ഭാരതത്തിൽനിന്നും കയറ്റുമതിക്കായി പരിസരങ്ങളിൽനിന്നും ചരക്കുകൾ വിൽക്കപ്പെടുന്നിടത്ത് ഒഴികെ, ഓരോ കെട്ടിലും അല്ലെങ്കിൽ യൂണിറ്റിലും ഭാരതത്തിലെ ആ ചരക്കുകളുടെ നിർമ്മാതാവിന്റേയോ അല്ലെങ്കിൽ അവ മൊത്തമായി വാങ്ങുന്ന ആളിന്റെയോ പേര് വ്യക്തമായി അടയാളപ്പെടുത്തിയിട്ടില്ലാത്തപക്ഷവും,

ചട്ടങ്ങൾക്ക് അനുസൃതമായല്ലാതെ ആ പരിസരങ്ങളിൽ നിന്നും വിൽപ്പനയ്ക്കായി നീക്കം ചെയ്യാൻ പാടില്ലാത്തതും ആണ്:

എന്നാൽ, പത്തിലധികം മറ്റ് തൊഴിലാളികളുടെ സഹായത്തോടുകൂടിയോ അല്ലാതെയോ ഒരു കുടുംബത്തിലെ അംഗങ്ങൾ ജോലി ചെയ്യുന്ന എല്ലാ പരിസരങ്ങളിലും ഇരുപതിലധികം ജോലിക്കാരെ നിയോഗിച്ചിട്ടില്ലാത്ത ഒരു സഹകരണസംഘത്തിന്റെ നിയന്ത്രണത്തിലുള്ള എല്ലാ പരിസരങ്ങളെയും, 82-ാം വകുപ്പിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾ ഒഴിവാക്കുന്നു.

82. <u>സാമ്പിൾ മുഖേന ടെക്സ്റ്റയിൽ ചരക്കുകളുടെ സ്വഭാവം നിർണ്ണയിക്കൽ.</u>—(1) ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, കേന്ദ്രസർക്കാരിന്,—

(ക) ഏകരൂപത്തിലുള്ളതായ എണ്ണമോ വലിപ്പമോ അളവോ ഗേജോ അല്ലെങ്കിൽ ഭാരമോ ആണെന്ന് ഉദ്ദേശിച്ചുകൊണ്ടോ പ്രസ്താവിച്ചുകൊണ്ടോ ഉള്ള ചരക്കുകളെ സംബന്ധിച്ച്, തെരഞ്ഞെടുക്കപ്പെടേണ്ടതും പരിശോധിക്കപ്പെടേണ്ടതുമായ സാമ്പിളുകളുടെ എണ്ണവും സാമ്പിളുകളുടെ തെരഞ്ഞെടുക്കലും വ്യവസ്ഥ ചെയ്യുന്നതിനും;

(ഖ) 81-ാം വകുപ്പിന്റെ ആവശ്യങ്ങൾക്കായി, ഒരു വകുപ്പ് ആവശ്യപ്പെടുന്ന വിവരങ്ങൾ പരുത്തിനൂലിഴയും പരുത്തിനൂലിലും അടയാളപ്പെടുത്തേണ്ടരീതിയും ആ വകുപ്പിലെ വ്യവസ്ഥകളിൽ നിന്നും പരുത്തിനൂലിഴയും പരുത്തിനൂലോ നിർമ്മിക്കുന്നതിനോ, ബ്ലീച്ച് ചെയ്യുന്നതിനോ, നിറം കൊടുക്കുന്നതിനോ അല്ലെങ്കിൽ പൂർത്തിയാക്കുന്നതിനോവേണ്ടി ഉപയോഗിക്കുന്ന ചില പരിസരങ്ങളെ ഒഴിവാക്കലും വ്യവസ്ഥചെയ്യുന്നതിനും;

(ഗ) ഈ ആക്റ്റിലെ 81-ാം വകുപ്പിലെയോ അല്ലെങ്കിൽ കസ്റ്റംസ് ആക്റ്റ്, 1962 (1962-ലെ 52)-ലെ 11-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഢ) ഖണ്ഡത്തിലെയോ ആവശ്യത്തിനായി, സാധാരണയായി നീളപ്രകാരമോ കഷണപ്രകാരമോ വിൽക്കപ്പെടുന്ന തുണിച്ചരക്കുകൾ എന്ന പദപ്രയോഗത്തിൽ ഏതെല്ലാം ചരക്കുകളുടെ വിഭാഗങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് പ്രഖ്യാപിക്കുന്നതിലും,

ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും ചട്ടങ്ങളിൽ ഏതെങ്കിലും ചരക്കുകളെ സംബന്ധിച്ച് സാമ്പിളുകൾ തെരഞ്ഞെടുക്കുന്നതിനോ പരിശോധിക്കുന്നതിനോ വ്യവസ്ഥ ഉണ്ടാക്കിയിട്ടില്ലാത്തിടത്ത്, ചരക്കുകളുടെ എണ്ണമോ വലിപ്പമോ അളവോ ഗേജോ അല്ലെങ്കിൽ ഭാരമോ തിട്ടപ്പെടുത്തുന്നതിന് അവസരം ലഭിക്കുന്ന കോടതിയോ, കസ്റ്റംസ് ആഫീസറോ, അതതു സംഗതിപോലെ, തെരഞ്ഞെടുക്കേണ്ടതും, പരിശോധിക്കേണ്ടതുമായ സാമ്പിളുകളുടെ എണ്ണവും സാമ്പിളുകൾ തെരഞ്ഞെടുക്കേണ്ട രീതിയും ലിഖിതമായ ഉത്തരവ് വഴി തീരുമാനിക്കേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പിൻകീഴിലുള്ള ചട്ടങ്ങളോ, അല്ലെങ്കിൽ (2)-ാം ഉപവകുപ്പു പ്രകാരമുള്ള ഒരു ഉത്തരവോ അനുസരിച്ചുള്ള പരിശോധനാഫലത്തിന്റെ ശരാശരി ചരക്കുകളുടെ എണ്ണത്തിന്റെയോ വലിപ്പത്തിന്റെയോ അളവിന്റെയോ ഗേജിന്റെയോ, അതതു സംഗതിപോലെ, പ്രഥമദൃഷ്ട്യാ ഉള്ള തെളിവായിരിക്കുന്നതാണ്.

(4) (1)-ാം ഉപവകുപ്പിൻകീഴിലുള്ള ചട്ടങ്ങൾക്കോ, അല്ലെങ്കിൽ (2)-ാം ഉപവകുപ്പു പ്രകാരമുള്ള ഒരു ഉത്തരവിനോ അനുസൃതമായ ഏതെങ്കിലും ചരക്കുകളുടെ സാമ്പിളുകൾ തെരഞ്ഞെടുക്കുകയും, പരിശോധിക്കുകയും ചെയ്യുന്നതിന് ഏതെങ്കിലും അവകാശമോ ബന്ധമോ ഉള്ള ഒരു ആൾ, ആ ചരക്കുകളുടെ കൂടുതൽ സാമ്പിളുകൾ തെരഞ്ഞെടുക്കേണ്ടതാണെന്നും പരിശോധിക്കേണ്ടതാണെന്നും ആഗ്രഹിക്കുന്ന പക്ഷം, അയാളുടെ ലിഖിതമായ അപേക്ഷയിൻമേലും അയാൾ, അതതു സംഗതിപോലെ, കോടതിയെയോ കസ്റ്റംസ് ആഫീസറേയോ അതത് സമയങ്ങളിൽ കോടതിയോ ആഫീസറോ ആവശ്യപ്പെടുന്നതായ കൂടുതൽ തെരഞ്ഞെടുക്കലിനും, പരിശോധനയ്ക്കുമുള്ള ചെലവ് വഹിക്കുന്നതിനുവേണ്ടി അങ്ങനെയുള്ള തുക മുൻകൂർ നൽകിയതിൻമേലും, കേന്ദ്രസർക്കാർ ഇതിലേക്കായി ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളാൽ അനുവദിക്കപ്പെടുന്നത്ര പരിധിയോളവും അല്ലെങ്കിൽ അങ്ങനെയുള്ള ചട്ടങ്ങളിൽ വ്യവസ്ഥ ഉണ്ടാക്കിയിട്ടില്ലാത്ത ചരക്കുകളെ സംബന്ധിച്ച സംഗതിയിൽ, കോടതിയോ കസ്ററംസ് ആഫീസറോ, അതത് സംഗതിപോലെ, (1)-ാം ഉപവകുപ്പു പ്രകാരമോ (2)-ാം ഉപവകുപ്പു പ്രകാരമോ നിർണ്ണയിക്കപ്പെട്ട രീതിയിൽ സാഹചര്യങ്ങളിൽ ന്യായമെന്ന് തീരുമാനിക്കുന്ന പ്രകാരം തെരഞ്ഞെടുത്ത സാമ്പിളുകൾ എന്നതുപോലെ, അങ്ങനെയുള്ള കൂടുതൽ സാമ്പിളുകൾ തെരഞ്ഞെടുക്കപ്പെടേണ്ടതും, പരിശോധിക്കപ്പെടേണ്ടതും ആണ്.

(5) (3)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള പരിശോധനയുടെയും (4)-ാം ഉപവകുപ്പു പ്രകാരമുള്ള കൂടുതൽ പരിശോധനയുടെയും ഫലത്തിന്റെ ശരാശരി, അതത് സംഗതിപോലെ, ചരക്കുകളുടെ എണ്ണത്തിന്റെയോ വലിപ്പത്തിന്റെയോ അളവിന്റെയോ ഗേജിന്റെയോ അല്ലെങ്കിൽ ഭാരത്തിന്റെയോ നിർണ്ണായക തെളിവായിരിക്കുന്നതാണ്.

## അദ്ധ്യായം XI

## അപ്പലേററ് ബോർഡ്

83. അപ്പലേററ് ബോർഡ് സ്ഥാപിക്കൽ.—കേന്ദ്ര സർക്കാരിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി ഈ ആക്റ്റിനാലോ അല്ലെങ്കിൽ അതിൻകീഴിലോ നൽകിയിട്ടുള്ള അധികാരിതയും, അധികാരങ്ങളും അധികാരശക്തിയും വിനിയോഗിക്കുന്നതിന് ഇന്റലക്ചൽ പ്രോപ്പർട്ടി അപ്പലേററ് ബോർഡ് എന്നറിയപ്പെടുന്ന ഒരു അപ്പലേററ് ബോർഡ് സ്ഥാപിക്കാവുന്നതാണ്.

84. അപ്പലേററ് ബോർഡിന്റെ ഘടന.—(1) അപ്പലേററ് ബോർഡിൽ ഒരു ചെയർമാനും, വൈസ് ചെയർമാനും കേന്ദ്രസർക്കാരിന് യുക്തമെന്ന് തോന്നുന്ന അത്ര എണ്ണം മററ് അംഗങ്ങളും അടങ്ങിയിരിക്കേണ്ടതും, ഈ ആക്റ്റിലെ മററ് വ്യവസ്ഥകൾക്ക് വിധേയമായി അപ്പലേററ് ബോർഡിന്റെ അധികാരിതയും അധികാരങ്ങളും അധികാരശക്തിയും അതിന്റെ ബെഞ്ചുകൾക്ക് വിനിയോഗിക്കാവുന്നതും ആണ്.

(2) ഈ ആക്റ്റിലെ മററ് വ്യവസ്ഥകൾക്ക് വിധേയമായി, ഒരു ബെഞ്ച് ഒരു ജുഡീഷ്യൽ അംഗവും ഒരു ടെക്നിക്കൽ അംഗവും അടങ്ങിയതായിരിക്കേണ്ടതും, കേന്ദ്രസർക്കാർ ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, വിനിർദ്ദേശിക്കുന്ന അങ്ങനെയുള്ള സ്ഥലത്ത് കൂടേണ്ടതുമാണ്.

(3) (2)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ചെയർമാന്,—

(ക) അദ്ദേഹം നിയമിതനായ ബെഞ്ചിന്റെ ജുഡീഷ്യൽ അംഗത്തിന്റെയോ ടെക്നിക്കൽ അംഗത്തിന്റെയോ ചുമതലകൾ നിർവ്വഹിക്കുന്നതിനു പുറമേ, മറ്റേതെങ്കിലും ബെഞ്ചിന്റെ ജുഡീഷ്യൽ അംഗത്തിന്റെയോ ടെക്നിക്കൽ അംഗത്തിന്റെയോ, അതതുസംഗതിപോലെ, ചുമതലകൾ കൂടി നിർവ്വഹിക്കാവുന്നതാണ്;

(ഖ) ഒരു അംഗത്തെ ഒരു ബെഞ്ചിൽനിന്നും മറ്റൊരു ബെഞ്ചിലേക്ക് മാററാവുന്നതാണ്;

(ഗ) വൈസ് ചെയർമാനെയോ, ഒരു ബെഞ്ചിൽ നിയമിതനായ ജുഡീഷ്യൽ അംഗത്തെയോ ടെക്നിക്കൽ അംഗത്തേയോ മറ്റൊരു ബെഞ്ചിലെ ജുഡീഷ്യൽ അംഗത്തിന്റെയോ ടെക്നിക്കൽ അംഗത്തിന്റെയോ, അതതുസംഗതിപോലെ, ചുമതലകൾകൂടി നിർവ്വഹിക്കുന്നതിന് അധികാരപ്പെടുത്താവുന്നതാണ്.

(4) ഏതെങ്കിലും ബെഞ്ചുകൾ രൂപീകരിച്ചിട്ടുള്ളിടത്ത്, കേന്ദ്ര സർക്കാരിന്, സമയാസമയങ്ങളിൽ, വിജ്ഞാപനംവഴി, അപ്പലേററ് ബോർഡിന്റെ ബിസിനസ്സ് ബെഞ്ചുകൾക്ക് വീതിച്ചുകൊടുക്കുന്നതിനുള്ള വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതും ഓരോ ബെഞ്ചും കൈകാര്യം ചെയ്യേണ്ട സംഗതികൾ വിനിർദ്ദേശിക്കേണ്ടതുമാണ്.

(5) ഏതെങ്കിലും സംഗതി ഒരു ബെഞ്ചിന് വീതിച്ചു നൽകിയിട്ടുള്ള ബിസിനസ്സിന്റെ പരിധിക്കുള്ളിൽ വരുന്നതാണോ എന്ന പ്രശ്നം ഉദിക്കുന്നിടത്ത്, ചെയർമാന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

വിശദീകരണം.—സംശയങ്ങൾ ദൂരീകരിക്കുന്നതിനായി, "സംഗതി" എന്ന പദപ്രയോഗത്തിൽ 91-ാം വകുപ്പു പ്രകാരമുള്ള ഒരു അപ്പീലും ഉൾപ്പെടുന്നതാണ്.

(6) ഒരു ബെഞ്ചിലെ അംഗങ്ങൾക്ക് ഏതെങ്കിലും പ്രശ്നത്തിൻമേൽ ഭിന്നാഭിപ്രായം ഉള്ളപക്ഷം, അവർക്ക് ഭിന്നതയുള്ള പ്രശ്നമോ, പ്രശ്നങ്ങളോ അവർ പ്രസ്താവിക്കേണ്ടതും അത് ചെയർമാന് റഫർ ചെയ്യേണ്ടതും, അദ്ദേഹം ഒന്നുകിൽ ആ പ്രശ്നമോ, പ്രശ്നങ്ങളോ സ്വയം കേൾക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള പ്രശ്നമോ പ്രശ്നങ്ങളോ കേൾക്കുന്നതിനായി ആ കേസ് ഒന്നോ അതിലധികമോ മറ്റ് അംഗങ്ങൾക്ക് റഫർ ചെയ്യുകയോ ചെയ്യാവുന്നതും, അങ്ങനെയുള്ള പ്രശ്നമോ പ്രശ്നങ്ങളോ, ആ കേസ് കേട്ട അംഗങ്ങളുടെ, അത് ആദ്യം കേട്ടവർ ഉൾപ്പടെ, ഭൂരിപക്ഷാഭിപ്രായം അനുസരിച്ച് തീരുമാനിക്കേണ്ടതുമാണ്.

85. ചെയർമാന്റെയോ വൈസ് ചെയർമാന്റെയോ മറ്റ് അംഗങ്ങളുടെയോ നിയമനത്തിനുള്ള യോഗ്യതകൾ.—(1) യാതൊരാളും, അദ്ദേഹം,—

(ക) ഒരു ഹൈക്കോടതിയിലെ ജഡ്ജി ആയിരിക്കുകയോ അല്ലെങ്കിൽ ആയിരുന്നിരിക്കുകയോ; അല്ലെങ്കിൽ

(ഖ) ഏറ്റവും കുറഞ്ഞത് രണ്ട് വർഷമെങ്കിലും വൈസ് ചെയർമാന്റെ ഉദ്യോഗം വഹിച്ചിട്ടുണ്ടായിരിക്കുകയും;

ചെയ്തിട്ടില്ലാത്തപക്ഷം, ചെയർമാനായി നിയമിക്കപ്പെടാൻ യോഗ്യനായിരിക്കുന്നതല്ല.

(2) യാതൊരാളും, അദ്ദേഹം,—

(ക) ഏറ്റവും കുറഞ്ഞത് രണ്ട് വർഷമെങ്കിലും ജുഡീഷ്യൽ അംഗത്തിന്റെയോ, ഒരു ടെക്നിക്കൽ അംഗത്തിന്റെയോ ഉദ്യോഗം വഹിച്ചിട്ടുണ്ടായിരിക്കുകയോ; അല്ലെങ്കിൽ

(ഖ) ഇൻഡ്യൻ ലീഗൽ സർവ്വീസിലെ അംഗമായിരുന്നിരിക്കുകയും ആ സർവ്വീസിലെ 1-ാം ഗ്രേഡ് തസ്തികയിലോ അല്ലെങ്കിൽ അതിലും ഉയർന്ന ഏതെങ്കിലും തസ്തികയിലോ ഏറ്റവും കുറഞ്ഞത് അഞ്ച് വർഷം ഉദ്യോഗം വഹിച്ചിട്ടുണ്ടായിരിക്കുകയോ;

ചെയ്തിട്ടില്ലാത്തപക്ഷം, വൈസ് ചെയർമാനായി നിയമിക്കപ്പെടാൻ യോഗ്യനായിരിക്കുന്നതല്ല.

(3) യാതൊരാളും, അദ്ദേഹം,—

(ക) ഇൻഡ്യൻ ലീഗൽ സർവ്വീസിലെ ഒരു അംഗമായിരുന്നിരിക്കുകയും ആ സർവ്വീസിലെ 1-ാം ഗ്രേഡ് തസ്തികയിൽ ഏറ്റവും കുറഞ്ഞത് മൂന്ന് വർഷമെങ്കിലും ഉദ്യോഗം വഹിച്ചിട്ടുണ്ടായിരിക്കുകയോ; അല്ലെങ്കിൽ

(ഖ) ഏറ്റവും കുറഞ്ഞത് പത്ത് വർഷമെങ്കിലും ഒരു സിവിൽ ജുഡീഷ്യൽ ഉദ്യോഗം വഹിച്ചിട്ടുണ്ടായിരിക്കുകയോ;

ചെയ്തിട്ടില്ലാത്തപക്ഷം, ഒരു ജുഡീഷ്യൽ അംഗമായി നിയമിക്കപ്പെടാൻ യോഗ്യനായിരിക്കുന്നതല്ല.

(4) യാതൊരാളും, അദ്ദേഹം,—

(ക) ഈ ആക്റ്റ് പ്രകാരമുള്ള ട്രിബ്യൂണലിന്റെയോ അല്ലെങ്കിൽ ട്രേഡ് ആന്റ് മർക്കന്റൈസ് മാർക്സ് ആക്റ്റ്, 1958 (1958-ലെ 43) പ്രകാരമുള്ള ട്രിബ്യൂണലിന്റെയോ അല്ലെങ്കിൽ രണ്ടിലുമായോ ഏറ്റവും കുറഞ്ഞത് പത്ത് വർഷമെങ്കിലും ചുമതലകൾ നിർവ്വഹിച്ചിട്ടുണ്ടായിരിക്കുകയും ഒരു ജോയിന്റ് രജിസ്ട്രാറുടെ തസ്തികയിൽകുറയാത്ത ഒരു തസ്തിക ഏറ്റവും കുറഞ്ഞത് അഞ്ച് വർഷമെങ്കിലും വഹിച്ചിട്ടുണ്ടായിരിക്കുകയും; അല്ലെങ്കിൽ

(ഖ) ഏറ്റവും കുറഞ്ഞത് പത്ത് വർഷമെങ്കിലും വ്യാപാരമുദ്ര നിയമത്തിൽ പ്രത്യേകം പരിചയം തെളിയിക്കപ്പെട്ട ഒരു അഭിഭാഷകൻ ആയിരിക്കുകയോ;

ചെയ്തിട്ടില്ലാത്തപക്ഷം, ഒരു ടെക്നിക്കൽ അംഗമായി നിയമിക്കപ്പെടാൻ യോഗ്യനായിരിക്കുന്നതല്ല.

(5) (6)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ചെയർമാനും വൈസ് ചെയർമാനും മറ്റെല്ലാ അംഗങ്ങളും ഭാരതത്തിന്റെ രാഷ്ട്രപതിയാൽ നിയമിക്കപ്പെടുന്നതാണ്.

(6) ഭാരതത്തിന്റെ ചീഫ് ജസ്ററീസുമായി കൂടിയാലോചിച്ചശേഷമല്ലാതെ ഒരാളെ ചെയർമാനായി നിയമിക്കുവാൻ പാടുള്ളതല്ല.

86. ചെയർമാന്റെയും വൈസ് ചെയർമാന്റെയും മറ്റ് അംഗങ്ങളുടെയും ഉദ്യോഗ കാലാവധി.—ചെയർമാനോ വൈസ് ചെയർമാനോ അല്ലെങ്കിൽ മറ്റ് അംഗങ്ങളോ, അവർ അങ്ങനെയുള്ള ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലത്തേക്കോ, അല്ലെങ്കിൽ,—

(ക) ചെയർമാന്റെയോ വൈസ് ചെയർമാന്റെയോ സംഗതിയിൽ, അറുപത്തിയഞ്ച് വയസ്സും;

(ഖ) ഒരു അംഗത്തിന്റെ സംഗതിയിൽ, അറുപത്തിരണ്ട് വയസ്സും;

ഇതിൽ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത്, അതുവരെ ഉദ്യോഗം വഹിക്കുന്നതാണ്.

87. ചില സാഹചര്യങ്ങളിൽ വൈസ് ചെയർമാനോ അല്ലെങ്കിൽ ഏറ്റവും സീനിയറായ അംഗമോ ചെയർമാനായി പ്രവർത്തിക്കുകയോ, അദ്ദേഹത്തിന്റെ ചുമതലകൾ നിർവ്വഹിക്കുകയോ ചെയ്യണമെന്ന്.—(1) ചെയർമാന്റെ മരണമോ, രാജിയോ കാരണം അല്ലെങ്കിൽ മററു വിധത്തിലോ അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽ ഏതെങ്കിലും ഒഴിവ് വരുന്ന സന്ദർഭത്തിൽ വൈസ് ചെയർമാനും, അദ്ദേഹത്തിന്റെ അഭാവത്തിൽ ഏറ്റവും സീനിയറായ അംഗവും, അങ്ങനെയുള്ള ഒഴിവ് നികത്തുന്നതിനായി ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അനുസൃതമായി നിയമിക്കപ്പെട്ട പുതിയ ചെയർമാൻ തന്റെ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി വരെ, ചെയർമാനായി പ്രവർത്തിക്കേണ്ടതാണ്.

(2) ചെയർമാന്, തന്റെ അസാന്നിദ്ധ്യത്തിലോ അസുഖത്താലോ അല്ലെങ്കിൽ മറ്റേതെങ്കിലും കാരണത്താലോ അദ്ദേഹത്തിന്റെ ചുമതലകൾ നിർവ്വഹിക്കുവാൻ കഴിയാതെ വരുമ്പോൾ വൈസ് ചെയർമാനും അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ ഏറ്റവും സീനിയറായ അംഗവും ചെയർമാൻ തന്റെ ഉദ്യോഗത്തിൽ പുനഃപ്രവേശിക്കുന്ന തീയതി വരെ, ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്.

88. ചെയർമാന്റെയും വൈസ് ചെയർമാന്റെയും മറ്റ് അംഗങ്ങളുടെയും ശമ്പളങ്ങളും ബത്തകളും മറ്റ് സേവന നിബന്ധനകളും വ്യവസ്ഥകളും.—(1) ചെയർമാനും വൈസ് ചെയർമാനും മറ്റ് അംഗങ്ങൾക്കും നൽകേണ്ട ശമ്പളങ്ങളും ബത്തകളും മറ്റ് സേവന നിബന്ധനകളും വ്യവസ്ഥകളും (പെൻഷനും ഗ്രാറ്റുവിറ്റിയും മറ്റ് റിട്ടയർമെന്റ് ആനുകൂല്യങ്ങളും ഉൾപ്പെടെ) നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള പ്രകാരമായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു ആൾ ചെയർമാനായോ വൈസ് ചെയർമാനായോ അല്ലെങ്കിൽ മറ്റ് അംഗമായോ ഉദ്യോഗം ഏറ്റെടുക്കുന്ന തീയതിക്ക് തൊട്ടുമുമ്പ് സർക്കാർ സർവ്വീസിൽ ആയിരുന്നുവെങ്കിൽ, ചെയർമാനായോ, വൈസ് ചെയർമാനായോ അല്ലെങ്കിൽ മറ്റ് അംഗമായോ അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിച്ച തീയതിയിൽ സർവ്വീസിൽ നിന്നും വിരമിച്ചതായി കരുതപ്പെടേണ്ടതാണ്.

89. രാജിവയ്ക്കലും നീക്കം ചെയ്യലും.—(1) ചെയർമാനോ വൈസ് ചെയർമാനോ അല്ലെങ്കിൽ മററ് ഏതെങ്കിലും അംഗത്തിനോ ഭാരതത്തിൻെറ രാഷ്ട്രപതിയെ സംബോധന ചെയ്തുകൊണ്ട് താൻ ഒപ്പുവച്ച ലിഖിതമായ നോട്ടീസ് മുഖേന തന്റെ ഉദ്യോഗം രാജിവയ്ക്കാവുന്നതാണ്:

എന്നാൽ, ചെയർമാനോ വൈസ് ചെയർമാനോ അല്ലെങ്കിൽ മററ് ഏതെങ്കിലും അംഗമോ ഉടൻതന്നെ ഉദ്യോഗം ഒഴിയാൻ ഭാരതത്തിന്റെ രാഷ്ട്രപതി അദ്ദേഹത്തെ അനുവദിക്കാത്തപക്ഷം, അങ്ങനെയുള്ള നോട്ടീസ് കൈപ്പററിയ തീയതി മുതൽ മൂന്നുമാസം അവസാനിക്കുന്നതുവരെയോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ പിൻഗാമിയായി യഥാവിധി നിയമിക്കപ്പെട്ട ഒരാൾ അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽ പ്രവേശിക്കുന്നതുവരെയോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ ഉദ്യോഗകാലാവധി അവസാനിക്കുന്നതുവരെയോ, ഏതാണോ ആദ്യം, അതുവരെ, ഉദ്യോഗം തുടർന്നും വഹിക്കേണ്ടതാണ്.

(2) ചെയർമാനെയോ, വൈസ് ചെയർമാനെയോ അല്ലെങ്കിൽ മറ്റേതെങ്കിലും അംഗത്തെയോ, തെളിയിക്കപ്പെട്ട പെരുമാററ ദൂഷ്യത്തിന്റെയോ അല്ലെങ്കിൽ കഴിവില്ലായ്മയുടെയോ കാരണത്തിൻമേൽ, ചെയർമാനേയോ വൈസ് ചെയർമാനേയോ അല്ലെങ്കിൽ മററ് അംഗത്തെയോ അദ്ദേഹത്തിനെതിരെയുള്ള കുററങ്ങൾ അറിയിച്ചുകൊണ്ടും ആ കുററങ്ങളെ സംബന്ധിച്ച് അദ്ദേഹത്തെ കേൾക്കുവാനുള്ള ഒരു അവസരം നൽകിക്കൊണ്ടും ഒരു സുപ്രീംകോടതി ജഡ്ജി നടത്തിയ അന്വേഷണത്തിനുശേഷം ഭാരതത്തിന്റെ രാഷ്ട്രപതി പുറപ്പെടുവിച്ച ഒരു ഉത്തരവുവഴി അല്ലാതെ അദ്ദേഹത്തെ ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യാൻ പാടുള്ളതല്ല.

(3) കേന്ദ്രസർക്കാരിന്, ചട്ടങ്ങൾവഴി, (2)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ട ചെയർമാന്റെയോ വൈസ് ചെയർമാന്റെയോ അല്ലെങ്കിൽ മററ് അംഗത്തിന്റെയോ പെരുമാററ ദൂഷ്യമോ അല്ലെങ്കിൽ കഴിവില്ലായ്മയോ അന്വേഷിക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ നിയന്ത്രിക്കാവുന്നതാണ്.

90. അപ്പലേററ് ബോർഡിലെ സ്റ്റാഫ്.—(1) കേന്ദ്ര സർക്കാർ, അപ്പലേററ് ബോർഡിന് അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ സഹായിക്കുന്നതിനായി ആവശ്യമുള്ള ആഫീസർമാരുടേയും മററ് ജീവനക്കാരുടേയും തരവും വിഭാഗവും തീരുമാനിക്കേണ്ടതും അതിന് യുക്തമെന്നു തോന്നുന്ന അങ്ങനെയുള്ള ആഫീസർമാരേയും മററ് ജീവനക്കാരേയും അപ്പലേററ് ബോർഡിന് നൽകേണ്ടതുമാണ്.

(2) അപ്പലേററ് ബോർഡിലെ ആഫീസർമാരുടേയും മററ് ജീവനക്കാരുടേയും ശമ്പളങ്ങളും ബത്തകളും മററ് സേവന വ്യവസ്ഥകളും നിർണ്ണയിക്കപ്പെടുന്ന പ്രകാരമായിരിക്കുന്നതാണ്.

(3) അപ്പലേററ് ബോർഡിലെ ആഫീസർമാരും മററ് ജീവനക്കാരും അവരുടെ ചുമതലകൾ ചെയർമാന്റെ പൊതു മേൽനോട്ടത്തിൽ നിർണ്ണയിക്കപ്പെടുന്ന രീതിയിൽ നിർവ്വഹിക്കേണ്ടതാണ്.

91. അപ്പലേററ് ബോർഡിലേക്കുള്ള അപ്പീലുകൾ.—(1) ഈ ആക്റ്റ് പ്രകാരമോ അല്ലെങ്കിൽ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങൾ പ്രകാരമോ ഉള്ള രജിസ്ട്രാറുടെ ഒരു ഉത്തരവോ തീരുമാനമോമൂലം സങ്കടമുള്ള ഏതെങ്കിലും ആൾക്ക്, ഏത് ഉത്തരവിനോ തീരുമാനത്തിനോ എതിരായാണോ അപ്പീൽ നൽകാൻ ഉദ്ദേശിക്കുന്നത്, അത് ആ ആളെ അറിയിച്ച തീയതി മുതൽ മൂന്ന് മാസത്തിനകം അപ്പലേററ് ബോർഡിലേക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള കാലാവധി അവസാനിച്ചതിനുശേഷമാണ് അപ്പീൽ സമർപ്പിച്ചതെങ്കിൽ, അപ്പീൽ സ്വീകരിക്കുവാൻ പാടുള്ളതല്ല:

എന്നാൽ, വിനിർദ്ദേശിക്കപ്പെട്ട കാലാവധിക്കുള്ളിൽ അപ്പീൽ സമർപ്പിക്കാതിരുന്നതിന് അപ്പീൽ വാദിക്ക് മതിയായ കാരണങ്ങളുണ്ടായിരുന്നുവെന്ന് അയാൾ അപ്പലേററ് ബോർഡിനെ ബോദ്ധ്യപ്പെടുത്തുന്നപക്ഷം, അതിലേക്കായി വിനിർദ്ദേശിച്ചിട്ടുള്ള കാലാവധി അവസാനിച്ചശേഷവും, അപ്പീൽ സ്വീകരിക്കാവുന്നതാണ്.

(3) അപ്പലേററ് ബോർഡിലേക്കുള്ള ഒരു അപ്പീൽ, നിർണ്ണയിക്കപ്പെട്ട രീതിയിൽ ആയിരിക്കേണ്ടതും നിർണ്ണയിക്കപ്പെട്ട രീതിയിൽ പരിശോധിക്കേണ്ടതും ഏത് ഉത്തരവിനോ തീരുമാനത്തിനോ എതിരായാണോ അപ്പീൽ നൽകിയിട്ടുള്ളത്, അതിന്റെ ഒരു പകർപ്പും നിർണ്ണയിക്കപ്പെട്ട ഫീസും സഹിതം ആയിരിക്കേണ്ടതുമാണ്.

92. അപ്പലേററ് ബോർഡിന്റെ നടപടിക്രമവും അധികാരങ്ങളും.—(1) അപ്പലേററ് ബോർഡ്, സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5)-ൽ പറഞ്ഞിട്ടുള്ള നടപടി ക്രമങ്ങൾക്ക് ബാദ്ധ്യസ്ഥമല്ലാത്തതും, എന്നാൽ സ്വാഭാവിക നീതിതത്വങ്ങളാൽ നയിക്കപ്പെടേണ്ടതും, ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയും വ്യവസ്ഥകൾക്കു വിധേയമായി അപ്പലേററ് ബോർഡിന് അതിന്റെ ഹിയറിംഗിനുള്ള സ്ഥലങ്ങളും സമയങ്ങളും തീരുമാനിക്കുന്നത് ഉൾപ്പെടെയുള്ള അതിന്റെ സ്വന്തം നടപടികൾ നിയന്ത്രിക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതുമാണ്.

(2) അപ്പലേററ് ബോർഡിന്, ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിലേക്കായി, ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ, താഴെ പറയുന്ന സംഗതികളെ സംബന്ധിച്ച്, സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5) പ്രകാരം ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(ക) തെളിവ് സ്വീകരിക്കൽ;

(ഖ) സാക്ഷികളെ വിസ്തരിക്കുവാൻ കമ്മീഷനുകൾ പുറപ്പെടുവിക്കൽ;

(ഗ) ഏതെങ്കിലും പൊതു രേഖ ആവശ്യപ്പെടൽ;

(ഘ) നിർണ്ണയിക്കപ്പെടാവുന്ന മറേറതെങ്കിലും സംഗതി.

(3) അപ്പലേററ് ബോർഡ് മുമ്പാകെയുള്ള ഏതൊരു നടപടിയും ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45)-ലെ 193-ം, 228-ം വകുപ്പുകളുടെ അർത്ഥ വ്യാപ്തിക്കുള്ളിലും 196-ാം വകുപ്പിന്റെ ആവശ്യത്തിനും ഒരു നീതിന്യായ നടപടിയായി കരുതപ്പെടേണ്ടതും, അപ്പലേററ് ബോർഡ്, ക്രിമിനൽ നടപടി നിയമ സംഹിത, 1973 (1974-ലെ 2)-ലെ 195-ാം വകുപ്പിന്റെയും XXVI-ാം അദ്ധ്യായത്തിന്റെയും എല്ലാ ആവശ്യങ്ങൾക്കും ഒരു സിവിൽ കോടതിയായി കരുതപ്പെടേണ്ടതും ആണ്.

93. കോടതികൾ മുതലായവയുടെ അധികാരിതയ്ക്കുള്ള തടസ്സം.—91-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള സംഗതികൾ സംബന്ധിച്ച് യാതൊരു കോടതിക്കോ മററ് അധികാരസ്ഥാനത്തിനോ ഏതെങ്കിലും ആധികാരിതയോ അധികാരമോ അധികാരശക്തിയോ ഉണ്ടായിരിക്കുന്നതല്ലാത്തതും അവ പ്രയോഗിക്കാൻ അവകാശം ഉണ്ടായിരിക്കുന്നതല്ലാത്തതും ആകുന്നു.

94. അപ്പലേററ് ബോർഡ് മുമ്പാകെ ഹാജരാകുന്നതിനുള്ള തടസ്സം.—ചെയർമാനോ വൈസ് ചെയർമാനോ മററ് അംഗങ്ങളോ, ഉദ്യോഗം വഹിക്കുന്നത് അവസാനിച്ചതിൻമേൽ, അപ്പലേററ് ബോർഡ് മുമ്പാകെയോ രജിസ്ട്രാറുടെ മുൻപാകെയോ ഹാജരാകാൻ പാടുള്ളതല്ല.

95. ഇടക്കാല ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനുള്ള വ്യവസ്ഥകൾ.—ഈ ആക്റ്റിലെ മറ്റേതെങ്കിലും വ്യവസ്ഥകളിലോ അല്ലെങ്കിൽ തൽസമയം പ്രാബല്യത്തിലുള്ള മററേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു അപ്പീലിൻമേലോ അല്ലെങ്കിൽ അതു സംബന്ധിച്ച ഏതെങ്കിലും നടപടികളിലോ യാതൊരു ഇടക്കാല ഉത്തരവും (ഇൻജംക്ഷനോ സ്റ്റേയോ അല്ലെങ്കിൽ മറ്റേതെങ്കിലും രീതിയോ മുഖേന),—

(ക) ഏത് ആളിന് എതിരെയാണോ അങ്ങനെയുള്ള അപ്പീൽ നൽകുന്നത് അല്ലെങ്കിൽ നൽകാൻ ഉദ്ദേശിക്കുന്നത്, ആ ആൾക്ക് ആ അപ്പീലിന്റെയും അങ്ങനെയുള്ള ഇടക്കാല ഉത്തരവിനായുള്ള വാദത്തിന് സഹായകമായ എല്ലാ രേഖകളുടെയും പകർപ്പുകളും നൽകുകയും;

(ഖ) ആ സംഗതിയിൽ, അങ്ങനെയുള്ള കക്ഷിയെ കേൾക്കുന്നതിനുള്ള അവസരം നൽകുകയും,

ചെയ്യാതിരിക്കുന്നപക്ഷം പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

96. ഒരു ബെഞ്ചിൽ നിന്നും മറ്റൊന്നിലേക്ക് കേസ്സുകൾ മാററുന്നതിന് ചെയർമാനുള്ള അധികാരം.—ചെയർമാന്, ഏതെങ്കിലും കക്ഷികളുടെ അപേക്ഷയിൻമേലും കക്ഷികൾക്ക് നോട്ടീസ് നൽകിയശേഷവും, കേൾക്കേണ്ടതാണെന്ന് അദ്ദേഹം കരുതുന്നവരിൽ, അങ്ങനെയുള്ളവരെ കേട്ടതിനു ശേഷവും, അങ്ങനെയുള്ള നോട്ടീസ് കൂടാതെ സ്വമേധയാ അദ്ദേഹത്തിന് ഒരു ബെഞ്ചിൽ നിലവിലിരിക്കുന്ന ഏതെങ്കിലും കേസ്സ് തീർപ്പിനായി മറ്റേതെങ്കിലും ബെഞ്ചിലേക്ക് മാററാവുന്നതാണ്.

97. അപ്പലേററ് ബോർഡ് മുമ്പാകെ ശരിയാക്കൽ മുതലായവയ്ക്കുള്ള അപേക്ഷയുടെ നടപടിക്രമം.—(1) 57-ാം വകുപ്പ് പ്രകാരം അപ്പലേററ് ബോർഡ് മുമ്പാകെ രജിസ്ററർ ശരിയാക്കുന്നതിനുള്ള ഒരു അപേക്ഷ, നിർണ്ണയിക്കപ്പെട്ട രീതിയിൽ ആയിരിക്കേണ്ടതാണ്.

(2) ഈ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ഒരു വ്യാപാരമുദ്രയെ സംബന്ധിച്ച അപ്പലേററ് ബോർഡിന്റെ ഓരോ ഉത്തരവിന്റെയും അല്ലെങ്കിൽ വിധിയുടെയും സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പ് ബോർഡ്, രജിസ്ട്രാർക്ക് അയച്ചുകൊടുക്കേണ്ടതും, രജിസ്ട്രാർ ബോർഡിന്റെ ഉത്തരവിന് പ്രാബല്യം നൽകേണ്ടതും, അപ്രകാരം നിർദ്ദേശിക്കപ്പെടുന്നപക്ഷം, അങ്ങനെയുള്ള ഉത്തരവിന് അനുസൃതമായി രജിസ്ററിലെ ഉൾക്കുറിപ്പുകൾ ഭേദഗതി ചെയ്യുകയോ രജിസ്റ്റർ ശരിയാക്കുകയോ ചെയ്യേണ്ടതാണ്.

98. നിയമനടപടികളിൽ രജിസ്ട്രാറുടെ ഹാജരാകൽ.—(1) രജിസ്ട്രാർക്ക്,—

(ക) രജിസ്റ്ററിന്റെ വ്യത്യാസപ്പെടുത്തലോ ശരിയാക്കലോ ഉൾപ്പെടെയുള്ള പരിഹാരം ആവശ്യപ്പെട്ടുകൊണ്ടോ അല്ലെങ്കിൽ വ്യാപാരമുദ്രകൾ രജിസ്ട്രിയുടെ പ്രവർത്തനരീതിയെ സംബന്ധിച്ചുള്ള ഏതെങ്കിലും പ്രശ്നം ഉന്നയിച്ചുകൊണ്ടോ അപ്പലേററ് ബോർഡ് മുമ്പാകെയുള്ള ഏതെങ്കിലും നിയമനടപടികളിൽ;

(ഖ) ഒരു വ്യാപാരമുദ്രയുടെ രജിസ്ട്രേഷന് വേണ്ടിയുള്ള ഒരു അപേക്ഷയിന്മേൽ, രജിസ്ട്രാറുടെ ഉത്തരവിൽനിന്ന് ബോർഡിലേക്കുള്ള ഏതെങ്കിലും അപ്പീലിൽ,—

(i) എതിർക്കാതിരിക്കുകയും, അപേക്ഷ ഒന്നുകിൽ രജിസ്ട്രാർ നിരസിക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും ഭേദഗതികൾക്കോ രൂപഭേദപ്പെടുത്തലുകൾക്കോ ഉപാധികൾക്കോ അല്ലെങ്കിൽ പരിമിതികൾക്കോ വിധേയമായി അദ്ദേഹം സ്വീകരിക്കുകയും; അല്ലെങ്കിൽ

(ii) എതിർക്കുകയും രജിസ്ട്രാർ ഹാജരാകേണ്ടത് പൊതുതാൽപ്പര്യത്തിന് ആവശ്യമാണെന്ന് അദ്ദേഹം കരുതുകയും ചെയ്യുന്നപക്ഷം,

ഹാജരാകുന്നതിനും കേൾക്കപ്പെടുന്നതിനും അവകാശമുണ്ടായിരിക്കുന്നതും, മറ്റേതെങ്കിലും സംഗതിയിൽ, ബോർഡ് അപ്രകാരം നിർദ്ദേശിക്കുന്നപക്ഷം, രജിസ്ട്രാർ ഹാജരാകേണ്ടതുമാണ്.

(2) അപ്പലേററ് ബോർഡ്, മറ്റ് വിധത്തിൽ നിർദ്ദേശിക്കാത്തപക്ഷം, രജിസ്ട്രാർക്ക്, ഹാജരാകുന്നതിനുപകരം, വിവാദ വിഷയത്തെ സംബന്ധിച്ച് അദ്ദേഹത്തിന്റെ മുമ്പാകെയുള്ള നടപടികളിലോ അല്ലെങ്കിൽ അതിനെ ബാധിക്കുന്ന അദ്ദേഹം എടുത്ത ഏതെങ്കിലും തീരുമാനത്തിന്റെ കാരണങ്ങളെയോ സംബന്ധിച്ച് അദ്ദേഹത്തിന് ഉചിതമെന്ന് തോന്നുന്ന അങ്ങനെയുള്ള വിവരങ്ങളും സമാനമായ സംഗതികളിൽ വ്യാപാരമുദ്രകൾ രജിസ്ട്രിയുടെ പ്രവർത്തനരീതിയും അല്ലെങ്കിൽ വിവാദവിഷയങ്ങൾക്ക് പ്രസക്തമായതും രജിസ്ട്രാർ എന്ന നിലയിൽ അദ്ദേഹത്തിന്റെ അറിവിൽപ്പെട്ടതുമായ മറ്റു സംഗതികളും സംബന്ധിച്ച്, അദ്ദേഹം ഒപ്പിട്ട ലിഖിതമായ ഒരു പ്രസ്താവന സമർപ്പിക്കാവുന്നതും, അങ്ങനെയുള്ള പ്രസ്താവന ആ നടപടികളിൽ തെളിവായിരിക്കുന്നതുമാണ്.

99. അപ്പലേററ് ബോർഡ് മുമ്പാകെയുള്ള നടപടികളിൽ രജിസ്ട്രാറുടെ ചെലവുകൾ.—ഈ ആക്റ്റ് പ്രകാരം അപ്പലേററ് ബോർഡ് മുമ്പാകെയുള്ള എല്ലാ നടപടികളിലും രജിസ്ട്രാറുടെ ചെലവുകൾ ബോർഡിന്റെ വിവേചനാധികാരത്തിലായിരിക്കുന്നതും, എന്നാൽ ഏതെങ്കിലും കക്ഷികളുടെ ചെലവ് രജിസ്ട്രാർ നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുവാൻ പാടുള്ളതുമല്ല.

100. നിലവിലിരിക്കുന്ന നടപടികൾ അപ്പലേററ് ബോർഡിലേക്ക് മാറ്റൽ.—കേന്ദ്ര സർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്ന പ്രകാരമുള്ള തീയതി' മുതൽ, ഏതെങ്കിലും ഹൈക്കോടതിയിൽ നിലവിലിരിക്കുന്ന, രജിസ്ട്രാറുടെ ഏതെങ്കിലും ഉത്തരവിനോ തീരുമാനത്തിനോ എതിരായുള്ള എല്ലാ അപ്പീലുകളും രജിസ്റ്റർ ശരിയാക്കുന്നതു സംബന്ധിച്ചുള്ള എല്ലാ കേസുകളും അപ്പലേററ് ബോർഡിലേക്ക് മാറ്റേണ്ടതും, അപ്പലേററ് ബോർഡിന്, ആ സംഗതി, ഒന്നുകിൽ പുതുതായോ അല്ലെങ്കിൽ അപ്രകാരമുള്ള മാറ്റം ചെയ്യപ്പെട്ട ഘട്ടം മുതൽക്കോ നടപടി തുടരാവുന്നതുമാണ്.

## അദ്ധ്യായം XII

## കുറ്റങ്ങളും ശിക്ഷകളും നടപടി ക്രമവും

101. വ്യാപാരമുദ്രകളും വ്യാപാര വിവരണങ്ങളും പ്രയോഗിക്കുന്നതിന്റെ അർത്ഥം.—(1) ചരക്കുകളിലോ സേവനങ്ങളിലോ ഒരു വ്യാപാരമുദ്രയോ, മുദ്രയോ വ്യാപാര വിവരണമോ വിവരമോ,—

(ക) ചരക്കുകളിൽ തന്നെ അത് പ്രയോഗിക്കുകയോ അല്ലെങ്കിൽ സേവനങ്ങളുമായി ബന്ധപ്പെട്ട് അത് ഉപയോഗിക്കുകയോ; അല്ലെങ്കിൽ

(ഖ) വിൽക്കപ്പെട്ടതോ, വിൽപ്പനയ്ക്കായി തുറന്നുവയ്ക്കപ്പെട്ടതോ, അല്ലെങ്കിൽ വിൽപ്പനയ്ക്കുവേണ്ടിയോ അല്ലെങ്കിൽ വ്യാപാരത്തിന്റെയോ നിർമ്മാണത്തിന്റെയോ ഏതെങ്കിലും ആവശ്യത്തിനായി കൈവശം വച്ചിട്ടുണ്ടായിരുന്നതോ ആയ ചരക്കുകളുടെ ഏതെങ്കിലും പാക്കേജിലോ അല്ലെങ്കിൽ പാക്കേജിനോടൊപ്പമോ അത് പ്രയോഗിക്കുകയോ; അല്ലെങ്കിൽ

(ഗ) വിൽക്കപ്പെട്ടതോ അല്ലെങ്കിൽ വില്പനയ്ക്കായി തുറന്നുവയ്ക്കപ്പെട്ടതോ അല്ലെങ്കിൽ വില്പനയ്ക്കുവേണ്ടിയോ അല്ലെങ്കിൽ വ്യാപാരത്തിന്റെയോ, നിർമ്മാണത്തിന്റെയോ ഏതെങ്കിലും ആവശ്യത്തിനായി കൈവശം വച്ചിട്ടുണ്ടായിരുന്നതോ ആയ ഒരു വ്യാപാരമുദ്രയോ, മുദ്രയോ അല്ലെങ്കിൽ വ്യാപാരവിവരണമോ പ്രയോഗിച്ചിട്ടുള്ള ഏതെങ്കിലും ചരക്കുകളുടെ ഏതെങ്കിലും പാക്കേജിലോ മറ്റ് വസ്തുവിലോ അല്ലെങ്കിൽ അവയോടൊപ്പമോ ഏതെങ്കിലും ചരക്കുകൾ വയ്ക്കുകയോ ആവരണം ചെയ്യുകയോ കൂട്ടിച്ചേർക്കുകയോ; അല്ലെങ്കിൽ

(ഘ) ഏതു ചരക്കുകളുമായോ സേവനങ്ങളുമായോ ബന്ധപ്പെട്ടാണോ അത് ഉപയോഗിച്ചിട്ടുള്ളത്, ആ വ്യാപാരമുദ്രയോ, മുദ്രയോ, വ്യാപാര വിവരണമോ മുഖേന വിശേഷിപ്പിക്കപ്പെട്ടതോ, വിവരിക്കപ്പെട്ടതോ ആയ ചരക്കുകളോ സേവനങ്ങളോ ആണെന്ന വിശ്വാസത്തിലേക്ക് നയിക്കുന്നതിന് ന്യായമായും സാദ്ധ്യതയുള്ള ഏതെങ്കിലും രീതിയിൽ ആ വ്യാപാരമുദ്രയോ, മുദ്രയോ, വ്യാപാര വിവരണമോ, ഉപയോഗിക്കുയോ; അല്ലെങ്കിൽ

(ങ) ഏതെങ്കിലും നാമഫലകത്തിലോ, പരസ്യത്തിലോ, ഇൻവോയിസിലോ, കാറ്റലോഗിലോ, ബിസിനസ്സ് ലെറ്ററിലോ, ബിസിനസ്സ് പേപ്പറിലോ, വിലവിവരപ്പട്ടികയിലോ മറ്റേതെങ്കിലും വാണിജ്യ രേഖകളിലോ, ചരക്കുകളേയോ, സേവനങ്ങളേയോ സംബന്ധിച്ച ഒരു വ്യാപാരമുദ്രയോ അല്ലെങ്കിൽ വ്യാപാര വിവരണമോ ഉപയോഗിക്കുകയും അപ്രകാരം ഉപയോഗിച്ച വ്യാപാരമുദ്രയോ വ്യാപാര വിവരണമോ സൂചിപ്പിച്ചുകൊണ്ട് നൽകിയ അഭ്യർത്ഥനയോ, ഓർഡറോ അനുസരിച്ച് ഒരാൾക്ക് ചരക്കുകൾ വിതരണം ചെയ്യുകയോ അല്ലെങ്കിൽ സേവനങ്ങൾ നൽകുകയോ,

ചെയ്യുന്ന ഒരാൾ, അവ പ്രയോഗിച്ചതായി കരുതപ്പെടേണ്ടതാണ്.

(2) ചരക്കുകളിലോ ഏതെങ്കിലും പാക്കേജിലോ മററ് വസ്തുവിലോ നെയ്തു ചേർക്കുകയോ പതിപ്പിക്കുകയോ മററു വിധത്തിൽ പണി ചെയ്തു വയ്ക്കുകയോ പതിപ്പിക്കുകയോ കൂട്ടിച്ചേർക്കുകയോ അല്ലെങ്കിൽ ഒട്ടിച്ചുവയ്ക്കുകയോ ചെയ്താലും, ഒരു വ്യാപാരമുദ്രയോ മുദ്രയോ അല്ലെങ്കിൽ വ്യാപാര വിവരണമോ ചരക്കുകളിൽ പ്രയോഗിച്ചതായി കരുതപ്പെടേണ്ടതാണ്.

102. വ്യാപാര മുദ്രകൾ വ്യാജമാക്കലും വ്യാജമായി പ്രയോഗിക്കലും.—(1) ഒരാൾ, ഒന്നുകിൽ,—

(ക) വ്യാപാരമുദ്രയുടെ ഉടമയുടെ അനുമതി കൂടാതെ ആ വ്യാപാര മുദ്രയോ അല്ലെങ്കിൽ കബളിപ്പിക്കപ്പെടാവുന്ന സാമ്യമുള്ള ഒരു മുദ്രയോ ഉണ്ടാക്കുകയോ; അല്ലെങ്കിൽ

(ഖ) ഏതെങ്കിലും യഥാർത്ഥ വ്യാപാരമുദ്ര മാററം വരുത്തിയോ കൂട്ടിച്ചേർത്തോ മായ്ച്ചു കളഞ്ഞോ അല്ലെങ്കിൽ മററു വിധത്തിലോ വ്യാജമാക്കുകയോ,

ചെയ്താൽ ഒരു വ്യാപാര മുദ്ര വ്യാജമാക്കിയതായി കരുതപ്പെടേണ്ടതാണ്.

1. 1-10-2003-ലെ വിജ്ഞാപനം നമ്പർ എസ്. ഒ. 1150 (ങ) പ്രകാരം 6-10-2003-ൽ പ്രാബല്യത്തിൽ വന്നു.

(2) വ്യാപാരമുദ്രയുടെ ഉടമയുടെ അനുമതി കൂടാതെ ഒരാൾ,—

(ക) ചരക്കുകളിലോ സേവനങ്ങളിലോ ചരക്കുകൾ അടങ്ങുന്ന ഏതെങ്കിലും പാക്കേജിലോ അങ്ങനെയുള്ള വ്യാപാരമുദ്രയോ കബളിപ്പിക്കപ്പെടാവുന്ന സാമ്യമുള്ള ഒരു മുദ്രയോ പ്രയോഗിക്കുക;

(ഖ) വ്യാപാരമുദ്രയുടെ ഉടമയുടെ യഥാർത്ഥ ചരക്കുകളല്ലാത്ത ഏതെങ്കിലും ചരക്കുകൾ പാക്ക് ചെയ്യുന്നതിനോ നിറയ്ക്കുന്നതിനോ പൊതിയുന്നതിനോ ഉള്ള ആവശ്യത്തിനായി അങ്ങനെയുള്ള ഉടമയുടെ വ്യാപാരമുദ്രയുമായി സമാനമായതോ അല്ലെങ്കിൽ കബളിപ്പിക്കപ്പെടാവുന്ന സാമ്യമുള്ളതോ ആയ ഒരു മുദ്ര ഉള്ള ഏതെങ്കിലും പാക്കേജ് ഉപയോഗിക്കുക,

എന്നിവ ചെയ്താൽ ഒരു വ്യാപാര മുദ്ര ചരക്കുകളിലോ സേവനങ്ങളിലോ വ്യാജമായി പ്രയോഗിച്ചതായി കരുതപ്പെടേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരം വ്യാജമാക്കിയതോ അല്ലെങ്കിൽ (2)-ാം ഉപവകുപ്പിൽ പറഞ്ഞ പ്രകാരം വ്യാജമായി പ്രയോഗിച്ചതോ ആയ ഏതെങ്കിലും വ്യാപാരമുദ്ര, ഒരു വ്യാജ വ്യാപാരമുദ്രയായി ഈ ആക്റ്റിൽ പരാമർശിക്കപ്പെടുന്നു.

(4) ചരക്കുകളിലോ സേവനങ്ങളിലോ ഒരു വ്യാപാരമുദ്ര വ്യാജമാക്കുന്നതിനോ അല്ലെങ്കിൽ ഒരു വ്യാപാരമുദ്ര വ്യാജമായി പ്രയോഗിക്കുന്നതിനോ ഉള്ള ഏതെങ്കിലും ക്രിമിനൽ വ്യവഹാരത്തിൽ ഉടമയുടെ അനുമതി തെളിയിക്കുന്നതിനുള്ള ബാദ്ധ്യത പ്രതിക്കായിരിക്കുന്നതാണ്.

103. വ്യാജ വ്യാപാരമുദ്രകൾ, വ്യാപാരവിവരണങ്ങൾ മുതലായവ പ്രയോഗിക്കുന്നതിനുള്ള ശിക്ഷ.—ഏതെങ്കിലും ആൾ,—

(ക) ഏതെങ്കിലും വ്യാപാരമുദ്ര വ്യാജമാക്കുകയോ; അല്ലെങ്കിൽ

(ഖ) ഏതെങ്കിലും വ്യാപാരമുദ്ര ചരക്കുകളിലോ സേവനങ്ങളിലോ വ്യാജമായി പ്രയോഗിക്കുകയോ; അല്ലെങ്കിൽ

(ഗ) ഒരു വ്യാപാരമുദ്ര വ്യാജമാക്കുന്നതിനോ അല്ലെങ്കിൽ വ്യാജമാക്കുന്നതിന് ഉപയോഗിച്ചുപോരുന്നതിനോ ഉള്ള ആവശ്യത്തിനായി ഏതെങ്കിലും അച്ചോ ബ്ലോക്കോ മെഷീനോ പ്ലേറ്റോ അല്ലെങ്കിൽ മററുപകരണമോ ഉണ്ടാക്കുകയോ വിൽക്കുകയോ അല്ലെങ്കിൽ അയാളുടെ കൈവശം വയ്ക്കുകയോ; അല്ലെങ്കിൽ

(ഘ) ഏതെങ്കിലും വ്യാജ വ്യാപാര വിവരണം ചരക്കുകളിലോ സേവനങ്ങളിലോ പ്രയോഗിക്കുകയോ; അല്ലെങ്കിൽ

(ങ) ഏതെങ്കിലും ചരക്കുകൾ ഉണ്ടാക്കുകയോ ഉൽപ്പാദിപ്പിക്കുകയോ ചെയ്തിട്ടുള്ള രാജ്യത്തിന്റെയും അല്ലെങ്കിൽ സ്ഥലത്തിന്റെയും അല്ലെങ്കിൽ നിർമ്മാതാവിന്റെയും അല്ലെങ്കിൽ ആർക്കുവേണ്ടിയാണോ ചരക്കുകൾ നിർമ്മിച്ചിട്ടുള്ളത്, അയാളുടെ പേരിന്റെയും വിലാസത്തിന്റെയും ഒരു സൂചന 139-ാം വകുപ്പ് പ്രകാരം പ്രയോഗിക്കേണ്ടത് ആവശ്യമായിട്ടുള്ളിടത്ത് അങ്ങനെയുള്ള രാജ്യം, സ്ഥലം, പേര് അല്ലെങ്കിൽ വിലാസം എന്നിവയുടെ ഒരു വ്യാജ സൂചന ഏതെങ്കിലും ചരക്കുകളിൽ പ്രയോഗിക്കുകയോ; അല്ലെങ്കിൽ

(ച) 139-ാം വകുപ്പ് പ്രകാരം ഏതെങ്കിലും ചരക്കുകളിൽ ഉത്ഭവത്തിന്റെ സൂചന പ്രയോഗിക്കേണ്ടത് ആവശ്യമായിട്ടുള്ളിടത്ത്, ഉത്ഭവത്തിന്റെ സൂചന താറുമാറാക്കുകയോ മാററുകയോ അല്ലെങ്കിൽ മായ്ക്കുകയോ; അല്ലെങ്കിൽ

(ഛ) ഈ വകുപ്പിൽ മുകളിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും സംഗതികൾ ചെയ്യുവാൻ പ്രേരിപ്പിക്കുകയോ,

ചെയ്യുന്നപക്ഷം, വഞ്ചിക്കുന്നതിനുള്ള ഉദ്ദേശ്യത്തോടുകൂടിയല്ല താൻ പ്രവർത്തിച്ചതെന്ന് അയാൾ തെളിയിക്കാത്തപക്ഷം, ആറു മാസത്തിൽ കുറയാത്തതും എന്നാൽ മൂന്നു വർഷത്തോളമാകാവുന്നതുമായ ഒരു കാലയളവിലേക്കുള്ള തടവിനും അമ്പതിനായിരം രൂപയിൽ കുറയാത്തതും, എന്നാൽ രണ്ടു ലക്ഷം രൂപയോളമാകാവുന്നതുമായ പിഴയ്ക്കും ശിക്ഷിക്കപ്പെടുന്നതാണ്:

എന്നാൽ, കോടതിക്ക്, വിധിന്യായത്തിൽ പറയാവുന്ന മതിയായതും പ്രത്യേകതയുള്ളതുമായ കാരണങ്ങളാൽ ആറ് മാസത്തിൽ കുറഞ്ഞ കാലത്തേയ്ക്കുള്ള തടവിനോ അല്ലെങ്കിൽ അമ്പതിനായിരം രൂപയിൽ കുറഞ്ഞ പിഴയ്ക്കോ ഉള്ള ശിക്ഷ ചുമത്താവുന്നതാണ്.

104. വ്യാജ വ്യാപാരമുദ്രയോ വ്യാജ വ്യാപാര വിതരണമോ പ്രയോഗിച്ചിട്ടുള്ള ചരക്കുകൾ വിൽക്കുന്നതിനോ സേവനങ്ങൾ നൽകുന്നതിനോ ഉള്ള ശിക്ഷ.—ഏതെങ്കിലും വ്യാജ വ്യാപാരമുദ്രയോ വ്യാജ വ്യാപാര വിതരണമോ പ്രയോഗിച്ചിട്ടുള്ളതോ അല്ലെങ്കിൽ അവ ഉണ്ടാക്കിയതോ ഉൽപ്പാദിപ്പിച്ചതോ ആയ രാജ്യത്തിന്റെയോ സ്ഥലത്തിന്റെയോ അല്ലെങ്കിൽ നിർമ്മാതാവിന്റെയോ അല്ലെങ്കിൽ ആർക്കുവേണ്ടിയാണോ ചരക്കുകൾ നിർമ്മിക്കുകയോ സേവനങ്ങൾ നൽകുകയോ ചെയ്തിട്ടുള്ളത്, അതതു സംഗതി പോലെ, ആ ആളിന്റെയോ പേരും വിലാസവും സംബന്ധിച്ച സൂചന 139-ാം വകുപ്പു പ്രകാരം അവയിൽ പ്രയോഗിക്കേണ്ടത് ആവശ്യമായിട്ടുള്ളിടത്ത്, അങ്ങനെ ആവശ്യമായ സൂചനയില്ലാതെ ചരക്കുകളോ വസ്തുക്കളോ വിൽക്കുകയോ വാടകയ്ക്ക് കൊടുക്കുകയോ വിൽപ്പനയ്ക്കായി തുറന്നു വയ്ക്കുകയോ വാടകയ്ക്ക് എടുക്കുകയോ വിൽപ്പനയ്ക്കായി കൈവശം വയ്ക്കുകയോ സേവനങ്ങൾ നൽകുകയോ വാടകയ്ക്കെടുക്കുകയോ ചെയ്യുന്ന ഏതെങ്കിലും ഒരാൾ,—

(ക) ഈ വകുപ്പിനെതിരെയുള്ള ഒരു കുററം ചെയ്യുന്നതിനെതിരെ ന്യായമായ എല്ലാ മുൻകരുതലുകളും എടുത്തിട്ടുണ്ടായിരുന്നെന്നും ആരോപിക്കപ്പെട്ട കുററം ചെയ്ത സമയത്ത് അയാൾക്ക് ആ വ്യാപാരമുദ്രയുടെയോ വ്യാപാര വിവരണത്തിന്റെയോ യാഥാർത്ഥ്യത്തെ കുറിച്ച് സംശയിക്കുന്നതിന് കാരണമില്ലായിരുന്നെന്നും ആ ചരക്കുകളെയോ സേവനങ്ങളെയോ സംബന്ധിച്ച് യാതൊരു കുററവും ചെയ്തിട്ടില്ലായിരുന്നുവെന്നും; അല്ലെങ്കിൽ

(ഖ) പ്രോസിക്യൂട്ടറോ പ്രോസിക്യൂട്ടർക്കുവേണ്ടിയോ ആവശ്യപ്പെട്ട പ്രകാരം, ആരിൽ നിന്നാണോ അങ്ങനെയുള്ള ചരക്കുകളോ വസ്തുക്കളോ സേവനങ്ങളോ ലഭിച്ചത്, ആ ആളെ സംബന്ധിച്ച് തന്റെ അറിവിലുള്ള എല്ലാ വിവരങ്ങളും അയാൾ നൽകിയെന്നോ; അല്ലെങ്കിൽ

(ഗ) അയാൾ നിഷ്ക്കളങ്കനായിട്ടാണ് പ്രവർത്തിച്ചിരുന്നതെന്നോ,

തെളിയാത്തപക്ഷം, ആറ് മാസത്തിൽ കുറയാത്തതും എന്നാൽ മൂന്നു വർഷം വരെയാകാവുന്ന കാലയളവിലേക്കുള്ള തടവിനും അമ്പതിനായിരം രൂപയിൽ കുറയാത്തതും, എന്നാൽ രണ്ടു ലക്ഷം രൂപയോളമാകാവുന്നതുമായ പിഴയ്ക്കും ശിക്ഷിക്കപ്പെടുന്നതാണ്:

എന്നാൽ, കോടതിക്ക് വിധിന്യായത്തിൽ പറയാവുന്ന മതിയായതും പ്രത്യേകമായതുമായ കാരണങ്ങളാൽ, ആറ് മാസത്തിൽ കുറഞ്ഞ കാലത്തേയ്ക്കുള്ള തടവിനോ അല്ലെങ്കിൽ അമ്പതിനായിരം രൂപയിൽ കുറഞ്ഞ പിഴയ്ക്കോ ഉള്ള ശിക്ഷ ചുമത്താവുന്നതാണ്.

105. രണ്ടാമത്തേതോ അല്ലെങ്കിൽ തുടർന്നുള്ളതോ ആയ കുററസ്ഥാപനത്തിന് വർദ്ധിപ്പിച്ച ശിക്ഷ.—103-ാം വകുപ്പിൻകീഴിലോ അല്ലെങ്കിൽ 104-ാം വകുപ്പിൻകീഴിലോ ഉള്ള ഒരു കുററത്തിന് നേരത്തെ തന്നെ കുററസ്ഥാപനം ചെയ്തിരിക്കെ, അങ്ങനെയുള്ള ഏതെങ്കിലും കുററത്തിന് വീണ്ടും കുററസ്ഥാപനം ചെയ്യപ്പെടുന്ന ഏതൊരാളും, രണ്ടാമത്തേതും തുടർന്നുള്ള ഓരോ കുററത്തിനും ഒരു വർഷത്തിൽ കുറയാത്തതും, എന്നാൽ മൂന്നു വർഷത്തോളമാകാവുന്നതുമായ ഒരു കാലയളവിലേക്കുള്ള തടവിനും ഒരു ലക്ഷം രൂപയിൽ കുറയാത്തതും, എന്നാൽ രണ്ടു ലക്ഷം രൂപയോളമാകാവുന്നതുമായ പിഴയ്ക്കും ശിക്ഷിക്കപ്പെടുന്നതാണ്:

എന്നാൽ, കോടതിക്ക് വിധിന്യായത്തിൽ, പറയാവുന്ന മതിയായതും പ്രത്യേകമായതുമായ കാരണങ്ങളാൽ ഒരു വർഷത്തിൽ കുറഞ്ഞ കാലത്തേക്കുള്ള തടവിനോ അല്ലെങ്കിൽ ഒരു ലക്ഷം രൂപയിൽ കുറഞ്ഞ പിഴയ്ക്കോ ഉള്ള ശിക്ഷ ചുമത്താവുന്നതാണ്:

എന്നുമാത്രമല്ല, ഈ വകുപ്പിലെ ആവശ്യങ്ങൾക്കായി, ഈ ആക്റ്റിന്റെ പ്രാരംഭത്തിന് മുമ്പ് നടത്തിയ ഏതെങ്കിലും കുററസ്ഥാപനം, നടപടിക്ക് എടുക്കാവുന്നതല്ല.

106. 81-ാം വകുപ്പിന് വിരുദ്ധമായി തുണിച്ചരക്കുകൾ മുതലായവ നീക്കം ചെയ്യുന്നതിനുള്ള ശിക്ഷ.—ഏതെങ്കിലും ആൾ 81-ാം വകുപ്പിൽ ആവശ്യപ്പെടുന്ന പ്രകാരം അടയാളപ്പെടുത്താത്ത തുണിച്ചരക്കുകളോ പരുത്തി നൂലിഴയോ പരുത്തി നൂലോ ആ വകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും പരിസരങ്ങളിൽ നിന്നും വിൽപ്പനയ്ക്കായി നീക്കം ചെയ്യുകയോ നീക്കം ചെയ്യാൻ ശ്രമിക്കുകയോ അല്ലെങ്കിൽ നീക്കം ചെയ്യുന്നതിന് പ്രേരിപ്പിക്കുകയോ നീക്കം ചെയ്യുന്നതിന് ശ്രമിക്കുകയോ അല്ലെങ്കിൽ വിൽക്കുകയോ അല്ലെങ്കിൽ വിൽപ്പനയ്ക്കായി തുറന്നു വയ്ക്കുകയോ അല്ലെങ്കിൽ വിൽപ്പനയ്ക്കായോ വ്യാപാരത്തിന്റെയോ നിർമ്മാണത്തിന്റെയോ ഏതെങ്കിലും ആവശ്യങ്ങൾക്കായി തന്റെ കൈവശം വയ്ക്കുകയോ ചെയ്യുന്നപക്ഷം, അങ്ങനെയുള്ള ഓരോ തുണിച്ചരക്കും അങ്ങനെയുള്ള നൂലിഴയുടെ ഓരോ കെട്ടും അങ്ങനെയുള്ള എല്ലാ നൂലും അവ പായ്ക്ക് ചെയ്യുവാൻ ഉപയോഗിച്ച എല്ലാ സാധനങ്ങളും സർക്കാരിലേക്ക് കണ്ടുകെട്ടേണ്ടതും അങ്ങനെയുള്ള ആൾ ആയിരം രൂപ വരെയുള്ള പിഴയ്ക്ക് ശിക്ഷിക്കപ്പെടുന്നതുമാണ്.

107. ഒരു വ്യാപാരമുദ്ര രജിസ്ററർ ചെയ്യപ്പെട്ടതാണെന്ന് തെറ്റായി അവതരിപ്പിക്കുന്നതിനുള്ള ശിക്ഷ.—(1) യാതൊരാളും,—

(ക) രജിസ്റ്റർ ചെയ്യപ്പെട്ട വ്യാപാരമുദ്രയല്ലാത്ത ഒരു മുദ്രയെ സംബന്ധിച്ച്, അത് രജിസ്റ്റർ ചെയ്യപ്പെട്ട ഒരു വ്യാപാരമുദ്രയാണെന്ന ഫലമുണ്ടാക്കുന്നതോ; അല്ലെങ്കിൽ

(ഖ) ഒരു വ്യാപാരമുദ്രയായി പ്രത്യേകം രജിസ്റ്റർ ചെയ്യപ്പെട്ട ഭാഗമല്ലാത്ത രജിസ്റ്റർ ചെയ്യപ്പെട്ട ഒരു വ്യാപാരമുദ്രയുടെ ഒരു ഭാഗത്തെ സംബന്ധിച്ച്, അത് പ്രത്യേകം രജിസ്റ്റർ ചെയ്യപ്പെട്ട ഒരു വ്യാപാര മുദ്രയാണെന്ന ഫലമുണ്ടാക്കുന്നതോ; അല്ലെങ്കിൽ

(ഗ) ഏതെങ്കിലും ചരക്കുകളേയോ, സേവനങ്ങളേയോ സംബന്ധിച്ച് രജിസ്റ്റർ ചെയ്യപ്പെട്ട വ്യാപാരമുദ്ര അത് യഥാർത്ഥത്തിൽ രജിസ്റ്റർ ചെയ്യപ്പെടാത്ത ചരക്കുകളേയോ, സേവനങ്ങളേയോ സംബന്ധിച്ചാണെന്ന ഫലമുണ്ടാക്കുന്നതോ; അല്ലെങ്കിൽ

(ഘ) രജിസ്ററിൽ ചേർത്തിട്ടുള്ള പരിമിതികൾ പരിഗണിക്കുമ്പോൾ, ഏത് സാഹചര്യങ്ങളിലും വ്യാപാരമുദ്ര ഉപയോഗിക്കുന്നതിനുള്ള അനന്യമായ അവകാശം അതിന്റെ രജിസ്ട്രേഷൻ നൽകുന്നില്ലാത്തിടത്ത്, അങ്ങനെയുള്ള അവകാശം ആ രജിസ്ട്രേഷൻ നൽകുന്നതാണെന്ന ഫലമുണ്ടാക്കുന്നതോ,

ആയ വിധത്തിൽ അവതരിപ്പിക്കാൻ പാടുള്ളതല്ല.

(2) ഏതെങ്കിലും ആൾ (1)-ാം ഉപവകുപ്പിലെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുന്നപക്ഷം, അയാൾ മൂന്നുവർഷത്തോളമാകാവുന്ന കാലയളവിലേക്കുള്ള തടവിനോ അല്ലെങ്കിൽ പിഴയ്ക്കോ അല്ലെങ്കിൽ രണ്ടിനും കൂടിയോ ശിക്ഷിക്കപ്പെടുന്നതാണ്.

(3) ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി, ഒരു വ്യാപാരമുദ്രയെ സംബന്ധിച്ച്, "രജിസ്റ്റർ ചെയ്യപ്പെട്ട" എന്ന വാക്കിന്റേയോ അല്ലെങ്കിൽ രജിസ്ട്രേഷനെ പ്രത്യക്ഷമായോ പരോക്ഷമായോ പരാമർശിച്ചുകൊണ്ടുള്ള മറ്റേതെങ്കിലും പദപ്രയോഗമോ ചിഹ്നമോ അല്ലെങ്കിൽ അടയാളമോ താഴെ പറയുന്നവയിലൊഴികെ, രജിസ്ട്രേഷന്റെ ഒരു സൂചന ധ്വനിപ്പിക്കുന്നതായി കരുതപ്പെടേണ്ടതാണ്.

(ക) ഏതിലാണോ ആ വാക്കോ, പദപ്രയോഗമോ, ചിഹ്നമോ, അടയാളമോ ആലേഖനം ചെയ്യപ്പെട്ടിട്ടുള്ളത്, ഏറ്റവും കുറഞ്ഞത് അതിന്റെയത്രയെങ്കിലും വലിപ്പത്തിൽ സവിശേഷതകൾ, മറ്റ് വാക്കുകളുമായി നേരിട്ട് ബന്ധപ്പെടുത്തി ഉപയോഗിച്ചിട്ടുള്ള വാക്കിലോ മറ്റ് പദപ്രയോഗത്തിലോ ചിഹ്നത്തിലോ, അടയാളത്തിലോ ആലേഖനം ചെയ്തിട്ടുള്ളിടത്തും, ചെയ്യപ്പെട്ടിട്ടുള്ളപക്ഷവും, പരാമർശിക്കപ്പെട്ട രജിസ്ട്രേഷൻ ഏത് രാജ്യത്തെ നിയമപ്രകാരമാണോ യഥാർത്ഥത്തിൽ പ്രാബല്യത്തിലുള്ളത്, ഭാരതത്തിന് വെളിയിലുള്ള അങ്ങനെയുള്ള രാജ്യത്തെ നിയമപ്രകാരമുള്ള രജിസ്ട്രേഷനെ സംബന്ധിച്ച പരാമർശം ഒരു വ്യാപാരമുദ്രയെ സംബന്ധിച്ചാണെന്ന് സൂചിപ്പിക്കുന്നപക്ഷവും; അല്ലെങ്കിൽ

(ഖ) ആ മറ്റ് പദപ്രയോഗമോ, ചിഹ്നമോ അല്ലെങ്കിൽ അടയാളമോ തന്നെ, (ക) ഖണ്ഡത്തിൽ പറഞ്ഞ പ്രകാരമുള്ള അങ്ങനെയുള്ള രജിസ്ട്രേഷന്റെ പരാമർശത്തെ സൂചിപ്പിക്കുന്ന വിധത്തിലാകുന്ന പക്ഷം; അല്ലെങ്കിൽ

(ഗ) ഭാരതത്തിന് വെളിയിലുള്ള ഒരു രാജ്യത്തിലെ നിയമപ്രകാരം ഒരു വ്യാപാരമുദ്രയായി രജിസ്റ്റർ ചെയ്യപ്പെട്ട ഒരു മുദ്രയെ സംബന്ധിച്ചും ആ രാജ്യത്ത് കയറ്റുമതി ചെയ്യേണ്ടതായ ചരക്കുകളെ മാത്രം സംബന്ധിച്ചും അല്ലെങ്കിൽ ആ രാജ്യത്ത് ഉപയോഗിക്കുന്നതിനുള്ള സേവനങ്ങളെ സംബന്ധിച്ചും,

ആ വാക്ക് ഉപയോഗിക്കുന്നപക്ഷം.

108. ഒരു ബിസിനസ് സ്ഥലം വ്യാപാരമുദ്രകൾ ആഫീസുമായി ബന്ധപ്പെട്ടതാണെന്ന് തെറ്റായി വിവരിക്കുന്നതിനുള്ള ശിക്ഷ.—ഏതെങ്കിലും ആൾ, അയാളുടെ ബിസിനസ് സ്ഥലത്തോ, അല്ലെങ്കിൽ അയാൾ പുറപ്പെടുവിച്ച ഏതെങ്കിലും രേഖയിലോ അല്ലെങ്കിൽ മറ്റ് വിധത്തിലോ, തന്റെ ബിസിനസ് സ്ഥലം വ്യാപാരമുദ്രകൾ ആഫീസാണെന്നോ അതുമായി ഔദ്യോഗികമായി ബന്ധപ്പെട്ടതാണെന്നോ ഉള്ള വിശ്വാസത്തിലേക്ക് ന്യായമായി നയിച്ചേക്കാവുന്ന വാക്കുകൾ ഉപയോഗിക്കുന്നപക്ഷം, അയാൾ രണ്ട് വർഷത്തോളമാകാവുന്ന തടവിനോ പിഴയ്ക്കോ അല്ലെങ്കിൽ രണ്ടിനും കൂടിയോ ശിക്ഷിക്കപ്പെടുന്നതാണ്.

109. രജിസ്റ്ററിലെ ഉൾക്കുറിപ്പുകൾ വ്യാജമാക്കുന്നതിനുള്ള ശിക്ഷ.—ഏതെങ്കിലും ആൾ, രജിസ്റ്ററിൽ തെറ്റായ ഒരു ഉൾക്കുറിപ്പോ അല്ലെങ്കിൽ രജിസ്ററിലെ ഒരു ഉൾക്കുറിപ്പിന്റെ ഒരു പകർപ്പാണെന്ന് തെറ്റായി ധ്വനിപ്പിക്കുന്ന ഒരു ലിഖിതമോ ഉണ്ടാക്കുകയോ ഉണ്ടാക്കിക്കുകയോ അല്ലെങ്കിൽ ആ ഉൾക്കുറിപ്പോ ലിഖിതമോ വ്യാജമാണെന്ന് അറിഞ്ഞുകൊണ്ട് അങ്ങനെയുള്ള ഏതെങ്കിലും ലിഖിതം തെളിവായി ഹാജരാക്കുകയോ നൽകുകയോ അല്ലെങ്കിൽ ഹാജരാക്കിക്കുകയോ നൽകിക്കുകയോ ചെയ്യുന്നപക്ഷം, അയാൾ രണ്ട് വർഷത്തോളമാകാവുന്ന തടവിനോ പിഴയ്ക്കോ അല്ലെങ്കിൽ രണ്ടിനും കൂടിയോ ശിക്ഷിക്കപ്പെടുന്നതാണ്.

110. ചില സംഗതികളിൽ കുറ്റമല്ലെന്ന്.—രജിസ്ററർ ചെയ്യപ്പെട്ട ഒരു വ്യാപാരമുദ്രയേയോ അല്ലെങ്കിൽ അങ്ങനെയുള്ള മുദ്രയുടെ ഉടമയേയോ സംബന്ധിച്ച് 102, 103, 104, 105 എന്നീ വകുപ്പുകളിലെ വ്യവസ്ഥകൾ, ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കപ്പെട്ടതോ അംഗീകരിക്കപ്പെട്ടതോ ആയ അവകാശങ്ങൾക്ക് വിധേയമായിരിക്കുന്നതും ഏതെങ്കിലും പ്രവൃത്തിയോ; വീഴ്ചയോ—

(ക) ആരോപിക്കപ്പെട്ട കുററം രജിസ്ററർ ചെയ്യപ്പെട്ട വ്യാപാരമുദ്രയുമായി ബന്ധപ്പെട്ടതും ആ പ്രവൃത്തിയോ വീഴ്ചയോ ഈ ആക്റ്റ് പ്രകാരം അനുവദിക്കപ്പെട്ടതും,

(ഖ) ആരോപിക്കപ്പെട്ട കുററം രജിസ്ററർ ചെയ്യപ്പെട്ടതോ അല്ലെങ്കിൽ രജിസ്ററർ ചെയ്യപ്പെടാത്തതോ ആയ ഒരു വ്യാപാരമുദ്രയുമായി ബന്ധപ്പെട്ടതും ആ പ്രവൃത്തിയോ വീഴ്ചയോ തൽസമയം പ്രാബല്യത്തിലുള്ള നിയമപ്രകാരം അനുവദിക്കപ്പെട്ടതും,

ആകുന്നപക്ഷം, മേൽപ്പറഞ്ഞ പ്രകാരം ഒരു കുററമായി കരുതപ്പെടാവുന്നതല്ല.

111. ചരക്കുകൾ കണ്ടുകെട്ടൽ.—(1) ഒരാൾ, 103-ാം വകുപ്പോ 104-ാം വകുപ്പോ 105-ാം വകുപ്പോ പ്രകാരം ഒരു കുററത്തിന് കുററസ്ഥാപനം ചെയ്യപ്പെടുകയോ അല്ലെങ്കിൽ വഞ്ചിക്കണമെന്ന ഉദ്ദേശ്യത്തോടെയല്ല താൻ പ്രവർത്തിച്ചതെന്ന തെളിവിൻമേൽ 103-ാം വകുപ്പോ 104-ാം വകുപ്പോ പ്രകാരമുള്ള ഒരു കുററത്തിനോ, അല്ലെങ്കിൽ 104-ാം വകുപ്പ് (ക) ഖണ്ഡത്തിലോ അല്ലെങ്കിൽ (ഖ) ഖണ്ഡത്തിലോ (ഗ) ഖണ്ഡത്തിലോ വിനിർദ്ദേശിച്ചിട്ടുള്ള സംഗതികളുടെ തെളിവിൻമേൽ, ആ വകുപ്പു പ്രകാരമുള്ള ഒരു കുററത്തിനോ അയാളെ കുററവിമുക്തനാക്കുകയോ ചെയ്യുന്നപക്ഷം, അയാളെ കുററസ്ഥാപനം ചെയ്യുകയോ കുററവിമുക്തനാക്കുകയോ ചെയ്യുന്ന കോടതിക്ക് കുററം ചെയ്യുന്നതിന് ഉപയോഗിച്ചതോ അതുമായി ബന്ധപ്പെട്ടതോ അല്ലെങ്കിൽ മേൽപ്പറഞ്ഞ പ്രകാരമുള്ള തെളിവില്ലായിരുന്നെങ്കിലും കുററം ചെയ്യുന്നതിന് ഉപയോഗിച്ചേക്കാവുന്നതോ അതുമായി ബന്ധപ്പെട്ടേക്കാവുന്നതോ ആയ എല്ലാ ചരക്കുകളും വസ്തുക്കളും സർക്കാരിലേക്ക് കണ്ടുകെട്ടുന്നതിന് നിർദ്ദേശിക്കാവുന്നതാണ്.

(2) ഒരു കുററസ്ഥാപനത്തിൻമേൽ, കണ്ടുകെട്ടൽ നിർദ്ദേശിക്കപ്പെടുകയും ആ കുററസ്ഥാപനത്തിനെതിരെ അപ്പീൽ ഉണ്ടായിരിക്കുകയും ചെയ്യുന്നപക്ഷം, ആ കണ്ടുകെട്ടലിനെതിരെ ഒരു അപ്പീൽ ഉണ്ടായിരിക്കുന്നതാണ്.

(3) കുററവിമുക്തമാക്കലിൻമേൽ കണ്ടുകെട്ടൽ നിർദ്ദേശിക്കപ്പെടുകയും, ആ നിർദ്ദേശവുമായി ബന്ധപ്പെട്ട ചരക്കുകളുടെയോ വസ്തുക്കളുടെയോ മൂല്യം അമ്പത് രൂപയിൽ കവിയുകയും ചെയ്യുമ്പോൾ, ആ നിർദ്ദേശത്തിന്റെ തീയതി മുതൽ മുപ്പത് ദിവസത്തിനകം, കണ്ടുകെട്ടൽ നിർദ്ദേശിക്കപ്പെട്ട കോടതിയുടെ ശിക്ഷകളിൽനിന്നും അപ്പീലുള്ള കേസുകളിൽ അപ്പീൽ നൽകേണ്ട കോടതിയിൽ കണ്ടുകെട്ടലിന് എതിരെ ഒരു അപ്പീൽ നൽകാവുന്നതാണ്.

(4) ഒരു കുററസ്ഥാപനത്തിൻമേൽ, ഒരു കണ്ടുകെട്ടൽ നിർദ്ദേശിക്കപ്പെട്ടിരിക്കുമ്പോൾ, ഏത് കോടതി മുമ്പാകെയാണോ അയാൾ കുററസ്ഥാപനം ചെയ്യപ്പെട്ടത്, ആ കോടതിക്ക്, അതിന് യുക്തമെന്ന് തോന്നുന്ന പ്രകാരം കണ്ടുകെട്ടിയ സാമഗ്രികൾ നശിപ്പിക്കുന്നതിനോ അല്ലെങ്കിൽ മററുവിധത്തിൽ തീർപ്പാക്കുന്നതിനോ ഉത്തരവാക്കാവുന്നതാണ്.

112. സാധാരണ ബിസിനസ് വേളയിൽ നിയോഗിച്ചിട്ടുള്ള ചില ആളുകളെ ഒഴിവാക്കൽ.—(1) 103-ാം വകുപ്പിൻകീഴിൽ കുററം ചുമത്തപ്പെട്ട ഒരു ആൾ,—

(ക) സാധാരണ ബിസിനസ് വേളയിൽ താൻ മററുള്ളവർക്കുവേണ്ടി വ്യാപാര മുദ്രകളോ വ്യാപാര വിവരണങ്ങളോ പ്രയോഗിക്കുകയും അല്ലെങ്കിൽ, അതതു സംഗതിപോലെ, വ്യാപാരമുദ്രകൾ ഉണ്ടാക്കുന്നതിനുവേണ്ടിയോ അല്ലെങ്കിൽ ഉണ്ടാക്കുന്നതിന് ഉപയോഗിച്ചുപോരുന്നതോ ആയ അച്ചുകളോ ബ്ലോക്കുകളോ മെഷീനുകളോ പ്ലേററുകളോ അല്ലെങ്കിൽ മററ് ഉപകരണങ്ങളോ ഉണ്ടാക്കുകയും ചെയ്യുന്നതിനുവേണ്ടി നിയോഗിക്കപ്പെട്ടതാണെന്നും;

(ഖ) കുററവിഷയമായിട്ടുള്ള സംഗതിയിൽ താൻ അപ്രകാരം നിയോഗിക്കപ്പെട്ടതാണെന്നും അങ്ങനെയുള്ള ചരക്കുകൾ വിൽക്കുന്നതിനെയോ സേവനങ്ങൾ നൽകുന്നതിനെയോ, അതതു സംഗതിപോലെ, ആശ്രയിച്ച് ലാഭമോ കമ്മീഷനോ വഴി ആ ചരക്കുകളിലോ മററ് വസ്തുവിലോ തനിക്ക് താൽപ്പര്യമില്ലായിരുന്നുവെന്നും;

(ഗ) ചാർജ്ജു ചെയ്യപ്പെട്ട കുററം ചെയ്യുന്നതിനെതിരെ ന്യായമായ എല്ലാ മുൻകരുതലുകളും എടുത്തിട്ടുണ്ടായിരിക്കെ, ആരോപിക്കപ്പെട്ട കുററം ചെയ്ത സമയത്ത് വ്യാപാരമുദ്രയുടെയോ വ്യാപാര വിവരണത്തിന്റെയോ യാഥാർത്ഥ്യത്തെ സംശയിക്കുന്നതിന് അയാൾക്ക് കാരണമൊന്നും ഇല്ലായിരുന്നുവെന്നും;

(ഘ) പ്രോസിക്യൂട്ടറോ പ്രോസിക്യൂട്ടർക്ക് വേണ്ടിയോ നടത്തിയ അഭ്യർത്ഥനയിൻമേൽ, ആർക്കു വേണ്ടിയാണോ വ്യാപാരമുദ്രയോ വ്യാപാര വിവരണമോ പ്രയോഗിച്ചിട്ടുള്ളത്, ആ ആളുകളെ സംബന്ധിച്ച് തന്റെ അറിവിൽപ്പെട്ട എല്ലാ വിവരങ്ങളും നൽകിയിരുന്നുവെന്നും, തെളിയിക്കുന്നപക്ഷം, അയാളെ കുററവിമുക്തനാക്കേണ്ടതാണ്.

113. പ്രതി, രജിസ്ട്രേഷന്റെ അസാധുത വാദിക്കുമ്പോഴുള്ള നടപടിക്രമം.—(1) 103-ാം വകുപ്പോ 104-ാം വകുപ്പോ 105-ാം വകുപ്പോ പ്രകാരം ചാർജ്ജ് ചെയ്ത കുററം രജിസ്ററർ ചെയ്യപ്പെട്ട വ്യാപാര മുദ്രയെ സംബന്ധിച്ചായിരിക്കുകയും, പ്രതി വ്യാപാരമുദ്രയുടെ രജിസ്ട്രേഷൻ അസാധുവാണെന്ന് വാദിക്കുകയും ചെയ്യുന്നപക്ഷം, താഴെ പറയുന്ന നടപടിക്രമം പാലിക്കേണ്ടതാണ്:—

(ക) അങ്ങനെയുള്ള പ്രതിവാദം പ്രഥമദൃഷ്ട്യാ നിലനിൽക്കത്തക്കതാണെന്ന് കോടതിക്ക് ബോദ്ധ്യപ്പെടുന്നപക്ഷം, അത് ചാർജ്ജിൻമേൽ തുടർനടപടി എടുക്കാൻ പാടില്ലാത്തതും, എന്നാൽ, രജിസ്ട്രേഷൻ അസാധുവാണെന്നുള്ള കാരണത്തിൻമേൽ രജിസ്ററർ ശരിയാക്കുന്നതിനുവേണ്ടി ഈ ആക്റ്റ് പ്രകാരം അപ്പലേററ് ബോർഡ് മുമ്പാകെ പ്രതിക്ക് ഒരു അപേക്ഷ ഫയൽ ചെയ്യുന്നത് സാധ്യമാക്കുന്നതിനായി, പ്രതിയുടെ വാദം രേഖപ്പെടുത്തിയ തീയതി മുതൽ മൂന്ന് മാസത്തേക്ക് നടപടി നീട്ടിവയ്ക്കേണ്ടതാണ്.

(ഖ) പ്രതി അപ്രകാരം പരിമിതപ്പെടുത്തിയ സമയത്തിനുള്ളിലോ അല്ലെങ്കിൽ കോടതി മതിയായ കാരണത്താൽ അനുവദിച്ച അങ്ങനെയുള്ള കൂടുതൽ സമയത്തിനുള്ളിലോ അങ്ങനെയുള്ള അപേക്ഷ നൽകിയിട്ടുണ്ടെന്ന് അയാൾ തെളിയിക്കുന്നപക്ഷം, പ്രോസിക്യൂഷനിലെ തുടർന്നുള്ള നടപടികൾ, ശരിയാക്കലിന് വേണ്ടിയുള്ള അങ്ങനെയുള്ള അപേക്ഷ തീർപ്പാക്കുന്നതുവരെ നിർത്തിവയ്ക്കപ്പെടുന്നതാണ്.

(ഗ) മൂന്നു മാസക്കാലാവധിക്കുള്ളിലോ അല്ലെങ്കിൽ കോടതി അനുവദിക്കുന്ന അങ്ങനെ നീട്ടിക്കൊടുത്ത സമയത്തിനുള്ളിലോ രജിസ്ററർ ശരിയാക്കലിനുവേണ്ടി അപ്പലേററ് ബോർഡിലേക്ക് അപേക്ഷിക്കുന്നതിന് പ്രതി വീഴ്ച വരുത്തുന്നപക്ഷം, രജിസ്ട്രേഷൻ സാധുവായിരുന്നാൽ എന്നതു പോലെ കോടതി കേസിൽ തുടർനടപടി എടുക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ച ഒരു കുററത്തെക്കുറിച്ചുള്ള ഒരു പരാതി സമർപ്പിക്കുന്നതിനുമുമ്പ്, വ്യാപാരമുദ്രയുടെ രജിസ്ട്രേഷന്റെ അസാധുതയുടെ കാരണത്താൽ തർക്കത്തിലുള്ള വ്യാപാരമുദ്രയെ സംബന്ധിച്ചുള്ള രജിസ്ററിന്റെ ശരിയാക്കലിന് വേണ്ടിയുള്ള ഏതെങ്കിലും അപേക്ഷ ട്രിബ്യൂണൽ മുമ്പാകെ നേരത്തെതന്നെ യഥാവിധി സമർപ്പിച്ചിട്ടുണ്ടായിരിക്കുകയും അത് തീർപ്പാക്കാതിരിക്കുകയും ചെയ്യുന്നപക്ഷം, കോടതി, മേൽപ്പറഞ്ഞ അപേക്ഷ തീർപ്പാകാതെ നിൽക്കുന്നതുവരെ പ്രോസിക്യൂഷനിലെ തുടർ നടപടികൾ നിറുത്തിവയ്ക്കേണ്ടതും, പരാതിക്കാരൻ തന്റെ മുദ്രയുടെ രജിസ്ട്രേഷനെ ആശ്രയിക്കുന്നത്രത്തോളം, ശരിയാക്കലിന് വേണ്ടിയുള്ള അപേക്ഷയുടെ ഫലത്തിന് അനുസൃതമായി പ്രതിക്കെതിരെയുള്ള കുററം തീരുമാനിക്കേണ്ടതുമാണ്.

114. കമ്പനികളാലുള്ള കുററങ്ങൾ.—(1) ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുററം ചെയ്യുന്ന ആൾ ഒരു കമ്പനിയാണെങ്കിൽ, കമ്പനിയും അതേപോലെതന്നെ കുററം ചെയ്യുന്ന സമയത്ത് അതിന്റെ ബിസിനസ് നടത്തിപ്പിൽ കമ്പനിയുടെ ചുമതലയും അതിനോട് ഉത്തരവാദിത്തവും ഉള്ള ഓരോ ആളും ആ കുററത്തിന് അപരാധിയായി കരുതപ്പെടേണ്ടതും, അതിനനുസൃതമായി, അയാൾക്കെതിരെ തുടർ നടപടി എടുക്കപ്പെടുന്നതിനും ശിക്ഷിക്കപ്പെടുന്നതിനും വിധേയനാകുന്നതാണ്:

എന്നാൽ, കുററം ചെയ്തത് അയാളുടെ അറിവോടുകൂടിയല്ലായിരുന്നെന്നോ, അല്ലെങ്കിൽ അങ്ങനെയുള്ള കുററം ചെയ്യൽ തടയുന്നതിന് അയാൾ വേണ്ടത്ര എല്ലാ ജാഗ്രതയും എടുത്തിരുന്നുവെന്നും അയാൾ തെളിയിക്കുന്നപക്ഷം, ഈ ഉപവകുപ്പിലെ യാതൊന്നും തന്നെ, പ്രസ്തുത ആളെ ഏതെങ്കിലും ശിക്ഷയ്ക്ക് വിധേയനാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുററം കമ്പനി ചെയ്തിരിക്കുകയും, കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടെയോ, മാനേജരുടേയോ, സെക്രട്ടറിയുടെയോ അല്ലെങ്കിൽ മറ്റേതെങ്കിലും ആഫീസറുടെയോ സമ്മതത്തോടെയോ മൗനാനുവാദത്തോടെയോ അല്ലെങ്കിൽ കുററം ചെയ്യപ്പെട്ടത് അവരുടെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും വീഴ്ച കാരണമാണെന്നോ തെളിയിക്കുന്നപക്ഷം, അങ്ങനെയുള്ള ഡയറക്ടറോ, മാനേജരോ, സെക്രട്ടറിയോ അല്ലെങ്കിൽ മററ് ആഫീസറോ കൂടി ആ കുററത്തിന് അപരാധിയായി കരുതപ്പെടേണ്ടതും, അതിനനുസൃതമായി അവർക്കെതിരെ തുടർനടപടി എടുക്കപ്പെടുന്നതിനും ശിക്ഷിക്കപ്പെടുന്നതിനും വിധേയരാകുന്നതാണ്.

വിശദീകരണം:—ഈ വകുപ്പിലെ ആവശ്യങ്ങൾക്കായി,—

(ക) "കമ്പനി" എന്നാൽ ഏതെങ്കിലും ഏകാംഗയോഗമെന്നർത്ഥമാകുന്നതും ഒരു ഫേമോ അല്ലെങ്കിൽ വ്യക്തികളുടെ മററു സമാജമോ ഉൾപ്പെടുന്നതുമാകുന്നു.

(ഖ) ഒരു ഫേമിനെ സംബന്ധിച്ച് "ഡയറക്ടർ" എന്നാൽ ഫേമിലെ ഒരു പങ്കാളി എന്നർത്ഥമാകുന്നു.

115. ചില കുററങ്ങളിൽ നടപടിയെടുക്കലും പോലീസ് ആഫീസർക്ക് പരിശോധനയ്ക്കും പിടിച്ചെടുക്കലിനും ഉള്ള അധികാരങ്ങളും.—(1) യാതൊരു കോടതിയും, രജിസ്ട്രാറോ അല്ലെങ്കിൽ അദ്ദേഹം ലിഖിതമായി അധികാരപ്പെടുത്തിയ ഏതെങ്കിലും ആഫീസറോ ലിഖിതമായി നൽകിയ പരാതിയിൻ മേലല്ലാതെ 107-ാം വകുപ്പോ 108-ാം വകുപ്പോ 109-ാം വകുപ്പോ പ്രകാരമുള്ള ഒരു കുററം നടപടിയ്ക്കെടുക്കാൻ പാടുള്ളതല്ല:

എന്നാൽ, 107-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഗ) ഖണ്ഡത്തെ സംബന്ധിച്ച്, ഒരു കോടതി, രജിസ്ററർ ചെയ്യപ്പെട്ട ഒരു വ്യാപാരമുദ്ര യഥാർത്ഥത്തിൽ രജിസ്ററർ ചെയ്യപ്പെടാത്ത ഏതെങ്കിലും ചരക്കുകളേയോ സേവനങ്ങളേയോ സംബന്ധിച്ച് രജിസ്ററർ ചെയ്യപ്പെട്ടതാണെന്നുള്ള സൂചന നൽകുന്നതാണെന്ന് രജിസ്ട്രാർ നൽകിയ ഒരു സർട്ടിഫിക്കററിന്റെ അടിസ്ഥാനത്തിൽ, ഒരു കുററം നടപടിക്കെടുക്കേണ്ടതാണ്.

(2) ഈ ആക്റ്റിൻകീഴിലുള്ള യാതൊരു കുററവും ഒരു മെട്രോപൊളിററൻ മജിസ്ട്രേറ്റ് കോടതിയുടെയോ അല്ലെങ്കിൽ ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയുടെയോ താഴെയുള്ള ഒരു കോടതിയും വിചാരണ ചെയ്യാൻ പാടുള്ളതല്ല.

(3) 103-ാം വകുപ്പോ 104-ാം വകുപ്പോ അല്ലെങ്കിൽ 105-ാം വകുപ്പോ പ്രകാരമുള്ള കുററങ്ങൾ നടപടിയ്ക്കെടുക്കേണ്ടതാണ്.

(4) ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെയോ തത്തുല്യമോ ആയ പദവിക്കു താഴെയല്ലാത്ത ഏതൊരു പോലീസ് ആഫീസർക്കും (3)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഒരു കുററം ചെയ്തിട്ടുണ്ടെന്നോ ചെയ്തിരിക്കുന്നതിന് സാദ്ധ്യതയുണ്ടെന്നോ ബോദ്ധ്യപ്പെടുന്നപക്ഷം, കുററം ചെയ്യുന്നതിന് ഉപയോഗിക്കപ്പെട്ട ചരക്കുകളോ, അച്ചോ, ബ്ലോക്കോ, മെഷീനോ, പ്ലേറ്റോ മററ് ഉപകരണങ്ങളോ അല്ലെങ്കിൽ വസ്തുക്കളോ എവിടെ കണ്ടാലും വാറണ്ട് കൂടാതെ പരിശോധന നടത്താവുന്നതും പിടിച്ചെടുക്കാവുന്നതും, അപ്രകാരം പിടിച്ച എല്ലാ ചരക്കുകളും പ്രായോഗികമായത്ര വേഗത്തിൽ, ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെയോ അല്ലെങ്കിൽ മെട്രോപൊളിററൻ മജിസ്ട്രേറ്റിന്റെയോ മുൻപാകെ, അതതു സംഗതിപോലെ, ഹാജരാക്കേണ്ടതുമാണ്:

എന്നാൽ, പോലീസ് ആഫീസർ ഏതെങ്കിലും പരിശോധനയും പിടിച്ചെടുക്കലും നടത്തുന്നതിനു മുമ്പ്, വ്യാപാരമുദ്രയെ സംബന്ധിച്ച കുററവുമായി ബന്ധപ്പെട്ട വസ്തുക്കളിൻമേൽ രജിസ്ട്രാറുടെ അഭിപ്രായം തേടേണ്ടതും, അപ്രകാരം ലഭിച്ച അഭിപ്രായങ്ങൾ സ്വീകരിക്കേണ്ടതുമാണ്.

(5) (4)-ാം ഉപവകുപ്പുപ്രകാരം പിടിച്ചെടുത്ത ഏതെങ്കിലും ചരക്കുകളിൽ താൽപ്പര്യമുള്ള ഏതൊരാൾക്കും, അപ്രകാരം പിടിച്ചെടുത്ത് പതിനഞ്ച് ദിവസത്തിനുള്ളിൽ, ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റിനോ അല്ലെങ്കിൽ മെട്രോപൊളിററൻ മജിസ്ട്രേറ്റിനോ, അതതു സംഗതിപോലെ, പ്രസ്തുത ചരക്കുകൾ അയാൾക്ക് തിരിച്ചുകിട്ടുന്നതിനായി ഒരു അപേക്ഷ നൽകാവുന്നതും, അപേക്ഷകനേയും പ്രോസിക്യൂഷനേയും കേട്ടതിനുശേഷം, അപേക്ഷയിൻമേൽ അദ്ദേഹത്തിന് ഉചിതമെന്ന് കരുതാവുന്ന അങ്ങനെയുള്ള ഉത്തരവ് പുറപ്പെടുവിക്കാവുന്നതുമാണ്.

116. കടൽമാർഗ്ഗം ഇറക്കുമതി ചെയ്ത ചരക്കുകളുടെ ഉത്ഭവത്തിന്റെ തെളിവ്.—കടൽമാർഗ്ഗം ഭാരതത്തിലേക്ക് കൊണ്ടുവന്ന ചരക്കുകളുടെ സംഗതിയിൽ, കപ്പലിൽ ചരക്കു കയററിയ തുറമുഖത്തെ സംബന്ധിച്ച തെളിവ്, ഈ ആക്റ്റ് പ്രകാരമോ, അല്ലെങ്കിൽ കസ്ററംസ് ആക്ററ്, 1962 (1962-ലെ 52)-ലെ 111-ാം വകുപ്പ് (ഘ) ഖണ്ഡപ്രകാരം ചരക്കുകൾ കണ്ടുകെട്ടുന്നതുമായി ബന്ധപ്പെട്ടതും ചരക്കുകൾ ഇറക്കുമതി ചെയ്യുന്നതുമായി ബന്ധപ്പെട്ട വ്യാപാരമുദ്രയുടെ സംരക്ഷണത്തിനായി പ്രസ്തുത ആക്റ്റ് 11-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഡ) ഖണ്ഡപ്രകാരം കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്തതുമായ പ്രസ്തുത ആക്റ്റ് 112-ാം വകുപ്പ് (ഖ) ഖണ്ഡപ്രകാരമോ ഉള്ള ഒരു കുററത്തിന്റെ ക്രിമിനൽ വിചാരണയിൽ ആ ചരക്കുകൾ ഉണ്ടാക്കിയതോ ഉൽപ്പാദിപ്പിച്ചതോ ആയ സ്ഥലത്തിന്റെയോ രാജ്യത്തിന്റെയോ പ്രഥമദൃഷ്ട്യാ ഉള്ള തെളിവായിരിക്കുന്നതാണ്.

117. പ്രതിഭാഗത്തിനോ അല്ലെങ്കിൽ പ്രോസിക്യൂഷനോ ഉള്ള ചെലവുകൾ.—ഈ ആക്റ്റ് പ്രകാരമുള്ള ഏതെങ്കിലും കുററവിചാരണയിൽ കേസിന്റെ എല്ലാ സാഹചര്യങ്ങളും കക്ഷികളുടെ പെരുമാററവും കണക്കിലെടുത്ത്, കോടതി ന്യായമെന്ന് കരുതുന്ന അങ്ങനെയുള്ള ചെലവുകൾ പ്രതി പരാതിക്കാരനോ അല്ലെങ്കിൽ പരാതിക്കാരൻ പ്രതിക്കോ നൽകേണ്ടതാണെന്ന് കോടതിക്ക് ഉത്തരവ് പുറപ്പെടുവിക്കാവുന്നതും, അപ്രകാരം വിധിച്ച ചെലവുകൾ, അത് ഒരു പിഴ എന്നതുപോലെ ഈടാക്കേണ്ടതുമാണ്.

118. പ്രോസിക്യൂഷന്റെ കാലഹരണം.—ഈ ആക്റ്റ് പ്രകാരമോ അല്ലെങ്കിൽ കസ്ററംസ് ആക്റ്റ്, 1962 (1962-ലെ 52)-ലെ 111-ാം വകുപ്പ് (ഘ) ഖണ്ഡപ്രകാരം ചരക്കുകൾ കണ്ടുകെട്ടുന്നതുമായി ബന്ധപ്പെട്ടതും ചരക്കുകൾ ഇറക്കുമതി ചെയ്യുന്നതുമായി ബന്ധപ്പെട്ട വ്യാപാരമുദ്രയുടെ സംരക്ഷണത്തിനായി പ്രസ്തുത ആക്റ്റ് 11-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഢ) ഖണ്ഡപ്രകാരം കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്തതുമായ പ്രസ്തുത ആക്റ്റ് 112-ാം വകുപ്പ് (ഖ) ഖണ്ഡപ്രകാരമോ ഉള്ള ഒരു കുററത്തിന് യാതൊരു ക്രിമിനൽ വിചാരണയും, ചാർജ്ജ് ചെയ്യപ്പെട്ട കുററം ചെയ്തതിനുശേഷം, അടുത്ത മൂന്ന് വർഷമോ അല്ലെങ്കിൽ പ്രോസിക്യൂട്ടർ അത് കണ്ടുപിടിച്ചതിനുശേഷം രണ്ടുവർഷമോ, അവസാനിച്ചതിനുശേഷം, ഇതിലേതിന്റെ അവസാനിക്കലാണോ ആദ്യം സംഭവിക്കുക, ആരംഭിക്കുവാൻ പാടുള്ളതല്ല.

119. കുററം ചെയ്യൽ സംബന്ധിച്ച വിവരം.—ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ പ്രാവർത്തികമാക്കുന്നതിൽ പങ്കെടുക്കുന്നതിന് ചുമതലയുള്ള ഒരു സർക്കാർ ആഫീസറെ, ഈ ആക്റ്റിനെതിരെയുള്ള ഏതെങ്കിലും കുററം ചെയ്യൽ സംബന്ധിച്ച ഏതെങ്കിലും വിവരം അദ്ദേഹത്തിന് എങ്ങനെ കിട്ടിയെന്ന് ഏതെങ്കിലും കോടതിയിൽ പറയുന്നതിന് നിർബന്ധിക്കാൻ പാടുള്ളതല്ല.

120. ഭാരതത്തിന് വെളിയിൽ ചെയ്യപ്പെട്ട പ്രവർത്തികൾക്ക് ഭാരതത്തിൽ പ്രേരണ നൽകലിനുള്ള ശിക്ഷ.—ഏതെങ്കിലും ആൾ, ഭാരതത്തിൽ ആയിരിക്കെ, ഈ ആക്റ്റ് പ്രകാരം ഭാരതത്തിൽ ചെയ്താൽ ഒരു കുററമാകുമായിരുന്ന ഒരു പ്രവൃത്തി ഭാരതത്തിന് വെളിയിൽ ചെയ്യുന്നപക്ഷം, ഭാരതത്തിൽ അയാൾ കാണപ്പെടുന്ന ഏത് സ്ഥലത്തും അങ്ങനെയുള്ള പ്രേരണയ്ക്ക് അയാളെ വിചാരണ ചെയ്യാവുന്നതും അയാൾ പ്രേരിപ്പിച്ച പ്രവൃത്തി അയാൾ സ്വയം ആ സ്ഥലത്ത് ചെയ്തിരുന്നുവെങ്കിൽ, അയാൾ വിധേയനാകുമായിരുന്ന അതേ ശിക്ഷയ്ക്ക് അയാൾ ശിക്ഷിക്കപ്പെടുന്നതാണ്.

121. ക്രിമിനൽ കോടതികളാൽ നിരീക്ഷിക്കപ്പെടാവുന്ന അനുവദനീയമായ വ്യത്യാസപ്പെടുത്തൽ സംബന്ധിച്ച കേന്ദ്രസർക്കാരിന്റെ നിർദ്ദേശങ്ങൾ.—കേന്ദ്രസർക്കാരിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ഏതെങ്കിലും ചരക്കുകളുടെ സംഗതിയിൽ, അനുവദനീയമായി ക്രിമിനൽ കോടതികളാൽ അംഗീകരിക്കപ്പെടേണ്ട എണ്ണത്തെയോ, വലിപ്പത്തെയോ, അളവിനെയോ, ഗേജിനെയോ അല്ലെങ്കിൽ ഭാരത്തെയോ സംബന്ധിച്ച വ്യത്യാസപ്പെടുത്തലിന്റെ പരിമിതികൾക്കുവേണ്ടി നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാവുന്നതാണ്.

## അദ്ധ്യായം XIII

## പലവക

122. ഉത്തമ വിശ്വാസപൂർവ്വം എടുത്ത നടപടിക്ക് സംരക്ഷണം.—ഈ ആക്റ്റിന് അനുസൃതമായി ഉത്തമ വിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ എന്തെങ്കിലും സംബന്ധിച്ച് യാതൊരു വ്യവഹാരമോ മറ്റ് നിയമനടപടികളോ ഏതെങ്കിലും ആൾക്കെതിരായി നിലനിൽക്കുന്നതല്ല.

123. ചില ആളുകൾ പബ്ലിക് സർവന്റ്മാരായിരിക്കുമെന്ന്.—ഈ ആക്റ്റ് പ്രകാരം നിയമിക്കപ്പെട്ട ഓരോ ആളും അപ്പലേററ് ബോർഡിലെ ഓരോ അംഗവും, ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45)-ലെ 21-ാം വകുപ്പിന്റെ അർത്ഥത്തിനുള്ളിൽ ഒരു പബ്ലിക് സർവന്റായി കരുതപ്പെടേണ്ടതാണ്.

124. വ്യാപാരമുദ്രയുടെ രജിസ്ട്രേഷന്റെ സാധുത ചോദ്യം ചെയ്യപ്പെടുന്നിടത്ത് നടപടികൾ നിറുത്തിവയ്ക്കൽ, മുതലായവ.—(1) ഒരു വ്യാപാരമുദ്രയുടെ ലംഘനത്തെ സംബന്ധിച്ച ഏതെങ്കിലും വ്യവഹാരത്തിൽ,—

(ക) വാദിയുടെ വ്യാപാരമുദ്രയുടെ രജിസ്ട്രേഷൻ അസാധുവാണെന്ന് പ്രതി വാദിക്കുന്നിടത്തോ; അല്ലെങ്കിൽ

(ഖ) 30-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ങ) ഖണ്ഡപ്രകാരം, പ്രതി ഒരു എതിർവാദം ഉന്നയിക്കുകയും, വാദി, പ്രതിയുടെ വ്യാപാരമുദ്രയുടെ രജിസ്ട്രേഷന്റെ അസാധുത സംബന്ധിച്ച് വാദിക്കുകയും ചെയ്യുന്നിടത്തോ;

വ്യവഹാരം വിചാരണ ചെയ്യുന്ന കോടതി (ഇനിമേൽ കോടതി എന്ന് പരാമർശിക്കപ്പെടുന്നു),—

(i) വാദിയുടെയോ പ്രതിയുടെയോ വ്യാപാരമുദ്ര സംബന്ധിച്ച് രജിസ്റ്ററിന്റെ ശരിയാക്കലിന് വേണ്ടിയുള്ള ഏതെങ്കിലും നടപടികൾ, രജിസ്ട്രാറുടെയോ അപ്പലേററ് ബോർഡിന്റെയോ മുമ്പാകെ നിലവിലിരിക്കുന്നപക്ഷം, അങ്ങനെയുള്ള നടപടികളുടെ അവസാന തീർപ്പ് വരെ നിലവിലുള്ള വ്യവഹാരം നിർത്തിവയ്ക്കേണ്ടതാണ്;

(ii) അങ്ങനെയുള്ള യാതൊരു നടപടികളും നിലവിലില്ലാതിരിക്കുകയും വാദിയുടെയോ പ്രതിയുടെയോ വ്യാപാരമുദ്രയുടെ രജിസ്ട്രേഷന്റെ അസാധുത സംബന്ധിച്ച വാദം പ്രഥമദൃഷ്ട്യാ നിലനിൽക്കുന്നതാണെന്നും കോടതിക്ക് ബോദ്ധ്യപ്പെടുകയും ചെയ്യുന്നപക്ഷം, അതു സംബന്ധിച്ച് ഒരു വാദമുഖം ഉന്നയിക്കേണ്ടതും രജിസ്റ്ററിന്റെ ശരിയാക്കലിനുവേണ്ടി അപ്പലേററ് ബോർഡിലേക്ക് അപേക്ഷിക്കുന്നതിന് ബന്ധപ്പെട്ട കക്ഷിയെ പ്രാപ്തമാക്കുന്നതിനുവേണ്ടി വാദമുഖം തയ്യാറാക്കുന്ന തീയതി മുതൽ മൂന്ന് മാസക്കാലത്തേക്ക് കേസ് നീട്ടിവയ്ക്കേണ്ടതുമാണ്.

(2) ബന്ധപ്പെട്ട കക്ഷി, (1)-ാം ഉപവകുപ്പ് (ഖ) (ii) ഖണ്ഡത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ള അങ്ങനെയുള്ള ഏതെങ്കിലും അപേക്ഷ, അതിൽ വിനിർദ്ദേശിക്കപ്പെട്ട സമയത്തിനുള്ളിലോ അല്ലെങ്കിൽ മതിയായ കാരണങ്ങളാൽ കോടതി അനുവദിക്കുന്ന പ്രകാരം അങ്ങനെ നീട്ടിക്കൊടുത്ത സമയത്തിനുള്ളിലോ സമർപ്പിക്കപ്പെട്ടിട്ടുണ്ടെന്ന് അയാൾ കോടതിയിൽ തെളിയിക്കുന്നപക്ഷം, ശരിയാക്കൽ നടപടികളുടെ അന്തിമതീർപ്പ് വരെ വ്യവഹാരത്തിന്റെ വിചാരണ നിർത്തിവയ്ക്കേണ്ടതാണ്.

(3) മേൽപ്പറഞ്ഞ പ്രകാരമുള്ള യാതൊരു അപേക്ഷയും അപ്രകാരം വിനിർദ്ദേശിക്കപ്പെട്ട സമയത്തിനുള്ളിലോ അല്ലെങ്കിൽ കോടതി അനുവദിക്കുന്നപ്രകാരം അങ്ങനെ നീട്ടിക്കൊടുത്ത സമയത്തിനുള്ളിലോ നൽകിയിട്ടില്ലാത്തപക്ഷം, വ്യാപാര മുദ്രയുടെ രജിസ്ട്രേഷന്റെ സാധുത സംബന്ധിച്ച വാദമുഖം ഉപേക്ഷിക്കപ്പെട്ടതായി കരുതപ്പെടേണ്ടതും, കോടതി, കേസിലെ മറ്റു വാദമുഖങ്ങളെ സംബന്ധിച്ച് വ്യവഹാരം തുടരേണ്ടതുമാണ്.

(4) (1)-ാം ഉപവകുപ്പിലോ (2)-ാം ഉപവകുപ്പിലോ പരാമർശിക്കപ്പെട്ട ഏതെങ്കിലും ശരിയാക്കൽ നടപടികളിൽ എടുത്ത അന്തിമ ഉത്തരവ് കക്ഷികൾക്ക് ബാധകമായിരിക്കുന്നതും, കോടതി, വ്യാപാര മുദ്രയുടെ രജിസ്ട്രേഷന്റെ സാധുത സംബന്ധിച്ച വാദമുഖത്തോട്, ഉത്തരവ് എത്രത്തോളം ബന്ധപ്പെടുന്നുവോ അതിന് അനുയോജ്യമായി അങ്ങനെയുള്ള ഉത്തരവാൽ വ്യവഹാരം തീർപ്പാക്കേണ്ടതും ആണ്.

(5) ഈ വകുപ്പുപ്രകാരം ഒരു വ്യാപാര മുദ്രയുടെ ലംഘനം സംബന്ധിച്ച ഒരു വ്യവഹാരത്തിന്റെ നിർത്തിവയ്ക്കൽ, ആ വ്യവഹാരത്തിന്റെ നിർത്തിവയ്ക്കൽ കാലത്ത് ഏതെങ്കിലും ഇടക്കാല ഉത്തരവ് (ഇൻജംക്ഷൻ അനുവദിച്ചുകൊണ്ടുള്ള ഏതെങ്കിലും ഉത്തരവ്, അക്കൗണ്ട് സൂക്ഷിക്കപ്പെടേണ്ടതാണെന്നുള്ള നിർദ്ദേശിക്കൽ, ഒരു റിസീവറെ നിയമിക്കൽ അല്ലെങ്കിൽ ഏതെങ്കിലും വസ്തു ജപ്തിചെയ്യൽ എന്നിവ ഉൾപ്പെടെ) പുറപ്പെടുവിക്കുന്നതിൽനിന്നും കോടതിയെ തടയുന്നതല്ല.

125. <u>ചില കേസ്സുകളിൽ രജിസ്റ്റർ ശരിയാക്കലിന് വേണ്ടിയുള്ള അപേക്ഷ അപ്പലേററ് ബോർഡിന് നൽകണമെന്ന്</u>.—(1) രജിസ്റ്റർ ചെയ്യപ്പെട്ട വ്യാപാരമുദ്രയുടെ ലംഘനം സംബന്ധിച്ച ഒരു വ്യവഹാരത്തിൽ, വാദിയുടെ വ്യാപാരമുദ്രയുടെ രജിസ്ട്രേഷന്റെ സാധുത പ്രതി ചോദ്യം ചെയ്യുന്നിടത്തോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും വ്യവഹാരത്തിൽ 30-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഘ) ഖണ്ഡപ്രകാരം പ്രതി ഒരു എതിർവാദം ഉന്നയിക്കുകയും പ്രതിയുടെ വ്യാപാരമുദ്രയുടെ രജിസ്ട്രേഷന്റെ സാധുത വാദി ചോദ്യം ചെയ്യുകയും ചെയ്യുന്നിടത്തോ, ബന്ധപ്പെട്ട വ്യാപാരമുദ്രയുടെ രജിസ്ട്രേഷന്റെ സാധുത സംബന്ധിച്ച വാദമുഖം രജിസ്റ്ററിന്റെ ശരിയാക്കലിനുവേണ്ടിയുള്ള ഒരു അപേക്ഷയിൻമേൽ മാത്രം തീരുമാനിക്കേണ്ടതും, 47-ാം വകുപ്പിലോ 57-ാം വകുപ്പിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, അങ്ങനെയുള്ള അപേക്ഷ രജിസ്ട്രാർക്കല്ല, അപ്പലേററ് ബോർഡിലേക്കാണ് നൽകേണ്ടത്.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, 47-ാം വകുപ്പോ 57-ാം വകുപ്പോ പ്രകാരം രജിസ്റ്റർ ശരിയാക്കലിനുവേണ്ടിയുള്ള ഒരു അപേക്ഷ രജിസ്ട്രാർക്ക് നൽകപ്പെടുന്നിടത്ത്, രജിസ്ട്രാർക്ക്, അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്നപക്ഷം, നടപടികളുടെ ഏത് ഘട്ടത്തിലും അപേക്ഷ അപ്പലേററ് ബോർഡിലേക്ക് റഫർ ചെയ്യാവുന്നതാണ്.

126. <u>മുദ്രയുള്ള ചരക്കുകളുടെ വിൽപ്പനയിലുള്ള വ്യംഗ്യമായ വാറന്റി</u>.—ഒരു മുദ്രയോ ഒരു വ്യാപാരമുദ്രയോ അല്ലെങ്കിൽ വ്യാപാര വിവരണമോ വിൽപ്പനയ്ക്കുള്ള ചരക്കുകളിലോ അല്ലെങ്കിൽ ഏതെങ്കിലും ചരക്കുകളുടെ വിൽപ്പനയുമായോ അല്ലെങ്കിൽ ഏതെങ്കിലും സേവനങ്ങളുമായോ ബന്ധപ്പെട്ട കരാറിലോ പ്രയോഗിച്ചിട്ടുള്ളിടത്ത്, വിൽപ്പനക്കാരനോ വിൽപ്പനക്കാരന് വേണ്ടിയോ വിരുദ്ധമായി എഴുതി ഒപ്പിട്ട് വ്യക്തമാക്കുകയും, അത് കരാറിൻമേൽ ചരക്കുകളുടെ വിൽപ്പനയോ സേവനങ്ങളുടെ നൽകലിന്റെയോ സമയത്ത് വാങ്ങുന്നയാൾക്ക് നൽകുകയും അയാൾ സ്വീകരിക്കുകയും ചെയ്തിട്ടില്ലാത്ത

പക്ഷം, ആ മുദ്ര ഒരു യഥാർത്ഥ മുദ്രയാണെന്നും തെറ്റായി പ്രയോഗിച്ചിട്ടുള്ളതല്ലെന്നും അല്ലെങ്കിൽ ഈ ആക്റ്റിന്റെ അർത്ഥത്തിനുള്ളിൽ ആ വ്യാപാര വിവരണം ഒരു തെറ്റായ വ്യാപാര വിവരണമല്ലെന്നും വിൽപ്പനക്കാരൻ ഉറപ്പ് നൽകിയതായി കരുതപ്പെടേണ്ടതാണ്.

127. രജിസ്ട്രാറുടെ അധികാരങ്ങൾ.—ഈ ആക്റ്റുപ്രകാരം രജിസ്ട്രാറുടെ മുമ്പാകെയുള്ള എല്ലാ നടപടികളിലും,—

(ക) രജിസ്ട്രാർക്ക്, തെളിവ് സ്വീകരിക്കൽ, ശപഥം ചെയ്യിക്കൽ, സാക്ഷികൾ ഹാജരാകാൻ നിർബന്ധിക്കൽ, രേഖകളുടെ കണ്ടെടുക്കലും ഹാജരാക്കലും നിർബന്ധിക്കൽ, സാക്ഷികളെ വിസ്തരിക്കുന്നതിന് കമ്മീഷനുകളെ നിയമിക്കൽ, എന്നീ ആവശ്യങ്ങൾക്കായി ഒരു സിവിൽ കോടതിയുടെ എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്.

(ഖ) രജിസ്ട്രാർക്ക്, 157-ാം വകുപ്പുപ്രകാരം ഇതിലേക്കായി ഉണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങൾക്ക് വിധേയമായി, ചെലവ് സംബന്ധിച്ച് അദ്ദേഹത്തിന് ന്യായമെന്ന് തോന്നുന്ന അങ്ങനെയുള്ള ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതും അങ്ങനെയുള്ള ഏതൊരു ഉത്തരവും ഒരു സിവിൽ കോടതി വിധി എന്നതുപോലെ നടപ്പാക്കേണ്ടതുമാണ്:

എന്നാൽ, ഒരു സാക്ഷ്യപ്പെടുത്തൽ വ്യാപാരമുദ്രയുടെ ഉടമ, ചരക്കുകളോ സേവനങ്ങളുടെ വ്യവസ്ഥയോ സാക്ഷ്യപ്പെടുത്തുകയോ അല്ലെങ്കിൽ വ്യാപാരമുദ്ര ഉപയോഗിക്കുന്നതിന് അധികാരപ്പെടുത്തുകയോ ചെയ്യുവാൻ വിസമ്മതിക്കുന്നതിനെതിരെ രജിസ്ട്രാർക്ക് നൽകിയ ഒരു അപ്പീലിൻമേൽ ഏതെങ്കിലും കക്ഷിക്കോ കക്ഷിക്കെതിരായോ ചെലവ് വിധിക്കാൻ രജിസ്ട്രാർക്ക് യാതൊരധികാരവും ഉണ്ടായിരിക്കുന്നതല്ല.

(ഗ) രജിസ്ട്രാർക്ക്, നിർണ്ണയിക്കപ്പെട്ട രീതിയിൽ സമർപ്പിക്കപ്പെട്ട ഒരു അപേക്ഷയിൻമേൽ, അദ്ദേഹത്തിന്റെ സ്വന്തം തീരുമാനം പുനഃപരിശോധിക്കാവുന്നതാണ്.

128. രജിസ്ട്രാർ വിവേചനാധികാരം പ്രയോഗിക്കുന്നത്.—131-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, രജിസ്ട്രാർ, ഈ ആക്റ്റോ അല്ലെങ്കിൽ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളോ പ്രകാരം അദ്ദേഹത്തിൽ നിക്ഷിപ്തമായ ഏതെങ്കിലും വിവേചനാധികാരമോ മറ്റ് അധികാരമോ, ആ അധികാരം പ്രയോഗിക്കുന്നതിനുവേണ്ടി അപേക്ഷിക്കുന്ന ആളിനെ കേൾക്കുവാനുള്ള ഒരവസരം (ആ ആൾ നിർണ്ണയിക്കപ്പെട്ട സമയത്തിനുള്ളിൽ അപ്രകാരം ആവശ്യപ്പെടുന്നപക്ഷം) നൽകാതെ ആ ആളിനെ ദോഷകരമായി ബാധിക്കുന്നവിധത്തിൽ വിനിയോഗിക്കാൻ പാടുള്ളതല്ല.

129. രജിസ്ട്രാർ മുൻപാകെയുള്ള തെളിവ്.—ഈ ആക്റ്റ് പ്രകാരം രജിസ്ട്രാർ മുമ്പാകെയുള്ള ഏതൊരു നടപടിയിലും തെളിവ് സത്യവാങ്മൂലംവഴി നൽകേണ്ടതാണ്:

എന്നാൽ, രജിസ്ട്രാർക്ക്, അദ്ദേഹത്തിന് ഉചിതമെന്ന് തോന്നുന്നപക്ഷം, സത്യവാങ്മൂലംവഴി അങ്ങനെയുള്ള തെളിവിന് പകരമായോ അതിൽ കൂടുതലായോ വാക്കാൽ തെളിവ് എടുക്കാവുന്നതാണ്.

130. ഒരു നടപടിയിലെ കക്ഷിയുടെ മരണം.—ഈ ആക്റ്റ് പ്രകാരമുള്ള ഒരു നടപടിയിൽ കക്ഷിയായ ഒരാൾ (അപ്പീൽ ബോർഡിന്റെയോ ഒരു കോടതിയുടെയോ മുമ്പാകെയുള്ള ഒരു നടപടിയല്ലാത്ത) നടപടി നിലവിലിരിക്കെ മരണപ്പെടുന്നപക്ഷം, രജിസ്ട്രാർക്ക്, അപേക്ഷയിൻമേലും മരണപ്പെട്ട ആളിന്റെ അവകാശ കൈമാറ്റത്തെ സംബന്ധിച്ച് അദ്ദേഹത്തിന് തൃപ്തികരമായ തെളിവിൻമേലും നടപടിയിൽ അയാളുടെ സ്ഥാനത്ത് അയാളുടെ അനന്തരാവകാശിയെ പകരം ചേർക്കുകയോ അല്ലെങ്കിൽ മരണപ്പെട്ട ആളിന്റെ അവകാശം അവശേഷിക്കുന്ന കക്ഷികളാൽ തൃപ്തികരമായി പ്രതിനിധീകരിക്കപ്പെട്ടിട്ടുണ്ടെന്ന് രജിസ്ട്രാർക്ക് അഭിപ്രായമുള്ളപക്ഷം, അയാളുടെ അനന്തരാവകാശിയെ പകരം ചേർക്കാതെതന്നെ നടപടി തുടരുവാൻ അനുവദിക്കുകയോ ചെയ്യാവുന്നതാണ്.

131. സമയം നീട്ടിക്കൊടുക്കൽ.—(1) രജിസ്ട്രാർക്ക്, നിർണ്ണയിക്കപ്പെട്ട രീതിയിലും നിർണ്ണയിക്കപ്പെട്ട ഫീസ് സഹിതവും തനിക്ക് നൽകിയ അപേക്ഷയിൻമേൽ, ഏതെങ്കിലും പ്രവൃത്തി ചെയ്യുന്നതിനുള്ള ഒരു സമയം (ഈ ആക്റ്റിൽ പ്രകടമായി വ്യവസ്ഥ ചെയ്തിരിക്കുന്നതല്ലാത്ത സമയം) നീട്ടിക്കൊടുക്കുന്നതിന് മതിയായ കാരണമുണ്ടെന്ന് അദ്ദേഹത്തിന് ബോദ്ധ്യപ്പെടുന്നപക്ഷം, അപ്രകാരം വിനിർദ്ദേശിക്കപ്പെട്ട സമയം കഴിഞ്ഞാലും ഇല്ലെങ്കിലും, ചുമത്താൻ അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള ഉപാധികൾക്ക് വിധേയമായി, സമയം നീട്ടിക്കൊടുക്കാവുന്നതും അതനുസരിച്ച് കക്ഷികളെ അറിയിക്കാവുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പിലെ യാതൊന്നുംതന്നെ സമയം നീട്ടിക്കൊടുക്കുന്നതിനുള്ള ഒരു അപേക്ഷ തീർപ്പാക്കുന്നതിനുമുമ്പ് കക്ഷികളെ കേൾക്കുന്നതിന് രജിസ്ട്രാറോട് ആവശ്യപ്പെടുന്നതായി

കരുതപ്പെടാവുന്നതല്ലാത്തതും രജിസ്ട്രാറുടെ ഈ വകുപ്പ് പ്രകാരമുള്ള ഏതെങ്കിലും ഉത്തരവിൽനിന്നും യാതൊരപ്പീലും ഉണ്ടായിരിക്കുന്നതുമല്ല.

132. ഉപേക്ഷിക്കൽ.—രജിസ്ട്രാർക്ക്, ഈ ആക്റ്റ് പ്രകാരമോ അല്ലെങ്കിൽ ഈ ആക്റ്റിന്റെ പ്രാരംഭത്തിന് മുമ്പ് വ്യാപാരമുദ്രകളെ സംബന്ധിച്ച് പ്രാബല്യത്തിലിരുന്ന ഏതെങ്കിലും ആക്റ്റ് പ്രകാരമോ സമർപ്പിച്ച ഒരു അപേക്ഷയുടെ തുടർനടത്തിപ്പിൽ ഒരപേക്ഷകൻ വീഴ്ചവരുത്തുന്നിടത്ത്, രജിസ്ട്രാർക്ക്, വിനിർദ്ദേശിക്കപ്പെട്ട സമയത്തിനുള്ളിൽ വീഴ്ച പരിഹരിക്കണമെന്ന് അപേക്ഷകനോട് നോട്ടീസ് മുഖേന ആവശ്യപ്പെടാവുന്നതും, അയാൾ അപ്രകാരം ആഗ്രഹിക്കുന്നപക്ഷം, അയാളെ കേൾക്കുന്നതിന് ഒരവസരം നൽകിയതിനുശേഷവും, നോട്ടീസിൽ വിനിർദ്ദേശിച്ചിട്ടുള്ള സമയത്തിനുള്ളിൽ വീഴ്ച പരിഹരിക്കപ്പെടാത്തപക്ഷം, അപേക്ഷ ഉപേക്ഷിക്കപ്പെട്ടതായി കരുതാവുന്നതാണ്.

133. സവിശേഷതയെ സംബന്ധിച്ച് രജിസ്ട്രാറുടെ പ്രാഥമിക ഉപദേശം.—(1) രജിസ്ട്രാർക്ക്, ഒരു വ്യാപാരമുദ്രയുടെ രജിസ്ട്രേഷനുവേണ്ടി അപേക്ഷിക്കാൻ ഉദ്ദേശിക്കുന്ന ഏതെങ്കിലും ആൾ നിർണ്ണയിക്കപ്പെട്ട രീതിയിൽ അദ്ദേഹത്തിന് നൽകിയ അപേക്ഷയിൻമേൽ, ആ വ്യാപാരമുദ്ര പ്രഥമദൃഷ്ട്യാ സവിശേഷതയുള്ളതായി അദ്ദേഹത്തിന് തോന്നുന്നുണ്ടോ എന്നത് സംബന്ധിച്ച് ഉപദേശം നൽകാവുന്നതാണ്.

(2) ഒരു വ്യാപാരമുദ്രയുടെ രജിസ്ട്രേഷനുവേണ്ടിയുള്ള അപേക്ഷയിൻമേൽ, രജിസ്ട്രാർ മേൽപ്പറഞ്ഞ പ്രകാരം അനുകൂലമായ ഉപദേശം നൽകിയിട്ടുള്ളപക്ഷം, അപ്രകാരം ഉപദേശം നല്കിയതിനുശേഷം, മൂന്ന് മാസത്തിനുള്ളിൽ, കൂടുതൽ അന്വേഷണത്തിനോ പരിഗണനയ്ക്കോ ശേഷം, രജിസ്ട്രാർ, വ്യാപാരമുദ്ര സവിശേഷതയുള്ളതല്ലെന്നുള്ള കാരണത്തിൻമേൽ ആക്ഷേപം സംബന്ധിച്ച നോട്ടീസ് അപേക്ഷകന് നൽകേണ്ടതും, അപേക്ഷകൻ നിർണ്ണയിക്കപ്പെട്ട കാലയളവിനുള്ളിൽ അപേക്ഷ പിൻവലിച്ചുകൊണ്ട് നോട്ടീസ് നൽകുന്നതിൻമേൽ, അപേക്ഷ ഫയൽ ചെയ്യുന്നതിന്, നൽകിയ ഏതെങ്കിലും ഫീസ് തിരിച്ച് കിട്ടുന്നതിന് അയാൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

134. ലംഘനം മുതലായവയ്ക്കുള്ള വ്യവഹാരം ജില്ലാകോടതി മുമ്പാകെ ബോധിപ്പിക്കേണ്ടതാണെന്ന്.—(1) യാതൊരു വ്യവഹാരവും,—

(ക) രജിസ്റ്റർ ചെയ്യപ്പെട്ട ഒരു വ്യാപാരമുദ്രയുടെ ലംഘനത്തിനോ ; അല്ലെങ്കിൽ

(ഖ) രജിസ്റ്റർ ചെയ്യപ്പെട്ട ഒരു വ്യാപാരമുദ്രയിലെ ഏതെങ്കിലും അവകാശവുമായി ബന്ധപ്പെട്ടതോ; അല്ലെങ്കിൽ

(ഗ) വാദിയുടെ വ്യാപാരമുദ്രയുമായി സമാനതയുള്ളതോ കബളിപ്പിക്കപ്പെടാവുന്ന സാമ്യമുള്ളതോ ആയ രജിസ്റ്റർ ചെയ്യപ്പെട്ടതോ രജിസ്റ്റർ ചെയ്യപ്പെടാത്തതോ ആയ ഏതെങ്കിലും വ്യാപാരമുദ്ര പ്രതി ഉപയോഗിക്കുന്നതുവഴി തെറ്റിദ്ധരിപ്പിച്ച് ഇടപാടു നടത്തുന്നതോ;

സംബന്ധിച്ച് യാതൊരു വ്യവഹാരവും ആ വ്യവഹാരം വിചാരണ ചെയ്യുവാൻ അധികാരിതയുള്ള ഒരു ജില്ലാകോടതിയിൽ താഴെയുള്ള ഒരു കോടതിയിലും ബോധിപ്പിക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പ് (ക)-യും (ഖ)-യും ഖണ്ഡങ്ങളുടെ ആവശ്യത്തിനായി, "അധികാരിതയുള്ള ഒരു ജില്ലാ കോടതി" എന്നതിൽ സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5)-ലോ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, വ്യവഹാരമോ നടപടിയോ ബോധിപ്പിക്കുന്ന ആളോ അല്ലെങ്കിൽ അങ്ങനെയുള്ള ഒന്നിലധികം ആളുകൾ ഉള്ളിടത്ത് അവരിൽ ഏതെങ്കിലും ആളോ വ്യവഹാരമോ മറ്റു നടപടിയോ ബോധിപ്പിക്കുന്ന സമയത്ത് യഥാർത്ഥത്തിലും സ്വേച്ഛയാലും താമസിക്കുകയോ, ബിസിനസ് നടത്തുകയോ അല്ലെങ്കിൽ നേരിട്ട് ലാഭത്തിന് ജോലി ചെയ്യുകയോ ചെയ്യുന്നത് ഏത് ജില്ലാക്കോടതിയുടെ അധികാരിതയുടെ തദ്ദേശാതിർത്തിക്കുള്ളിലാണോ, അങ്ങനെയുള്ള ഒരു ജില്ലാക്കോടതിയും ഉൾപ്പെടുന്നതാണ്.

വിശദീകരണം:—(2)-ാം ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി "ആൾ" എന്നതിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഉടമയും രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താവും ഉൾപ്പെടുന്നതാണ്.

135. ലംഘനത്തിനോ അല്ലെങ്കിൽ തെറ്റിദ്ധരിപ്പിച്ച് ഇടപാട് നടത്തുന്നതോ സംബന്ധിച്ച വ്യവഹാരത്തിലെ നിവൃത്തി.—(1) 134-ാം വകുപ്പിൽ പരാമർശിക്കപ്പെട്ട ഉല്ലംഘനത്തെയോ അല്ലെങ്കിൽ തെറ്റിദ്ധരിപ്പിച്ച് ഇടപാട് നടത്തുന്നതിനെയോ സംബന്ധിച്ച ഏതെങ്കിലും വ്യവഹാരത്തിൽ ഒരു കോടതിക്ക് അനുവദിക്കാവുന്ന നിവൃത്തിയിൽ, ഒരു ഇൻജംക്ഷനും (കോടതിക്ക് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള നിബന്ധനകൾ ഏതെങ്കിലുമുണ്ടെങ്കിൽ, അതിന് വിധേയമായി) വാദിയുടെ ഹിതമനുസരിച്ച്

ലംഘിക്കുന്ന ലേബലുകളും മുദ്രകളും നശിപ്പിക്കുന്നതിനോ മായ്ച്ച് കളയുന്നതിനോ കൈയേൽപ്പിച്ചു കൊടുക്കുന്നതിനുള്ള ഉത്തരവ് സഹിതമോ അല്ലാതെയോ നഷ്ടപരിഹാരമോ അല്ലെങ്കിൽ ലാഭത്തിന് കണക്കുപറയലോ ഉൾപ്പെടുന്നതും, ആകുന്നു.

(2) (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഇൻജംക്ഷൻ ഉത്തരവിൽ താഴെപ്പറയുന്ന ഏതെങ്കിലും സംഗതികൾക്കായി ഒരു എക്സ്-പാർട്ടി ഇൻജംക്ഷനോ അല്ലെങ്കിൽ ഏതെങ്കിലും ഇടക്കാല ഉത്തരവോ ഉൾപ്പെടാവുന്നതാണ്, അതായത്:—

(ക) രേഖകൾ കണ്ടെടുക്കൽ;

(ഖ) വ്യവഹാരത്തിന്റെ വിഷയസംഗതിയുമായി ബന്ധപ്പെട്ട ലംഘിക്കുന്ന ചരക്കുകളോ രേഖകളോ അല്ലെങ്കിൽ മറ്റു തെളിവോ സംരക്ഷിക്കൽ;

(ഗ) വാദിക്ക് അന്തിമമായി വിധിച്ചേക്കാവുന്ന നഷ്ടപരിഹാരമോ ചെലവോ മറ്റു ധനപരമായ പരിഹാരമോ വസൂലാക്കുന്നതിന് വാദിക്കുള്ള കഴിവിനെ പ്രതികൂലമായി ബാധിക്കാവുന്ന വിധത്തിൽ തന്റെ ആസ്തി വിക്രയം ചെയ്യുന്നതിൽനിന്നോ കൈകാര്യം ചെയ്യുന്നതിൽനിന്നോ പ്രതിയെ തടയൽ.

(3) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഏതെങ്കിലും സംഗതിയിൽ,—

(ക) ഒരു വ്യാപാരമുദ്രയുടെ ലംഘനത്തിന്റെ ഒരു വ്യവഹാരത്തിൽ, പരാതിപ്പെട്ട ലംഘനം ഒരു സാക്ഷ്യപ്പെടുത്തൽ വ്യാപാരമുദ്രയെയോ അല്ലെങ്കിൽ ഒരു മുദ്രയെയോ സംബന്ധിച്ചാണെങ്കിൽ; അല്ലെങ്കിൽ

(ഖ) ലംഘനം സംബന്ധിച്ചുള്ള ഒരു വ്യവഹാരത്തിൽ, പ്രതി—

(i) വ്യവഹാരത്തിൽ പരാതിപ്പെട്ട വ്യാപാരമുദ്ര താൻ ഉപയോഗിക്കാൻ തുടങ്ങിയ സമയത്ത്, വാദിയുടെ വ്യാപാരമുദ്ര, രജിസ്റ്ററിൽ ഉണ്ടായിരുന്നെന്നോ അല്ലെങ്കിൽ വാദി അനുവദിക്കപ്പെട്ട ഉപയോഗംവഴി ഉപയോഗിക്കുന്ന രജിസ്റ്റർ ചെയ്യപ്പെട്ട ഒരു ഉപയോക്താവായിരുന്നുവെന്നോ അയാൾക്ക് അറിവില്ലായിരുന്നുവെന്നും അങ്ങനെ വിശ്വസിക്കാൻ ന്യായമായ കാരണമുണ്ടായിരുന്നില്ലെന്നും;

(ii) വ്യാപാരമുദ്രയിൽ വാദിക്കുള്ള അവകാശത്തിന്റെ നിലനിൽപ്പും സ്വഭാവവും അറിഞ്ഞ ഉടൻതന്നെ താൻ രജിസ്റ്റർ ചെയ്യപ്പെട്ട വ്യാപാരമുദ്രയുമായി ബന്ധപ്പെട്ട ചരക്കുകളെയോ സേവനങ്ങളെയോ സംബന്ധിച്ച് ആ വ്യാപാരമുദ്ര ഉപയോഗിക്കുന്നത് താൻ അവസാനിപ്പിച്ചുവെന്നും,

കോടതിയെ ബോദ്ധ്യപ്പെടുത്തുന്നിടത്ത്; അല്ലെങ്കിൽ

(ഗ) തെറ്റിദ്ധരിപ്പിച്ച് ഇടപാട് നടത്തുന്നത് സംബന്ധിച്ച് ഒരു വ്യവഹാരത്തിൽ പ്രതി—

(i) വ്യവഹാരത്തിൽ പരാതിപ്പെട്ട വ്യാപാരമുദ്ര താൻ ഉപയോഗിക്കാൻ തുടങ്ങിയ സമയത്ത്, വാദിയുടെ വ്യാപാരമുദ്ര ഉപയോഗത്തിലുണ്ടായിരുന്നുവെന്ന്, താൻ അറിഞ്ഞിരുന്നില്ല എന്നും അങ്ങനെ വിശ്വസിക്കുന്നതിന് ന്യായമായ കാരണമുണ്ടായിരുന്നില്ലെന്നും;

(ii) വാദിയുടെ വ്യാപാരമുദ്രയുടെ നിലനിൽപ്പും സ്വഭാവവും അറിഞ്ഞ ഉടൻതന്നെ താൻ പരാതിപ്പെട്ട വ്യാപാരമുദ്ര ഉപയോഗിക്കുന്നത് താൻ അവസാനിപ്പിച്ചുവെന്നും,

കോടതിയെ ബോദ്ധ്യപ്പെടുത്തുന്നിടത്ത്,

നഷ്ടപരിഹാരത്തിനോ (നാമമാത്രമായ നഷ്ടപരിഹാരമൊഴികെ) ലാഭത്തിന് കണക്കുപറയുന്നതിനോ ഉള്ള നിവൃത്തി കോടതി അനുവദിക്കാൻ പാടുള്ളതല്ല.

136. <u>ചില നടപടികളിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താവിനെ കക്ഷി ചേർക്കപ്പെടുമെന്ന്.</u>—(1) അദ്ധ്യായം VII പ്രകാരമോ 91-ാം വകുപ്പുപ്രകാരമോ ഉള്ള ഓരോ നടപടിയിലും അനുവദിക്കപ്പെട്ട ഉപയോഗം വഴി ഒരു വ്യാപാരമുദ്ര ഉപയോഗിച്ചുപോരുന്ന രജിസ്റ്റർ ചെയ്യപ്പെട്ട ഓരോ ഉപയോക്താവിനേയും ആ അദ്ധ്യായമോ വകുപ്പോ പ്രകാരമുള്ള ഏതെങ്കിലും നടപടിയിൽ അയാൾ സ്വയം ഒരു അപേക്ഷകൻ അല്ലാത്തപക്ഷം, ആ നടപടിയിൽ കക്ഷിചേർക്കേണ്ടതാണ്.

(2) മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ആ നടപടിയിൽ അപ്രകാരം കക്ഷിചേർക്കപ്പെട്ട ഒരു രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താവ്, അയാൾ ആ നടപടിയിൽ ഹാജരാകുകയും പങ്കെടുക്കുകയും ചെയ്യാത്തപക്ഷം, യാതൊരു ചെലവിനും ബാദ്ധ്യസ്ഥനായിരിക്കുന്നതല്ല.

137. രജിസ്റ്ററിലെ ഉൾക്കുറിപ്പുകൾ മുതലായവയുടെയും രജിസ്റ്റർ ചെയ്ത പ്രവർത്തികളുടെയും തെളിവ്.—(1) രജിസ്ട്രാർ സാക്ഷ്യപ്പെടുത്തിയതും വ്യാപാരമുദ്രകൾ രജിസ്റ്ററിയുടെ മുദ്ര പതിച്ചതെന്നും കരുതപ്പെടുന്ന 148-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ട രജിസ്റ്ററിലെ ഏതെങ്കിലും ഉൾക്കുറിപ്പിന്റെയോ അല്ലെങ്കിൽ ഏതെങ്കിലും രേഖയുടെയോ ഒരു അസ്സൽ പകർപ്പ്, കൂടുതൽ തെളിവോ ഹാജരാക്കലോ കൂടാതെ എല്ലാ കോടതികളിലും എല്ലാ നടപടികളിലും തെളിവായി സ്വീകരിക്കപ്പെടേണ്ടതാണ്.

(2) ഈ ആക്റ്റോ ചട്ടങ്ങളോ പ്രകാരം, ഏതെങ്കിലും ഉൾക്കുറിപ്പ് വരുത്തുന്നതിനോ, അല്ലെങ്കിൽ സംഗതിയോ പ്രവർത്തിയോ ചെയ്യുന്നതിനോ അധികാരപ്പെടുത്തപ്പെട്ട രജിസ്ട്രാർ, അദ്ദേഹത്തിന്റെ കൈയൊപ്പോടുകൂടി നല്കപ്പെട്ടതെന്ന് കരുതപ്പെടുന്ന ഒരു സർട്ടിഫിക്കറ്റ് അപ്രകാരം വരുത്തിയ ഉൾക്കുറിപ്പിന്റെയും അതിന്റെ ഉള്ളടക്കത്തിന്റെയും അല്ലെങ്കിൽ അപ്രകാരം ചെയ്യപ്പെട്ടിട്ടുള്ളതോ ചെയ്യപ്പെട്ടിട്ടില്ലാത്തതോ ആയ സംഗതിയുടെയും പ്രവർത്തികളുടെയും പ്രഥമദൃഷ്ട്യാ ഉള്ള തെളിവായിരിക്കുന്നതാണ്.

138. രജിസ്റ്റർ മുതലായവ ഹാജരാക്കുന്നതിന് രജിസ്ട്രാറെയും മറ്റ് ആഫീസർമാരെയും നിർബന്ധിക്കാവുന്നതല്ലെന്ന്.—രജിസ്ട്രാറെയോ അല്ലെങ്കിൽ വ്യാപാരമുദ്രകൾ രജിസ്റ്ററിയുടെ ഏതെങ്കിലും ആഫീസറെയോ, തന്റെ കസ്റ്റഡിയിലുള്ള രജിസ്റ്ററോ മറ്റേതെങ്കിലും രേഖയോ അതിന്റെ ഉള്ളടക്കം ഈ ആക്റ്റ് പ്രകാരം നൽകിയ സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പിന്റെ ഹാജരാക്കൽ മുഖേന തെളിയിക്കാൻ കഴിയുന്നിടത്ത്, അത് ഹാജരാക്കുന്നതിനോ അല്ലെങ്കിൽ അതിൽ രേഖപ്പെടുത്തിയിട്ടുള്ള സംഗതികൾ തെളിയിക്കുന്നതിന് ഒരു സാക്ഷിയായി ഹാജരാകുന്നതിനോ, കോടതി പ്രത്യേക കാരണത്താൽ പുറപ്പെടുവിച്ച ഉത്തരവ് മുഖേനയല്ലാത്തപക്ഷം, നിർബ്ബന്ധിക്കാവുന്നതല്ല.

139. ചരക്കുകളിൽ ഉൽപ്പത്തിയുടെ സൂചന കാണിക്കണമെന്ന് ആവശ്യപ്പെടുന്നതിനുള്ള അധികാരം.—(1) കേന്ദ്ര സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, ഭാരതത്തിന്റെ അതിർത്തിക്ക് പുറത്ത് ഉണ്ടാക്കുകയോ ഉൽപ്പാദിപ്പിക്കുകയോ ചെയ്തതും ഭാരതത്തിലേക്ക് ഇറക്കുമതി ചെയ്തതും അല്ലെങ്കിൽ ഭാരതത്തിന്റെ അതിർത്തിക്കുള്ളിൽ ഉണ്ടാക്കുകയോ ഉൽപ്പാദിപ്പിക്കുകയോ ചെയ്തതുമായ, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കപ്പെട്ട ഏതെങ്കിലും വിഭാഗം ചരക്കുകൾക്ക് അവ ഉണ്ടാക്കപ്പെട്ടതോ ഉൽപ്പാദിപ്പിക്കപ്പെട്ടതോ ആയ രാജ്യം അല്ലെങ്കിൽ സ്ഥലം അല്ലെങ്കിൽ ആർക്ക് വേണ്ടിയാണോ ചരക്കുകൾ ഉണ്ടാക്കപ്പെട്ടത് ആ ആളുടെ പേര്, വിലാസം എന്നിവ സംബന്ധിച്ച് ഒരു സൂചന, വിജ്ഞാപനം വഴി നിശ്ചയിക്കപ്പെടുന്ന, വിജ്ഞാപനം പുറപ്പെടുവിച്ച് മൂന്ന് മാസത്തിൽ കുറയാത്ത അങ്ങനെയുള്ള തീയതി മുതൽ, അവയിൽ പ്രയോഗിക്കേണ്ടതാണ്.

(2) വിജ്ഞാപനത്തിൽ, അങ്ങനെയുള്ള സൂചന പ്രയോഗിക്കേണ്ട രീതി, അതായത്, ചരക്കുകളിൽതന്നെ മതിയോ എന്നും അല്ലെങ്കിൽ മറ്റേതെങ്കിലും രീതിയിൽ വേണോ എന്നും സൂചനയുടെ സാന്നിദ്ധ്യം ആവശ്യമാകുന്ന സമയങ്ങളോ സന്ദർഭങ്ങളോ, അതായത്, ഇറക്കുമതിയിൽ മാത്രം മതിയോ എന്നും അല്ലെങ്കിൽ മൊത്തമായോ ചില്ലറയായോ അല്ലെങ്കിൽ രണ്ടുവിധത്തിലുമോ ഉള്ള വിൽപ്പന സമയത്തും കൂടി വേണോ എന്നും വിനിർദ്ദേശിക്കാവുന്നതാണ്.

(3) ഈ വകുപ്പു പ്രകാരമുള്ള യാതൊരു വിജ്ഞാപനവും, ബന്ധപ്പെട്ട ചരക്കുകളുടെ വ്യാപാരികളുടേയോ നിർമ്മാതാക്കളുടേയോ, ഉൽപ്പാദകരുടെയോ, ഉപയോക്താക്കളുടെയോ താത്പര്യങ്ങൾ ഗണ്യമായി പ്രതിനിധാനം ചെയ്യുന്ന ആളുകളോ സംഘടനകളോ അത് പുറപ്പെടുവിക്കുന്നതിന് അപേക്ഷ നൽകിയിട്ടില്ലാത്തപക്ഷമോ അല്ലെങ്കിൽ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടത് പൊതു താൽപ്പര്യത്തിന് ആവശ്യമാണെന്ന്, കേന്ദ്ര സർക്കാരിന് ആവശ്യമെന്ന് തോന്നുന്ന അങ്ങനെയുള്ള അന്വേഷണത്തോടുകൂടിയോ അല്ലാതെയോ കേന്ദ്ര സർക്കാരിന് മറ്റു വിധത്തിൽ ബോദ്ധ്യപ്പെടാത്ത പക്ഷമോ പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(4) സാമാന്യഖണ്ഡങ്ങൾ ആക്റ്റ്, 1897 (1897-ലെ 10)-ലെ 23-ാം വകുപ്പിലെ വ്യവസ്ഥകൾ, മുൻകൂട്ടി പ്രസിദ്ധപ്പെടുത്തൽ വ്യവസ്ഥയ്ക്ക് വിധേയമായി ഒരു ചട്ടമോ ബൈലായോ ഉണ്ടാക്കുന്നതിന് അവ ബാധകമാകുന്നതുപോലെ, ഈ വകുപ്പുപ്രകാരമുള്ള ഒരു വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് ബാധകമാകുന്നതാണ്.

(5) ഈ വകുപ്പു പ്രകാരമുള്ള ഒരു വിജ്ഞാപനം, ഭാരതത്തിന്റെ അതിർത്തിക്കു പുറത്ത് ഉണ്ടാക്കുകയോ ഉല്പാദിപ്പിക്കുകയോ ചെയ്തതും ഭാരതത്തിലേക്ക് ഇറക്കുമതി ചെയ്തതുമായ ചരക്കുകൾക്ക്, ആ ചരക്കുകളെ സംബന്ധിച്ചിടത്തോളം, ഭാരതത്തിൽ അവ വാഹനം മാറ്റി കയറ്റിയതിനോ അല്ലെങ്കിൽ ഭാരതത്തിലൂടെ കടത്തിക്കൊണ്ടുപോയതിനു ശേഷമോ അല്ലെങ്കിൽ മറ്റുവിധത്തിലോ കയറ്റി അയയ്ക്കു

ന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണെന്ന് കസ്റ്റംസ് കമ്മീഷണർക്ക് ഇറക്കുമതി സമയത്ത് ബോദ്ധ്യപ്പെടുന്നുവെങ്കിൽ, ബാധകമാകുന്നതല്ല.

140. വ്യാജ വ്യാപാരമുദ്രകൾ വഹിക്കുന്ന ഇറക്കുമതി ചെയ്ത ചരക്കുകളുടെ വിവരം ആവശ്യപ്പെടുന്നതിനുള്ള അധികാരം.—(1) രജിസ്റ്റർ ചെയ്യപ്പെട്ട ഒരു വ്യപാരമുദ്രയുടെ ഉടമയ്ക്കോ ഒരു ലൈസൻസിക്കോ ഏതെങ്കിലും ചരക്കുകളുടെ ഇറക്കുമതി 29-ാം വകുപ്പ് (6)-ാം ഉപവകുപ്പ് (ഗ) ഖണ്ഡ പ്രകാരമുള്ള ലംഘനമായി തീരുന്നപക്ഷം, ആ ചരക്കുകളുടെ ഇറക്കുമതി തടയുന്നതിന് കസ്റ്റംസ് കളക്ടർക്ക് ലിഖിതമായ നോട്ടീസ് നൽകാവുന്നതാണ്.

(2) കസ്റ്റംസ് ആക്റ്റ്, 1962 (1962-ലെ 52)-ലെ 11-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഢ) ഖണ്ഡ പ്രകാരം കേന്ദ്രസർക്കാരിന്റെ വിജ്ഞാപനം വഴി, വ്യാപാരമുദ്രകളുടെ സംരക്ഷണത്തിനായി ഭാരതത്തിലേക്ക് ഇറക്കുമതി ചെയ്യുന്നത് നിരോധിക്കപ്പെട്ടിട്ടുള്ളതും ഇറക്കുമതി ചെയ്യുമ്പോൾ ആ ആക്റ്റ് പ്രകാരം കണ്ടുകെട്ടലിന് വിധേയമാകുന്നതും ആയ ചരക്കുകൾ ഭാരതത്തിലേക്ക് ഇറക്കുമതി ചെയ്യുന്നിടത്ത്, കസ്റ്റംസ് കമ്മീഷണർക്ക്, തനിക്ക് നൽകപ്പെട്ട നിവേദനത്തിനുമേൽ പരാതിപ്പെട്ട വ്യാപാരമുദ്ര വ്യാജമായ ഒരു വ്യാപാരമുദ്രയായി ഉപയോഗിച്ചിട്ടുണ്ടെന്ന് വിശ്വസിക്കുന്നതിന് അദ്ദേഹത്തിന് കാരണമുള്ളപക്ഷം, ചരക്കുകൾ ഇറക്കുമതി ചെയ്ത ആളോടോ അയാളുടെ ഏജന്റിനോടോ, ചരക്കുകൾ സംബന്ധിച്ച് അയാളുടെ കൈവശമുള്ള ഏതെങ്കിലും രേഖകൾ ഹാജരാക്കുന്നതിനും, ആരാണോ ചരക്കുകൾ ഭാരതത്തിലേക്ക് അയച്ചത് അയാളുടെ പേരും വിലാസവും, ഭാരതത്തിൽ ആർക്കാണോ ആ ചരക്കുകൾ അയച്ചത് അയാളുടെ പേരും വിലാസവും സംബന്ധിച്ച വിവരം നൽകുന്നതിനും ആവശ്യപ്പെടാവുന്നതാണ്.

(3) ഇറക്കുമതി ചെയ്ത ആളോ അയാളുടെ ഏജന്റോ പതിനാലു ദിവസത്തിനുള്ളിൽ മുൻപറഞ്ഞ ആവശ്യം നിറവേറ്റേണ്ടതും, അപ്രകാരം ചെയ്യുന്നതിൽ അയാൾ വീഴ്ച വരുത്തുന്നപക്ഷം, അയാൾ അഞ്ഞൂറ് രൂപയോളമാകാവുന്ന പിഴയ്ക്ക് ശിക്ഷിക്കപ്പെടുന്നതുമാണ്.

(4) ഈ വകുപ്പുപ്രകാരം, ചരക്കുകൾ ഇറക്കുമതി ചെയ്ത ആളിൽ നിന്നോ അയാളുടെ ഏജന്റിൽ നിന്നോ ലഭിച്ച ഏതെങ്കിലും വിവരം കസ്റ്റംസ് കമ്മീഷണർ, ഒരു വ്യാജ വ്യാപാരമുദ്രയായി ഉപയോഗിച്ചതായി ആരോപിക്കപ്പെട്ട വ്യാപാരമുദ്രയുടെ രജിസ്റ്റർ ചെയ്യപ്പെട്ട ഉടമയേയോ അല്ലെങ്കിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താവിനേയോ അറിയിക്കേണ്ടതാണ്.

141. സാധുതയ്ക്കുള്ള സർട്ടിഫിക്കറ്റ്.—രജിസ്റ്ററിന്റെ ശരിയാക്കലിന് വേണ്ടി അപ്പീൽ ബോർഡിനു മുൻപാകെയുള്ള ഏതെങ്കിലും നിയമ നടപടിയിൽ വ്യാപാരമുദ്രയുടെ രജിസ്ട്രേഷന്റെ സാധുത സംബന്ധിച്ച പ്രശ്നത്തിൻമേൽ വ്യാപാരമുദ്രയുടെ രജിസ്റ്റർ ചെയ്യപ്പെട്ട ഉടമയ്ക്ക് നൽകിയ അനുകൂലമായ തീരുമാനം എതിർവാദത്തിൻമേൽ ആയിരിക്കുന്ന പക്ഷം, അപ്പലേററ് ബോർഡിന് ആ അർത്ഥത്തിലുള്ള ഒരു സർട്ടിഫിക്കറ്റ് നൽകാവുന്നതും, അങ്ങനെ ഒരു സർട്ടിഫിക്കറ്റ് നൽകുന്ന പക്ഷം, പ്രസ്തുത സാധുത തർക്കമായി വരുന്ന തുടർന്നുള്ള ഏതെങ്കിലും നിയമ നടപടിയിൽ, പ്രസ്തുത ഉടമ, വ്യാപാരമുദ്രയുടെ രജിസ്ട്രേഷന്റെ സാധുത തനിക്കനുകൂലമായി ഉറപ്പിച്ചുകൊണ്ട് ഒരു അന്തിമ ഉത്തരവോ വിധിയോ നേടുന്നതിൻമേൽ, പ്രസ്തുത അന്തിമ ഉത്തരവിലോ വിധിന്യായത്തിലോ മതിയായ കാരണത്താൽ മറ്റു വിധത്തിൽ നിർദ്ദേശിച്ചിട്ടില്ലാത്ത പക്ഷം, ലീഗൽ പ്രാക്ടീഷണറും കക്ഷിയും തമ്മിൽ എന്നപോലെ അയാളുടെ മുഴുവൻ ചെലവിനും ചാർജ്ജുകൾക്കും വ്യയങ്ങൾക്കും അർഹത ഉണ്ടായിരിക്കുന്നതാണ്.

142. നിയമനടപടികൾ എടുക്കുമെന്ന അകാരണമായ ഭീഷണികൾ.—(1) ഒരാൾ, മറ്റൊരാളെ, സർക്കുലറുകളോ പരസ്യങ്ങളോ മുഖേനയോ അല്ലെങ്കിൽ മറ്റു വിധത്തിലോ രജിസ്റ്റർ ചെയ്യപ്പെട്ടതോ അല്ലെങ്കിൽ രജിസ്റ്റർ ചെയ്യപ്പെട്ടതാണെന്ന് ആദ്യം പറഞ്ഞയാളാൽ ആരോപിക്കപ്പെട്ടിട്ടുള്ളതോ ആയ ഒരു വ്യാപാരമുദ്രയുടെ ലംഘനത്തിന് കേസോ നടപടിയോ അല്ലെങ്കിൽ അതുപോലെയുള്ള മറ്റു നടപടികളോ എടുക്കുമെന്ന് ഭീഷണിപ്പെടുത്തുന്ന പക്ഷം, സങ്കടക്കാരനായ ആളിന്, അങ്ങനെ ഭീഷണിപ്പെടുത്തുന്ന ആൾ രജിസ്റ്റർ ചെയ്യപ്പെട്ട ഉടമയോ അല്ലെങ്കിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താവോ ആണെങ്കിലും അല്ലെങ്കിലും ആദ്യം പറഞ്ഞ ആളിനെതിരെ ഒരു വ്യവഹാരം കൊണ്ടുവരാവുന്നതും ആദ്യം പറഞ്ഞ ആൾ ആ വ്യാപാരമുദ്ര രജിസ്റ്റർ ചെയ്യപ്പെട്ടതാണെന്നും ഭീഷണിപ്പെടുത്തിയ നടപടികളെ സംബന്ധിച്ച പ്രവൃത്തികൾ ചെയ്താൽ ആ വ്യാപാരമുദ്രയുടെ ലംഘനം ആകുമെന്നോ ആകുമായിരുന്നുവെന്നോ കോടതിയെ ബോദ്ധ്യപ്പെടുത്തുന്ന പക്ഷം, ഭീഷണികൾ ന്യായീകരിക്കത്തക്കതല്ലെന്നുള്ള പ്രഭാവത്തിന് ഒരു പ്രഖ്യാപനവും ഭീഷണികൾ തുടരുന്നതിനെതിരെ ഒരു ഇൻജംക്ഷനും നേടാവുന്നതും, അയാൾക്കുണ്ടായ അങ്ങനെയുള്ള നഷ്ടങ്ങൾ (ഏതെങ്കിലും ഉണ്ടെങ്കിൽ) വസൂലാക്കാവുന്നതും ആണ്.

(2) വ്യാപാരമുദ്രയുടെ രജിസ്റ്റർ ചെയ്യപ്പെട്ട ഉടമയോ അല്ലെങ്കിൽ 52-ാം വകുപ്പ് (1)-ാം ഉപവകുപ്പിന് അനുസൃതമായി പ്രവർത്തിക്കുന്ന രജിസ്റ്റർ ചെയ്യപ്പെട്ട ഒരു ഉപയോക്താവോ വ്യാപാര മുദ്രയുടെ ലംഘനത്തിന് ഭീഷണിപ്പെടുത്തിയ ആളിനെതിരെ ഒരു നടപടി മതിയായ ശ്രദ്ധയോടെ ആരംഭിക്കുകയും പ്രോസിക്യൂട്ട് ചെയ്യുകയും ചെയ്യുന്നപക്ഷം, തൊട്ടു മുമ്പുള്ള ഉപവകുപ്പ് ബാധകമാകുന്നതല്ല.

(3) ഈ വകുപ്പിലെ യാതൊന്നും, ഒരു ലീഗൽ പ്രാക്ടീഷണറേയോ രജിസ്റ്റർ ചെയ്യപ്പെട്ട ഒരു വ്യാപാര മുദ്രകൾ ഏജൻറിനെയോ ഒരു കക്ഷിക്കുവേണ്ടി തന്റെ തൊഴിൽപരമായ നിലയിൽ താൻ ചെയ്ത ഒരു പ്രവൃത്തി സംബന്ധിച്ച് ഈ വകുപ്പു പ്രകാരമുള്ള യാതൊരു നടപടിക്കും, വിധേയനാക്കുന്നതല്ല.

(4) (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു വ്യവഹാരം ഒരു ജില്ലാ കോടതിക്ക് താഴെയുള്ള യാതൊരു കോടതിയിലും ബോധിപ്പിക്കാൻ പാടുള്ളതല്ല.

143. നടത്തിപ്പിനുള്ള വിലാസം.—ഒരു അപേക്ഷയിലോ എതിർക്കൽ നോട്ടീസിലോ പറഞ്ഞിട്ടുള്ള നടത്തിപ്പിനുള്ള വിലാസം അപേക്ഷകളുടേയോ എതിർക്കൽ നോട്ടീസിന്റേയോ എല്ലാ ആവശ്യങ്ങൾക്കും അപേക്ഷകന്റേയോ എതിർപ്പുകാരന്റെയോ, അതതുസംഗതിപോലെ, വിലാസമായി കരുതപ്പെടേണ്ടതും, അപേക്ഷയോ എതിർപ്പു നോട്ടീസോ ആയി ബന്ധപ്പെട്ട എല്ലാ രേഖകളും അപേക്ഷകന്റെയോ എതിർപ്പുകാരന്റെയോ, അതതുസംഗതിപോലെ, നടത്തിപ്പിനുള്ള വിലാസത്തിൽ അവ വിട്ടുകൊടുത്തോ അല്ലെങ്കിൽ തപാൽ വഴി അയച്ചോ നടത്താവുന്നതാണ്.

144. വ്യാപാരവഴക്കങ്ങൾ മുതലായവ പരിഗണനയിൽ എടുക്കണമെന്ന്.—ഒരു വ്യാപാരമുദ്രയെ സംബന്ധിച്ച ഏതൊരു നടപടിയിലും ട്രിബ്യൂണൽ, ബന്ധപ്പെട്ട വ്യാപാരവഴക്കങ്ങളുടേയും അല്ലെങ്കിൽ മറ്റാളുകൾ നിയമാനുസൃതമായി ഉപയോഗിക്കുന്ന പ്രസക്തമായ ഏതെങ്കിലും വ്യാപാരമുദ്രയുടെയും വ്യാപാരനാമത്തിന്റേയും രൂപഘടനയുടേയും തെളിവ് സ്വീകരിക്കേണ്ടതാണ്.

145. ഏജന്റുമാർ.—ഈ ആക്റ്റിനാലോ അല്ലെങ്കിൽ ഈ ആക്റ്റിൻകീഴിലോ ഒരു സത്യവാങ്മൂലം ബോധിപ്പിക്കലല്ലാത്ത ഏതെങ്കിലും പ്രവൃത്തി ഏതെങ്കിലും ആളാൽ രജിസ്ട്രാറുടെ മുമ്പാകെ ചെയ്യപ്പെടേണ്ടതാണെന്ന് ആവശ്യപ്പെടുന്നിടത്ത്, ആ പ്രവൃത്തി, ഇതിലേക്കായി ഉണ്ടാക്കിയ ചട്ടങ്ങൾക്ക് വിധേയമായി, ആ ആൾ സ്വയം ചെയ്യുന്നതിനുപകരം, നിർണ്ണയിക്കപ്പെട്ട രീതിയിൽ യഥാവിധി അധികാരപ്പെടുത്തി താഴെപ്പറയുന്ന ഒരാളാൽ ചെയ്യാവുന്നതാണ്,—

(ക) ഒരു ലീഗൽ പ്രാക്ടീഷണർ; അല്ലെങ്കിൽ

(ഖ) ഒരു വ്യാപാരമുദ്രകൾ ഏജന്റായി നിർണ്ണയിക്കപ്പെട്ട രീതിയിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഒരാൾ; അല്ലെങ്കിൽ

(ഗ) നിയോജകന്റെ മാത്രവും സ്ഥിരവും ആയ തൊഴിലിൽ ഉള്ള ഒരാൾ.

146. അധികാരമില്ലാതെ ഒരു ഏജന്റിനാലോ പ്രതിനിധിയാലോ രജിസ്റ്റർ ചെയ്യപ്പെട്ട മുദ്രകൾ.—രജിസ്റ്റർ ചെയ്യപ്പെട്ട ഒരു വ്യാപാരമുദ്രയുടെ ഉടമയുടെ ഒരു ഏജന്റോ ഒരു പ്രതിനിധിയോ അധികാര മില്ലാത്ത തന്റെ സ്വന്തം പേരിൽ മുദ്ര ഉപയോഗിക്കുകയോ രജിസ്റ്റർ ചെയ്യുന്നതിന് ശ്രമിക്കുകയോ രജിസ്റ്റർ ചെയ്യുകയോ ചെയ്യുന്നപക്ഷം, ഉടമയ്ക്ക്, തനിക്ക് അനുകൂലമായ തീറുവഴി തന്നെ പ്രസ്തുത മുദ്രയുടെ രജിസ്റ്റർ ചെയ്യപ്പെട്ട ഉടമയായി തീർക്കുന്നതിനായി അപേക്ഷിക്കപ്പെട്ട രജിസ്ട്രേഷനെ എതിർക്കുന്നതിനോ അല്ലെങ്കിൽ അതിന്റെ റദ്ദാക്കൽ ഉറപ്പ് വരുത്തുന്നതിനോ അല്ലെങ്കിൽ രജിസ്റ്ററിന്റെ ശരിയാക്കലിനോ, അവകാശമുണ്ടായിരിക്കുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള നടപടി, ഏജന്റിന്റെയോ പ്രതിനിധിയുടെയോ പെരുമാറ്റത്തെപ്പറ്റി വ്യാപാര മുദ്രയുടെ രജിസ്റ്റർ ചെയ്യപ്പെട്ട ഉടമയ്ക്ക് അറിവ് ലഭിച്ച് മൂന്ന് വർഷത്തിനുള്ളിൽ എടുക്കേണ്ടതാണ്.

147. സൂചികകൾ.—രജിസ്ട്രാറുടെ നിർദ്ദേശത്തിനും മേൽനോട്ടത്തിനും കീഴിൽ,—

(ക) രജിസ്റ്റർ ചെയ്യപ്പെട്ട വ്യാപാരമുദ്രകളുടെ ഒരു സൂചിക;

(ഖ) രജിസ്ട്രേഷനുവേണ്ടി നിലവിലുള്ള അപേക്ഷകളുമായി ബന്ധപ്പെട്ട വ്യാപാരമുദ്രകളുടെ ഒരു സൂചിക;

(ഗ) രജിസ്റ്റർ ചെയ്യപ്പെട്ട വ്യാപാരമുദ്രകളുടെ ഉടമകളുടെ പേരുകളുടെ ഒരു സൂചിക;

(ഘ) രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താക്കളുടെ പേരുകളുടെ ഒരു സൂചിക;

എന്നിവ സൂക്ഷിക്കേണ്ടതാണ്.

148. രേഖകൾ പൊതുപരിശോധനയ്ക്കായി ലഭ്യമാക്കണമെന്ന്.—(1) 49-ാം വകുപ്പ് (4)-ാം ഉപവകുപ്പിൽ മറ്റു വിധത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമൊഴികെ,—

(ക) രജിസ്റ്ററും രജിസ്റ്ററിലെ ഏതെങ്കിലും ഉൾക്കുറിപ്പിനെ അടിസ്ഥാനമാക്കപ്പെട്ട ഏതെങ്കിലും രേഖയും;

(ഖ) രജിസ്ട്രാർ മുമ്പാകെ, ഒരു വ്യാപാരമുദ്രയുടെ രജിസ്ട്രേഷനേയും ശരിയാക്കലിനു വേണ്ടിയുള്ള അപേക്ഷയേയും എതിർക്കുന്ന ഓരോ നോട്ടീസും, അവയ്ക്കുള്ള എതിർ പ്രസ്താവനയും രജിസ്ട്രാർ മുമ്പാകെയുള്ള ഏതെങ്കിലും നടപടികളിലെ കക്ഷികൾ ബോധിപ്പിച്ച ഏതെങ്കിലും സത്യവാങ്മൂലവും അല്ലെങ്കിൽ രേഖയും;

(ഗ) 63-ാം വകുപ്പോ 74-ാം വകുപ്പോ പ്രകാരം നൽകിയിട്ടുള്ള എല്ലാ റഗുലേഷനുകളും, അങ്ങനെയുള്ള റെഗുലേഷനുകൾ വ്യത്യാസപ്പെടുത്തുന്നതിന് വേണ്ടി 66-ാം വകുപ്പോ 77-ാം വകുപ്പോ പ്രകാരമുള്ള എല്ലാ അപേക്ഷകളും;

(ഘ) 147-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള സൂചികകളും;

(ങ) കേന്ദ്ര സർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, വിനിർദ്ദേശിക്കുന്ന അങ്ങനെയുള്ള മറ്റു രേഖകളും,

നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള വ്യവസ്ഥകൾക്ക് വിധേയമായി വ്യാപാരമുദ്രകൾ രജിസ്റ്ററിയിൽ പരിശോധനയ്ക്കായി പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ടതാണ്:

എന്നാൽ, അങ്ങനെയുള്ള രജിസ്റ്റർ പൂർണ്ണമായോ ഭാഗികമായോ കമ്പ്യൂട്ടറിൽ സൂക്ഷിച്ചിട്ടുള്ളിടത്ത്, ഈ വകുപ്പു പ്രകാരം അങ്ങനെയുള്ള രജിസ്റ്ററിന്റെ പരിശോധന, അപ്രകാരം കമ്പ്യൂട്ടറിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിലെ പ്രസക്ത ഉൾക്കുറിപ്പിന്റെ കമ്പ്യൂട്ടർ പ്രിന്റൗട്ട് പരിശോധിച്ച് നടത്തേണ്ടതാണ്.

(2) ഏതൊരാൾക്കും, രജിസ്ട്രാർക്ക് നൽകിയ ഒരു അപേക്ഷയിന്മേലും നിർണ്ണയിക്കപ്പെട്ട അങ്ങനെയുള്ള ഫീസ് നൽകുന്നതിന്മേലും (1)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ട രജിസ്റ്ററിലെ ഏതെങ്കിലും ഉൾക്കുറിപ്പിന്റേയോ അല്ലെങ്കിൽ ഏതെങ്കിലും രേഖയുടേയോ സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പ് ലഭിക്കുന്നതാണ്.

149. രജിസ്ട്രാറുടെ റിപ്പോർട്ടുകൾ പാർലമെന്റ് മുമ്പാകെ വയ്ക്കണമെന്ന്.—കേന്ദ്ര സർക്കാർ, രജിസ്ട്രാറാലോ അല്ലെങ്കിൽ രജിസ്ട്രാർ മുഖേനയോ ഈ ആക്റ്റിന്റെ നടപ്പാക്കൽ സംബന്ധിച്ച് ഒരു റിപ്പോർട്ട് പാർലമെന്റിന്റെ ഇരു സഭകളുടെയും മുമ്പാകെ വർഷത്തിലൊരിക്കൽ വയ്പിക്കേണ്ടതാണ്.

150. ഫീസും സർചാർജും.—(1) ഈ ആക്റ്റ് പ്രകാരമുള്ള അപേക്ഷകളും രജിസ്ട്രേഷനും മറ്റു സംഗതികളും സംബന്ധിച്ച്, കേന്ദ്ര സർക്കാർ നിർണ്ണയിക്കുന്ന അങ്ങനെയുള്ള ഫീസും സർചാർജും നൽകേണ്ടതാണ്.

(2) രജിസ്ട്രാർ ഒരു പ്രവൃത്തി ചെയ്യുന്നത് സംബന്ധിച്ച് ഒരു ഫീസ് നൽകേണ്ടതായിട്ടുള്ളിടത്ത്, ഫീസ് കൊടുക്കപ്പെടുന്നതുവരെ രജിസ്ട്രാർ ആ പ്രവൃത്തി ചെയ്യാൻ പാടുള്ളതല്ല.

(3) വ്യാപാരമുദ്രകൾ രജിസ്റ്ററിയിൽ ഒരു രേഖ ഫയൽ ചെയ്യുന്നത് സംബന്ധിച്ച് ഒരു ഫീസ് നൽകേണ്ടിടത്ത്, ആ ഫീസ് നൽകുന്നതുവരെ ആ രേഖ രജിസ്റ്ററിയിൽ ഫയൽ ചെയ്യപ്പെട്ടിട്ടില്ലാത്തതായി കരുതപ്പെടേണ്ടതാണ്.

151. അദ്ധ്യായം XII-ലെ ചില സംഗതികൾ സംബന്ധിച്ച ഒഴിവാക്കലുകൾ.—അദ്ധ്യായം XII-ലെ യാതൊന്നും,—

(ക) ഏതെങ്കിലും ആളെ, ആ അദ്ധ്യായത്തിലെ ഏതെങ്കിലും കാര്യങ്ങൾക്കൊഴികെ, അയാൾക്കെതിരെ കൊണ്ടുവന്നേക്കാമായിരുന്ന ഏതെങ്കിലും വ്യവഹാരത്തിൽ നിന്നോ മറ്റു നടപടിയിൽ നിന്നോ ഒഴിവാക്കുന്നതല്ല; അല്ലെങ്കിൽ

(ഖ) ഏതെങ്കിലും ആളെ, പൂർണ്ണമായ ഒരു വെളിപ്പെടുത്തൽ നടത്തുന്നതിനോ, അല്ലെങ്കിൽ ഏതെങ്കിലും വ്യവഹാരത്തിലെയോ മറ്റു നടപടിയിലെയോ ഏതെങ്കിലും ചോദ്യത്തിനോ ലിഖിതമായ ചോദ്യത്തിനോ മറുപടി പറയുന്നതിനോ, വിസമ്മതിക്കുന്നതിന് അർഹനാക്കുന്നതല്ലാത്തതും, എന്നാൽ അങ്ങനെയുള്ള വെളിപ്പെടുത്തലോ മറുപടിയോ അങ്ങനെയുള്ള ആൾക്കെതിരെ, ആ അദ്ധ്യായ പ്രകാരമോ അല്ലെങ്കിൽ കസ്റ്റംസ് ആക്റ്റ്, 1962 (1962-ലെ 52)-ലെ 111-ാം വകുപ്പ് (ഘ) ഖണ്ഡപ്രകാരം

സാധനങ്ങൾ കണ്ടുകെട്ടുന്നതുമായി ബന്ധപ്പെട്ടതും സാധനങ്ങൾ ഇറക്കുമതി ചെയ്യുന്നതുമായി ബന്ധപ്പെട്ട് വ്യാപാരമുദ്രയുടെ സംരക്ഷണത്തിനായി പ്രസ്തുത ആക്റ്റ് 11-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഢ) ഖണ്ഡപ്രകാരം കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്തതുമായ പ്രസ്തുത ആക്റ്റ് 112-ാം വകുപ്പ് (ജ) ഖണ്ഡപ്രകാരമോ ഉള്ള ഒരു കുറ്റത്തിന്റെ ക്രിമിനൽ വിചാരണയിൽ തെളിവായി സ്വീകരിക്കാൻ പാടുള്ളതല്ല; അല്ലെങ്കിൽ

(ഗ) ഭാരതത്തിൽ താമസക്കാരനായ ഒരു യജമാനന്റെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഉത്തമ വിശ്വാസപൂർവ്വം പ്രവർത്തിക്കുകയും പ്രോസിക്യൂട്ടറോ പ്രോസിക്യൂട്ടർക്കുവേണ്ടിയോ നടത്തിയ അഭ്യർത്ഥനയിന്മേൽ യജമാനനെ സംബന്ധിച്ചും യജമാനനിൽ നിന്നും അയാൾക്ക് ലഭിച്ച നിർദ്ദേശങ്ങളെ സംബന്ധിച്ചും ഉള്ള പൂർണ്ണവിവരങ്ങൾ നൽകുകയും ചെയ്ത അങ്ങനെയുള്ള യജമാനന്റെ ഏതെങ്കിലും ഭൃത്യനെ ഏതെങ്കിലും ക്രിമിനൽ വ്യവഹാരത്തിനോ ശിക്ഷയ്ക്കോ വിധേയനാക്കുന്നതായി അർത്ഥം കല്പിക്കുന്നതല്ല.

152. വ്യാപാരമുദ്രയുടെ ഉടമസ്ഥതയെ സംബന്ധിച്ച പ്രഖ്യാപനം രജിസ്ട്രേഷൻ ആക്റ്റ്, 1908 പ്രകാരം രജിസ്റ്റർ ചെയ്യാവുന്നതല്ല.—രജിസ്ട്രേഷൻ ആക്റ്റ്, 1908 (1908-ലെ 16)-ൽ എന്തുതന്നെ അടങ്ങിയിരുന്നാലും, രജിസ്റ്റർ ചെയ്യപ്പെട്ട ഒരു വ്യാപാരമുദ്രയല്ലാത്ത ഒരു വ്യാപാരമുദ്രയിൽ ഒരാൾക്കുള്ള ഉടമസ്ഥതയോ ഉടമാവകാശമോ പ്രഖ്യാപിക്കുന്നതോ അല്ലെങ്കിൽ പ്രഖ്യാപിക്കുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതോ ആയ യാതൊരു രേഖയും ആ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യാൻ പാടുള്ളതല്ല.

153. സർക്കാരിന് ബാധകമായിരിക്കുമെന്ന്.—ഈ ആക്റ്റിലെ വ്യവസ്ഥകൾ സർക്കാരിന് ബാധകമായിരിക്കുന്നതാണ്.

154. ഉടമ്പടി രാജ്യങ്ങളിലെ പൗരന്മാരിൽനിന്നും രജിസ്ട്രേഷനുവേണ്ടിയുള്ള അപേക്ഷകൾ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ.—(1) സ്വന്തം രാജ്യത്തെ പൗരന്മാർക്ക് നൽകുന്ന അതേപോലുള്ള അവകാശങ്ങൾ ഭാരതത്തിലെ പൗരന്മാർക്കും ഏതെങ്കിലും രാജ്യവുമായോ അല്ലെങ്കിൽ രാജ്യങ്ങളുടെ സമൂഹത്തിലേയോ രാജ്യങ്ങളുടെ യൂണിയനിലേയോ ഭാരതത്തിനു വെളിയിലുള്ള അന്തർ-സർക്കാർ സംഘടനകളിലെ ഒരു അംഗമായിട്ടുള്ള രാജ്യവുമായോ ഉള്ള ഒരു സന്ധിയോ ഉടമ്പടിയോ ഏർപ്പാടോ പൂർത്തീകരിക്കുന്നതിനുള്ള ഉദ്ദേശത്തോടുകൂടി കേന്ദ്ര സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി അങ്ങനെയുള്ള രാജ്യത്തേയോ രാജ്യങ്ങളുടെ സമൂഹത്തേയോ രാജ്യങ്ങളുടെ യൂണിയനെയോ അന്തർ-സർക്കാർ സംഘടനയുടെ രാജ്യങ്ങളേയോ ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, അതതു സംഗതിപോലെ, ഒരു ഉടമ്പടി രാജ്യമോ രാജ്യങ്ങളുടെ സമൂഹമോ രാജ്യങ്ങളുടെ യൂണിയനോ അല്ലെങ്കിൽ അന്തർ-സർക്കാർ സംഘടനയോ, ആണെന്ന് പ്രഖ്യാപിക്കാവുന്നതാണ്.

(2) ഒരാൾ, ഒരു ഉടമ്പടി രാജ്യത്തിലോ അല്ലെങ്കിൽ രാജ്യങ്ങളുടെ ഒരു സമൂഹത്തിലേയോ രാജ്യങ്ങളുടെ യൂണിയനിലേയോ അല്ലെങ്കിൽ അന്തർ-സർക്കാർ സംഘടനയിലേയോ ഒരു അംഗമായ രാജ്യത്തിലോ വ്യാപാരമുദ്രയുടെ രജിസ്ട്രേഷന് അപേക്ഷ നൽകിയിട്ടുണ്ടായിരിക്കുകയും ആ ആളോ അയാളുടെ നിയമാനുസൃത പ്രതിനിധിയോ തീറുകാരനോ ആ ഉടമ്പടി രാജ്യത്തെ അല്ലെങ്കിൽ രാജ്യങ്ങളുടെ ഒരു സമൂഹത്തിലേയോ രാജ്യങ്ങളുടെ യൂണിയനിലേയോ അല്ലെങ്കിൽ അന്തർ-സർക്കാർ സംഘടനയിലേയോ ഒരു അംഗമായിട്ടുള്ള രാജ്യത്തോ അപ്രകാരം അപേക്ഷ നൽകിയ തീയതിക്കു ശേഷം ആറു മാസത്തിനുള്ളിൽ വ്യാപാരമുദ്രയുടെ രജിസ്ട്രേഷനുവേണ്ടി ഭാരതത്തിൽ അപേക്ഷിച്ച ആ വ്യാപാരമുദ്ര, ഈ ആക്റ്റു പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുകയും ചെയ്യുന്നപക്ഷം, ആ ഉടമ്പടി രാജ്യത്തോ അല്ലെങ്കിൽ രാജ്യങ്ങളുടെ ഒരു സമൂഹത്തിലോ രാജ്യങ്ങളുടെ യൂണിയനിലോ അന്തർ-സർക്കാർ സംഘടനയിലോ ഒരു അംഗമായിട്ടുള്ള രാജ്യത്താ അപേക്ഷ നൽകിയ തീയതിയിൽ രജിസ്റ്റർ ചെയ്യപ്പെട്ടതായും ആ തീയതി, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി രജിസ്ട്രേഷൻ തീയതിയായി കരുതപ്പെടേണ്ടതുമാണ്.

(3) ഒരു വ്യാപാരമുദ്രയുടെ രജിസ്ട്രേഷനുവേണ്ടിയുള്ള അപേക്ഷകൾ രാജ്യങ്ങളുടെ സമൂഹത്തിലെയോ രാജ്യങ്ങളുടെ യൂണിയനിലെയോ അല്ലെങ്കിൽ അന്തർ-സർക്കാർ സംഘടനയിലേയോ അംഗങ്ങളായിട്ടുള്ള രണ്ടോ അതിലധികമോ ഉടമ്പടി രാജ്യങ്ങളിലെ കമ്പനികളിലോ നൽകിയിട്ടുള്ളിടത്ത്, തൊട്ടു മുമ്പുള്ള ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ആറുമാസക്കാലയളവ് ആ അപേക്ഷകളിൽ നേരത്തേയോ അല്ലെങ്കിൽ ഏറ്റവും നേരത്തേയോ നൽകിയ അപേക്ഷയുടെ തീയതി മുതൽ കണക്കാക്കേണ്ടതാണ്.

(4) ഈ ആക്റ്റിലെ യാതൊന്നും, ഒരു വ്യാപാരമുദ്രയുടെ ഉടമയെ, ഈ ആക്റ്റു പ്രകാരമുള്ള രജിസ്ട്രേഷനുവേണ്ടിയുള്ള അപേക്ഷാ തീയതിക്കു മുമ്പ് സംഭവിച്ച ലംഘനത്തിന് നഷ്ടപരിഹാരം വസൂലാക്കുന്നതിന്, അർഹനാക്കുന്നതല്ല.

155. പരസ്പരധർമ്മം സംബന്ധിച്ച വ്യവസ്ഥ.—കേന്ദ്ര സർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, ഇതിലേക്കായി വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും രാജ്യമോ അല്ലെങ്കിൽ രാജ്യങ്ങളുടെ സമൂഹത്തിലേയോ രാജ്യങ്ങളുടെ യൂണിയനിലേയോ അല്ലെങ്കിൽ അന്തർ-സർക്കാർ സംഘടനയിലേയോ അംഗമായ ഒരു രാജ്യമോ അതിന്റെ സ്വന്തം ജനതയ്ക്ക് വ്യാപാരമുദ്രകളുടെ രജിസ്ട്രേഷനും സംരക്ഷണവും സംബന്ധിച്ച് നൽകുന്ന അതേ അവകാശങ്ങൾ ഭാരതത്തിലെ പൗരന്മാർക്കും നൽകാത്തിടത്ത്, അതതുസംഗതിപോലെ, അങ്ങനെയുള്ള രാജ്യത്തേയോ അല്ലെങ്കിൽ രാജ്യങ്ങളുടെ സമൂഹത്തിലേയോ രാജ്യങ്ങളുടെ യൂണിയനിലെയോ അല്ലെങ്കിൽ അന്തർ-സർക്കാർ സംഘടനയിലേയോ ഒരു അംഗമായ രാജ്യത്തേയോ ജനതയ്ക്ക് തനിച്ചോ അല്ലെങ്കിൽ മറ്റേതെങ്കിലും ആളുമായി കൂട്ടുചേർന്നോ,—

(ക) ഒരു വ്യാപാരമുദ്രയുടെ രജിസ്ട്രേഷനുവേണ്ടിയോ അല്ലെങ്കിൽ അതിന്റെ ഉടമയായി രജിസ്റ്റർ ചെയ്യപ്പെടുന്നതിനുവേണ്ടി അപേക്ഷിക്കുന്നതിനോ;

(ഖ) രജിസ്റ്റർ ചെയ്യപ്പെട്ട ഒരു വ്യാപാര മുദ്രയുടെ ഉടമയുടെ തീറുകാരനായി രജിസ്റ്റർ ചെയ്യപ്പെടുന്നതിനോ; അല്ലെങ്കിൽ

(ഗ) 49-ാം വകുപ്പുപ്രകാരം ഒരു വ്യാപാരമുദ്രയുടെ രജിസ്റ്റർ ചെയ്യപ്പെട്ട ഉപയോക്താവായുള്ള രജിസ്ട്രേഷനുവേണ്ടി അപേക്ഷിക്കുന്നതിനോ രജിസ്റ്റർ ചെയ്യപ്പെടുന്നതിനോ,

അർഹതയുണ്ടായിരിക്കുന്നതല്ല.

156. വിഷമതകൾ നീക്കുന്നതിന് കേന്ദ്രസർക്കാരിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്നതിൽ എന്തെങ്കിലും വിഷമത ഉത്ഭവിക്കുന്നുവെങ്കിൽ, കേന്ദ്ര സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവുവഴി, ആ വിഷമത നീക്കുന്നതിന് ആവശ്യമാണെന്ന് തോന്നുന്നതായ ഈ ആക്റ്റിലെ വ്യവസ്ഥകളോടു അസംഗതമല്ലാത്ത അങ്ങനെയുള്ള വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭം മുതൽ അഞ്ച് വർഷം കഴിഞ്ഞതിനുശേഷം ഈ വകുപ്പുപ്രകാരമുള്ള യാതൊരു ഉത്തരവും ഉണ്ടാക്കാൻ പാടുള്ളതല്ല.

(2) ഈ വകുപ്പുപ്രകാരം ഉണ്ടാക്കിയ ഓരോ ഉത്തരവും, അത് ഉണ്ടാക്കിയതിനുശേഷം, കഴിയുന്നത്ര വേഗത്തിൽ പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്ക്കേണ്ടതാണ്.

157. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—(1) കേന്ദ്രസർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴിയും മുൻകൂട്ടി പ്രസിദ്ധപ്പെടുത്തണമെന്ന ഉപാധിക്ക് വിധേയമായും, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും അങ്ങനെയുള്ള ചട്ടങ്ങൾ താഴെപ്പറയുന്നവയിൽ എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ സംഗതികൾക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(i) 6-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം വ്യാപാരമുദ്രകളുടെ രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ട സംഗതികളും ആ വകുപ്പിന്റെ (2)-ാം ഉപവകുപ്പുപ്രകാരം കംപ്യൂട്ടർ ഫ്ളോപ്പികളിലോ ഡിസ്ക്കുകളിലോ മറ്റേതെങ്കിലും ഇലക്ട്രോണിക് ഫോമിലോ ഉള്ള റിക്കോർഡുകളുടെ സൂക്ഷിപ്പിൽ പാലിക്കപ്പെടേണ്ട പരിരക്ഷകളും;

(ii) 8-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ചരക്കുകളുടെയും സേവനങ്ങളുടേയും തരംതിരിക്കലിന്റെ അക്ഷരമാല സൂചിക പ്രസിദ്ധപ്പെടുത്തേണ്ട രീതി;

(iii) രജിസ്ട്രാർക്ക്, 13-ാം വകുപ്പുപ്രകാരം ഒരു പദം അന്തർദേശീയമായി ഉടമാവകാശമില്ലാത്ത ഒരു പേരാണെന്ന് വിജ്ഞാപനം ചെയ്യാവുന്ന രീതി;

(iv) 16-ാം വകുപ്പ് (5)-ാം ഉപവകുപ്പുപ്രകാരം ഒരു കൂട്ടുചേരൽ വേർപെടുത്തലിനുള്ള ഒരു അപേക്ഷ നൽകുന്നതിനുള്ള രീതി;

(v) 18-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ഒരു വ്യാപാര മുദ്രയുടെ രജിസ്ട്രേഷനുവേണ്ടിയുള്ള ഒരു അപേക്ഷ നൽകുന്നതിനുള്ള രീതി;

(vi) 20-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം രജിസ്ട്രേഷനുവേണ്ടിയുള്ള ഒരു അപേക്ഷ പരസ്യപ്പെടുത്തുന്നതിന്റെ രീതിയും, (2)-ാം ഉപവകുപ്പുപ്രകാരം തെറ്റു തിരുത്തലുകളോ ഭേദഗതികളോ വിജ്ഞാപനം ചെയ്യുന്നതിന്റെ രീതിയും;

(vii) 21-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ഒരു അപേക്ഷ നൽകേണ്ടതിന്റേയും അങ്ങനെയുള്ള അപേക്ഷയ്ക്ക് നോട്ടീസ് നൽകുന്നതിന് കൊടുക്കേണ്ടതായ ഫീസിന്റേയും (2)-ാം ഉപവകുപ്പുപ്രകാരം എതിർ പ്രസ്താവനകൾ അയയ്ക്കുന്നതിന്റെയും, (4)-ാം ഉപവകുപ്പുപ്രകാരം തെളിവ് സമർപ്പിക്കലിന്റെയും രീതിയും അതിനുള്ള സമയവും;

(viii) 23-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരമുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ ഫാറവും, (3)-ാം ഉപവകുപ്പുപ്രകാരം അപേക്ഷകന് നോട്ടീസ് നൽകുന്നതിനുള്ള രീതിയും;

(ix) 25-ാം വകുപ്പുപ്രകാരമുള്ള പുതുക്കലിനും പുനഃസ്ഥാപിക്കലിനും ഉള്ള അപേക്ഷാഫാറങ്ങളും അങ്ങനെയുള്ള അപേക്ഷ നൽകേണ്ടത് ഏത് സമയത്തിനുള്ളിലാണെന്നും ഓരോ അപേക്ഷയോടൊപ്പവും നൽകേണ്ട ഫീസും സർചാർജ്ജും, ഏതെങ്കിലുമുണ്ടെങ്കിൽ, ആ വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരം രജിസ്ട്രാർ ഒരു നോട്ടീസ് അയയ്ക്കേണ്ടത് ഏത് സമയത്തിനുള്ളിലാണെന്നും അങ്ങനെയുള്ള നോട്ടീസിന്റെ രീതിയും;

(x) 40-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം കേസുകളുടെ സ്റ്റേറ്റ്മെന്റ് സമർപ്പിക്കുന്നതിന്റെ രീതി;

(xi) 41-ാം വകുപ്പുപ്രകാരം ഒരു വ്യാപാരമുദ്രയുടെ ഉടമ ഒരു അപേക്ഷ നൽകുന്നതിന്റെ രീതി;

(xii) 43-ാം വകുപ്പുപ്രകാരം ഒരു സാക്ഷ്യപ്പെടുത്തൽ വ്യാപാരമുദ്രയുടെ തീറിനോ കൈമാറ്റത്തിനോ വേണ്ടിയുള്ള ഒരു അപേക്ഷ നൽകുന്നതിനുള്ള രീതി;

(xiii) 45-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ഉടമാവകാശം രജിസ്റ്റർ ചെയ്യുന്നതിന് രജിസ്ട്രാർക്ക് ഒരു അപേക്ഷ നൽകുന്നതിനുള്ള രീതി;

(xiv) 46-ാം വകുപ്പ് (4)-ാം ഉപവകുപ്പുപ്രകാരം ഒരു അപേക്ഷ നൽകുന്നതിനുള്ള രീതിയും കാലയളവും;

(xv) 47-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം ഒരു അപേക്ഷ നൽകുന്നതിനുള്ള രീതി;

(xvi) 49-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ഒരു അപേക്ഷ നൽകുന്നതിനുള്ള രീതിയും, അങ്ങനെയുള്ള അപേക്ഷയോടൊപ്പം ഉണ്ടായിരിക്കേണ്ട രേഖകളും മറ്റ് തെളിവും (3)-ാം ഉപവകുപ്പുപ്രകാരം നോട്ടീസ് പുറപ്പെടുവിക്കേണ്ട രീതിയും;

(xvii) 50-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ഒരു അപേക്ഷ നൽകുന്നതിനുള്ള രീതിയും, (2)-ാം ഉപവകുപ്പുപ്രകാരം ഒരു നോട്ടീസ് പുറപ്പെടുവിക്കുന്നതിനുള്ള രീതിയും, (3)-ാം ഉപവകുപ്പുപ്രകാരം ഒരു രജിസ്ട്രേഷൻ റദ്ദാക്കുന്നതിനുള്ള നടപടിക്രമവും;

(xviii) 57-ാം വകുപ്പ് (1)-ഉം (2)-ഉം ഉപവകുപ്പുകൾ പ്രകാരം അപേക്ഷകൾ നൽകുന്നതിനുള്ള രീതിയും, (4)-ാം ഉപവകുപ്പു പ്രകാരം നോട്ടീസ് നൽകുന്നതിനുള്ള രീതിയും, (5)-ാം ഉപവകുപ്പുപ്രകാരം ശരിയാക്കലിനുള്ള നോട്ടീസ് നടത്തുന്നതിനുള്ള രീതിയും;

(xix) 58-ാം വകുപ്പുപ്രകാരം ഒരു അപേക്ഷ നൽകുന്നതിനുള്ള രീതി;

(xx) 59-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ഒരു അപേക്ഷ നൽകുന്നതിനുള്ള രീതിയും, (2)-ഉം (3)-ഉം ഉപവകുപ്പുകൾ പ്രകാരം ഒരു അപേക്ഷ പരസ്യപ്പെടുത്തുന്നതിനുള്ള രീതിയും അപേക്ഷയെ എതിർക്കുന്നതിനുള്ള നോട്ടീസിന്റെ സമയവും രീതിയും;

(xxi) 60-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം പരസ്യത്തിന്റെ രീതി;

(xxii) 63-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം റഗുലേഷനുകളിൽ വിനിർദ്ദേശിക്കപ്പെടേണ്ട മറ്റു സംഗതികൾ;

(xxiii) 71-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ഒരു അപേക്ഷ നൽകുന്നതിനുള്ള രീതി;

(xxiv) 73-ാം വകുപ്പുപ്രകാരം ഒരു അപേക്ഷ പരസ്യപ്പെടുത്തുന്നതിനുള്ള രീതി;

(xxv) 77-ാം വകുപ്പുപ്രകാരം ഒരു അപേക്ഷ നൽകുന്നതിനുള്ള രീതി;

(xxvi) 79-ാം വകുപ്പുപ്രകാരമുള്ള ചരക്കുകളുടെ വിഭാഗങ്ങൾ;

(xxvii) 80-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരമുള്ള ഉപാധികളും നിയന്ത്രണങ്ങളും;

(xxviii) 82-ാം വകുപ്പുപ്രകാരം സാമ്പിൾ മുഖേന ടെക്സ്റ്റൈൽ ചരക്കുകളുടെ സ്വഭാവം നിർണ്ണയിക്കൽ;

(xxix) 88-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ചെയർമാനും, വൈസ് ചെയർമാനും മറ്റ് അംഗങ്ങൾക്കും നൽകേണ്ടതായ ശമ്പളങ്ങളും ബത്തകളും, അവരുടെ മറ്റ് സേവനനിബന്ധനകളും വ്യവസ്ഥകളും;

(xxx) 89-ാം വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരം ചെയർമാന്റെയും, വൈസ് ചെയർമാന്റെയും മറ്റ് അംഗങ്ങളുടെയും പെരുമാറ്റദൂഷ്യമോ കഴിവില്ലായ്മയോ സംബന്ധിച്ച് അന്വേഷണത്തിനുവേണ്ടിയുള്ള നടപടിക്രമം;

(xxxi) 90-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം അപ്പീൽ ബോർഡിലെ ആഫീസർമാരുടെയും മറ്റ് ജീവനക്കാരുടെയും ശമ്പളങ്ങളും ബത്തകളും മറ്റ് സേവനവ്യവസ്ഥകളും, (3)-ാം ഉപവകുപ്പുപ്രകാരം അപ്പലേററ് ബോർഡിലെ ആഫീസർമാരും മറ്റ് ജീവനക്കാരും അവരുടെ ചുമതലകൾ നിർവ്വഹിക്കേണ്ട രീതിയും;

(xxxii) 91-ാം വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരം ഒരു അപ്പീൽ നൽകുന്നതിനുള്ള ഫാറവും, പരിശോധിക്കുന്നതിന്റെ രീതിയും നൽകേണ്ടതായ ഫീസും;

(xxxiii) 97-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം അപ്പലേററ് ബോർഡിലേക്കുള്ള അപേക്ഷയുടെ ഫാറവും അതിൽ ഉൾക്കൊള്ളിക്കേണ്ട വിവരങ്ങളും;

(xxxiv) 127-ാം വകുപ്പ് (ഗ)ഖണ്ഡപ്രകാരം പുനഃപരിശോധനയ്ക്കുവേണ്ടി ഒരു അപേക്ഷ നൽകുന്നതിനുള്ള രീതി;

(xxxv) 128-ാം വകുപ്പുപ്രകാരം രജിസ്ട്രാറുടെ വിവേചനാധികാരം പ്രയോഗിക്കുന്നതിനുള്ള ഒരു അപേക്ഷ അദ്ദേഹത്തിന് ഏത് സമയത്തിനുള്ളിൽ നൽകണമെന്ന്;

(xxxvi) 131-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ഒരു അപേക്ഷ നൽകുന്നതിനുള്ള രീതിയും അതിനുവേണ്ടി നൽകേണ്ടതായ ഫീസും;

(xxxvii) 133-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ഒരു അപേക്ഷ നൽകുന്നതിനുള്ള രീതിയും (2)-ാം ഉപവകുപ്പുപ്രകാരം അങ്ങനെയുള്ള അപേക്ഷ പിൻവലിക്കുന്നതിനുള്ള കാലയളവും;

(xxxviii) 145-ാം വകുപ്പുപ്രകാരം ഒരു വ്യാപാരമുദ്രയുടെ ഏജന്റായി പ്രവർത്തിക്കുന്നതിന് ഏതെങ്കിലും ആളെ പ്രാധികാരപ്പെടുത്തുന്നതിന്റെ രീതിയും ഒരു വ്യാപാരമുദ്രയുടെ ഏജന്റായുള്ള രജിസ്ട്രേഷന്റെ രീതിയും;

(xxxix) 148-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം രേഖകളുടെ പരിശോധനയ്ക്കുള്ള വ്യവസ്ഥകളും, (2)-ാം ഉപവകുപ്പ് പ്രകാരം രജിസ്റ്ററിലെ ഏതെങ്കിലും ഉൾക്കുറിപ്പിന്റെ സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പ് ലഭിക്കുന്നതിനായി നൽകേണ്ട ഫീസും;

(XL) 150-ാം വകുപ്പുപ്രകാരം അപേക്ഷകൾ നൽകുന്നതിനും, രജിസ്ട്രേഷനും മറ്റ് സംഗതികൾക്കുംവേണ്ടി നൽകേണ്ടതായ ഫീസും സർച്ചാർജും;

(XLI) നിർണ്ണയിക്കപ്പെടേണ്ടത് ആവശ്യമായതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റ് ഏതെങ്കിലും സംഗതി;

(3) ഈ വകുപ്പുപ്രകാരം ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് നൽകപ്പെട്ട അധികാരത്തിൽ (2)-ാം ഉപവകുപ്പിലെ (xxix)-ഉം (xxxi)-ഉം ഖണ്ഡങ്ങളിൽ പരാമർശിക്കപ്പെട്ട സംഗതികളെ സംബന്ധിച്ച്, ഈ ആക്റ്റിന്റെ പ്രാരംഭ തീയതിക്ക് മുമ്പുള്ളതല്ലാത്ത ഒരു തീയതി മുതൽ മുൻകാല പ്രാബല്യം നൽകുന്നതിനുള്ള അധികാരം ഉൾപ്പെടുന്നതാണ്, എന്നാൽ ഉപവകുപ്പു ബാധകമായേക്കാവുന്ന ഏതെങ്കിലും ആളിന്റെ താൽപ്പര്യങ്ങളെ ദോഷകരമായി ബാധിക്കുന്നവിധത്തിൽ അങ്ങനെയുള്ള ഏതെങ്കിലും ചട്ടത്തിന് മുൻകാലപ്രാബല്യം നൽകാൻ പാടുള്ളതല്ല.

(4) കേന്ദ്ര സർക്കാർ, ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ഓരോ ചട്ടവും, അതുണ്ടാക്കിയ ശേഷം, ആകുന്നത്ര വേഗത്തിൽ, പാർലമെന്റ് സമ്മേളനത്തിലിരിക്കുമ്പോൾ, അതിന്റെ ഓരോ സഭയുടെയും മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പത് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിലോ തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ടടുത്തു വരുന്ന സമ്മേളനം അവസാനിക്കുന്നതിനു മുമ്പ്, ഇരു സഭകളും, ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ, അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ അതിനുശേഷം ആ ചട്ടത്തിന്, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ, ആ ചട്ടത്തിൻകീഴിൽ മുമ്പ് ചെയ്തിട്ടുള്ള ഏതിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

158. ഭേദഗതികൾ.—പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള നിയമം അതിൽ വിനിർദ്ദേശിക്കപ്പെട്ട രീതിയിൽ ഭേദഗതി ചെയ്യേണ്ടതാണ്.

159. റദ്ദാക്കലും ഒഴിവാക്കലും.—(1) ട്രേഡ് ആന്റ് മർക്കൻഡൈസ് മാർക്ക്സ് ആക്റ്റ്, 1958 (1958-ലെ 43) ഇതിനാൽ റദ്ദാക്കപ്പെട്ടിരിക്കുന്നു.

(2) സാമാന്യ ഖണ്ഡങ്ങൾ ആക്റ്റ്, 1897 (1897-ലെ 10)-ൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾക്ക് ഭംഗം വരാതെ, റദ്ദാക്കലുകൾ സംബന്ധിച്ച് ട്രേഡ് ആന്റ് മർക്കൻഡൈസ് മാർക്ക്സ് ആക്റ്റ്, 1958 (1958-ലെ 43) പ്രകാരം ഉണ്ടാക്കിയിട്ടുള്ളതോ, പുറപ്പെടുവിച്ചിട്ടുള്ളതോ, നൽകിയിട്ടുള്ളതോ അല്ലെങ്കിൽ ചെയ്തിട്ടുള്ളതോ ആയ ഏതെങ്കിലും വിജ്ഞാപനമോ, ചട്ടമോ, ഉത്തരവോ, ആവശ്യകതയോ, രജിസ്ട്രേഷനോ, സർട്ടിഫിക്കറ്റോ, നോട്ടീസോ, തീരുമാനമോ, നിർണ്ണയമോ, നിർദ്ദേശമോ, അംഗീകാരമോ, അധികാരപ്പെടുത്തലോ, സമ്മതമോ, പ്രയോഗമോ, അഭ്യർത്ഥനയോ അല്ലെങ്കിൽ സംഗതിയോ ഈ ആക്റ്റിന്റെ പ്രാരംഭത്തിൽ പ്രാബല്യത്തിലുണ്ടായിരുന്നുവെങ്കിൽ, പ്രാബല്യത്തിൽ തുടരുന്നതും, ഈ ആക്റ്റിലെ തത്തുല്യമായ വ്യവസ്ഥകൾ പ്രകാരം ഉണ്ടാക്കിയതോ, പുറപ്പെടുവിച്ചതോ, നൽകിയതോ അല്ലെങ്കിൽ ചെയ്തതോ എന്നതുപോലെ പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

(3) ഈ ആക്റ്റിലെ വ്യവസ്ഥകൾ, ഈ ആക്റ്റിന്റെ പ്രാരംഭത്തിൽ നിലവിലുള്ള ഒരു വ്യാപാര മുദ്രയുടെ രജിസ്ട്രേഷനുവേണ്ടിയുള്ള ഏതൊരു അപേക്ഷയും, അതിന്റെ അനന്തരഫലമായ ഏതൊരു നടപടികൾക്കും, അതിനനുസൃതമായി നൽകപ്പെട്ട ഏതൊരു രജിസ്ട്രേഷനും, ബാധകമാകുന്നതാണ്.

(4) 100-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഈ ആക്റ്റിലെ മറ്റേതെങ്കിലും വ്യവസ്ഥയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിന്റെ പ്രാരംഭത്തിൽ ഏതെങ്കിലും കോടതിയിൽ നിലവിലുണ്ടായിരുന്ന ഏതെങ്കിലും നിയമനടപടി ആ കോടതിയിൽ, ഈ ആക്റ്റ് പാസ്സാക്കിയിട്ടില്ലായിരുന്നാൽ എന്നപോലെ, തുടരാവുന്നതാണ്.

(5) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, രജിസ്റ്റർ ചെയ്യപ്പെട്ട ഒരു വ്യാപാര മുദ്രയുടെ ഒരു പ്രത്യേക ഉപയോഗം ഈ ആക്റ്റിന്റെ പ്രാരംഭത്തിന് മുമ്പ് രജിസ്റ്റർ ചെയ്യപ്പെട്ട ഒരു വ്യാപാരമുദ്രയുടെ ഒരു ലംഘനം ആകാത്തിടത്ത്, അതിനുശേഷം, ആ വ്യാപാരമുദ്രയുടെ തുടർന്നുള്ള ഉപയോഗം ഈ ആക്റ്റ് പ്രകാരം ഒരു ലംഘനം ആകുന്നതല്ല.

(6) (2)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിന്റെ ആരംഭത്തിന് മുമ്പ് രജിസ്റ്റർ ചെയ്യപ്പെട്ട ഒരു വ്യാപാരമുദ്രയുടെ രജിസ്ട്രേഷൻ അവസാനിക്കുന്ന തീയതി അത് എത്ര കാലത്തേക്കാണോ രജിസ്റ്റർ ചെയ്യുകയോ പുതുക്കുകയോ ചെയ്തിട്ടുള്ളത് അതിന് ഏഴു വർഷക്കാലാവധിക്ക് ശേഷമുള്ള തൊട്ടടുത്ത തീയതിയായിരിക്കുന്നതാണ്:

എന്നാൽ, ട്രേഡ് ആന്റ് മർക്കൻഡൈസ് മാർക്ക്സ് ആക്റ്റ്, 1958 (1958-ലെ 43)-ലെ 47-ാം വകുപ്പിൽ പരാമർശിക്കപ്പെട്ട പ്രതിരോധിക്കുന്നതിനുള്ള ഒരു വ്യാപാരമുദ്രയുടെ രജിസ്ട്രേഷൻ അങ്ങനെയുള്ള പ്രാരംഭത്തിന്റെ അഞ്ചു വർഷം അവസാനിച്ചതിനുശേഷം തൊട്ടടുത്ത തീയതിയിലോ അല്ലെങ്കിൽ അത് എത്ര കാലത്തേയ്ക്കാണോ രജിസ്റ്റർ ചെയ്യുകയോ പുതുക്കുകയോ ചെയ്തിട്ടുള്ളത്, ആ കാലാവധി അവസാനിച്ചതിനുശേഷമോ, ഇതിലേതാണോ ആദ്യം, ആ തീയതിയിൽ പ്രാബല്യം ഇല്ലാതായി തീരുന്നതാണ്.

## പട്ടിക

(158-ാം വകുപ്പ് നോക്കുക)

## ഭേദഗതികൾ

| വർഷം | ആക്റ്റ് നമ്പർ | ചുരുക്കപ്പേര് | ഭേദഗതി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1956 | 1 | കമ്പനികൾ ആക്റ്റ്, 1956 | (I) 20-ാം വകുപ്പിൽ, (2)-ാം ഉപവകുപ്പിനുപകരം, താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—<br>"(2) മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെ,—<br>(i) നിലവിലുള്ള ഒരു കമ്പനി ഏത് പേരിലാണോ മുമ്പ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത് ആ പേരിനോടോ; അല്ലെങ്കിൽ<br>(ii) രജിസ്റ്റർ ചെയ്യപ്പെട്ട ഒരു വ്യാപാര മുദ്രയോടോ അല്ലെങ്കിൽ, വ്യാപാരമുദ്രകൾ ആക്റ്റ്, 1999 പ്രകാരം മറ്റേതെങ്കിലും ആളുടെ രജിസ്ട്രേഷനുവേണ്ടിയുള്ള ഒരു അപേക്ഷയിലെ വിഷയമായ ഒരു വ്യാപാരമുദ്രയോടോ,<br>സമാനതയുള്ളതോ വളരെയടുത്ത സാദൃശ്യമുള്ളതോ ആയ ഒരു പേര് (1)-ാം ഉപവകുപ്പിന്റെ അർത്ഥത്തിനുള്ളിൽ അനഭിലഷണീയമായി, കേന്ദ്രസർക്കാരിന് കരുതാവുന്നതാണ്.<br>(3) കേന്ദ്ര സർക്കാരിന്, (2)-ാം ഉപവകുപ്പ് (ii)-ാം ഖണ്ഡ പ്രകാരം ഒരു പേര് അനഭിലഷണീയമായി കരുതുന്നതിന് മുമ്പ്, വ്യാപാരമുദ്രകളുടെ രജിസ്ട്രാറുമായി കൂടിയാലോചിക്കേണ്ടതാണ് .".<br>(II) 22-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ,—<br>(i) "എങ്കിൽ, മുഖേന" എന്ന് തുടങ്ങുന്നതും, "ആദ്യം പറഞ്ഞ കമ്പനി"—എന്ന് അവസാനിക്കുന്നതുമായ ഭാഗത്തിന് പകരം, താഴെപ്പറയുന്നവ ചേർക്കേണ്ടതാണ്, അതായത്:—<br>"അശ്രദ്ധ മുഖേനയോ അല്ലെങ്കിൽ മറ്റു വിധത്തിലോ ഒരു കമ്പനി അതിന്റെ ആദ്യ രജിസ്ട്രേഷനിലോ അല്ലെങ്കിൽ ഒരു പുതിയ പേരിലുള്ള അതിന്റെ രജിസ്ട്രേഷനിലോ, ഒരു പേരിൽ രജിസ്റ്റർ ചെയ്യപ്പെടുന്നപക്ഷം, അത്—<br>(i) കേന്ദ്ര സർക്കാരിന്റെ അഭിപ്രായത്തിൽ, ഈ ആക്റ്റോ അല്ലെങ്കിൽ മുമ്പുള്ള ഏതെങ്കിലും കമ്പനികൾ നിയമമോ പ്രകാരം നേരത്തെ രജിസ്റ്റർ ചെയ്യപ്പെട്ട നിലവിലുള്ള കമ്പനിയുടെ പേരിനോട് സമാനതയുള്ളതോ വളരെയടുത്ത സദൃശമുള്ളതോ ആണെങ്കിൽ, ആദ്യം പറഞ്ഞ കമ്പനി, അല്ലെങ്കിൽ<br>(ii) ഒരു വ്യാപാരമുദ്രയുടെ രജിസ്റ്റർ ചെയ്യപ്പെട്ട ഉടമയുടെ അപേക്ഷയിൻമേൽ, കേന്ദ്രസർക്കാരിന്റെ അഭിപ്രായത്തിൽ, വ്യാപാരമുദ്രകൾ ആക്റ്റ്, 1999 പ്രകാരം അങ്ങനെയുള്ള ഉടമയുടെ രജിസ്റ്റർ ചെയ്യപ്പെട്ട ഒരു വ്യാപാരമുദ്രയോട് സമാനതയുള്ളതോ വളരെയടുത്ത സദൃശമുള്ളതോ ആണെങ്കിൽ, അങ്ങനെയുള്ള കമ്പനി,—"<br>(ii) താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—<br>"കമ്പനിയുടെ രജിസ്ട്രേഷൻ ശ്രദ്ധയിൽ വന്ന് അഞ്ച് വർഷം കഴിഞ്ഞ് ഒരു വ്യാപാരമുദ്രയുടെ രജിസ്റ്റർ ചെയ്യപ്പെട്ട ഉടമ (ii) ഖണ്ഡപ്രകാരം നൽകിയ യാതൊരു അപേക്ഷയും കേന്ദ്ര സർക്കാർ പരിഗണിക്കാൻ പാടുള്ളതല്ല.". |

# THE TRADE MARKS ACT, 1999
## (Act No. 47 of 1999)

## വ്യാപാരമുദ്രകൾ ആക്റ്റ്, 1999
## (1999-ലെ 47-ാം നമ്പർ ആക്റ്റ്)

### GLOSSARY
### ശബ്ദാവലി

| | | | | |
|---|---|---|---|---|
| 1. | Absolutely | .. | നിരുപാധികമായി | Sn. 20 (1) |
| 2. | Action | .. | കേസ് | Sn. 142 (1) |
| 3. | Article | .. | വസ്തു | Sn. 36 (1) |
| 4. | Associated Trade Marks | .. | കൂട്ടുവ്യാപാരമുദ്രകൾ | Sn. 16 |
| 5. | Association | .. | കൂട്ടുചേരൽ | Sn. 11 (1) (b) |
| 6. | Bad faith | .. | ദുരുദ്ദേശം | Sn. 11 (10) (ii) |
| 7. | Behaviour | .. | പ്രവർത്തനരീതി | Sn. 2 (za) (iii) |
| 8. | By sampling | .. | സാമ്പിൾ മുഖേന | Sn. 82 |
| 9. | Case | .. | പേടകം | Sn. 2 (q) |
| 10. | Certification Trade Mark | .. | സാക്ഷ്യപ്പെടുത്തൽ വ്യാപാരമുദ്ര | Sn. 2 (e) |
| 11. | Chemical Compound | .. | രാസസംയുക്തം | Sn. 13 (a) |
| 12. | Collective Mark | .. | കൂട്ടുമുദ്ര | Sn. 2 (1) (g) |
| 13. | Conclusive Proof | .. | നിർണ്ണായക തെളിവ് | Sn. 82 (5) |
| 14. | Corresponding Provisions | .. | തത്തുല്യമായ വ്യവസ്ഥകൾ | Sn. 159 (2) |
| 15. | Cotton Thread | .. | പരുത്തി നൂൽ | Sn. 81 |
| 16. | Cotton Yarn | .. | പരുത്തി നൂലിഴ | Sn. 81 |
| 17. | Dealer | .. | വ്യാപാരി | Sn. 139 (3) |
| 18. | Deceive | .. | കബളിപ്പിക്കുക | Sn. 62 |
| 19. | Deceptively Similar | .. | കബളിക്കപ്പെടാവുന്ന സാമ്യം | Sn. 2 (1) (h) |
| 20. | Diligence | .. | ജാഗ്രത | Sn. 114 (1) |
| 21. | Denote | .. | സൂചിപ്പിക്കുക | Sn. 2 (1) (ii) (iii) |
| 22. | Designated | .. | വിശേഷിപ്പിക്കപ്പെട്ട | Sn. 101 (1) (d) |
| 23. | Dispose of | .. | വിൽക്കുക | Sn. 103 (c) |
| 24. | Effacement | .. | മായ്ച്ചുകളയൽ | Sn. 2 (1) (i) (ii) |
| 25. | Enclose | .. | ആവരണം ചെയ്യുക | Sn. 101 (1) (c) |
| 26. | Expedient | .. | ഉചിതം | Sn. 57 (3) |
| 27. | Gauge | .. | ഗേജ് | Sn. 82 (1) (a) |
| 28. | Geographical Area | .. | ഭൂപ്രദേശം | Sn. 11 (6) (ii) |
| 29. | Get up | .. | രൂപഘടന | Sn. 144 |
| 30. | Goods | .. | ചരക്കുകൾ | Long title |
| 31. | Heading | .. | ശീർഷകം | Sn. 2 (1) (m) |
| 32. | Imposition | .. | ഏർപ്പെടുത്തൽ | Sn. 47 |
| 33. | Imply | .. | ധ്വനിപ്പിക്കുക | Sn. 2 (1) (i) (iii) |
| 34. | Initial | .. | ചുരുക്കപ്പേര് | Sn. 2 (1) (i) (v) |

| | | | | |
|---|---|---|---|---|
| 35. | In ordinary course of business | .. | സാധാരണ ബിസിനസ് വേളയിൽ | Sn. 112 |
| 36. | Jurisdiction | .. | അധികാരാതിർത്തി | Sn. 11(9) (iv) |
| 37. | Material | .. | പദാർത്ഥം | Sn. 2 (1) (za) (vii) |
| 38. | Measure | .. | അളവ് | Sn. 82 (1) (a) |
| 39. | Mixture | .. | മിശ്രിതം | Sn. 13 (a) |
| 40. | Nature | .. | തരം | Sn. 90 (1) |
| 41. | No longer | .. | ഇനിമേൽ | Sn. 77 (a) |
| 42. | Non-distinctive | .. | സവിശേഷമല്ലാത്ത | Sn. 17 (2) (b) |
| 43. | Notwithstanding anything contained in any other Law to the contrary | .. | മറ്റേതെങ്കിലും നിയമത്തിൽ വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും | Sn. 38 |
| 44. | Number | .. | എണ്ണം | Sn. 82 (1) (a) |
| 45. | Passing off | .. | തെറ്റിദ്ധരിപ്പിക്കുന്ന | Sn. 27 (2) |
| 46. | Performance | .. | പ്രയോഗം | Sn. 2 (1) (za) (iii) |
| 47. | Potential User | .. | ശേഷിയുള്ള ഉപയോക്താവ് | Sn. 2 (1) (z) |
| 48. | Principal | .. | നിയോജകൻ | Sn. 145 (c). |
| 49. | Principles of Natural Justice | .. | സ്വാഭാവിക നീതി തത്വങ്ങൾ | Sn. 92 (1) |
| 50. | Promotion | .. | പ്രചാരം | Sn. 11 (6) (i) |
| 51. | Prosecution | .. | ക്രിമിനൽ വ്യവഹാരം | Sn. 102 (4) |
| 52. | Provide | .. | ഏർപ്പെടുത്തുക | Sn. 2 (1) (i) (iv) (b) |
| 53. | Quantity | .. | വലിപ്പം | Sn. 2 (1) (za) (i) |
| 54. | Reciprocity | .. | പരസ്പരധർമ്മം | Sn. 155 |
| 55. | Relative Grounds | .. | ആപേക്ഷികമായ കാരണങ്ങൾ | Sn. 11 |
| 56. | Religious Suscep-tibilities | .. | മതവികാരങ്ങൾ | Sn. 9 (2) (b) |
| 57. | Render | .. | നൽകുക | Sn. 2 (1) (i) (iv) (b) |
| 58. | Sign | .. | നാമഫലകം | Sn. 101 (1) (e) |
| 59. | Standard metre | .. | മാനദണ്ഡപ്രകാരമുള്ള മീറ്റർ | Sn. 2 (1) (i) (iii) |
| 60. | Standard yards | .. | മാനദണ്ഡപ്രകാരമുള്ള വാര | Sn. 2 (1) (i) (iii) |
| 61. | Storage | .. | സംഭരണം | Sn. 2 (1) (z) |
| 62. | Substance | .. | പദാർത്ഥം | Sn. 36 (1) (a) |
| 63. | Tampers with | .. | താറുമാറാക്കുക | Sn. 103 (f) |
| 64. | Textile Goods | .. | ടെക്സ്റ്റൈൽ ചരക്കുകൾ | Chapter X Heading |
| 65. | Title | .. | ഉടമാവകാശം | Sn. 41 Proviso |
| 66. | Transhipment | .. | വാഹനം മാറ്റികയറ്റുക | Sn. 139 (5) |
| 67. | Transmission | .. | കൈമാറ്റം | Sn. 31 (1) |